بسم الله الرحمن الرحيم

പരമകാരുണികനും
കരുണാനിധിയുമായ
അല്ലാഹുവിന്റെ നാമത്തിൽ

മഹാനായ

# യേശുക്രിസ്തു

സലീം പടല

Malayalam | Study | mahanaya yeshu kristhu

മഹാനായ യേശുക്രിസ്തു

Author: Saleem Patla

First Edition: February 2018

Publishing | Distribution

Mariyam Books | Patla | Ph:09020730568, 08848991428

Email: saleempatlakar@gmail.com

Cover & Unicode Type Setting:BLUEMANGO Graphic Malappuram 9544236401

Printing: Hopuz

**Price: ₹ 200.00**

Copyright © saleem patla

All rights reserved under international and nanma books & publications copyright conventions. No part of this book may be used or reproduced in any manner whatsoever without written permission from the publisher, except in the case of brief quotations embodied in critical articles and reviews

# ഉള്ളടക്കം


1. സ്നേഹപൂർവ്വം........ 7
2. ആമുഖം........ 9

ഭാഗം 1........15

യേശു ക്രിസ്തുവും ക്രിസ്തുവിന്റെ മതവും ബൈബിളിൽ ........15

3. യേശു ക്രിസ്തു മഹാനായ പ്രവാചകൻ........16
4. യേശുക്രിസ്തു ഇസ്രായേലിലേക്ക് ദൈവമയച്ച ദൂതൻ........18
5. യേശു ക്രിസ്തു ദൈവത്തിന്റെ ദാസൻ........ 20
6. യേശുക്രിസ്തു മനുഷ്യനായ ദൈവദൂതൻ........ 22
7. യേശുക്രിസ്തുവിന്റെ മുഖ്യ പ്രബോധനം........ 28
8. യേശുക്രിസ്തുവും ന്യായപ്രമാണവും........ 30
9. യേശുക്രിസ്തുവും സുവിശേഷവും........ 32
10. യേശുക്രിസ്തുവും അത്ഭുത പ്രവർത്തനങ്ങളും........ 34
11. യേശു ക്രിസ്തുവും പരലോക വിശ്വാസവും........ 40
12. യേശുക്രിസ്തുവും വിധി വിശ്വാസവും........ 44
13. യേശുക്രിസ്തു ധാർമ്മികരോഷമുള്ള പ്രബോധകൻ........ 47
14. യേശുക്രിസ്തുവും യേശുക്രിസ്തുവിന്റെ ദൈവവും........51
15. യേശു ക്രിസ്തുവും പാപപരിഹാര സിദ്ധാന്തവും........ 60
16. യേശു ക്രിസ്തു ആരോട് പ്രാർത്ഥിച്ചു.?........ 63
17. യേശുക്രിസ്തുവും കുരിശ് മരണവും........ 67
18. യേശു ക്രിസ്തു പ്രവചിച്ച 'ആ' പ്രവാചകൻ........71
19. യേശു ക്രിസ്തുവും ക്രിസ്തുവിന്റെ മതവും........ 73

ഭാഗം 2 .......................................................................................... 82

യേശുക്രിസ്തുവും ക്രിസ്തുവിന്റെ മതവും വിശുദ്ധ ഖുർആനിൽ....... 82

20. “വിശുദ്ധ ഖുർആൻ “ സ്രഷ്ടാവ് ഇറക്കിയ സത്യവേദം...................... 83
21. അല്ലാഹു ഏകനായ സത്യദൈവം ................................................ 89
22. “ഇസ്ലാം” നിത്യജീവനിലേക്കുള്ള നേർവഴി................................... 95
23. യേശുക്രിസ്തുവിന്റെ തിരുപ്പിറവി ............................................... 103
24. യേശുക്രിസ്തുവിന്റെ ദിവ്യത്വം ..................................................... 108
25. യേശുക്രിസ്തുവിനെ അറിയുക....................................................113
26. യേശു ക്രിസ്തുവിന്റെ അപ്പോസ്തലൻമാർ.........................................121
27. യേശു ക്രിസ്തുവിന്റെ മുഖ്യ കൽപന ............................................ 123
28. ഏക ദൈവ വിശ്വാസം............................................................... 127
29. പരലോക വിശ്വാസം.................................................................. 136
30. ആദമും പശ്ചാതാപവും ............................................................. 146
31. പാപവും പരിഹാരവും .............................................................. 149
32. അല്ലാഹു വിശ്വാസികളുടെ രക്ഷകനും സഹായിയും.......................... 152
33. “മുഹമ്മദ് നബിﷺ” യേശുക്രിസ്തു പ്രവചിച്ച “ആ” പ്രവാചകൻ........ 158
34. യേശുക്രിസ്തു നബി വചനങ്ങളിൽ.............................................. 177
35. ഇസ്‌ലാമിക വ്യക്തിത്വം ഖുർആനിൽ .......................................... 180
36. റഫറൻസ്.................................................................................. 204

# സ്നേഹപൂർവ്വം........

ഒരേയൊരു ലക്ഷ്യത്തിന്റെ തുടർച്ചയും വളർച്ചയുമായികൊണ്ടാണ് പ്രവാചകൻമാർ നിയുക്തരായത്. അവരിൽ ഒരാളും മറ്റൊരാളെ നിരാകരിക്കുകയോ തള്ളുകയോ ചെയ്തവരല്ല.

മാനവിക വികാസത്തിനനുസൃതമായി കാലഘട്ടത്തിനോട് സമായോജനം നടത്തുന്ന ജീവിതക്രമങ്ങളെ മനുഷ്യർക്ക് പഠിപ്പിക്കുകയായിരുന്നു അവരെല്ലാവരും. മനുഷ്യബുദ്ധിക്കോ നിരീക്ഷണ പരീക്ഷണങ്ങൾക്കോ വിധേയമല്ലാത്തതും മനുഷ്യവ്യവഹാരങ്ങളുടെ സമഗ്രമായ ഗതിനിയന്ത്രിക്കുന്നതുമായ മാർഗനിർദേശങ്ങളാണ് അവരെല്ലാവരും അതത് കാലത്ത് നൽകി പോന്നത്.അതിനാൽ മനുഷ്യ സംസ്കൃതിയുടെ ചങ്ങലയിൽ നബിമാരെല്ലാം ഒരു പോലെ കണ്ണികളാണ്. ഒന്നിനെ നിരാകരിക്കാനോ കുറച്ചു കാണാനോ പാടില്ല. ഈ നയമാണ് ഇസ്ലാമിന്റെത്.

**"ലാനുഫർറിഖു ബൈന അഹദിൻ മിൻ റുസുലിഹീ"** അവന്റെ ദൂതൻമാരിൽ ഒരാൾക്കിടയിലും നാം വേർതിരിവ് കാണിക്കുകയില്ല. (വിശുദ്ധ ഖുർആൻ 2:285)

എന്നാൽ പരസ്പര പൂരകങ്ങളായി വന്ന പ്രവാചക പരമ്പരയിലും അവർ മുഖേന അവതീർണ്ണമായ വേദങ്ങളിലുമുള്ള മതവിഭാഗങ്ങളുടെ സമീപനത്തിൽ സംഭവിച്ചത് മറ്റൊന്നാണ്. എല്ലാ പ്രവാചകൻമാരും ഒരു ദർശനത്തിന്റെ തുടർച്ചയും വളർച്ചയുമാണെന്ന് അംഗീകരിക്കുന്നതിന് പകരം ചില മതവിഭാഗം മറ്റൊരു വിഭാഗത്തെയും അവർക്കു വന്ന പ്രവാചകനെയും തള്ളിപറഞ്ഞു. യഹൂദരും നസാറാക്കളുമായിരുന്നു ഇതിന്റെ മുൻപന്തിയിൽ. അവർ മതങ്ങളെ സ്ഥാപനവൽക്കരിച്ചു.ഈ വിപത്ത് പിന്നീട് മറ്റു പല മതങ്ങളെയും ബാധിച്ചു.മുഹമ്മദ് നബി ﷺ യെയും അദ്ദേഹം പഠിപ്പിച്ച അന്തിമ വേദമായ വിശുദ്ധ ഖുർആനെയും അവഹേളിക്കുന്നതും നിരാകരിക്കുന്നതും ആ പ്രവാചകന്റെ തൊട്ടുമുമ്പു വന്ന ഈസാ പ്രവാചകന്റെയും മൂസാ പ്രവാചകന്റെയും അനുയായികളാണെന്നത് പറയേണ്ടതില്ലല്ലോ.പ്രവാചക സന്ദേശങ്ങളുടെ അന്തഃസാരം ഗ്രഹിക്കാതെ പോയതാണിതിനു നിമിത്തമായത്.

മനുഷ്യൻ പരസ്പരം സ്നേഹിക്കാനും അടുക്കാനും വേണ്ടത് പരസ്പരം അറിയുക എന്നതാണ്. വളച്ചുകെട്ടില്ലാത്ത അറിവ് മാനവിക ഐക്യത്തിന്റെ അനിവാര്യതയാണ്.മലിനമുക്തമായ മനസ്സുകൾക്കേ

സത്യസന്ധമായ അറിവു നേടാനാവൂ. ഈയൊരു പശ്ചാത്തലത്തിലാണ് ഈ കൃതി നാം വായനക്കും ചിന്തക്കും വിധേയമാക്കേണ്ടത്. അജ്ഞതയും അവിവേകവും വഴിവിട്ട വിഭാഗീയ ചിന്താഗതികളും മനുഷ്യരെ എത്രമാത്രം വിനാശകരമായ വൈകാരികതയിലേക്കും അകൽച്ചയിലേക്കും നയിക്കുമെന്ന് ഈ കൃതിയിൽ കൂടി വായനക്കാരന് ബോധ്യപ്പെടുമെന്നാണ് എന്റെ പ്രത്യാശ.

മാന്യ സുഹൃത്ത് സലീം പട്‌ലയുടെ ഞാൻ വായിച്ച മറ്റു രചനകളെ പോലെ തന്നെ ആശയഗ്രാഹ്യതയും ആവിഷ്കാര ലാളിത്യവും ഗുണകാംക്ഷാ മനോഭാവവും ഈ കൃതിയിലും നിറഞ്ഞ് നിൽക്കുന്നുണ്ട്. ഇനിയും ഇത്തരം ചിന്തകൾ സന്മനസ്സുകൾക്ക് പങ്കുവെക്കാൻ രചയിതാവിന് സർവ്വശക്തനായ അല്ലാഹു കഴിവു നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വിനയപൂർവ്വം

**-കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ**

# ആമുഖം

## പുസ്തകത്തെക്കുറിച്ച്

മഹാനായ യേശുക്രിസ്തുവിനെ കുറിച്ച് തികച്ചും തീവ്രമായ നില പാടുകൾ വെച്ചു പുലർത്തുന്ന രണ്ട് വിരുദ്ധ ചേരികളാണ് ജൂതരും ക്രിസ്ത്യാനികളും. യഹൂദർ വ്യഭിചാരപുത്രനും വ്യാജ പ്രവാചകനും മരക്കുരിശിൽ തൂക്കപ്പെട്ട അഭിശപ്തനുമാക്കി ക്രിസ്തുവിനെ തള്ളി ക്കളയുമ്പോൾ,ദൈവപുത്രനും ത്രിത്വ ദൈവവും സാക്ഷാൽ ദൈവവും യേശു തന്നെയാണെന്ന് വാദിച്ച് ക്രൈസ്തവർ അതിരുകവിയുന്നു. ഫലത്തിൽ അതീവ ഗുരുതരമായ ആരോപണങ്ങളാണ് ഇരുപക്ഷവും ആ മനുഷ്യനായ പ്രവാചകനെതിരെ ഉന്നയിച്ചിരിക്കുന്നത്.

തെളിവുകളുടെ പിൻബലമില്ലാത്തതും ഊഹാപോഹങ്ങളാൽ പടുതു യർത്തപെട്ടതുമായ ഇത്തരം ധാരണകളെ ദൈവിക ഗ്രന്ഥമായ വിശുദ്ധ ഖുർആൻ നിശിതമായി വിമർശിക്കുകയും തിരുത്തുകയുംചെയ്യുന്നുണ്ട്.

യേശു ക്രിസ്തുവിനെതിരെയുള്ള ആരോപണത്തിന്റെ മുനയൊടിക്കു കയും യേശു ക്രിസ്തുവിന്റെ തെളിമയാർന്ന വ്യക്തിത്വം ലോകത്തിന് മുമ്പിൽ ഉയർത്തിക്കാട്ടുകയും ക്രിസ്തുമതമല്ല ക്രിസ്തുവിന്റെ മതമെന്ന് പ്രാമാണികമായി തെളിയിച്ചു കൊടുക്കുകയും ചെയ്യുകയാണ് സത്യാ സത്യവിവേചന പ്രമാണമായ വിശുദ്ധ ഖുർആൻ.

പൗരോഹിത്യത്തിന്റെ ഇടപെടലുകൾക്ക് വിധേയമായനിലവിലുള്ള ബൈബിൾ പുസ്തകങ്ങളിൽ പോലും അവസാനത്തെ വേദഗ്രന്ഥമായ വിശുദ്ധ ഖുർആന്റെ ആശയങ്ങളെ ശരിവെക്കുന്നതും സത്യപ്പെടുത്തു ന്നതുമായ വാക്യങ്ങൾ അത്ഭുതകരമായി ഇന്നും അവശേഷിക്കുന്നുണ്ട്.

നൂറ്റാണ്ടുകളിലൂടെ നടന്ന തിരുത്തലുകളെയും 'പരിഭാഷാ പുതുക്ക ലുകളെയും അതിജീവിച്ച് കൊണ്ട് യേശുവിന്റെ ദിവ്യത്വത്തെ പാടെ നിരാകരിക്കുന്നതും മനുഷ്യത്വത്തെ അനിഷേധ്യമായി സ്ഥാപിക്കു ന്നതും ക്രിസ്തു നിലകൊള്ളുകയും പ്രചരിപ്പിക്കുകയും ചെയ്ത സത്യമാർഗത്തെ കുറിച്ച് സൂചന നൽകുന്നതുമായ വചനങ്ങൾ നില നിൽക്കുകയാണ്.

ക്രിസ്തുവിന്റെ മതത്തിലാണ് ഞങ്ങളെന്ന് അവകാശപ്പെടുന്നവരുടെ

വാദങ്ങളെയും വിശ്വാസങ്ങളെയും തകർത്തുകളയുന്ന,പുരോഹിതൻമാർക്ക് വളച്ചൊടിക്കാനോ വ്യാഖ്യാനിച്ചൊപ്പിക്കാനോ പറ്റാത്ത, പ്രസ്തുത വാക്യങ്ങൾ സത്യാന്വേഷികൾക്ക് മുന്നിൽ അവതരിപ്പിക്കുകയാണ് ഈ പുസ്തകത്തിലൂടെ ഉദ്ദേശിക്കുന്നത്.

കൂടുതൽ വിശദീകരണം ആവശ്യമില്ലാത്ത വിധം തെളിവുകൾ മാത്രം മുന്നിൽ വെച്ചുള്ള സമർത്ഥന രീതിയാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്.

മുൻവിധികളും കക്ഷിത്വങ്ങളും മാറ്റിവെച്ച്ഈ പുസ്തകത്തെ സമീപ്പിക്കുന്ന ഒരാൾക്ക് യേശുക്രിസ്തുവിനെ അടുത്തറിയാനും യേശുക്രിസ്തു തെളിയിച്ചു തന്ന ദൈവാനുഗ്രഹത്തിന്റെ രാജപാതയിലൂടെ (സ്വിറാത്തുൽ മുസ്തഖീം)നടന്നു നീങ്ങാനും സ്രഷ്ടാവിന്റെ കാരുണ്യത്താൽ നിത്യ ജീവന്റെ ഭവനമായ സ്വർഗരാജ്യത്ത് എത്തിച്ചേരാനുംഈ പുസ്തകം വഴിക്കാട്ടിയായിത്തീരുമെന്ന് പ്രത്യാശിക്കുന്നു.പ്രപഞ്ചനാഥനും പരമ കാരുണികനുമായ അല്ലാഹു അതിന് അനുഗ്രഹിക്കട്ടെ. ആമീൻ'

## രചനക്ക് പിന്നിൽ

അക്ഷരം കൂട്ടി വായിക്കാൻ തുടങ്ങിയ കാലം മുതൽ വായനയെ സ്നേഹിച്ചിരുന്നു. എട്ടാം ക്ലാസിൽ പഠിക്കുമ്പോളാണ് ഈ വിഷയവുമായി ബന്ധപ്പെടുന്നത്.കുട്ടികളായ ഞങ്ങളുടെ മേൽവിലാസത്തിൽ മഞ്ചേരിയിലെ "മർകസുൽ ബിഷാറ"യുടെ പുസ്തകങ്ങൾ വരുമായിരുന്നു. സ്ഥാപനത്തിന്റെ പേരും പുസ്തകത്തിനുള്ളിലെ ഖുർആൻ ടെക്സ്റ്റുകളും കാണുമ്പോൾ മുസ്ലിംകളുടേതെന്ന് ഞങ്ങൾ തെറ്റിദ്ധരിച്ചിരുന്നു.പതിനഞ്ച് പൈസയുടെ ഒരു പോസ്റ്റ് കാർഡിൽ അഡ്രസ് എഴുതിയച്ചാൽ പോസ്റ്റുവഴി സൗജന്യമായി പുസ്തകങ്ങൾ സ്കൂളിലെത്തുമായിരുന്നു." മുസ്ലിം ക്രിസ്ത്യാനിയായ അനുഭവം (ഫാദർ അലവിയുടെതാണെന്ന് എന്റെ ഓർമ്മ)പറയുന്ന പുസ്തകം വായിച്ചപ്പോളാണ് സ്ഥാപനം ക്രിസ്ത്യൻ മിഷണമാരുടെതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നത്.

അക്കാലത്ത് തന്നെ ക്രൈസ്തവ വാദങ്ങളെ ഖണ്ഡിച്ചു കൊണ്ട് ശബാബ് വാരികയിൽ എ എ ഹമീദ് സാഹിബ് കൊച്ചിയുടെ "നംറൂദിൽ നിന്നൊരു റോമാ മതം"എന്ന പേരിൽ ഒരു ലേഖന പരമ്പര വന്നിരുന്നു. ഞാൻ ആദ്യം വായിച്ച ഖണ്ഡന ലേഖനവുമതാണ്.മിഷനറി വാദങ്ങളെ ശക്തമായി ഖണ്ഡിച്ച് കൊണ്ട് എം എം അക്ബർ സാഹിബ് എഴുതിയ ക്രൈസ്തവ ദൈവ സങ്കൽപം ഒരു മിഥ്യ എന്ന കൃതിയാണ് ഈ വിഷയത്തിൽ ഞാൻ ആദ്യം വായിച്ച പുസ്തകം. വിഷയം കുറച്ച് കട്ടിയുള്ളതിനാൽ മനസ്സിലാകാൻ കുറെ പ്രാവശ്യം ആവർത്തിച്ചു വായിക്കേണ്ടി വന്നിട്ടുണ്ട്.അക്ബർ സാഹിബിന്റെ തന്നെ "യേശു മഹാനായ പ്രവാചകൻ" കെ കെ മുഹമ്മദ് കരീം സാഹിബിന്റെ "ക്രിസ്തുമതം മാറ്റിമറിക്ക

പ്പെട്ടതെങ്ങനെ?”... ഇങ്ങനെ ഈ വിഷയകമായി ഏത് പുസ്തകങ്ങൾ കണ്ടാലും വാങ്ങാൻ ശ്രദ്ധിച്ചിരുന്നു.ക്രൈസ്തവതയുമായി ബന്ധപ്പെട്ട് സ്നേഹസംവാദം മാസികയിൽ വരുന്ന ലേഖനങ്ങളും വെട്ടിയെടുത്ത് സൂക്ഷിച്ചിരുന്നു.വിഷയവുമായി ബന്ധപ്പെട്ട തെളിവുകളും ഉദ്ധരണികളും ആശയങ്ങളും ഒരു പുസ്തകത്തിൽ കുറിച്ചിടാറുണ്ടായിരുന്നു.(പഴയ പുസ്തകങ്ങൾ മുതൽ 2017 ഡിസംബറിൽ ഇറങ്ങിയ കൃതികൾ വരെ ഈ പുസ്തകത്തിന്റെ രചനക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.)

2007 ഡിസംബറിൽ “യേശുക്രിസ്തുവും ക്രിസ്തുവിന്റെ മതവും വിശുദ്ധ ഖുർആനിൽ” എന്ന പേരിൽ സ്നേഹസംവാദം മാസികയിൽ ഒരു ലേഖനമെഴുതിയിരുന്നു. വെളിച്ചം കണ്ട എന്റെ ആദ്യ ലേഖനവു മതായിരുന്നു.

അതിന് ശേഷം 2014ൽ “യേശു ക്രിസ്തുവിനെ അറിയുക” എന്ന പേരിൽ 136 പേജുള്ള പുസ്തകമെഴുതി പ്രസിദ്ധീകരിച്ചു.മുഹമ്മദ് നബി ﷺയെ മിഷണറിമാർ വളരെയധികം തെറ്റിദ്ധരിപ്പിക്കുന്ന കാലമായ തിനാൽ പ്രസ്തുത പുസ്തകത്തിൽ മുഹമ്മദ് നബി ﷺ യെ കുറിച്ചുള്ള അധ്യായങ്ങൾ ചേർത്ത് 40 പേജ് കൂട്ടി പരിഷ്ക്കരിച്ച് ഇറക്കണമെന്ന് വിചാരിച്ചു കൊണ്ടാണ് എഴുത്ത് തുടങ്ങിയത്.നബിﷺയെ കുറിച്ചുള്ള എഴുത്ത് 40 പേജിൽ നിർത്താൻ കഴിഞ്ഞില്ല. അത് അല്ലാഹുവിന്റെ അനുഗ്രഹത്താൽപുതിയൊരു പുസ്തകത്തിന്റെ പിറവിക്ക് കാരണമായി.

“നബിﷺയെ അറിയുക” എന്ന പേരിൽ 296 പേജുകളിലായി 135 അധ്യായങ്ങളുള്ള നബിﷺയെ പ്രാമാണികമായി പരിചയപ്പെടുത്തുന്ന പുസ്തകം പുറത്ത് വരുന്നത് അങ്ങനെയാണ്. അൽഹംദുലില്ലാഹ്. വിശുദ്ധ ഖുർആനിന് മലയാളത്തിൽ പരിഭാഷയെഴുതിയ പണ്ഡിതൻ കുഞ്ഞിമുഹമ്മദ് പറപ്പൂരായിരുന്നു ആ പുസ്തകം പരിശോധിച്ചിരുന്നത്.

ഓൺലൈൻ വായനക്കാർക്ക് വേണ്ടി അതിന്റെ സോഫ്റ്റ് കോപി (പിഡിഎഫ്) ലഭ്യമാണ്. മൾട്ടികളറിലുള്ള 430 പേജുള്ള ആ പുസ്തകം ആവശ്യമുള്ളവർ 9020730568, 8848991428 എന്നീ വാട്സപ്നമ്പറിൽ ബന്ധപ്പെടാവുന്നതാണ്

ആദ്യമിറക്കിയ “യേശുക്രിസ്തുവിനെ അറിയുക” എന്ന പുസ്തക ത്തിന്റെ പരിഷ്ക്കരിച്ച രൂപമാണ്നിങ്ങളുടെ കയ്യിലിരിക്കുന്ന മഹാനായ യേശുക്രിസ്തുവെന്ന ഈ കൃതി.കുറെ അധ്യായങ്ങളും ഉദ്ധരണികളും കൂട്ടി ചേർത്തും കുറച്ച് ഭാഗങ്ങൾ ഒഴിവാക്കിയും തയ്യാറാക്കിയ പുതിയ പതിപ്പാണിത്.

ഇതെഴുതാൻ എന്നെ അനുഗ്രഹിച്ച - എന്നെ സഹായിച്ച സർവ്വ ലോകരക്ഷിതാവായ അല്ലാഹുവിന്നാകുന്നു സർവ്വ സ്തുതിയും. അൽഹംദുലില്ലാഹ്.....

ലോക പ്രശസ്ത ഇസ്ലാമിക സർവ്വകലാശാലയായ മദീന ഇസ്ലാമിക് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദമെടുത്ത യുവപണ്ഡിതനും ജാമിഅ അൽഹിന്ദിലെ അധ്യാപകനുമായ ഹംസ മദീനി സാഹിബാണ് ഈ പുസ്തകം ആദ്യാവസാനം വരെ പരിശോധിച്ചിരിക്കുന്നത്. കക്ഷിഭേതമന്യേ ലക്ഷ കണക്കിന് മലയാളികൾ വിശുദ്ധ ഖുർആനിനെ അറിയാൻ വർഷങ്ങളായി ആശ്രയിച്ചു കൊണ്ടിരിക്കുന്ന മലയാളത്തിലെ ആധികാരിക ഖുർആൻ പരിഭാഷയുടെ കർത്താക്കളിലൊരാളായ പണ്ഡിതൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ സാഹിബാണ് പുസ്തകം വായിച്ച് അവതാരിക എഴുതി തന്നിരിക്കുന്നത്. തിരക്ക് പിടിച്ച ജീവിതത്തിനിടയിൽ ഈ ദൗത്യം സ്നേഹപൂർവ്വം ഏറ്റടുത്ത ഇരുവർക്കും അല്ലാഹു അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ. സത്യ മതമായ ഇസ്ലാമിന് ഇനിയും സേവനം ചെയ്യാൻ അല്ലാഹു അറിവും ആരോഗ്യവും നൽകി സഹായിക്കട്ടെ .

ഈ പുസ്തരചനക്കും, പകർത്തിയെഴുതാനും, പ്രൂഫ് റീഡിംഗിനും സഹായിച്ചവർ, പിന്നിൽ പണിയെടുത്തവർ, സഹായ സഹകരണങ്ങൾ നൽകിയവർ, എന്റെ കുടുംബാംഗങ്ങൾ ,സുഹൃത്തുക്കൾ പ്രസ്ഥാന ബന്ധുക്കൾ, നാട്ടുകാർ.... എല്ലാവർക്കും അതിന് അർഹമായ പ്രതിഫലം നൽകി അല്ലാഹു അനുഗ്രഹിക്കട്ടെ.

അവസാന ഭാഗത്ത് കൊടുത്ത ഗ്രന്ഥങ്ങളെയാണ് ഇതിന്റെ രചനക്ക് പ്രധാനമായും അവലംബിച്ചിരിക്കുന്നത്. വല്ല അബദ്ധങ്ങളും തെറ്റുകളും സഹൃദയരായ വായനക്കാരുടെ ശ്രദ്ധയിൽ പെട്ടാൽ സ്നേഹ ബുദ്ധ്യാ ഉണർത്തണമെന്നപേക്ഷിക്കന്നു.ഇൻഷാ അല്ലാഹ് ....അടുത്ത പതിപ്പിൽ തിരുത്തുന്നതാണ്.

മദ്റസയിലും സ്കൂളിലുമയച്ച് എന്നെ അക്ഷരം പഠിപ്പിച്ച എന്റെ പ്രിയപ്പെട്ട പിതാവ് പി എം അബൂബക്കർ (അക്കച്ച), പരമകാരുണികനും കരുണാനിധിയുമായ അല്ലാഹ്! മരിച്ചുപ്പോയ എന്റെ ഉപ്പാക്ക് നീ പൊറുത്തു കൊടുക്കുകയും, നിന്റെ കാരുണ്യത്താൽ നീ കനിഞ്ഞ് നൽകുന്ന നിന്റെ സ്വർഗത്തിൽ എന്റെ ഉപ്പാക്ക് നീ ഇടം കൊടുക്കുകയും ചെയ്യേണമേ.

എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും (ഉമ്മയും ഉപ്പയും) എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ . (വിശുദ്ധ ഖുർആൻ 17/24)

എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നൻമയുണ്ടാക്കിത്ത

രികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു (വിശുദ്ധ ഖുർആൻ: 46/15)

ഞങ്ങളുടെ രക്ഷിതാവേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്തുതരേണമേ. (വിശുദ്ധ ഖുർആൻ:14/41)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ ഖുർആൻ: 25/74)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു (വിശുദ്ധ ഖുർആൻ: 59/10)

ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പുനൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതയ്ക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ. (വിശുദ്ധ ഖുർആൻ 2/286)

ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവേ, നീ ഇഹത്തിലും പരത്തിലും എന്റെ രക്ഷാധികാരിയാകുന്നു. നീ എന്നെ മുസ്ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ. (വിശുദ്ധ ഖുർആൻ: 12/101)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. (വിശുദ്ധ ഖുർആൻ: 2/127)

**സലീം പട്ല**
**8848991428 ✆9020730568**
**saleempatlakar@gmail.com**

■

## ഭാഗം 1

# യേശു ക്രിസ്തുവും ക്രിസ്തുവിന്റെ മതവും ബൈബിളിൽ

# യേശു ക്രിസ്തു
# മഹാനായ പ്രവാചകൻ

മനുഷ്യർക്ക് നന്മതിന്മകളും, ശരിതെറ്റുകളും ധർമ്മാധർമ്മങ്ങളും പുണ്യവും പാപവും സന്മാർഗവും ദുർമാർഗവും വേർത്തിരിച്ച് വ്യക്ത മാക്കി കൊടുക്കാനും ദൈവീക കൽപനകളനുസരിച്ച് ജീവിച്ച് കാണിച്ച് കൊടുക്കാനും സർവ്വലോകരക്ഷിതാവ് മനുഷ്യരിൽ നിന്ന് തന്നെ തെരെഞ്ഞെടുത്ത് ദൗത്യമേൽപ്പിച്ചു കൊടുത്തവരാണ് പ്രവാചകൻമാർ എന്നും ദൈവദൂതൻമാർ എന്നും അറിയപ്പെടുന്നത്.അവരിലൊരാളാണ് ഇസ്രായേൽ ജനതയിലേക്ക് അയക്കപ്പെട്ട മഹാനായ യേശുക്രിസ്തുവും.

## യെരൂശെലേം നിവാസികൾ

അനന്തരം യേശു യെരൂശേലമിലേക്ക് പ്രവേശിച്ചു.നഗരവാസികൾ ആശയകുഴപ്പത്തിലായി.അവർ ചോദിച്ചു: ആരാണിയാൾ? യേശുവിനെ അനുഗമിക്കുന്നവർ പറഞ്ഞു:ഇവനാണ് "യേശു" ഗലീലയിലെ നസെ റത്തിൽ നിന്നുള്ള "പ്രവാചകൻ" **(മത്തായി 21:10,11)**

## യേശുവിന്റെ ജനത

യേശു പറഞ്ഞ ഈ കഥകൾ മഹാപുരോഹിതൻമാരും പരീശൻമാരും കേട്ടു.യേശു തങ്ങളെ പറ്റിയാണ് പറയുന്നതെന്ന് അവർ അറിഞ്ഞു. യേശുവിനെ പിടിക്കാൻ അവർ കാരണം തേടി. എന്നാൽ ജനങ്ങൾ യേശു ഒരു പ്രവാചകനാണെന്ന് വിശ്വസിച്ചിരുന്നതിനാൽ അവർ ജന ങ്ങളെ ഭയന്നു. **(മത്തായി 21:45,46)**

## യേശുവിന്റെ ശിഷ്യന്മാർ

നസറത്തിലെ യേശുവിനെ പറ്റിയാണ്. ദൈവത്തിന്റെയും എല്ലാ ആളു കളുടെയും കണ്ണിലെ പ്രവാചകൻ. എല്ലാ മനുഷ്യർക്കും അവനൊരു മഹാനായ പ്രവാചകനായിരുന്നു. അവന്റെ വാക്കിലും പ്രവർത്തിയിലും ശക്തിയുണ്ടായിരുന്നു. **(ലൂക്കോസ് 24:19)**

## കാഴ്ച ലഭിച്ച മനുഷ്യൻ

യഹൂദ നേതാക്കൾ അയാളോട് വീണ്ടും ചോദിച്ചു: അയാൾ നിന്നെ

സുഖപ്പെടുത്തി.കാഴ്ച തന്നു. അവനെ പറ്റി നിന്റെ അഭിപ്രായമെന്താണ്?

അയാൾ (അന്ധൻ) മറുപടി പറഞ്ഞു: അവൻ (യേശു) ഒരു പ്രവാചകനാണ് **(യോഹന്നാൻ 9:17)**

### നയീം പട്ടണക്കാർ

എല്ലാവരും അത്ഭുതപെട്ടു. അവർ ദൈവത്തെ സ്തുതിച്ചു.അവർ പറഞ്ഞു: ഒരു മഹാപ്രവാചകൻ നമ്മൾക്കിടയിലേക്ക് വന്നിരിക്കുന്നു. ദൈവം തന്റെ ജനത്തെ ശ്രദ്ധിക്കുന്നു **(ലൂക്കോസ് 7:16)**

### അത്ഭുത പ്രവചനം കേട്ട ശമരിയ്യക്കാരി

പ്രഭോ; അങ്ങ് ഒരു പ്രവാചകനാണെന്ന് ഞാൻ കാണുന്നു. **(യോഹന്നാൻ 4:19)**

### യേശു ക്രിസ്തുവിന്റെ പ്രഖ്യാപനം

**...** അതിനാൽ അവർ അവനെ അംഗീകരിച്ചില്ല.

യേശു അവരോട് പറഞ്ഞു: ഒരു പ്രവാചകനെ മറ്റു നാട്ടുകാർ ബഹുമാനിക്കുന്നു.പക്ഷേ സ്വദേശത്ത് അവന്റെ തന്നെ ബന്ധുക്കളുടെയും സ്വന്തം കുടുംബാങ്ങളുടെയും ഇടയിൽ പ്രവാചകൻ അംഗീകരിക്കപ്പെടില്ല **(മാർക്കോസ്6:4)**

ഞാൻ നിങ്ങളോട് സത്യം പറയുന്നു. ഒരുപ്രവാചകനും സ്വന്തം പട്ടണത്തിൽ സ്വീകാര്യനല്ല **(ലൂക്കോസ് 4:24)**

# യേശുക്രിസ്തു ഇസ്രായേലിലേക്ക് ദൈവമയച്ച ദൂതൻ

നാം എവിടെ നിന്ന് വരുന്നു? എന്തിന് വരുന്നു? എങ്ങോട്ടു പോകുന്നു.? എന്നിങ്ങനെയുള്ള മനുഷ്യർ എക്കാലവും ചോദിച്ചു കൊണ്ടിരുന്ന ചോദ്യങ്ങൾക്ക് സ്രഷ്ടാവിൽ നിന്നുള്ള വ്യക്തമായ ഉത്തരവുമായാണ് പ്രവാചകൻമാർ ജനങ്ങൾക്കിടയിലേക്ക് വന്നത്. സ്വന്തം പരിശ്രമത്തിലൂടെ മനുഷ്യർക്ക് എത്തിച്ചേരാൻ പറ്റാത്തതും പ്രപഞ്ചനാഥൻ ഇച്ഛരിക്കുന്നവർക്ക് മാത്രം അനുഗ്രഹിച്ച് നൽകുന്നതുമായ ദാനമാണ് പ്രവാചകത്വ പദവി. അങ്ങനെ സ്രഷ്ടാവിൽ നിന്നുള്ള ദൂതുമായി ഓരോ സമൂഹങ്ങളിലേക്കും ദേശങ്ങളിലേക്കും പ്രത്യേകം പ്രത്യേകം പ്രവാചകൻമാർ വന്നുകൊണ്ടിരുന്നു. ലോകത്തേക്ക് മുഴുവനായും വന്ന അന്ത്യപ്രവാചകന്റെ വരവ് വരെ ആ നില തുടർന്നു. ഇസ്റായേൽ സന്തതികളിലേക്ക് ദൈവമയച്ച ,ദൈവീക ബോധനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സംസാരിച്ച മഹാനായ ദൈവദൂതനാണ് യേശു ക്രിസ്തു എന്ന യേശു മിശിഹാ.

### ഇസ്റായേലിലേക്ക് അയക്കപ്പെട്ട പ്രവാചകൻ

ഇസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുത്തേക്കല്ലാതെ എന്നെ അയച്ചിട്ടില്ല **(മത്തായി 15:24)**

പന്ത്രണ്ടു പേരേയും യേശു അയക്കുമ്പോൾ കൽപിച്ചതെന്തെന്നാൽ ജാതികളുടെ അടുക്കൽ പോകാതെയും ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രായിൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവിൻ **(മത്തായി 10:5, 6)**

### ദൈവത്താൽ അയക്കപ്പെട്ടവൻ

ഏക സത്യ ദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രസ്തുവിനെയും അറിയുന്നത് തന്നെ നിത്യജീവനാകുന്നു **(യോഹന്നാൻ 17:3)**

നീ എന്നെ അയച്ചതാണെന്ന് അവർ വിശ്വസിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. **(യോഹന്നാൻ 11:42)**

ഞാൻ പഠിപ്പിക്കുന്ന കാര്യങ്ങൾ എന്റെ സ്വന്തമല്ല. എന്റെ ഉപദേശങ്ങൾ

എന്നെ അയച്ചവന്റെ വചനങ്ങളാണ്. ദൈവം ആഗ്രഹിക്കുന്നത് പോലെ പ്രവർത്തിക്കണമെന്നാഗ്രഹിക്കുന്നവർ എന്റെ ഉപദേശം ദൈവത്തിൽ നിന്ന് വന്നതാണെന്നറിയും ഈ ഉപദേശം എന്റെ സ്വന്തമല്ലന്നും അയാളറിയും **(യോഹന്നാൻ 7:16-18)**

കാരണം എന്റെ വചനങ്ങൾ എന്റേതല്ല എന്നെ അയച്ച പിതാവ് എന്താണ് പറയേണ്ടതെന്നും പഠിപ്പിക്കേണ്ടതെന്നും എന്നോട് പറഞ്ഞിട്ടുണ്ട്. പിതാവിന്റെ കൽപനയിൽ നിന്നാണ് നിത്യജീവനുണ്ടാകുന്നതെന്നും എനിക്കറിയാം പിതാവ് പറഞ്ഞിട്ടുള്ളത് മാത്രമാണ് ഞാൻ പറയുന്നത് **(യോഹന്നാൻ12:49,50)**

അവർ കല്ലു നീക്കി. യേശു മേലോട്ടു നോക്കി: പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചു എന്നു ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന്നു അവരുടെ നിമിത്തം ഞാൻ പറയുന്നു എന്നു പറഞ്ഞു. **(യോഹന്നാൻ 11:41,42)**

ആകയാൽ യേശു ദൈവാലയത്തിൽ ഉപദേശിക്കുമ്പോൾ: "നിങ്ങൾ എന്നെ അറിയുന്നു; ഞാൻ എവിടെനിന്നെന്നും അറിയുന്നു. ഞാൻ സ്വയമായിട്ടു വന്നവനല്ല, എന്നെ അയച്ചവൻ സത്യവാൻ ആകുന്നു; അവനെ നിങ്ങൾ അറിയുന്നില്ല.

ഞാൻ അവന്റെ അടുക്കൽനിന്നു വന്നതുകൊണ്ടും അവൻ എന്നെ അയച്ചതുകൊണ്ടും ഞാൻ അവനെ അറിയുന്നു" എന്നു വിളിച്ചുപറഞ്ഞു. **(യോഹന്നാൻ 7:28, 29)**

യേശു വിളിച്ചു പറഞ്ഞതു: എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല എന്നെ അയച്ചവനിൽ തന്നേ വിശ്വസിക്കുന്നു. **(യോഹന്നാൻ 12:44)**

യേശു അവരോടു പറഞ്ഞതു: "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നെ എന്റെ ആഹാരം. **(യോഹന്നാൻ 4:34)**

നീ സകലവും അറിയുന്നു എന്നും ആരും നിന്നോടു ചോദിപ്പാൻ നിനക്കു ആവശ്യം ഇല്ല എന്നും ഞങ്ങൾ ഇപ്പോൾ അറിയുന്നു; ഇതിനാൽ നീ ദൈവത്തിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു എന്നു പറഞ്ഞു. **(യോഹന്നാൻ 16:30)**

ദൈവത്തിന്റെ അടുക്കൽനിന്നു വന്നവൻ അല്ലെങ്കിൽ അവന്നു ഒന്നും ചെയ്വാൻ കഴികയില്ല എന്നു ഉത്തരം പറഞ്ഞു. **(യോഹന്നാൻ 9:33)**

# യേശു ക്രിസ്തു ദൈവത്തിന്റെ ദാസൻ

സർവ്വലോകരക്ഷിതാവായ സ്രഷ്ടാവിന്റെ ദാസൻമാരും, അടിയാൻമാരും സേവകരുമാണ് സൃഷ്ടികളായ സർവ്വ ചരാചരങ്ങളും. നോഹാപ്രവാചകൻ മുതൽ യോഹന്നാൻ സ്നാപകൻ വരെയുള്ള സർവ്വ പ്രവാചകൻമാരെയും പോലെ ദൈവത്തിന്റെ വിനീതദാസനും സത്യദൂതനുമായിരുന്നു മഹാനായ യേശുക്രിസ്തുവും. ഒരു അടിമ തന്റെ യജമാനനും ഉടമയുമായ സ്രഷ്ടാവിന്റെ മുമ്പിൽ അർപ്പിക്കുന്ന അങ്ങേയറ്റത്തെ വിനയത്തിന്റെയും താഴ്മയുടെയും പ്രകടനമായ സാഷ്ടാംഗം യേശുക്രിസ്തുവും ചെയ്തിരുന്നതായി ബൈബിളിലുണ്ട്. **(മത്തായി: 26 :39, ലൂക്കോസ്:22:41)**

### അബ്രഹാം

അന്നു രാത്രി യഹോവ അവന്നു പ്രത്യക്ഷനായി: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവം ആകുന്നു; നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെ ഉണ്ടു; എന്റെ ദാസനായ അബ്രാഹാംനിമിത്തം ഞാൻ നിന്നെ അനുഗ്രഹിച്ചു നിന്റെ സന്തതിയെ വർദ്ധിപ്പിക്കും എന്നു അരുളിച്ചെയ്തു. **(ഉൽപത്തി 26:24)**

### യാക്കോബ്

നീയോ, എന്റെ ദാസനായ യിസ്രായേലേ, ഞാൻ തിരഞ്ഞെടുത്ത യാക്കോബേ, എന്റെ സ്നേഹിതനായ അബ്രാഹാമിന്റെ സന്തതിയേ, **(യെശയ്യാ 41:8)**

### ദാവീദ്

യഹോവേ, ഞാൻ നിന്റെ ദാസൻ ആകുന്നു; നിന്റെ ദാസനും നിന്റെ ദാസിയുടെ മകനും തന്നേ; നീ എന്റെ ബന്ധനങ്ങളെ അഴിച്ചിരിക്കുന്നു. **(സങ്കീർത്തനങ്ങൾ 116:16)**

### ഇയ്യോബ്

യഹോവ സാത്താനോടു: എന്റെ ദാസനായ ഇയ്യോബിന്മേൽ നീ

ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ എന്നു അരുളിച്ചെയ്തു. **(ഇയ്യോബ് 1:8)**

## മോശെ

യഹോവ മിസ്രയീമ്യരിൽ ചെയ്ത ഈ മഹാപ്രവൃത്തി യിസ്രായേല്യർ കണ്ടു; ജനം യഹോവയെ ഭയപ്പെട്ടു, യഹോവയിലും അവന്റെ ദാസനായ മോശെയിലും വിശ്വസിച്ചു. **(പുറപ്പാട് 14:31)**

## യേശുവിന്റെ മാതാവ്

അതിന്നു മറിയ: ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്നു പറഞ്ഞു; ദൂതൻ അവളെ വിട്ടുപോയി. **(ലൂക്കോസ് 1:38)**

## യേശു ക്രിസ്തു

ഇതാ, ഞാൻ തിരഞ്ഞെടുത്ത എന്റെ ദാസൻ, എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ പ്രിയൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെമേൽ വയ്ക്കും; അവൻ ജാതികൾക്കു ന്യായവിധി അറിയിക്കും." **(മത്തായി 12:18)**

2 അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ നമ്മുടെ പിതാക്കന്മാരുടെ ദൈവം, തന്റെ ദാസനായ യേശുവിനെ മഹത്വപ്പെടുത്തി; അവനെ നിങ്ങൾ ഏല്പിച്ചുകൊടുക്കയും അവനെ വിട്ടയപ്പാൻ വിധിച്ച പീലാത്തൊസിന്റെ മുമ്പിൽവെച്ചു തള്ളിപ്പറയുകയും ചെയ്തു. **( പ്രവൃത്തികൾ 3:13)**

നീ അഭിഷേകം ചെയ്ത യേശു എന്ന നിന്റെ പരിശുദ്ധദാസനു വിരോധമായി ഹെരോദാവും പൊന്തിയൊസ് പീലാത്തൊസും ജാതികളും യിസ്രായേൽ ജനവുമായി ഈ നഗരത്തിൽ ഒന്നിച്ചുകൂടി, **(പ്രവൃത്തികൾ 4:27)**

സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുന്നതിനാലും നിന്റെ പരിശുദ്ധ ദാസനായ യേശുവിന്റെ നാമത്താൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുന്നതിനാലും നിന്റെ വചനം പൂർണ്ണധൈര്യത്തോടുംകൂടെ പ്രസ്താവിപ്പാൻ നിന്റെ ദാസന്മാർക്കു കൃപ നല്കേണമേ **(പ്രവൃത്തികൾ 4:30).**

നാല്

# യേശുക്രിസ്തു മനുഷ്യനായ ദൈവദൂതൻ

അന്ധവിശ്വാസങ്ങൾ വെച്ചു പുലർത്തുകയും അധാർമ്മിക വൃത്തികളിൽ മുഴുകുകയും ചെയ്തിരുന്ന സ്വജനതയെ സത്യവിശ്വാസത്തിലേക്കും സന്മാർഗനിഷ്ഠയിലേക്കും നയിക്കുകയും സർവ്വവിധ സൽഗുണങ്ങളുമായി സമൂഹത്തിന് മുന്നിൽ മാതൃകയായി ജീവിക്കുകയും ചെയ്ത പ്രവാചകൻമാർ ദിവ്യാംശമുള്ളവരോ മാലാഖമാരോ ആയിരുന്നില്ല. ഭക്ഷണം കഴിക്കുന്ന, തെരുവുകളിൽ സഞ്ചരിക്കുന്ന, വിശപ്പും ദാഹവും, മജ്ജയും മാംസവും, ഉറക്കവും വിശ്രമവും വികാരവും വിചാരവുമുള്ള പച്ചയായ മനുഷ്യരായിരുന്നു. അവരിലൊരാളായിരുന്നു മർയത്തിന്റെ മകനായ യേശുവും'.

### പരിശുദ്ധാത്മാവായ ഗബ്രിയേൽ മാലാഖ മർയത്തിന് അറിയിച്ച സന്തോഷവാർത്ത

ദൂതൻ അവളോട് മറിയേ ഭയപ്പെടേണ്ട. നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും അവന്ന് യേശു എന്ന് പേര് വിളിക്കണം **(ലൂക്കോസ് 1:30, 31)**

### മറിയത്തിന്റെ മകനായി യേശു പിറക്കുന്നു

അവർ ബത്ലഹേമിലായപ്പോൾ മറിയക്ക് പ്രസവ സമയമെടുത്തു. അവൾ അവളുടെ ആദ്യത്തെ കുട്ടിക്ക് ജന്മമരുളി. സത്രത്തിൽ ഒരു മുറിയും ഒഴിഞ്ഞിരുന്നില്ല. അതിനാലവൻ കുഞ്ഞിനെ തുണിയിൽ പൊതിഞ്ഞ് ഒരു പുൽതൊഴുത്തിൽ കിടത്തി. **(ലൂക്കോസ് 2:6,7)**

യേശു ക്രിസ്തുവിന്റെ മാതാവ് മർയയായിരുന്നു. **(മത്തായി 1:18)**

### ബത്ലഹേമിൽ അബ്രഹാമിന്റെ പുത്ര പരമ്പരയിൽ യേശുവിന്റെ ജനനം

യെഹൂദവിലെ ബെത്ലഹേമിലായിരുന്നു യേശു പിറന്നത് **(മത്തായി 2:1)**

അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി **(മത്തായി 1:1)**

### ഹെരോദാരാജാവിന്റെ കാലത്താണ് യേശു ജനിച്ചത്

ഹെരോദാരാജാവിന്റെ കാലത്തു യേശു യെഹൂദ്യയിലെ ബേത്ലേ

ഹെമിൽ ജനിച്ചശേഷം, കിഴക്കുനിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി. **(മത്തായി 2:1)**

### ന്യായപ്രമാണ പ്രകാരം യേശുവിന്റെ ചേലാകർമ്മം ചെയ്യുന്നു

കുട്ടിക്ക് എട്ട് ദിവസം പ്രായമായപ്പോൾ അവന്റെ പരിശ്ചേദന കർമ്മം നടത്തി. യേശുവെന്ന് പേരുമിട്ടു. **(ലൂക്കോസ് 2:21)**

### ന്യായപ്രമാണ പ്രകാരം യാഗത്തിന്നായി പള്ളിയിലേക്ക്

കടിഞ്ഞൂലായ ആണൊക്കെയും കർത്താവിന്നു വിശുദ്ധം ആയിരിക്കേണം എന്നു കർത്താവിന്റെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ

അവനെ കർത്താവിന്നു അർപ്പിപ്പാനും ഒരു ഇണ കുറുപ്രാവിനെയോ രണ്ടു പ്രാക്കുഞ്ഞിനെയോ കർത്താവിന്റെ ന്യായപ്രമാണത്തിൽ കല്പിച്ചതുപോലെ യാഗം കഴിപ്പാനും അവർ അവനെ യെരൂശലേമിലേക്കു കൊണ്ടുപോയി. **(ലൂക്കോസ് 2:23,24)**

### യേശു മുലകുടിച്ചിരുന്നു

അവൾ യേശുവിനോട് പറഞ്ഞു .നിന്നെ പ്രസവിച്ചതിനാലും മുലയൂട്ടിയതിനാലും നിന്റെ അമ്മ അനുഗ്രഹീതയാണ്. **( ലൂക്കോസ് 11:27)**

### യേശു കഴുത പുറത്ത് സഞ്ചരിച്ചു.

അവർ തങ്ങളുടെ മേലങ്കികൾ വിരിച്ചു. യേശു കഴുതപ്പുറത്തിരുന്നു **(മത്തായി 21:7)**

### യേശു വസ്ത്രം ധരിച്ചിരുന്നു.

അവൾ യേശുവിന്റെ പിന്നാലെയെത്തി അവന്റെ വസ്ത്രത്തിന്റെ കീഴ്ഭാഗം സ്പർശിച്ചു. അവൾക്കറിയാമായിരുന്നു. തനിക്കവന്റെ വസ്ത്രത്തിൽ തൊടാനായാൽ എന്റെ രോഗം സുഖം പെടും **(മത്തായി 9:20,21)**

### യേശുവിന് വിശപ്പനുഭവപ്പെടുന്നു.

അടുത്ത ദിവസം യേശുവും ശിഷ്യമാരും ബോഥാന്യാ വിട്ടു പോകുകയായിരുന്നു. അവന്നു വിശക്കുന്നുണ്ടായിരുന്നു **( മാർക്കോസ്11:12)**

### യേശു ഭക്ഷണപാനീയങ്ങളുപയോഗിക്കുന്നു.

മനുഷ്യപുത്രൻ ഭക്ഷിക്കുന്നവനും പാനം ചെയ്യുന്നവനമായി വന്നു **(മത്തായി11:19)**

### യേശു വീടില്ലാതെ കഷ്ടപ്പെടുന്നു.

യേശു പറഞ്ഞു. കുറുനരികൾക്ക് മാളങ്ങളും ആകാശ പറവകൾക്ക് കൂടുകളുമുണ്ട്. എന്നാൽ മനുഷ്യപുത്രനു തലചായ്ക്കാൻ ഇടമില്ല **(മത്തായി 8:20)**

### യേശു വളരുന്നു

.1) അവന്നു പന്ത്രണ്ടു വയസ്സായപ്പോൾ അവർ പതിവുപോലെ പെരുന്നാളിന്നു പോയി. **(ലൂക്കോസ് 2:42)**

യേശുവിന്നു താൻ പ്രവൃത്തി ആരംഭിക്കുമ്പോൾ ഏകദേശം മുപ്പതു വയസ്സായിരുന്നു. **(ലൂക്കോസ് 3:23)**

### യേശുവിന് വളർച്ചക്കനുസരിച്ച് അറിവും ശക്തിയും ഉണ്ടാവുന്നു.

ചെറിയ കുട്ടിയായിരുന്ന യേശു വളരുകയായിരുന്നു അവൻ ശക്തനും ബുദ്ധിമാനമായി. ദൈവാനുഗ്രഹം അവനുണ്ടായിരുന്നു. **(ലൂക്കോസ് 2:40)**

അവൻ മുതിർന്നു വന്നു. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു **(ലൂക്കോസ് 2:52)**

### ഉപദേശം കേൾക്കുകയും സംശയങ്ങൾ ചോദിക്കുകയും ചെയ്യുന്നു.

മൂന്നു നാൾ കഴിഞ്ഞശേഷം അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും അവരുടെ ഉപദേശം കേൾക്കയും അവരോടു ചോദിക്കയും ചെയ്യുന്നതും കണ്ടു. **(ലൂക്കോസ് 2:46)**

### പള്ളിയിൽ വെച്ച് വേദഗ്രന്ഥങ്ങൾ വായിച്ചിരുന്നു

അവൻ വളർന്ന നസറെത്തിൽ വന്നു: ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റുനിന്നു. യെശയ്യാപ്രവാചകന്റെ പുസ്തകം അവന്നു കൊടുത്തു; അവൻ പുസ്തകം വിടർത്തി: **(ലൂക്കോസ് 4:16,17)**

### യേശുവിന് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയുന്നില്ല

എനിക്ക് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയില്ല കേൾക്കുന്നത് പോലെ ഞാൻ വിധിക്കുന്നു **(യോഹന്നാൻ 5:30)**

### യേശുവിന് അന്ത്യദിനം എപ്പോളാണെന്നറിയില്ല

ആദിവസത്തെ പറ്റിയും മണിക്കൂറിനെ പറ്റിയും പറയുവാനാർക്കും സാധ്യമല്ല. സ്വർഗത്തിലെ ദൂതൻമാർക്കൊ പുത്രനോ ആ ദിവസം എപ്പോഴാണെന്ന് പറയാൻ കഴിയില്ല **( മാർക്കോസ് 13:32)**

## യേശുവിന് അത്തിപ്പഴം കായ്ക്കുന്നതെപ്പോഴാണന്നറിയില്ല'

പിറ്റെന്നാൾ അവൻ ബേഥന്യാവിട്ടു പോരുമ്പോൾ അവന്നു വിശന്നു. അവൻ ഇലയുള്ള ഒരു അത്തിമരം ദൂരെ നിന്നു കണ്ടു.അതിൽ വല്ലതും കണ്ടു കിട്ടുമോ എന്നു വച്ചു ചെന്നു. അതിന്നരികിൽ എത്തിയപ്പോൾ ഇല അല്ലാതൊന്നും കണ്ടില്ല .അത് അത്തി പഴത്തിന്റെ കാലമല്ലായിരുന്നു **(മാർക്കോസ്11:12,13)**

## ജനങ്ങളെ ഉപദേശിക്കുകയും രാത്രി വിശ്രമിക്കുകയും ചെയ്യുന്നു.

അവൻ ദിവസേന പകൽ ദൈവാലയത്തിൽ ഉപദേശിച്ചുപോന്നു; രാത്രി ഓലിവ്മലയിൽ പോയി പാർക്കും. ജനം എല്ലാം അവന്റെ വചനം കേൾക്കേണ്ടതിന്നു അതികാലത്തു ദൈവാലയത്തിൽ അവന്റെ അടുക്കൽ ചെല്ലും. **(ലൂക്കോസ് 21:37,38)**

## യേശു ഉറങ്ങുകയും ഉണരുകയും ചെയ്യുന്നു.

യേശു ഉറങ്ങുകയായിരുന്നു ശിഷ്യന്മാർ യേശുവിനെ ഉണർത്തി. **(മത്തായി 8:24, 25)**

യേശു തലയിണയിൽ തലവെച്ച് വള്ളത്തിൽ ഉറങ്ങുകയായിരുന്നു. ശിഷ്യന്മാർ അവനെ വിളിച്ചുണർത്തി **(മാർക്കോസ് 4:38)**

## യേശു ക്ഷീണിക്കുന്നു ,യേശുവിന് ദാഹം തോന്നുന്നു

യാത്ര ചെയ്തു ക്ഷീണിച്ച യേശു ആ കിണറിന്റെ കരയിൽ ഇരുന്നു. അപ്പോൾ ഏകദേശം ആറാം മണിക്കൂറായിരുന്നു. അപ്പോൾ ഒരു സമരിയ്യാകാരി വെള്ളം കോരാൻ വന്നു. യേശു അവളോട് എനിക്ക് കുടിക്കാൻ വെള്ളം തരുക എന്ന് പറഞ്ഞു. **(യോഹന്നാൻ 4:6,7)**

## യേശു ദുഃഖിക്കുകയും കരയുകയും ചെയ്യുന്നു.

മറിയ കരയുന്നത് യേശു കണ്ടു. അവരോടൊപ്പം വന്ന യഹൂദരെയും യേശു കണ്ടു. അവരും കരയുകയായിരുന്നു. യേശുവിന് കടുത്ത ദുഃഖം തോന്നി അവന്റെ ഹൃദയം കലങ്ങി മറിഞ്ഞു...... യേശു കരഞ്ഞു. **(യോഹന്നാൻ 11:33-35)**

## യേശു പൗരോഹിത്യത്തിനെതിരെ ശബ്ദിക്കുന്നു.

ശാസ്ത്രിമാരെ പരിശമാരെ നിങ്ങൾക്ക് കഷ്ടം കപടഭക്തിക്കാരാണ് നിങ്ങൾ സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കാനാഗ്രഹിക്കുന്ന ജനങ്ങളുടെ വഴി നിങ്ങൾ അടക്കുന്നു. നിങ്ങൾ പ്രവേശിക്കുകയുമില്ല. അതിന് ശ്രമിക്കുന്നവരെ നിങ്ങൾ തടയുകയും ചെയ്യുന്നു. **(മത്തായി 23:13)**

ശാസ്ത്രിമാരെ പരീശൻമാരെ നിങ്ങൾക്ക് കഷ്ടം കപടഭക്തിക്കാരാണ്

നിങ്ങൾ വെള്ളപൂശിയ ശവകല്ലറ പോലെയാണ് നിങ്ങൾ.... നിങ്ങളെ കാണുന്നവർ പറയും നിങ്ങൾ നല്ലവരാണെന്ന് എന്നാൽ നിങ്ങളുടെ ഉള്ളിലാകെ കാപട്യവും ദുഷ്ടതയും നിറഞ്ഞിരിക്കുന്നു. **(മത്തായി 23:27)**

## യേശു ശക്തി പ്രയോഗിച്ച് വാണിഭക്കാരെയും ചൂതാട്ടക്കാരെയും പള്ളിയിൽ നിന്ന് പുറത്താക്കുന്നു.

അതിനാൽ യേശു യെരുശേലമിലേക്ക് പോയി ദേവാലയത്തിൽ ആളുകൾ കാളകളെയും ആടുകളെയും പ്രാവുകളെയും വിൽക്കുന്നത് അവൻ കണ്ടു. മറ്റുള്ളവർ മേശക്കരികിലിരിക്കുന്നതും അവൻ കണ്ടു. അവർ പണമിടപാടുകൾ നടത്തുകയായിരുന്നു. യേശു ഏതാനും കയർ കഷ്ണങ്ങൾ ചേർത്ത് ഒരു ചാട്ടയുണ്ടാക്കി അവൻ മനുഷ്യരെയും കാളകളെയും ആടുകളെയും ദൈവാലയത്തിൽ നിന്ന് പുറത്താക്കി. പണമിടപാടു ക്കാരുടെ മേശകൾ മറിച്ചിടുകയും പണം ചിതറിച്ചു കളയു കയും ചെയ്തു. എന്നിട്ട് അവിടെ മാടപ്രാവുകളെ വിൽക്കുന്നവരോടായി പറഞ്ഞു. ഇതെല്ലാം എടുത്തു കൊണ്ട് പുറത്തേക്ക് പോകുക എന്റെ പിതാവിന്റെ ഭവനത്തെ കച്ചവടസ്ഥലമാക്കരുത് **(യോഹന്നാൻ2:13, 16)**

## യേശു യഹൂദരെ ഭയക്കുന്നു, ,നാടുവിടുന്നു.

അന്ന് യഹൂദ നേതാക്കൾ യേശുവിനെ കൊല്ലാൻ തീരുമാനിച്ചു. അതിനാലവൻ യഹൂദർക്കിടയിൽ സ്വതന്ത്രമായി നടക്കുന്നത് നിർത്തി. അവൻ യെരുശേലം വിട്ട് മരുഭൂമിക്കടുത്തൊരിടത്തേക്ക് പോയി. യേശു എഫ്രയീമിലെ നഗരത്തിലേക്ക് പോയി ശിഷ്യന്മാരോടൊത്ത് അവിടെ തങ്ങി. **(യോഹന്നാൻ 11:53)**

## യേശു വാളെടുക്കാൻ പറയുന്നു.

യേശു അവരോട് പറഞ്ഞു എന്നാൽ ഇപ്പോൾ പണമോ സഞ്ചിയോ ഉള്ളവൻ അതെടുക്കട്ടെ നിങ്ങൾക്കൊരു വാളില്ലെങ്കിൽ വസ്ത്രം വിറ്റ് അതൊന്ന് വാങ്ങട്ടെ **(ലൂക്കോസ് 22:36)**

## യേശു ദുഃഖിക്കുകയും മരണത്തെ ഭയക്കുകയും ചെയ്യുന്നു.

അനന്തരം യേശു വളരെ ദു:ഖിതനും കുഴങ്ങിയവനമായി കാണപ്പെട്ടു. അവൻ അവരോട് പറഞ്ഞു. എന്റെ ആത്മാവ് ദുഃഖം കൊണ്ട് നിറഞ്ഞി രിക്കന്നു ദുഃഖം കൊണ്ട് ഹൃദയം പൊട്ടുന്നു.ഇവിടെ എന്നോടൊപ്പം ഉണർന്നിരിക്കുക **(മത്തായി 26:37,38)**

## യേശുവിന് മർദ്ദനമേൽക്കുന്നു. യേശു അപമാനിക്കപ്പെടുന്നു.

അവൻ ഇതു പറഞ്ഞപ്പോൾ അടുത്തു നിന്നിരുന്ന സേവകമാരിലൊ

രാൾ ഇങ്ങനെയാണോ പ്രധാന പുരോഹിതനോട് മറുപടി പറയന്നതെന്ന് ചോദിച്ചു കൊണ്ട് യേശുവിനെ അടിച്ചു **(യോഹന്നാൻ 18 : 22)**

യഹൂദരുടെ രാജാവേ എന്ന് പരിഹസിച്ചു' ഭടൻമാർ യേശുവിന്റെ മുഖത്ത് തുപ്പി എന്നിട്ടവർ യേശുവിന്റെ കയ്യിൽ നിന്ന് വടി വാങ്ങി അവന്റെ തലക്ക് പലവട്ടം അടിച്ചു. **(മത്തായി 27:29 '30)**

**യേശു ദൈവത്തെ സ്തുതിക്കുന്നു.**

പിതാവേ സ്വർഗത്തിനും ഭൂമിക്കും കർത്താവായുള്ളവനേ നീ 'ഇത് ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ശിശുക്കൾക്കു വെളിപെടുത്തിയത് കൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. **(മത്തായി 11:25)**

**യേശു ദൈവത്തെ ആരാധിക്കുന്നു.**

(യേശു പറഞ്ഞു) നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. എന്തെന്നാൽ, രക്ഷ യഹൂദരിൽ നിന്നാണ്. **(യോഹന്നാൻ 4:22)**

**യേശു സാഷ്ടാംഗം ചെയ്തു ദൈവത്തോട് പ്രാർത്ഥിക്കുന്നു.**

പിന്നിട് യേശു അവരിൽ നിന്നൽപ്പം അകലേക്ക് നടന്നു. ഭൂമിയിൽ കമിഴ്ന്ന് വീണ് അവൻ പ്രാർത്ഥിച്ചു. **(മത്തായി 26:39)**

**യേശുവിനെ ശക്തിപെടുത്താൻ ദൂതൻ വരുന്നു.**

അപ്പോൾ സ്വർഗത്തിൽ നിന്നൊരു ദൂതർ പ്രത്യക്ഷപെട്ടു. യേശുവിന് ശക്തി നൽകാൻ അയക്കപെട്ടതാണ് ആ ദൂതൻ **(ലൂക്കോസ് 22:43)**

**യേശു മനുഷ്യനാണെന്ന് പ്രഖ്യാപിക്കുന്നു.**

ദൈവത്തിൽ നിന്ന് കേട്ട സത്യങ്ങൾ നിങ്ങളോട് പറഞ്ഞ ഒരു മനുഷ്യനാണ് ഞാൻ. പക്ഷേ നിങ്ങളെന്നെ കൊല്ലാൻ ശ്രമിക്കുന്നു. **(യോഹന്നാൻ 8:40)**

# യേശുക്രിസ്തുവിന്റെ മുഖ്യ പ്രബോധനം

കാലാകാലങ്ങളിൽ വിവിധ ദേശങ്ങളിൽ വ്യത്യസ്ത സമൂഹങ്ങളിൽ ദൈവത്താൽ നിയുക്തരായ പ്രവാചകൻമാർ നടത്തിയ പ്രബോധനത്തിന്റെ കാതലായ വശം കണിശമായ ഏക ദൈവത്വമായിരുന്നു.

ആരാധനയുടെ, പ്രാർത്ഥനയുടെ, പരമമായ കീഴ്വണക്കത്തിന്റെ ഒരംശവും ലോകരക്ഷിതാവിനല്ലാതെ സമർപ്പിച്ചുകൂടെന്നും, അവന്റെ അസ്തിത്വം പോലെ മറ്റൊരസ്തിത്വമില്ലെന്നും അവന്റെ ഗുണങ്ങൾക്ക് തുല്യമായ ഗണമുള്ളവരോ അവന്റെ നാമങ്ങൾക്ക് തുല്യമായ നാമമുള്ളരോ അവന്റെ വിശേഷണങ്ങൾക്ക് തുല്യമായ വിശേഷണങ്ങളുള്ളവരോ ഇല്ലെന്നും അവന്റെ പ്രവർത്തനങ്ങൾക്ക് തുല്യമായി പ്രവർത്തനങ്ങൾ നടത്തുന്നവരോ ആയി ആരുമില്ലെന്നും യാതൊരു സൃഷ്ടിക്കും ദിവ്യത്വം കൽപിക്കരുതെന്നും അങ്ങനെ ചെയ്താൽ നരകത്തിൽ നിത്യവാസിയായിത്തീരുമെന്നുമുള്ള സന്ദേശം.

ഇസ്രായീൽ സമൂഹത്തിലേക്ക് ദൈവദൂതുമായി വന്ന യേശുക്രിസ്തുവിന്റെയും പ്രധാന കൽപന മറ്റു പ്രവാചകൻമാരെ പോലെ കലർപ്പില്ലാത്ത ഏകദൈവ വിശ്വാസം തന്നെയായിരുന്നു.

### ദൈവം ഏകൻ

ശാസ്ത്രിമാരിൽ ഒരുവൻ അടുത്തുവന്നു അവർ തമ്മിൽ തർക്കിക്കുന്നതു കേട്ടു അവൻ അവരോടു നല്ലവണ്ണം ഉത്തരം പറഞ്ഞപ്രകാരം ബോധിച്ചിട്ടു: എല്ലാറ്റിലും മുഖ്യകല്പന ഏതു എന്നു അവനോടു ചോദിച്ചു.അതിന്നു യേശു: “എല്ലാറ്റിലും മുഖ്യകല്പനയോ: യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവു.

നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം, എന്നു ആകുന്നു **(മാർക്കോസ് 12/ 28-30)**

### ഏക ദൈവത്തെ മാത്രം ആരാധിക്കുക

യേശു അവനോടു: “സാത്താനേ, എന്നെ വിട്ടുപോ; നിന്റെ ദൈവമായ

കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നുവല്ലോ" എന്നു പറഞ്ഞു. **(മത്തായി 4:10)**

യേശു അവനോടു: "നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നു" എന്നു ഉത്തരം പറഞ്ഞു **(ലൂക്കോസ് 4:8)**

### ഏകദൈവത്തെ അറിയുക അവന്റെ ദൂതനെയും

ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു. **(യോഹന്നാൻ 17:3)**

### സ്രഷ്ടാവിനെ മാത്രം ഭയപ്പെടുക

ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ. **(മത്തായി 10:28)**

എന്നാൽ എന്റെ സ്നേഹിതന്മാരായ നിങ്ങളോടു ഞാൻ പറയുന്നതു: ദേഹത്തെ കൊന്നിട്ടു പിന്നെ അധികമായി ഒന്നും ചെയ്വാൻ കഴിയാത്തവരെ ഭയപ്പെടേണ്ടാ. ആരെ ഭയപ്പെടേണം എന്നു ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. കൊന്നിട്ടു നരകത്തിൽ തള്ളിക്കളവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ: അതേ, അവനെ ഭയപ്പെടുവിൻ എന്നു ഞാൻനിങ്ങളോടു പറയുന്നു. **(ലൂക്കോസ് 12:4, 5)**

# യേശുക്രിസ്തുവും ന്യായപ്രമാണവും

സ്രഷ്ടാവായ ദൈവം സിനായ്മലയിൽ മോശെ പ്രവാചകന് നൽകിയ കൽപ്പലകകളിലെ പത്തു കൽപനകളടങ്ങുന്ന ന്യായപ്രമാണം ദുർബലപ്പെടുത്തുകയോ അസാധുവാക്കുകയോ ആയിരുന്നില്ല യേശു ചെയ്തത്. നിത്യജീവനിലെത്തിച്ചേരാൻ ന്യായപ്രമാണത്തിൽ അടിയുറച്ച് വിശ്വസിച്ച് അതനുസരിച്ച് ജീവിക്കണമെന്ന് ഇസ്റായീല്യരോട് കൽപിക്കുകയായിരുന്നു.

## ന്യായപ്രമാണം സത്യപ്പെടുത്താൻ വന്ന പ്രവാചകൻ

ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നതു. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല.

ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും. **(മത്തായി 5:17 - 19)**

## സ്വർഗ പ്രവേശനത്തിന് ന്യായപ്രമാണമനുസരിക്കുക

അവൻ പുറപ്പെട്ടു യാത്രചെയ്യുമ്പോൾ ഒരുവൻ ഓടിവന്നു അവന്റെ മുമ്പിൽ മുട്ടുകുത്തി: നല്ല ഗുരോ, നിത്യജീവനെ അവകാശം ആക്കുവാൻ ഞാൻ എന്തു ചെയ്യേണം എന്നു അവനോടു ചോദിച്ചു. അതിന്നു യേശു: എന്നെ നല്ലവൻ എന്നു പറയുന്നതു എന്തു? ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരുമില്ല. കൊലചെയ്യരുതു, വ്യഭിചാരം ചെയ്യരുതു, മോഷ്ടിക്കരുതു, കള്ളസ്സാക്ഷ്യം പറയരുതു, ചതിക്കരുതു, നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നീ കല്പനകളെ നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. **(മാർക്കോസ് 10:17 - 19)**

**ന്യായപ്രമാണത്തിലെ കൽപനകൾ യേശുവും ആവർത്തിക്കുന്നു.**

യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നേ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം. **(ആവർത്തനം 6 :4-5)**

അതിന്നു യേശു: “എല്ലാറ്റിലും മുഖ്യകല്പനയോ: യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവു.

നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം, എന്നു ആകുന്നു. **(മാർക്കോസ് 12:29, 30)**

നിന്റെ ദൈവമായ യഹോവയെ ഭയപ്പെട്ടു അവനെ സേവിക്കേണം; അവന്റെ നാമത്തിൽ സത്യം ചെയ്യേണം. **(ആവർത്തനം 6 :13)**

യേശു അവനോടു: “സാത്താനേ, എന്നെ വിട്ടുപോ; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നുവല്ലോ” എന്നു പറഞ്ഞു. **(മത്തായി 4:10)**

മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നേ. **(മത്തായി 7:12)**

# യേശുക്രിസ്തുവും സുവിശേഷവും

മോശെ പ്രവാചകന്റെ ന്യായപ്രമാണത്തെ സത്യപ്പെടുത്തുന്നതും, സത്യപ്രകാശവും സന്മാർഗ നിർദേശവും അടങ്ങിയ സദുപദേശവുമായ "സുവിശേഷം" പഠിപ്പിക്കാനും പ്രചരിപ്പിക്കാനും മാനസാന്തരപെട്ട് സുവിശേഷത്തിൽ വിശ്വസിക്കാൻ ജനങ്ങളോട് കൽപിക്കാനും വേണ്ടി ദൈവം ഇസ്റായേൽ മക്കളിലേക്ക് അയച്ച ദൈവദൂതനായിരുന്നു മഹാനായ യേശു ക്രിസ്തു

## യേശു ദൈവത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നു.

അവൻ അവരോടു: "ഞാൻ മറ്റുള്ള പട്ടണങ്ങളിലും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കേണ്ടതാകുന്നു; ഇതിനായിട്ടല്ലോ എന്നെ അയച്ചിരിക്കുന്നതു" എന്നു പറഞ്ഞു. അങ്ങനെ അവൻ ഗലീലയിലെ പള്ളികളിൽ പ്രസംഗിച്ചുപോന്നു. **(ലൂക്കോസ് 4:43-44)**

പിന്നെ യേശു ഗലീലയിൽ ഒക്കെയും ചുറ്റി സഞ്ചരിച്ചുകൊണ്ടു അവരുടെ പള്ളികളിൽ ഉപദേശിക്കയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും ജനത്തിലുള്ള സകലദീനത്തെയും വ്യാധിയെയും സൗഖ്യമാക്കുകയും ചെയ്തു. **(മത്തായി 4:23)**

അനന്തരം അവൻ ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചുംകൊണ്ടു പട്ടണംതോറും സഞ്ചരിച്ചു. **(ലൂക്കോസ് 8:1)**

യേശു പട്ടണംതോറും ഗ്രാമംതോറും സഞ്ചരിച്ചു അവരുടെ പള്ളികളിൽ ഉപദേശിച്ചു രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും സകലവിധദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തു. **(മത്തായ9:35)**

എന്നാൽ യോഹന്നാൻ തടവിൽ ആയശേഷം യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു: കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ" എന്നു പറഞ്ഞു. **(മാർക്കോസ്1:14-15)**

## സുവിശേഷത്തിന് വേണ്ടി ത്യാഗം ചെയ്യണം

ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ

കളയും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും. അതിന്നു യേശു: എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ, **(മാർക്കോസ് 10:29,30)**

എട്ട്

# യേശുക്രിസ്തുവും അത്ഭുത പ്രവർത്തനങ്ങളും

ആരാണ് സ്രഷ്ടാവ്? അവനിൽ എങ്ങനെ വിശ്വസിക്കണം? അവനെ എങ്ങനെ ആരാധിക്കണം? ജീവിതത്തിന്റെ ലക്ഷ്യമെന്ത്? മരണശേഷമെന്ത്? നന്മതിന്മകൾ ഏതൊക്കെ? -എന്നിങ്ങനെ മനുഷ്യന്റെ വിശകലന ബുദ്ധിക്ക് അപ്രാപ്യവും, പ്രത്യക്ഷമായ അറിവിനപ്പുറവും അനുഭവങ്ങളിലൂടെ നേടിയെടുക്കാൻ കഴിയാത്തതുമായ കാര്യങ്ങളെക്കുറിച്ച് അറിയിക്കാനാണ് പ്രവാചകൻമാർ വന്നത്. അവർക്ക് അറിവ് ലഭിച്ചത് ദൈവിക ബോധനം വഴിയായിരുന്നു എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനാണ് അവരിലൂടെ ദൈവം ദൃഷ്ടാന്തങ്ങളും അടയാളങ്ങളും വെളിപ്പെടുത്തിയത്.

പ്രവാചകൻമാരുടെ ഇഷ്ടപ്രകാരം ചെയ്യാൻ കഴിയാത്തതും സർവ്വശക്തനായ സ്രഷ്ടാവിന്റെ സർവ്വ നിയന്ത്രണത്തിലുള്ളതും അവനുദ്ദേശിക്കുന്ന സന്ദർഭത്തിലും സമയത്തിലും വെളിപ്പെടുന്നതുമായ പ്രസ്തുത ദൃഷ്ടാന്തങ്ങൾക്ക് പിന്നിലെ ദിവ്യത്യം തിരിച്ചറിഞ്ഞ് അതുമായി വന്നവരിൽ വിശ്വസിക്കുകയാണ് മനുഷ്യർ ചെയ്യേണ്ടത്.

അത്ഭുതം പ്രവർത്തിക്കുന്നതിന് മുമ്പ് ദൈവത്തോട് പ്രാർത്ഥിക്കുകയും സാധിച്ച് കിട്ടുമ്പോൾ ദൈവത്തെ സ്തുതിക്കുകയും കൃതജ്ഞത രേഖപ്പെടുത്തകയും ചെയ്യുന്ന യേശുവിനെയും ദൃഷ്ടാന്തങ്ങൾ നേരിൽ കണ്ടപ്പോൾ യേശുവിലൂടെ അത്ഭുതം വെളിപ്പെടുത്തിയ ദൈവത്തെ മഹത്വപ്പെടുത്തുകയും യേശുവിന്റെ പ്രവാചകത്വത്തെ സത്യപ്പെടുത്തുകയും ചെയ്യുന്ന ജനങ്ങളെയുമാണ് ബൈബിളിലുടനീളം കാണാൻ കഴിയുന്നത്.

### ദൈവദൂതനാണെന്ന് തെളിയിക്കാൻ

അവർ കല്ലു നീക്കി. യേശു മേലോട്ടു നോക്കി: പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചു എന്നു ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന്നു അവരുടെ നിമിത്തം ഞാൻ പറയുന്നു എന്നു പറഞ്ഞു. **(യോഹന്നാൻ 11:40,41)**

## സ്വന്തം ഇഷ്ടപ്രകാരമല്ല ദൈവത്തിന്റെ അനുമതി പ്രകാരം മാത്രം

ആകയാൽ യേശു അവരോടു ഉത്തരം പറഞ്ഞതു: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: പിതാവു ചെയ്തു കാണുന്നതു അല്ലാതെ പുത്രന്നു സ്വതേ ഒന്നും ചെയ്വാൻ കഴികയില്ല; **(യോഹന്നാൻ 5:19)**

## ദൈവം ഉദ്ദേശിക്കുമ്പോൾ മാത്രം

ഏതാനും ചില രോഗികളുടെമേൽ കൈവെച്ചു സൗഖ്യം വരുത്തിയതു അല്ലാതെ അവിടെ വീര്യപ്രവൃത്തി ഒന്നും ചെയ്വാൻ കഴിഞ്ഞില്ല. അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു. അവൻ ചുറ്റുമുള്ള ഊരുകളിൽ ഉപദേശിച്ചുകൊണ്ടു സഞ്ചരിച്ചുപോന്നു. **(മാർക്കോസ് 6:5,6)**

## യേശുവിലൂടെ വെളിപ്പെട്ട അത്ഭുതങ്ങൾ

| | |
|---|---|
| രണ്ട് അന്ധമാർക്ക് കാഴ്ച ലഭിച്ചത് | **(മത്തായി 9:27-29)** |
| ഊമ സംസാരിച്ചത് | **(മത്തായി 9:32)** |
| വിക്കനും ചെകിടനമായവനെ സുഖപ്പെടുത്തിയത് | **(മാർക്കോസ് 7:35)** |
| ജനങ്ങളുടെ മധ്യ നിന്ന് അപ്രത്യക്ഷനായത് | **(ലൂക്കോസ് 4:30)** |
| നയീനിലെ വിധവയുടെ മകനെ ജീവിപ്പിച്ചത് | **(ലൂക്കോസ് 7:15)** |
| കൂനിയെ സൗഖ്യമാക്കിയത് | **(ലൂക്കോസ് 13:13)** |
| പത്ത് കുഷ്ഠരോഗികളെ സുഖപ്പെടുത്തിയത് | **(ലൂക്കോസ് 17 :14)** |
| മൽക്കോസിന്റെ മുറിഞ്ഞ ചെവി ശരിയാക്കിയത് | **(ലൂക്കോസ് 22:51)** |
| വെള്ളം വീഞ്ഞാക്കിയത് | **(യോഹന്നാൻ 2:1-10)** |
| രാജഭൃത്യന്റെ മകന്റെ രോഗം സുഖപെടുത്തിയത് | **(യോഹ4:53)** |
| മരിച്ച ലാസറിനെ ജീവിച്ചത് | **(യോഹന്നാൻ 11:44)** |
| വലകളിൽ മീൻ വന്ന് നിറഞ്ഞത് | **(ലൂക്കോസ് 5 :6)** |
| സ്ത്രീയുടെ മകളുടെ പിശാചുബാധ സുഖപ്പെടുത്തിയത് | **(മാർക്കോസ് 7:24-30)** |
| നാലായിരം പേരെ ഭക്ഷിപ്പിച്ചത് | **(മാർക്കോസ് 8:9)** |
| അത്തിമരത്തെ ശപിച്ച് കരിച്ച് കളഞ്ഞത് | **(മത്തായി 21:19)** |
| ശതാധിപന്റെ ദാസനെ സൗഖ്യമാക്കിയത് | **(മത്തായി 8:5-3)** |

| | |
|---|---|
| ഊമയും കുരുടനമായ പിശാചുബാധിതനെ സുഖപ്പെടുത്തിയത് | **(മത്തായി12:22)** |
| കടലിലെ ഓളം ശമിപ്പിച്ചത് | **(മാർക്കോസ് 4:39)** |
| യായിറോസിന്റെ മകളെ ജീവിപ്പിച്ചത് | **(മാർക്കോസ് 5:23)** |
| രക്തസ്രാവക്കാരിയെ സുഖപെടുത്തിയത് | **(മാർക്കോസ് 5:25)** |
| കടലിന് മുകളിലൂടെ നടന്നത് | **(മാർക്കോസ് 6:48)** |
| അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ തീറ്റിച്ചത് | **(മാർക്കോസ്6:37-44)** |

## ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടാണ് യേശു അത്ഭുതം പ്രവർത്തിച്ചത്

അവൻ ആ അഞ്ചു അപ്പവും രണ്ടു മീനും എടുത്തു സ്വർഗ്ഗത്തേക്കു നോക്കി കൃതജ്ഞതാ സ്തോത്രം ചൊല്ലി അപ്പം മുറിച്ച്, അവർക്കു വിളമ്പുവാൻ തന്റെ ശിഷ്യന്മാർക്കു കൊടുത്തു; ആ രണ്ടു മീനും എല്ലാവർക്കും വിഭാഗിച്ചുകൊടുത്തു. **(മാർക്കോസ് 6:41)**

പിന്നെ പുരുഷാരം പുല്ലിന്മേൽ ഇരിപ്പാൻ കല്പിച്ചു; ആ അഞ്ചു അപ്പവും രണ്ടു മീനും എടുത്തു, സ്വർഗ്ഗത്തേക്കു നോക്കി വാഴ്ത്തി, അപ്പം നുറുക്കി, ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ പുരുഷാരത്തിന്നും കൊടുത്തു. എല്ലാവരും തിന്നു തൃപ്തരായി; ശേഷിച്ച കഷണം പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു. **(മത്തായി 14:19, 20)**

യേശു ജനങ്ങളോട് മൈതാനത്ത് നിരന്നിരിക്കാൻ പറഞ്ഞു. അവൻ ഏഴപ്പവും മീനും എടുത്ത് ആഹാരം തന്നതിന് ദൈവത്തോട് നന്ദി പറഞ്ഞു ' യേശു അപ്പം വീതിച്ച് ശിഷ്യമാരുടെ കയ്യിൽ കൊടുത്തു **(മത്തായി15:35,36)**

പിന്നെ ആ ഏഴപ്പം എടുത്ത് സ്തോത്രം ചെയ്തു നുറുക്കി ശിഷ്യമാരുടെ പക്കൽ വിളമ്പാൻ കൊടുത്തു. **(മാർക്കോസ്8:6)**

വീട്ടിൽ വന്നശേഷം ശിഷ്യന്മാർ സ്വകാര്യമായി അവനോടു: ഞങ്ങൾക്കു അതിനെ (അശുദ്ധാത്മാവിനെ) പുറത്താക്കുവാൻ കഴിയാഞ്ഞതു എന്തു എന്നു ചോദിച്ചു. പ്രാർത്ഥനയാൽ അല്ലാതെ ഈ ജാതി ഒന്നിനാലും പുറപ്പെട്ടുപോകയില്ല എന്നു അവൻ (യേശു) പറഞ്ഞു. **(മാർക്കോസ്9:28, 29)**

അവിടെ അവർ വിക്കനായൊരു ചെകിടനെ അവന്റെ അടുക്കൽ കൊണ്ടുവന്നു, അവന്റെമേൽ കൈവെക്കേണം എന്നു അപേക്ഷിച്ചു. അവൻ അവനെ പുരുഷാരത്തിൽനിന്നു വേറിട്ടു കൂട്ടിക്കൊണ്ടുപോയി അവന്റെ ചെവിയിൽ വിരൽ ഇട്ടു, തുപ്പി അവന്റെ നാവിനെ തൊട്ടു, സ്വർഗ്ഗത്തേക്കു നോക്കി നെടുവീർപ്പിട്ടു അവനോടു: തുറന്നുവരിക എന്നു അർത്ഥമുള്ള “എഫഥാ” എന്നു പറഞ്ഞു. ഉടനെ അവന്റെ ചെവി

തുറന്നു നാവിന്റെ കെട്ടും അഴിഞ്ഞിട്ടു അവൻ ശരിയായി സംസാരിച്ചു **(മാർക്കോസ് 7:32-35)**

അവർ കല്ലു നീക്കി. യേശു മേലോട്ടു നോക്കി: പിതാവേ, നീ എന്റെ പ്രാർത്ഥന കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ പ്രാർത്ഥന കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചു എന്നു ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന്നു അവരുടെ നിമിത്തം ഞാൻ പറയുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ടു അവൻ: ലാസരേ, പുറത്തുവരിക എന്നു ഉറക്കെ വിളിച്ചു. **(യോഹന്നാൻ11:41-44)**

(മാർത്ത പറഞ്ഞു) ഇപ്പോഴും നീ ദൈവത്തോടു എന്തു അപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു **(യോഹന്നാൻ 11:21, 22)**

## യേശു ചെയ്ത അത്ഭുതം നേരിൽ കണ്ടവരുടെ പ്രതികരണങ്ങൾ

### രോഗം സുഖപ്പെട്ട തളർവാതരോഗിയും നാട്ടുക്കാരും ചെയ്തത്

ഇങ്ങനെയുള്ള മനുഷ്യർക്ക് ഇപ്രകാരമുള്ള ശക്തി നൽകിയതിന് അവർ ദൈവത്തെ സ്തുതിച്ചു. **(മത്തായി 9:8)**

തളർവാതക്കാരൻ എഴുന്നേറ്റു നിന്നു അയാൾ കട്ടിലുമെടുത്ത് മുറിക്ക് പുറത്തേക്ക് നടന്നു. എല്ലാവർക്കും അതു കാണാമായിരുന്നു. ജനങ്ങൾ അത്ഭുതപെട്ടു. ദൈവത്തെ പുകഴ്ത്തി **(മാർക്കോസ്2:12)**

ഉടൻ അയാൾ ജനങ്ങളുടെ മുമ്പിൽ എഴുന്നേറ്റ് നിന്ന് തന്റെ കിടക്കയുമെടുത്ത് ദൈവത്തെ വാഴ്ത്തികൊണ്ട് വീട്ടിലേക്ക് നടന്നു **(ലൂക്കോസ് 5:25)**

### അന്ധനും ഊമയും ആയ ആളെ സുഖപ്പെടുത്തിയപ്പോൾ ജനം പറഞ്ഞത്

ഈ മനുഷ്യനായിരിക്കും ദൈവം നമ്മുടെയിടയിലേക്ക് അയക്കുമെന്ന് വാഗ്ദാനം ചെയ്ത ദാവീദിന്റ പുത്രൻ **(മത്തായി 12:23)**

### കാഴ്ച കിട്ടിയപ്പോൾ അന്ധൻ

അപ്പോൾ അന്ധനോട് വീണ്ടും അവർ ചോദിച്ചു. അവൻ നിന്റെ കണ്ണുകൾ തുറന്നല്ലോ അവനെ പറ്റി നീ എന്തു പറയുന്നു. അവൻ പറഞ്ഞു: അവൻ ഒരു പ്രവാചകനാണ് **(യോഹന്നാൻ: 9:17-18)**

### മരിച്ച യുവാവിനെ ജീവിപ്പിച്ചപ്പോൾ നായിൻ പട്ടണക്കാർ

അവർ ദൈവത്തെ സ്തുതിച്ചു അവർ പറഞ്ഞു. ഒരു മഹാപ്രവാചകൻ നമ്മൾ ക്കിടയിലേക്ക് വന്നിരിക്കുന്നു ദൈവം തന്റെ ജനത്തെ ശ്രദ്ധിക്കുന്നു. **(ലൂക്കോസ് 7:16)**

**അത്ഭുത പ്രവചനം കേട്ട ശമരിയ്യക്കാരി**

പ്രഭോ അങ്ങ് ഒരു പ്രവാചകനാണെന്ന് ഞാൻ മനസ്സിലാക്കുന്നു **(യോഹന്നാൻ 4:15-19)**

**കാഴ്ച്ച കിട്ടിയപ്പോൾ അന്ധനും നാട്ടുക്കാരും**

അയാൾക്ക് കാഴ്ച്ച തിരിച്ചു കിട്ടി. അയാൾ ദൈവത്തെ സ്തുതിച്ചു കൊണ്ട് യേശുവിനെ അനുഗമിച്ചു ഇതെല്ലം കണ്ട് ജനം ദൈവത്തെ വാഴ്ത്തി **(ലുക്കോസ്18:43)**

**യഹൂദനേതാവായ നിക്കോദേമാസ്**

അവൻ രാത്രിയിൽ അവന്റെ അടുക്കൽ വന്നു അവനോടു: റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽനിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്യാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു. **(യോഹന്നാൻ. 3:2)**

**അത്ഭുതങ്ങൾ മുൻ പ്രവാചകന്മാരിലൂടെയും**

| | |
|---|---|
| മോശെ പ്രവാചകന്റെ വടി സർപ്പമായത് | **( പുറപ്പാട് 7:10-1)** |
| നദി രക്തമായത് | **( പുറപ്പാട് 7:19, 20)** |
| ചെങ്കടൽ പിളർന്നത് | **( പുറപ്പാട് 14:21-23)** |
| ആകാശത്ത് നിന്ന് ഭക്ഷണം ഇറങ്ങിയത് | **(പുറപ്പാട് 16:5-18)** |
| പാറയിൽ അടിച്ച് വെള്ളം വരുത്തിച്ചത് | **( പുറപ്പാട് 17:5,6)** |
| യോർദാൻ നടി രണ്ടായി പിളർന്നത് | **(യോശുവാ 3:14-16)** |
| യോശുവ പ്രവാചകൻ സൂര്യ ചന്ദ്രൻമാരെ നിശ്ചലമാക്കിയത് | **(യേശുവാ 10:12, 13)** |
| കാക്കകൾ ഏലിയാവിന് ഭക്ഷണം എത്തിച്ച് കൊടുത്തത് | **(1 രാജാക്കന്മാർ 17:4-6)** |
| ഏലിയാവ് പ്രവാചകൻ വിധവക്ക് പട്ടിണിയകറ്റാനും ഉപജീവനത്തിനും എണ്ണ വർദ്ധിപ്പിച്ച് കൊടുത്തത് | **(1രാജാക്കൻമാർ 17:9-16)** |
| വൃദ്ധയുടെ മകനെ ജീവിപ്പിച്ചത് | **(1 രാജാക്കൻമാർ17:17 - 24)** |
| ആകാശത്ത് നിന്ന് അഗ്നിയിറങ്ങിയത് | **(1 രാജാക്കന്മാർ18:17 -38)** |
| ഏലിയാവ് യോർദാൻ നദി പിളർത്തിയത് | **(2 രാജാക്കൻമാർ 2 :8)** |
| ഏലിയാവ് അഗ്നി രഥത്തിൽ സ്വർഗ്ഗാരോഹണം ചെയ്തത് | **( 2 രാജാക്കൻമാർ 2 :11)** |

| | |
|---|---|
| ഏലിശാ പ്രവാചകൻയോർദ്ദാൻ നദി പിളർത്തിയത് | **(2 രാജാക്കൻമാർ 2 :14)** |
| ഉപ്പ് ജലം ശുദ്ധജലമാക്കിയത് | **(2 രാജാകൻമാർ 2:19-22)** |
| ഏലീശാ രാജ്യത്തെ വെള്ളം കൊണ്ട് നിറച്ചത് | **(2 രാജാക്കൻമാർ3:20)** |
| വിധവയുടെ എണ്ണവർദ്ധിപ്പിച്ചത് | **(2 രാജാക്കൻമാർ 4:7)** |
| ശൂനേംക്കാരിയുടെ കുട്ടിയെ ജീവിപ്പിച്ചത് | **(2 രാജാക്കൻമാർ4:31-37)** |
| വിഷം കലർന്ന പായസം ശുദ്ധമാക്കിയത് | **(2 രാജാക്കൻമാർ 4:38-41)** |
| നയമാന്റെ കുഷ്ഠരോഗം സൗഖ്യമാക്കിയത് | **(2 രാജകൻമാർ 5:8 -14)** |
| ചതിയനായ ഗേഹസ്സിക്ക് കുഷ്ഠം വരുത്തിയത് | **2 രാജക്കന്മാർ 5: 20-27)** |
| വെള്ളത്തിനടിയിൽ വീണ കോടാലി അത്ഭുതകരമായി എടുത്ത് കൊടുത്തത് | **(2 രാജക്കൻമാർ 6:5-7)** |
| സുറിയാ രാജാവിന്റെ ആലോചന വെളിപ്പെടുത്തിയത് | **2 രാജാക്കൻമാർ 6:8-10)** |
| സൈന്യത്തെ അന്ധരാക്കി വഴി തെറ്റിച്ചത് | **(2 രാജാക്കൻമാർ 6:18, 19** |
| ഏലിശയുടെ അസ്ഥി സ്പർശിക്കപെട്ടപ്പോൾ മരിച്ചയാൾ ജീവിച്ചത് | **(2 രാജാക്കൻമാർ 13:20, 21)** |
| യെശയ്യാവ് സൂര്യന്റെ നിഴൽ പിന്നോട്ടാക്കിയത് | **(2 രാജാക്കൻമാർ 20:9-11)** |
| എസക്കിയേൽ പ്രവാചകൻശ്മശാനത്തിലെ അസ്ഥികൾക്ക് ജീവനടിച്ചത് | **(യെഹസ്കേൽ 37:1-11)** |
| ദാനിയേൽ പ്രവാചകൻ സിംഹ ഗുഹയിൽ നിന്ന് രക്ഷപെട്ടത് | **(ദാനിയേൽ 6:23)** |
| യോനാ പ്രവാചകൻ മത്സ്യ വയറ്റിൽ നിന്ന് രക്ഷപ്പെട്ടത് | **(യോന 2:10)** |

# യേശു ക്രിസ്തുവും പരലോക വിശ്വാസവും

മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല. ഇവിടെ ചെയ്യുന്ന നന്മ തിന്മകൾക്ക് തുല്യമായ പ്രതിഫലം ലഭിക്കുക മരണശേഷമാണ്. സത്യവിശ്വാസവും സൽകർമ്മങ്ങളും കൊണ്ട് ജീവിതം വിശുദ്ധമാക്കിയ പുണ്യമാന്മാർ മരണാനന്തരം കരുണാനിധിയായ രക്ഷിതാവിന്റെ കാരുണ്യത്താൽ സമാധാനത്തിന്റെ ഭവനമായ സ്വർഗരാജ്യത്ത് പ്രവേശിക്കും. ദൈവീക കൽപനകൾ അവഗണിച്ച് ഐഹിക സൗകര്യങ്ങളിൽ മുഴുകി പാപത്തിന്റെ വലയിൽ പെട്ട് ജീവിതം മലീമസമാക്കിയ ദുഷ്കർമ്മികൾ പാപികൾക്കായി ഒരുക്കി വെക്കപ്പെട്ട നരകത്തീയിലായിരിക്കും മരണ ശേഷം എറിയപ്പെടുക സ്വർഗ നരകങ്ങളെ കുറിച്ചുള്ള യേശുക്രിസ്തുവിന്റെ പാഠങ്ങൾ.

### അന്ത്യനാളിനെ കുറിച്ച് യേശു

ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും, പുത്രനും കൂടെ അറിയുന്നില്ല. **(മാർക്കോസ് 13:32)**

### ന്യായവിധിനാൾ

എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിന്നും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും." **(മത്തായി 12:36,37)**

കൊല ചെയ്യരുതു എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്കു യോഗ്യനാകും എന്നും പൂർവ്വീകന്മാരോടു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും: സഹോദരനോടു നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിനു യോഗ്യനാകും. **(മത്തായി 5:21-22)**

## നരകശിക്ഷയുടെ ഗൗരവം

എന്നാൽ വലങ്കണ്ണു നിനക്കു ഇടർച്ചവരുത്തുന്നു എങ്കിൽ അതിനെ ചൂന്നെടുത്തു എറിഞ്ഞുകളക; നിന്റെ ശരീരം മുഴുവനും നരകത്തിൽ വീഴുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രേ. വലങ്കൈ നിനക്കു ഇടർച്ചവരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക; നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിനെക്കാൾ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രേ. **(മത്തായി 5:29, 30)**

ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ. **(മത്തായി 10:28)**

## സ്വർഗത്തിന് വേണ്ടി പണിയെടുക്കുക

പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും. **(മത്തായി 6:19-21)**

## പുണ്യവാന്മാർക്കുള്ള സ്വർഗവും, പാപികൾക്കായുള്ള നരകവും

അവിടെ അബ്രാഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതും നിങ്ങളെ പുറത്തു തള്ളിക്കളഞ്ഞതും നിങ്ങൾ കാണുമ്പോൾ കരച്ചിലും പല്ലുകടിയും ഉണ്ടാകും. **(ലൂക്കോസ്13:28)**

അങ്ങനെ തന്നേ ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽനിന്നു ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. **(മത്തായി 13:49 50)**

## നിത്യജീവന്റെ ഭവനമായ സ്വർഗത്തിലെത്താൻ

ശാസ്ത്രി അവനോടു: നന്നു, ഗുരോ, നീ പറഞ്ഞതു സത്യം തന്നേ; ഏകനേയുള്ളു; അവനല്ലാതെ മറ്റൊരുത്തനുമില്ല. അവനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കുന്നതും തന്നെപ്പോലെ കൂട്ടുകാരനെ സ്നേഹിക്കുന്നതും സകലസർവ്വാംഗഹോമങ്ങളെക്കാളും യാഗങ്ങളെക്കാളും സാരമേറിയതു തന്നേ എന്നു പറഞ്ഞു. അവൻ ബുദ്ധിയോടെ ഉത്തരം പറഞ്ഞു എന്നു യേശു കണ്ടിട്ടു: നീ ദൈവരാജ്യത്തോടു അകന്നവനല്ല എന്നു പറഞ്ഞു.

അതിന്റെ ശേഷം അവനോടു ആരും ഒന്നും ചോദിപ്പാൻ തുനിഞ്ഞില്ല. **(മാർക്കോസ് 12:32 - 34)**

അനന്തരം ഒരുത്തൻ വന്നു അവനോടു: ഗുരോ, നിത്യജീവനെ പ്രാപിപ്പാൻ ഞാൻ എന്തു നന്മ ചെയ്യേണം എന്നു ചോദിച്ചതിന്നു അവൻ: "എന്നോടു നന്മയെക്കുറിച്ചു ചോദിക്കുന്നതു എന്തു? നല്ലവൻ ഒരുത്തനേ ഉള്ളു. ജീവനിൽ കടപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ കല്പനകളെ പ്രമാണിക്ക" എന്നു അവനോടു പറഞ്ഞു. **(മത്തായി 19:16'17)**

എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. **(മത്തായി7:21)**

യേശു അവനെ നോക്കി അവനെ സ്നേഹിച്ചു: ഒരു കുറവു നിനക്കുണ്ടു; നീ പോയി നിനക്കുള്ളതു എല്ലാം വിറ്റു ദരിദ്രർക്കു കൊടുക്ക; എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്ക എന്നു പറഞ്ഞു. **(മാർക്കോസ് 10:21)**

"നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. **(മത്തായി 18:3)**

മനുഷ്യർ കാണേണ്ടതിന്നു നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല. **(മത്തായി 6:1)**

നീയോ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന്നു വലങ്കൈ ചെയ്യുന്നതു എന്തു എന്നു ഇടങ്കൈ അറിയരുതു. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും. **(മത്തായി 6:3, 4)**

ഇടുക്കുവാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതു; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ. **(മത്തായി 7:13, 14)**

യേശു തന്റെ ശിഷ്യന്മാരോടു: "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു പ്രയാസം തന്നേ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നതു എളുപ്പം എന്നും ഞാൻ നിങ്ങളോടു പറയുന്നു" എന്നു പറഞ്ഞു. **(മത്തായി 19:23,24)**

നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു. എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ. **(മത്തായി 5 :10-12)**

നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. **(മത്തായി 5:20)**

നീ വിരുന്നു കഴിക്കുമ്പോൾ ദരിദ്രന്മാർ, അംഗഹീനന്മാർ, മുടന്തന്മാർ, കുരുടന്മാർ എന്നിവരെ ക്ഷണിക്ക; എന്നാൽ നീ ഭാഗ്യവാനാകും; നിനക്കു പ്രത്യുപകാരം ചെയ്വാൻ അവർക്കു വകയില്ലല്ലോ; നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രത്യുപകാരം ഉണ്ടാകും." **(ലൂക്കോസ് 14:13,14)**

ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു. **(യോഹന്നാൻ 5:24)**

ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു. **(യോഹന്നാൻ 17:3)**

പത്ത്

# യേശുക്രിസ്തുവും വിധി വിശ്വാസവും

എല്ലാ അധികാരങ്ങളുടെ ഉടമയും സൃഷ്ടിശാസനകളുടെ അധികാരിയും സർവ്വലോകരക്ഷിതാവും സ്രഷ്ടാവും നിയന്താവും സർവ്വ ശക്തനും സർവ്വജ്ഞനും സർവ്വലോകങ്ങളും കൈ പിടിയിലൊതുക്കിയവനുമാണ് പ്രവാചകൻമാർ പഠിപ്പിച്ച ദൈവം.

എല്ലാ കാര്യങ്ങളുടെയും തുടക്കവും ഒടുക്കവും അവനെ മാത്രം കേന്ദ്രീകരിച്ചാണ്. അവന്റെ പിടുത്തത്തിൽ നിന്ന് ഒന്നും പുറത്തു പോകുന്നില്ല. സജീവമോ നിർജീവമോ ആയ ഒന്നും അവന്റെ അധികാരവൃത്തത്തിന് പുറത്തല്ല. അവൻ ഉദ്ദേശിക്കുന്നത് വിധിക്കുന്നു. ഇച്ഛരിക്കുന്നത് പ്രവർത്തിക്കുന്നു. അവനറിയാതെ പ്രപഞ്ചത്തിൽ ഒന്നും സംഭവിക്കുന്നില്ല ആകാശഭൂമികളിലെ യാതൊന്നും അവനെ സംബന്ധിച്ചേടത്തോളം ഗോപ്യമേ അല്ല. കഴിഞ്ഞതും നടക്കുന്നതും വരാനിരിക്കുന്നതുമായ എല്ലാ സംഭവങ്ങളും സ്രഷ്ടാവിന്റെ ഉദ്ദേശപ്രകാരമാണ് നടക്കുന്നത്. ആത്യന്തികമായി നന്മയും തിന്മയും ദൈവത്തിൽ നിന്നാണ്.

## ദൈവവിധിയിലുള്ള വിശ്വാസം

ഞാൻ, ഞാൻ മാത്രമേയുള്ളു; ഞാനല്ലാതെ ദൈവമില്ല എന്നു ഇപ്പോൾ കണ്ടുകൊൾവിൻ. ഞാൻ കൊല്ലുന്നു; ഞാൻ ജീവിപ്പിക്കുന്നു; ഞാൻ തകർക്കുന്നു; ഞാൻ സൗഖ്യമാക്കുന്നു; എന്റെ കയ്യിൽനിന്നു വിടുവിക്കുന്നവൻ ഇല്ല. **(ആവർത്തനം 32:39)**

ഞാൻ പ്രകാശത്തെ നിർമ്മിക്കുന്നു, അന്ധകാരത്തെയും സൃഷ്ടിക്കുന്നു; ഞാൻ നന്മയെ ഉണ്ടാക്കുന്നു, തിന്മയെയും സൃഷ്ടിക്കുന്നു. യഹോവയായ ഞാൻ ഇതൊക്കെയും ചെയ്യുന്നു. **(യെശയ്യാവ് 45:7)**

അതിന്നു യഹോവ അവനോടു: മനുഷ്യനു വായ് കൊടുത്തതു ആർ? അല്ല, ഊമനെയും ചെകിടനെയും കാഴ്ചയുള്ളവനെയും കുരുടനെയും ഉണ്ടാക്കിയതു ആർ? യഹോവയായ ഞാൻ അല്ലയോ? ആകയാൽ നീ ചെല്ലുക; **(പുറപ്പാട് 4 :11)**

നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽനിന്നു പുറപ്പെട്ടു വന്നു, നഗ്നനായി തന്നേ മടങ്ങിപ്പോകും, യഹോവ തന്നു, യഹോവ

എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നു പറഞ്ഞു. **(ഇയ്യോബ് 1:21)**

അവന്റെ ഭാര്യ അവനോടു: നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചുപറഞ്ഞു മരിച്ചുകളക എന്നു പറഞ്ഞു. അവൻ അവളോടു: ഒരു പൊട്ടി സംസാരിക്കുന്നതു പോലെ നീ സംസാരിക്കുന്നു; നാം ദൈവത്തിന്റെ കയ്യിൽനിന്നു നന്മ കൈക്കൊള്ളുന്നു; തിന്മയും കൈക്കൊള്ളരുതോ എന്നു പറഞ്ഞു. ഇതിൽ ഒന്നിലും ഇയ്യോബ് അധരങ്ങളാൽ പാപം ചെയ്തില്ല. **(ഇയ്യോബ് 2 :9,10)**

അവൻ പറിച്ചെടുക്കുന്നു; ആർ അവനെ തടുക്കും? നീ എന്തു ചെയ്യുന്നു എന്നു ആർ ചോദിക്കും? **(ഇയ്യോബ് 9:12)**

അവൻ ഇടിച്ചുകളഞ്ഞാൽ ആർക്കും പണിതുകൂടാ; അവൻ മനുഷ്യനെ ബന്ധിച്ചാൽ ആരും അഴിച്ചുവിടുകയില്ല. അവൻ വെള്ളം തടുത്തുകളഞ്ഞാൽ അതു വറ്റിപ്പോകുന്നു; അവൻ വിട്ടയച്ചാൽ അതു ഭൂമിയെ മറിച്ചുകളയുന്നു. **(ഇയ്യോബ് 12:14,15)**

അവന്റെ ജീവകാലത്തിന്നു അവധി ഉണ്ടല്ലോ; അവന്റെ മാസങ്ങളുടെ എണ്ണം നിന്റെ പക്കൽ; അവന്നു ലംഘിച്ചുകൂടാത്ത അതിർ നീ വെച്ചിരിക്കുന്നു. **(ഇയ്യോബ് 14:5)**

ദൈവം ന്യായാധിപതിയാകുന്നു; അവൻ ഒരുത്തനെ താഴ്ത്തുകയും മറ്റൊരുത്തനെ ഉയർത്തുകയും ചെയ്യുന്നു. **(സങ്കീർത്തനങ്ങൾ 75:7)**

യേശു പറഞ്ഞു:

അതിനാൽ ഞാൻ നിങ്ങളോട് പറയുന്നു. ജീവിക്കേണ്ടതിനായി തിന്നണമെന്നും കുടിക്കണമെന്നും ഓർത്ത് വ്യാകുലപെടേണ്ട ശരിരത്തിൽ അണിയേണ്ട വസ്ത്രത്തെ കുറിച്ചോർത്തും ദുഃഖിക്കേണ്ട. ആഹാരത്തേക്കാൾ പ്രധാനം ജീവിതമാണ്.ശരീരം വസ്ത്രത്തെക്കാൾ പ്രധാനമാണ്. ഈ പക്ഷികളെ നോക്കൂ അവ വിതക്കുന്നില്ല കൊയ്യുന്നില്ല. പത്തായങ്ങളിൽ ആഹാരം നിറച്ചു വെക്കുന്നില്ല. സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് അവക്ക് ആഹാരം നൽകുന്നു... വ്യാകുലപെട്ടു കൊണ്ട് ജീവിതത്തിൽ ഒരൽപസമയമെങ്കിലും കൂട്ടിയെടുക്കാൻ നിങ്ങൾക്കാവില്ല.

...... വ്യാകുലപെടരുത് ഞാനെന്ത് തിന്നും ഞാനെന്ത് കുടിക്കും ഞാനെന്ത് ധരിക്കും എന്നൊന്നും പറയുകയോ കാംക്ഷിക്കുകയോ ചെയ്യരുത്. ദൈവത്തെ അറിയാത്തവരാണ് ഇവയ്ക്കായ് ദുഃഖിക്കുക വ്യാകുലപെടരുത്. എന്തെനാൽ സ്വർഗസ്ഥനായ പിതാവിന്നറിയാം നിങ്ങൾക്കെന്തൊക്കെയാണ് വേണ്ടതെന്ന് .നിങ്ങൾ തേടേണ്ടത് ദൈവരാജ്യവും ദൈവനീതിയുമാണ് **(മത്തായി 6:25-35)**

യേശു ശിഷ്യന്മാരോട് പറഞ്ഞു. അതിനാൽ ഞാൻ നിങ്ങളോട് പറയുന്നു നിങ്ങളുടെ ഭക്ഷണത്തെ ചൊല്ലി വിഷമിക്കാതിരിക്കുക. നിങ്ങളുടെ ശരീരത്തിന് വേണ്ട വസ്ത്രത്തെയോർത്തും വിഷമിക്കാതിരിക്കുക. ജീവിതം ഭക്ഷണത്തേക്കാൾ വലിയതാണ്. ശരീരം വസ്ത്രത്തെക്കാളും. പക്ഷികളെ നോക്കൂ അവ വിതക്കുന്നില്ല കൊയ്യുന്നില്ല.പക്ഷികൾ പുരകളിലോ പത്തായങ്ങളിലോ ആഹാരം ശേഖരിക്കുന്നുമില്ല. പക്ഷേ ദൈവം അവയെ സംരക്ഷിക്കുന്നു. നിങ്ങൾ പക്ഷികളെക്കാൾ പല മടങ്ങു വിലയുള്ളവരാണ്. ഇതെ ചൊല്ലി ചിന്തിച്ച് വ്യാകുലപെട്ട് ആരും ആയുസ്സിലെ ഒരു ദിവസം പോലും കൂട്ടുന്നില്ല. ചെറിയ കാര്യങ്ങളെ കുറിച്ച് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയാതിരിക്കെ വലിയ കാര്യങ്ങളെയോർത്ത് വേവലാതി പെടുന്നതെന്തിന്? ..... നിങ്ങൾ സ്വർഗ്ഗരാജ്യം അന്വേഷിക്കുവിൻ എങ്കിൽ നിങ്ങൾക്കിതെല്ലാം നൽകപ്പെടും **(ലൂക്കോസ് 12: 22-31)**

# യേശുക്രിസ്തു ധാർമ്മികരോഷമുള്ള പ്രബോധകൻ

പറയുന്നത് ജീവിതത്തിലില്ലാത്തവർ, വേദങ്ങളിൽ തിരിമറി നടത്തുന്നവർ., അതിക്രമത്തിലും അനുസരണക്കേടിലും നിലകൊണ്ടവർ, ദുഷ്പ്രവർത്തനങ്ങളും ദുരാചാരങ്ങളും അന്യോന്യം തടയാത്തവർ, വ്യക്തമായ തെളിവുകളും ഏടുകളും വെളിച്ചം നൽകുന്ന വേദങ്ങളുമായി വന്ന പ്രവാചകൻമാരെ നിഷേധിച്ചു തള്ളിയവർ, അവരെ എറിഞ്ഞോടിക്കുകയും അന്യായമായി കൊലപ്പെടുത്തുകയും ചെയ്തവർ ...... യേശു ക്രിസ്തു അയക്കപ്പെട്ട സമൂഹത്തിലെ പുരോഹിതൻമാരും പ്രമാണിമാരും മേലാളൻമാരും അങ്ങനെയുള്ളവരായിരുന്നു. സഹനത്തിന്റെയും കരുണയുടെയും വിട്ടുവീഴ്ച്ചയുടെയും പാഠങ്ങൾ പഠിപ്പിച്ച യേശുക്രിസ്തു സമൂഹത്തിലെ ഉന്നതരുടെ തിന്മകകളെ കണ്ടില്ലെന്ന് നടിക്കുകയോ തെറ്റുകളോട് രാജിയാവുകയോ ചെയ്തില്ല. അവരുടെ സ്ഥാനമാനങ്ങളോ ആൾബലമോ യേശു ഭയന്നില്ല. ശക്തമായ ഭാഷയിൽ അവരുടെ ചെയ്തികളെ വിമർശിക്കുകയും കാപട്യത്തിന്റെ മുഖംമൂടി ജനങ്ങൾക്ക് മുന്നിൽ തുറന്ന് കാണിക്കുകയും അപ്രിയ സത്യങ്ങൾ വിളിച്ച് പറയുകയും ചെയ്തു.

### യേശുക്രിസ്തുവിന്റെ ധാർമികരോഷം

യേശു ജനക്കൂട്ടത്തോടും തന്റെ ശിഷ്യൻമാരോടും അരുളിച്ചെയ്തു: നിയമജ്ഞരും ഫരിസേയരും മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു. അതിനാൽ, അവർ നിങ്ങളോടു പറയുന്നതെല്ലാം അനുസരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുവിൻ. എന്നാൽ, അവരുടെ പ്രവൃത്തികൾ നിങ്ങൾ അനുകരിക്കരുത്. അവർ പറയുന്നു; പ്രവർത്തിക്കുന്നില്ല. അവർ ഭാരമുള്ള ചുമടുകൾ മനുഷ്യരുടെ ചുമലിൽ വച്ചുകൊടുക്കുന്നു. സഹായിക്കാൻ ചെറുവിരൽ അനക്കാൻപോലും തയ്യാറാകുന്നുമില്ല. മറ്റുള്ളവർ കാണുന്നതിനുവേണ്ടിയാണ്അവർ തങ്ങളുടെ പ്രവൃത്തികളെല്ലാം ചെയ്യുന്നത്. അവർ തങ്ങളുടെ നെറ്റിപ്പട്ടകൾക്കു വീതിയും വസ്ത്രത്തിന്റെ തൊങ്ങലുകൾക്കു നീളവും കൂട്ടുന്നു; വിരുന്നുകളിൽ പ്രമുഖസ്ഥാനവും സിനഗോഗുകളിൽ പ്രധാനപീഠവും നഗരവീഥികളിൽ അഭിവാദനവും ഇഷ്ടപ്പെടുന്നു. റബ്ബീ എന്നു സംബോധന

ചെയ്യപ്പെടാനും ആഗ്രഹിക്കുന്നു. **(മത്തായി 23 : 1-7)**

കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല; പ്രവേശിക്കാൻ വരുന്നവരെ അനുവദിക്കുന്നുമില്ല. **(മത്തായി23/13,14)**

കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! ഒരുവനെ നിങ്ങളുടെ മതത്തിൽ ചേർക്കാൻ നിങ്ങൾ കടലും കരയും ചുറ്റി സഞ്ചരിക്കുന്നു. ചേർന്നു കഴിയുമ്പോൾ നിങ്ങൾ അവനെ നിങ്ങളുടെ ഇരട്ടി നരകസന്തതിയാക്കിത്തീർക്കുന്നു. **(മത്തായി 23/15)**

അന്ധരായ മാർഗദർശികളേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ പറയുന്നു: ഒരുവൻ ദേവാലയത്തെക്കൊണ്ട് ആണയിട്ടാൽ ഒന്നുമില്ല. ദേവാലയത്തിലെ സ്വർണത്തെക്കൊണ്ട് ആണയിട്ടാൽ അവൻ കടപ്പെട്ടവനാണ്. അന്ധരും മൂഢരുമായവരേ, ഏതാണു വലുത്? സ്വർണമോ സ്വർണത്തെ പവിത്രമാക്കുന്ന ദേവാലയമോ? **(മത്തായി 23/16, 17)**

കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ തുളസി, ചതകുപ്പ, ജീരകം എന്നിവയ്ക്കു ദശാംശം കൊടുക്കുകയും നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുകയും ചെയ്യുന്നു. ഇവയാണു നിങ്ങൾ ചെയ്യേണ്ടിയിരുന്നത് - മറ്റുള്ളവ അവഗണിക്കാതെതന്നെ. **(മത്തായി 23/23)**

അന്ധരായ മാർഗദർശികളേ, കൊതുകിനെ അരിച്ചു നീക്കുകയും ഒട്ടകത്തെ വിഴുങ്ങുകയുംചെയ്യുന്നവരാണു നിങ്ങൾ! **(മത്തായി 23/24)**

കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറംവെടിപ്പാക്കുന്നു; എന്നാൽ, അവയുടെ ഉള്ള് കവർച്ചയും ആർത്തിയുംകൊണ്ട് നിറഞ്ഞിരിക്കുന്നു. **(മത്തായി 23/25)**

അന്ധനായ ഫരിസേയാ, പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറംകൂടി ശുദ്ധിയാകാൻവേണ്ടി ആദ്യമേ അകം ശുദ്ധിയാക്കുക. **(മത്തായി 23/26)**

കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ വെള്ളയടിച്ചകുഴിമാടങ്ങൾക്കു സദൃശരാണ്. അവ പുറമേ മനോഹരമായി കാണപ്പെടുന്നെങ്കിലും അവയ്ക്കുള്ളിൽ മരിച്ചവരുടെ അസ്ഥികളും സർവവിധ മാലിന്യങ്ങളും നിറഞ്ഞുകിടക്കുന്നു. അതുപോലെ, ബാഹ്യമായി മനുഷ്യർക്കു നല്ലവരായി കാണപ്പെടുന്ന നിങ്ങൾ ഉള്ളിൽ കാപട്യവും അനീതിയും നിറഞ്ഞ വരാണ്. **(മത്തായി 23/27,28)**

കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ പ്രവാചകൻമാർക്കു ശവകുടീരങ്ങൾ നിർമിക്കുകയും നീതിമാൻമാരുടെ സ്മാരകങ്ങൾ അലങ്കരിക്കുകയുംചെയ്തുകൊണ്ടുപറയുന്നു, ഞങ്ങൾ ഞങ്ങളുടെ പിതാക്കൻമാരുടെ കാലത്തു ജീവിച്ചിരുന്നെങ്കിൽ പ്രവാചകൻമാരുടെ രക്തത്തിൽ അവരോടുകൂടെ പങ്കാളികളാകുമായിരുന്നില്ല എന്ന്. അങ്ങനെ, നിങ്ങൾ പ്രവാചകൻമാരെ വധിച്ചവരുടെ സന്താനങ്ങളാണെന്ന് നിങ്ങൾക്കുതന്നെ എതിരായി സാക്ഷ്യം നൽകുന്നു. നിങ്ങളുടെ പിതാക്കൻമാരുടെ ചെയ്തികൾ നിങ്ങൾ പൂർത്തിയാക്കുവിൻ! സർപ്പങ്ങളേ, അണലി സന്തതികളേ, നരകവിധിയിൽ നിന്നൊഴിഞ്ഞുമാറാൻ നിങ്ങൾക്കെങ്ങനെ കഴിയും? **(മത്തായി 23/29-33)**

അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു ഫരിസേയൻ തന്റെ കൂടെ ഭക്ഷണം കഴിക്കുന്നതിന് അവനെ ക്ഷണിച്ചു. അവൻ പ്രവേശിച്ചു ഭക്ഷണത്തിനിരുന്നു. ഭക്ഷണത്തിനു മുമ്പ് അവൻ കഴുകി ശുദ്ധി വരുത്താഞ്ഞതിനെപ്പറ്റി ആ ഫരിസേയൻ അദ്ഭുതപ്പെട്ടു. അപ്പോൾ കർത്താവ് അവനോടു പറഞ്ഞു: ഫരിസേയരായ നിങ്ങൾ കോപ്പകളുടെയും പാത്രങ്ങളുടെയും പുറം കഴുകി വെടിപ്പാക്കുന്നു. നിങ്ങളുടെ അകമോ കവർച്ചയും ദുഷ്ടതയുംകൊണ്ടു നിറഞ്ഞിരിക്കുന്നു. ഭോഷൻമാരേ, പുറം നിർമിച്ചവൻ തന്നെയല്ലേ അ കവും നിർമിച്ചത്?

നിങ്ങൾക്കുള്ളവ ദാനം ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് എല്ലാം ശുദ്ധമായിരിക്കും. ഫരിസേയരേ, നിങ്ങൾക്കു ദുരിതം! എന്തെന്നാൽ, നിങ്ങൾ അരൂതയുടെയും തുളസിയുടെയും മറ്റെല്ലാ ചെടികളുടെയും ദശാംശം കൊടുക്കുന്നു. എന്നാൽ, ദൈവത്തിന്റെ നീതിയും സ്നേഹവും നിങ്ങൾ അവഗണിച്ചുകളയുന്നു. ഇവയാണു നിങ്ങൾ ചെയ്യേണ്ടിയിരുന്നത്-മറ്റുള്ളവ അവഗണിക്കാതെ തന്നെ. ഫരിസേയരേ, നിങ്ങൾക്കു ദുരിതം! എന്തെന്നാൽ, നിങ്ങൾ സിനഗോഗുകളിൽ പ്രമുഖസ്ഥാനവും പൊതുസ്ഥലങ്ങളിൽ അ ഭിവാദനവും അഭിലഷിക്കുന്നു. നിങ്ങൾക്കു ദുരിതം! എന്തെന്നാൽ, കാണപ്പെടാത്ത കുഴിമാടങ്ങൾപോലെയാണു നിങ്ങൾ. അതിന്റെ മീതേ നടക്കുന്നവൻ അത് അറിയുന്നുമില്ല. **(ലൂക്കാ 11/37-44)**

അവൻ പറഞ്ഞു: നിയമജ്ഞരേ, നിങ്ങൾക്കു ദുരിതം! താങ്ങാനാവാത്ത ചുമടുകൾ മനുഷ്യരുടെമേൽ നിങ്ങൾ കെട്ടിയേൽപിക്കുന്നു. നിങ്ങളോ അവരെ സഹായിക്കാൻ ഒരു ചെറുവിരൽ പോലും അനക്കുന്നില്ല. നിങ്ങൾക്കു ദുരിതം! എന്തെന്നാൽ, നിങ്ങളുടെ പിതാക്കൻമാർ വധിച്ചപ്രവാചകൻമാർക്കു നിങ്ങൾ കല്ലറകൾ പണിയുന്നു. അങ്ങനെ നിങ്ങളുടെ പിതാക്കൻമാരുടെ പ്രവൃത്തികൾക്ക് നിങ്ങൾ സാക്ഷ്യവും അംഗീകാരവും നൽകുന്നു. എന്തെന്നാൽ, അവർ അവരെ കൊന്നു; നിങ്ങളോ അവർക്കു കല്ലറ കൾ പണിയുന്നു. അതുകൊണ്ടാണ്, ദൈവത്തിന്റെ

ജ്ഞാനം ഇങ്ങനെ പറഞ്ഞിരിക്കുന്നത്: ഞാൻ അവരുടെ അടുത്തേക്കു പ്രവാചകൻമാരെയും അപ്പസ്തോലൻമാരെയും അയയ്ക്കും. അവരിൽ ചിലരെ അവർ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യും. ലോകാരംഭം മുതൽ ചൊരിയപ്പെട്ടിട്ടുള്ള സകല പ്രവാചകൻമാരുടെയും രക്തത്തിന് - ആബേൽ മുതൽ, ബലിപീഠത്തിനും വിശുദ്ധസ്ഥലത്തിനും മധ്യേവച്ചു കൊല്ലപ്പെട്ട സഖറിയാവരെയുള്ളവരുടെ രക്തത്തിന് - ഈ തലമുറ ഉത്തരം പറയേണ്ടിവരും. അതേ, ഞാൻ പറയുന്നു, ഈ തലമുറയോട് അത് ആവശ്യപ്പെടും. **(ലൂക്കോസ് 11/46-51)**

നിയമജ്ഞരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ വിജ്ഞാനത്തിന്റെ താക്കോൽ കരസ്ഥമാക്കിയിരിക്കുന്നു. നിങ്ങളോ അകത്തു പ്രവേശിച്ചില്ല; പ്രവേശിക്കാൻ വന്നവരെ തടസ്സപ്പെടുത്തുകയും ചെയ്തു. **(ലൂക്കാ 11/52)**

അവൻ ഇങ്ങനെ പഠിപ്പിച്ചു: നിങ്ങൾ നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവിൻ. നീണ്ട മേലങ്കികൾ ധരിച്ചു നടക്കാനും പൊതു സ്ഥലങ്ങളിൽ അഭിവാദനം സ്വീകരിക്കാനും സിനഗോഗുകളിൽ മുഖ്യസ്ഥാനങ്ങളും വിരുന്നുകളിൽ അഗ്രാസനങ്ങളും ലഭിക്കാനും അവർ ആഗ്രഹിക്കുന്നു. എന്നാൽ, അവർ വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ദീർഘമായി പ്രാർഥിക്കുന്നുവെന്നു നടിക്കുകയുംചെയ്യുന്നു. ഇവർക്കു കൂടുതൽ കഠിനമായ ശിക്ഷാവിധി ലഭിക്കും. **(മർക്കോസ് 12/38-40)**

# യേശുക്രിസ്തുവും യേശുക്രിസ്തുവിന്റെ ദൈവവും

1. പിതാവ് ഒരുവൻ ,പുത്രൻ ഒരുവൻ, പരിശുദ്ധാത്മാവ് ഒരുവൻ, എങ്കിലും ദൈവത്വം ഏകവും മഹത്വം സമവും പ്രഭാവം സമനിത്യവുമാകുന്നു .
2. പിതാവ് എങ്ങനെയുള്ളവനാണോ അങ്ങനെയുള്ളവനാണ് പുത്രനും പരിശുദ്ധാത്മാവും
3. മൂവരും സൃഷ്ടിക്കപെട്ടവരല്ല
4. ഒരോരുവനും നിത്യനാണ് മൂന്ന് നിത്യൻമാരില്ല ഒരു നിത്യനേയുള്ളൂ
5. പിതാവ് സർവ്വശക്തൻ, പുത്രൻ സർവ്വശക്തൻ, പരിശുദ്ധാത്മാവ് സർവ്വശക്തൻ എന്നാൽ സർവ്വശക്തൻ ഒന്നു മാത്രം
6. പിതാവ് ദൈവം പുത്രൻ ദൈവം പരിശുദ്ധാത്മാവ് ദൈവം എന്നാലും ദൈവമേകനാണ്.
7. ത്രിത്വത്തിൽ മുമ്പനോ പിമ്പനോ ഇല്ല വലിയവനോ ചെറിയവനോ ഇല്ല. സമനിത്യന്മാരും സകലത്തിലും സമൻമാരുമാണ്.
8. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവത്തിന്റെ മൂന്ന് നിലകളല്ല മറിച്ച് ഓരോർത്തരും ദൈവമാണ്.
9. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തികൾ സമ്പൂർണ്ണമായും, മുഴുവനായും അടങ്ങിയിരിക്കുന്ന നിത്യമായ ഏക സത്തയാണ് ദൈവം.
10. ദൈവം എന്ന ഏകസത്തയിൽ തുല്യരായ, നിത്യരായ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു വ്യക്തികൾ അടങ്ങിയിരിക്കുന്നു
11. മൂന്ന് ദൈവങ്ങൾ അഥവാ പ്രകൃതിയിൽ മൂന്ന് ആളത്വങ്ങൾ സ്ഥിതി ചെയ്യുന്നു. അവർ തമ്മിൽ പ്രായ വ്യത്യാസമോ വലിപ്പ ചെറുപ്പമോ ശക്തി വ്യത്യാസമോ ഇല്ല. മൂവരുടെയും മഹത്വം തുല്യവും പ്രഭാവം സമനിത്യവും. മൂന്ന് ആളത്വങ്ങളിലായി ഏക

ദൈവം സ്ഥിതി ചെയ്യുന്നു.

12. ഒന്നിനെ മൂന്ന് വട്ടം ഗുണിക്കുമ്പോൾ കിട്ടുന്ന ഗുണന ഫലം .
13. ഒരേ സമയം താപവും രശ്മിയും വെളിച്ചവും നൽകുന്ന സൂര്യൻ
14. ഒരേ സമയം ശബ്ദമായും പ്രകാശമായും ചലനമായും മാറാൻ കഴിയുന്ന വൈദ്യുതി,
15. ദേഹവും ദേഹിയം ആത്മാവുമടങ്ങിയ മനുഷ്യൻ
16. ഒരേ സമയം പിതാവും മകനും ഭർത്താവുമാകുന്ന പാസ്റ്റർ .
17. വെള്ളം ,ഐസ് ,നീരാവി എന്നിങ്ങനെയുള്ള ജലത്തിന്റെ രൂപ മാറ്റങ്ങൾ
18. പുറംതോടും മഞ്ഞക്കുരുവും വെള്ളയമടങ്ങുന്ന മുട്ട ......... ഇങ്ങനെ വിശദീകരിച്ചും വ്യാഖ്യാനിച്ചും പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങുന്ന ത്രിത്വത്തിലൊരാളാണ് യേശുവെന്നും ദൈവവും യേശുവും ഒന്നാണെന്നും യേശു തന്നെയാണ് സാക്ഷാൽ ദൈവമെന്നും സ്ഥാപിക്കുകയാണ്. ക്രൈസ്തവ സഹോദരങ്ങൾ. എന്നാൽ യേശു ദൈവമല്ലെന്നും ദൈവം യേശുവല്ലെന്നും യേശുവും ദൈവവും തീർത്തും വ്യത്യസ്തരാണെന്നും വ്യക്തമാക്കുന്ന മുപ്പതോളം ശക്തമായ തെളിവുകൾ.

### ദൈവം പറഞ്ഞതും യേശു പറഞ്ഞതും

(ദൈവം പറഞ്ഞു) ഇതാ ഞാൻ മാത്രമാണ് ദൈവം, ഞാനല്ലാതെ വേറൊരു ദൈവമില്ല **(ആവർത്തനം32:39)**

(യേശു പറഞ്ഞു) “നമ്മുടെ” ദൈവമായ കർത്താവ് ഏക കർത്താവ്... **(മാർക്കോസ്12:29)**

ഏക സത്യ ദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശു ക്രിസ്തുവിനെയും... **(യോഹന്നാൻ 17:3)**

### ദൈവം മനുഷ്യനല്ല മനുഷ്യപുത്രനുമല്ല

ദൈവം ഒരു മനുഷ്യനല്ല അവൻ നുണ പറയില്ല. ദൈവം മനുഷ്യപുത്രനല്ല അവന്റെ തീരുമാനം മാറ്റില്ല. **(സംഖ്യ പുസ്തകം 23:19)**

ഞാൻ ദൈവമാകുന്നു മനുഷ്യനല്ല'ഞാനാകുന്നു വിശുദ്ധനായവൻ **(ഹോശേയ 11:9)**

യേശു പറഞ്ഞു: ദൈവത്തിൽ നിന്ന് കെട്ട സത്യങ്ങൾ നിങ്ങളോട് പറഞ്ഞ ഒരു മനുഷ്യനാണ് ഞാൻ **(യോഹന്നാൻ8:40)**

യോന നിനവേകാർക്ക് ഒരു അടയാളമായിരുന്നു. മനുഷ്യപുത്രനും അതു പോലെ ഈ തലമുറക്ക് അടയാളമായിരിക്കും. **(ലൂക്കോസ് 11:30)**

## ദൈവം ഉദ്ദേശിക്കുന്നത് ചെയ്യാൻ കഴിയുന്നവൻ

ഞാൻ സകലജഡത്തിന്റെയും ദൈവമായ യഹോവയാകുന്നു; എനിക്കു കഴിയാത്ത വല്ല കാര്യവും ഉണ്ടോ? - **(യിരേമ്യാവു 32:27)**

(യേശു)ഏതാനും രോഗികളുടെ മേൽ കൈവച്ച് സൗഖ്യം വരുത്തിയതല്ലാതെ അവിടെ വീര്യപ്രവർത്തികളൊന്നും ചെയ്യാൻ കഴിഞ്ഞില്ല.അവരുടെ അവിശ്വാസം ഹേതുവായി അവൻആശ്ചര്യപ്പെട്ടു **.(മാർക്കോസ്6:5-6)**

## ദൈവം എല്ലാവരെക്കാളും വലിയവൻ

യഹോവ നിന്നോടു തുല്യനായവൻ ആരുമില്ല. നീ വലിയവനും നിന്റെ നാമം ബലത്തിൽ വലിയതും ആകുന്നു **(യിരമ്യാവ് 10: 6)**

പിതാവ് എല്ലാവരിലും വലിയവൻ **(യോഹന്നാൻ 10:29)**

യേശു പറഞ്ഞു: പിതാവ് എന്നെക്കാൾ വലിയവനാണ് **(യോഹന്നാൻ 14:28)**

ദൂതൻമാരെക്കാൾ അൽപം താഴ്ന്നവനായി അങ്ങ് (ദൈവം) അവനെ (യേശുവിനെ) സൃഷ്ടിച്ചു **(എബ്രായർ 2/7)**

## ദൈവം വലിയവനും ദൂതൻമാരെ അയക്കുന്നവനും

ഞാൻ നിങ്ങളോട് സത്യമായി പറയുന്നു. ഒരു ദാസനും തന്റെ യജമാനനെക്കാൾ വലിയവനല്ല ദൗത്യവുമായി അയക്കപ്പെട്ടവൻ അയച്ചവനെക്കാൾ വലിയവനല്ല **(യോഹന്നാൻ 13:16)**

ഏക സത്യ ദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും. **(യോഹന്നാൻ 17:3)**

ദൈവം തന്റെ ദാസനായ യേശുവിനെ മഹത്വപ്പെടുത്തി **(പ്രവർത്തികൾ 3:13)**

## ദൈവം സർവ്വശക്തൻ

സർവ്വശക്തനും നമ്മുടെ ദൈവവുമായ കർത്താവ് വാഴുന്നു. **(വെളിപ്പാട് 19:6)**

ദുർബലരെ ശക്തരാകാൻ അവൻ സഹായിക്കുന്നു. ശക്തിയില്ലാത്തവന് ശക്തരാക്കാൻ അവൻ ഇടയാക്കുന്നു. **(യെശയ്യാവ് 40 : 29)**

ദൈവം നിത്യനാകുന്നു.അവൻ നിന്റെ സുരക്ഷിത സ്ഥലം ദൈവത്തിന്റെ ശക്തി നിത്യമാകുന്നു. അവൻ നിന്നെ സംരക്ഷിക്കുന്നു.

**(ആവർത്തനം 33:27)**

യേശു പ്രാർത്ഥിച്ചു:പിതാവേ കഴിയുമെങ്കിൽ ഈ കഷ്ടതയുടെ പാനപാത്രം എന്നിൽ നിന്ന് എടുക്കേണമേ... ..അപ്പോൾ സ്വർഗത്തിൽ നിന്നൊരു ദൂതൻ പ്രത്യക്ഷപ്പെട്ടു. യേശുവിന് ശക്തി നൽകാൻ അയക്കപ്പെട്ടതാണ് ആ ദൂതൻ **(ലൂക്കോസ് 22:42,43)**

### ദൈവത്തിന്റെ മനസ്സ് മാറില്ല

യഹോവ നിത്യനാകുന്നു .യഹോവ നുണ പറയുകയോ മനസ്സു മാറുകയോ ചെയ്യില്ല. മനസ്സുമാറുന്ന ഒരു മനുഷ്യനെ പോലെയല്ല യഹോവ **(1 ശമുവേൽ 15:29)**

(യേശു പറഞ്ഞു:) നിങ്ങൾ പെരുന്നാളിന്നു പോകുവിൻ; എന്റെ സമയം ഇതുവരെ വന്നിട്ടില്ലായ്കകൊണ്ടു ഞാൻ ഈ പെരുന്നാളിന്നു ഇപ്പോൾ പോകുന്നില്ല. ഇങ്ങനെ അവരോടു പറഞ്ഞിട്ടു ഗലീലയിൽ തന്നേ പാർത്തു. അവന്റെ സഹോദരന്മാർ പെരുന്നാളിന്നു പോയശേഷം അവനും പരസ്യമായിട്ടല്ല രഹസ്യത്തിൽ എന്നപോലെ പോയി. **(യോഹന്നാൻ 7:8-10)**

### ഭയപ്പെടേണ്ടവൻ, സാക്ഷാൽ ആരാധ്യൻ

നിങ്ങളുടെ ദൈവമായ കർത്താവിനെ ഭയപ്പെടണം. നിങ്ങൾ അവിടുത്തെ സേവിക്കുകയും അവിടുത്തോടു ചേർന്നുനിൽക്കുകയും അവിടുത്തെനാമത്തിൽ മാത്രം സത്യംചെയ്യുകയും വേണം. **(നിയമാവർത്തനം 10 : 20)**

ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ടാ, മറിച്ച്, ആത്മാവിനെയും ശരീരത്തെയും നരകത്തിനിരയാക്കാൻ കഴിയുന്നവനെ ഭയപ്പെടുവിൻ. **(മത്തായി 10:28)**

തന്റെ ഐഹികജീവിതകാലത്ത് ക്രിസ്തു, മരണത്തിൽനിന്നു തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടുംകൂടെ പ്രാർഥനകളുംയാചനകളും സമർപ്പിച്ചു. അവന്റെ ദൈവഭയംമൂലം അവന്റെ പ്രാർഥന കേട്ടു. **(ഹെബ്രായർ 5 : 7)**

### ആരാധനക്കർഹൻ

(യേശു പറഞ്ഞു) നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. എന്തെന്നാൽ, രക്ഷ യഹൂദരിൽ നിന്നാണ്. **(യോഹന്നാൻ 4 : 22)**

യേശു കൽപിച്ചു: സാത്താനേ, ദൂരെപ്പോവുക; എന്തെന്നാൽ, നിൻറെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവിടുത്തെ മാത്രമേ പൂ

ജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു **(മത്തായി 4 : 10)**

### ദൈവം സ്വന്തം ഇഷ്ടപ്രകാരം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

എന്തു ചെയ്യണമെന്ന് ദൈവത്തോട് പറയാൻ ആർക്കുമാവില്ല. ദൈവമേ നീ ചെയ്തത് തെറ്റാണ് എന്ന് ദൈവത്തോട് പറയാൻ ആർക്കും കഴിയില്ല **(ഇയ്യോബ് 36:22, 23)**

തനിക്ക് ഇഷ്ടമുള്ളതെല്ലാം അവൻ (ദൈവം) ചെയ്യുന്നു. **(സങ്കീർത്തനങ്ങൾ 115:3)**

(യേശു പറഞ്ഞു) ഞാൻ പഠിപ്പിക്കുന്ന കാര്യങ്ങൾ എന്റെ സ്വന്തമല്ല. എന്റെ ഉപദേശങ്ങൾ എന്നെ അയച്ചവന്റെ വചനങ്ങളാണ്. ദൈവം ആഗ്രഹിക്കുന്നത് പോലെ പ്രവർത്തിക്കണമെന്നാഗ്രഹിക്കുന്നവർ എന്റെ ഉപദേശം ദൈവത്തിൽ നിന്ന വന്നതാണെന്നറിയും ഈ ഉപദേശം എന്റെ സ്വന്തമല്ലന്നും അയാളറിയും **(യോഹന്നാൻ 7:16-18)**

### നല്ലവൻ ദൈവം മാത്രം

(ദൈവമേ)നീ നല്ലവനും നന്മ ചെയ്യുന്നവനും ആകുന്നു; **(സങ്കീർത്തനങ്ങൾ 119:68)**

ഒരു യഹൂദ പ്രമാണി യേശുവിനോടു ചോദിച്ചു; നല്ലവനായ ഗുരോ, നിത്യജീവൻ കിട്ടാൻ ഞാനെന്തു ചെയ്യണം.യേശു അയാളോടു ചോദിച്ചു; എന്നെ നല്ലവനെന്നു പറയുന്നതെന്ത്! ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല **(ലൂക്കോസ്18:18-19)**

### ദൈവം ശക്തൻ. അവനെആർക്കും എതിർക്കാൻ കഴിയില്ല

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവേ, നീ സ്വർഗ്ഗസ്ഥനായ ദൈവമല്ലോ; നീ ജാതികളുടെ സകലരാജ്യങ്ങളെയും ഭരിക്കുന്നുവല്ലോ; ആർക്കും എതിർപ്പാൻ കഴിയാത്ത ശക്തിയും പരാക്രമവും നിനക്കുണ്ടല്ലോ. **(2 ദിനവൃത്താന്തം 20: 6)**

..... അടുത്തു നിന്നിരുന്ന സേവകമാരിലൊരാൾ ഇങ്ങനെയാണോ പ്രധാന പുരോഹിതനോട് മറുപടി പറയുന്നതെന്ന് ചോദിച്ചു കൊണ്ട് യേശുവിനെ അടിച്ചു **(യോഹന്നാൻ 18 : 22)**

യഹൂദരുടെ രാജാവേ എന്ന് പരിഹസിച്ചു' ഭടൻമാർ യേശുവിന്റെ മുഖത്ത് തുപ്പി എന്നിട്ടവർ യേശുവിന്റെ കയ്യിൽ നിന്ന് വടി വാങ്ങി അവന്റെ തലക്ക് പലവട്ടം അടിച്ചു **(മത്തായി 27:29 '30)**

### ദൈവം ഉറക്കവും മയക്കവുമില്ലാത്തവൻ

യിസ്രായേലിന്റെ സംരക്ഷകൻ മയങ്ങുന്നില്ല' ദൈവം ഒരിക്കലും

ഉറങ്ങുകയില്ല **(സങ്കീർത്തനം121:4)**

യേശു ഉറങ്ങുകയായിരുന്നു. അപ്പോൾ ശിഷ്യന്മാർ അവനെ ഉണർത്തി.**(മത്തായി 8:24)**

## ദൈവംപ്രാർത്ഥന കേൾക്കുന്നവൻ

ദൈവം പറഞ്ഞു)എന്നോട് പ്രാർത്ഥിക്കൂ ഞാൻ നിനക്കു ഉത്തരം നൽകും **(യിരമ്യാവ്33:3)**

നമ്മൾ രക്ഷക്കായിപ്രാർത്ഥിക്കുമ്പോൾ നമ്മുടെദൈവമായ യഹോവ നമ്മുടെ അടുത്തുണ്ടാവും **(ആവർത്തനം4:7)**

ആ സമയം യേശു മലയിലേക്കു പ്രാർത്ഥിക്കാൻ പോയി രാത്രി മുഴുവൻ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് അവനവിടെ കഴിഞ്ഞു **(ലൂക്കോസ്6:12,13)**

## ദൈവത്തെ ആർക്കും കാണാൻ കഴിയില്ല.

നിനക്ക് എന്റെ മുഖം കാണാൻ കഴിയില്ല. ഒരു മനുഷ്യനും എന്നെ കണ്ട് ജീവനോടെ ഇരിക്കുകയില്ല. എന്ന് അവൻ ( ദൈവം) പറഞ്ഞു. **(പുറപ്പാട് 3:20)**

യേശു യെരൂ ശേലമിൽ പ്രവേശിച്ചു.:...നരവാസികൾ ചോദിച്ചു :ആരാണിയാൾ ? യേശുവിനെ അനുഗമിക്കുന്നവർ പറഞ്ഞു. ഇവനാണ് യേശു **(മത്തായി 21/11)**

## ദൈവം സ്രഷ്ടാവ് യേശുവിനെ സൃഷ്ടിച്ചവൻ

ഭൂമിയെ ഞാൻ സൃഷ്ടിച്ചു അതിലെ സകലമനുഷ്യരെയും ഞാൻ സൃഷ്ടിച്ചു. ഞാനെന്റെ സ്വന്തം കൈകളുപയോഗിച്ച് ആകാശത്തെ സൃഷ്ടിച്ചു. **(യെശയ്യാവ് 45:12)**

എല്ലാം നിങ്ങളുടെ ദൈവമാകുന്ന യഹോവയുടേതാണ് സ്വർഗങ്ങളും അത്യുന്നത സ്വർഗങ്ങളും യഹോവയുടേതാണ് ഭൂമിയും അതിലുള്ള വസ്തുക്കളും നിങ്ങളുടെ ദൈവമായ യഹോവയുടേതാണ്. **(ആവർത്തനം 10:14)**

ദൂതൻമാരെക്കാൾ അൽപം താഴ്ന്നവനായി അങ്ങ് (ദൈവം) അവനെ (യേശുവിനെ) സൃഷ്ടിച്ചു **(എബ്രായർ 2/7)**

## ദൈവം സർവജ്ഞൻ

അവസാനത്തിൽ എന്തൊക്കെ സംഭവിക്കുമെന്ന് ആരംഭത്തിലേ ഞാൻ നിങ്ങളോട് പറഞ്ഞു. കുറേ കാലം മുമ്പ് ഇത് വരെ സംഭവിക്കാത്ത കാര്യങ്ങൾ ഞാൻ നിങ്ങളോട് പറഞ്ഞിരുന്നു.ഞാനെന്തെങ്കിലും

ആസൂത്രണം ചെയ്താൽ അത് സംഭവിക്കുന്നു. ഞാനാഗ്രഹിക്കുന്നത് ഞാൻ ചെയ്യുന്നു. **(യെശയ്യാവ് 46:10)**

അടുത്ത ദിവസം അവൻ ബഥന്യാവിൽ നിന്ന് വരുമ്പോൾ അവന് വിശക്കുന്നുണ്ടായിരുന്നു' അകലെ തളിരിട്ട് നിൽക്കുന്ന ഒരു അത്തിമരം കണ്ട് അതിൽ എന്തെങ്കിലും ഉണ്ടാകാം എന്ന് വിചാരിച്ച് അടുത്തു ചെന്നു. എന്നാൽ ഇലകളല്ലാതെ മറ്റൊന്നും കണ്ടില്ല. അത് അത്തി പഴങ്ങളുടെ കാലമല്ലായിരുന്നു **(മാർക്കോസ്11:12, 13)**

## ദൈവം പണ്ടു പണ്ടേ ഉള്ളവൻ

ദൈവമേ പർവ്വതങ്ങൾ ഉണ്ടാക്കപ്പെടുന്നതിനും ഭൂമിയും ലോകവും നിർമ്മിക്കപ്പെടുന്നതിനും മുമ്പേ നീ ദൈവമാകുന്നു 'ദൈവമേ നീ എപ്പോഴും ദൈവമായിരുന്നു. എല്ലായിപ്പോഴും നീ ദൈവമായിരിക്കുകയും ചെയ്യും. **(സങ്കീർത്തനങ്ങൾ 90:2)**

ഹെരോദാരാജാവിന്റെ കാലത്തു യേശു യെഹൂദ്യയിലെ ബേത്ലെഹെമിൽ ജനിച്ചശേഷം, കിഴക്കുനിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി. **(മത്തായി 2:1)**

## ദൈവത്തെ പരീക്ഷിക്കാൻ കഴിയില്ല.

ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപെടാത്തവൻ ആണ് **(യാക്കോബ് 1:13)**

പിശാച് അവനെ (യേശുവിനെ) നാൽപതു ദിവസം പരീക്ഷിച്ചുകൊണ്ടിരുന്നു **(ലൂക്കോസ് 4:2)**

## ദൈവം വിശ്രമം ആവശ്യമില്ലാത്തവൻ

യഹോവ ഒരിക്കലും ക്ഷീണിതനാവില്ല. അവന് വിശ്രമത്തിന്റെ ആവശ്യമില്ല. **(യെശയ്യാവ് 40 :28)**

ദീർഘയാത്രയിൽ യേശു വളരെ ക്ഷീണിതനായിരുന്നു. അവൻ കിണറ്റിൻ കരയിലിരുന്നു. **(യോഹന്നാൻ 4:6)**

## ദൈവം സ്ത്രീയിൽ നിന്ന് ജനിച്ചനല്ല

അപ്പോൾ, മനുഷ്യനെങ്ങനെ ദൈവത്തിന്റെ മുൻപിൽ നീതിമാനാകാൻ കഴിയും? സ്ത്രീയിൽനിന്നു ജനിച്ചവൻ എങ്ങനെ നിർമലനാകും? **(ഇയ്യോബ് 25 : 4)**

അവിടെയായിരിക്കുമ്പോൾ അവൾക്കു(മറിയക്ക്) പ്രസവസമയമടുത്തു. അവൾ തന്റെ കടിഞ്ഞൂൽപുത്രനെ (യേശുവിനെ)പ്രസവിച്ചു. **(ലൂക്കോസ് 2 : 6).**

### ദൈവം ആശ്രയം ആവശ്യമില്ലാത്തവൻ

ഗർഭത്തിൽ നിനക്ക് രൂപം നൽകിയ നിന്റെ രക്ഷകനായ കർത്താവ് അരുളിചെയ്യുന്നു. എല്ലാം സൃഷ്ടിക്കുകയും ആകാശത്തെ വിരിക്കുകയും ഭൂമിയെ വ്യാപിക്കുകയും ചെയ്ത കർത്താവ് ഞാനാണ് ആരുണ്ടായിരുന്നു അപ്പോൾ എന്നോടൊന്നിച്ച്? **(യെശയ്യാവ് 44:24)**

യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു **(ലൂക്കോസ് 2:52)**

### എല്ലാത്തിനും കഴിവുള്ളവൻ

യേശു അവരെ നോക്കി. അത് മനുഷ്യർക്ക് അസാധ്യമെങ്കിലും ദൈവത്തിന് സകലതും സാധ്യം എന്നു പറഞ്ഞു **(മത്തായി 19:26)**

യേശു പറഞ്ഞു ദൈവത്തിൽ നിന്ന് കേട്ട സത്യങ്ങൾ നിങ്ങളോട് പറഞ്ഞ ഒരു മനുഷ്യനാണ് ഞാൻ **(യോഹന്നാൻ 8:40)**

### അന്ത്യനാളിന്റെ ഉടമ

എന്നാൽ ആ ദിവസത്തെ കുറിച്ചോ ആ മണിക്കൂറിനെ കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും സ്വർഗത്തിലുള്ള ദൂതൻമാർക്കോ പുത്രനു പോലുമോ അറിഞ്ഞു കൂടാ **(മാർക്കോസ് 13:32)**

### വരം നൽകുന്നവൻ ദൈവം മാത്രം

എന്നാൽ എന്റെ വലത്തു വശത്തും ഇടത്തുവശത്തും ഇരിക്കാനുള്ള വരം നിങ്ങൾക്ക് നൽകേണ്ടത് ഞാനല്ല അത് എന്റെ പിതാവ് ആർക്ക് വേണ്ടി സജ്ജമാക്കിയിരിക്കുന്നുവോ അവർക്കുള്ളതാണ് **(മത്തായി 20:23)**

### ദൈവത്തിന്റെ ഇഷ്ടം

യേശു പ്രാർത്ഥിച്ചു. പിതാവേ നിനക്ക് കഴിയുമെങ്കിൽ ഈ കഷ്ടതയുടെ പാനപാത്രം എന്നിൽ നിന്ന് എടുക്കേണമേ'.. പക്ഷേ എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടമാണ് നടപ്പാകുക **(ലൂക്കോസ് 22:42,43)**

എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. **(മത്തായി 7:21)**

### ദൈവം നായകൻ

ഭൂമിയിൽ നിങ്ങൾ ആരെയും പിതാവ് എന്ന് വിളിക്കരുത്. എന്തെന്നാൽ നിങ്ങൾക്ക് ഒരു പിതാവേയുള്ളു സ്വർഗസ്ഥനായ പിതാവ് നിങ്ങൾ നേതാക്കന്മാരെന്ന് വിളിക്കപെടരുത് എന്തന്നാൽ ക്രിസ്തുവാണ്

നിങ്ങളുടെ ഏക നേതാവ് **(മത്തായി 23:9,10)**

## ദൈവത്തിലും യേശുവിലും വിശ്വസിക്കൽ

നിങ്ങളുടെ ഹൃദയം കലങ്ങി പോകരുത് ദൈവത്തിലും വിശ്വസിക്കുക എന്നിലും വിശ്വസിക്കുക **(യോഹന്നൻ 14:1)**

## ദൈവം യേശുവിനെ മഹത്വപ്പെടുത്തിയവൻ

“ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വം ഏതുമില്ല; എന്നെ മഹത്വപ്പെടുത്തുന്നതു എന്റെ പിതാവു ആകുന്നു; അവനെ നിങ്ങളുടെ ദൈവം എന്നു നിങ്ങൾ പറയുന്നു. എങ്കിലും നിങ്ങൾ അവനെ അറിയുന്നില്ല; ഞാനോ അവനെ അറിയുന്നു; അവനെ അറിയുന്നില്ല എന്നു ഞാൻ പറഞ്ഞാൽ നിങ്ങളെപ്പോലെ ഭോഷ്കുപറയുന്നവൻ ആകും; എന്നാൽ ഞാൻ അവനെ അറിയുന്നു; അവന്റെ വചനം പ്രമാണിക്കയും ചെയ്യുന്നു. **(യോഹന്നാൻ 8:54,55)**

പതിമൂന്ന്

# യേശു ക്രിസ്തുവും പാപപരിഹാര സിദ്ധാന്തവും

ഏദൻ തോട്ടത്തിലെ വിലക്കപ്പെട്ട കനി തിന്ന് പാപിയായി മാറിയ ആദാമിന്റെ പരമ്പരകളിൽ ആദിപാപം നിലനിൽക്കുന്നതിനാൽ ഒരോ മനുഷ്യക്കുഞ്ഞും ഭൂമിയിൽ പിറന്ന് വിഴുന്നത്.ജന്മപാപം പേറി കൊണ്ടാണെന്നും ആദമിലൂടെ പാപവും പാപത്തിലൂടെ ശമ്പളമായ മരണവും ലോകത്ത് പ്രവേശിച്ചെന്നും ആദം കാരണം പാപികളായ മനുഷ്യരാശിയെ പാപത്തിൽ നിന്ന് രക്ഷിക്കാനുള്ള പ്രായശ്ചിത്തമെന്ന നിലക്കാണ് യേശു ക്രിസ്തു കാൽവരികുന്നിലെ കുരിശിൽ സ്വന്തം രക്തം ചീന്തി ആദിപാപം കഴുകികളഞ്ഞതെന്നും യേശുവിന്റെ കുരിശ് മരണത്തിൽ വിശ്വസിക്കുന്നതിലൂടെ മാത്രമേ പാപമോചനം സാധിതമാവുകയുള്ളൂ എന്നുമാണ് ക്രൈസ്തവത മുന്നോട്ട് വെക്കുന്ന പാപപരിഹാര സിദ്ധാന്തം. മറ്റെല്ലാ വിഷയങ്ങളിലെന്നപോലെ ഈ വിഷയത്തിലും ക്രിസ്തുവിന്റെ നിലപാട് ക്രൈസ്തവതക്കെതിരാണ്.

### ഒരാളുടെ പാപഭാരം മറ്റൊരാൾ വഹിക്കുന്നില്ല.

മക്കൾക്കു പകരം അപ്പന്മാരും അപ്പന്മാർക്കു പകരം മക്കളും മരണശിക്ഷ അനുഭവിക്കരുതു; താന്താന്റെ പാപത്തിന്നു താന്താൻ മരണശിക്ഷ അനുഭവിക്കേണം. **(ആവർത്തനം 24:16)**

അപ്പന്മാർ പച്ചമുന്തിരിങ്ങാ തിന്നു മക്കളുടെ പല്ലു പുളിച്ചു എന്നു അവർ അന്നാളിൽ ഇനി പറകയില്ല. ഓരോരുത്തൻ താന്താന്റെ അകൃത്യംനിമിത്തമത്രേ മരിക്കുന്നതു; പച്ചമുന്തിരിങ്ങാ തിന്നുന്നവന്റെ പല്ലേ പുളിക്കുകയുള്ളു. **(യിരമ്യാവ് 31:29, 30)**

പാപം ചെയ്യുന്ന ദേഹി മരിക്കും; മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട; അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട; നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെമേലും ഇരിക്കും. **(യേഹേസ്കേൽ 18:20)**

ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നതു **(മത്തായി 5:17)**

”നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുതു. നിങ്ങൾ

വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. **(മത്തായി 7:1, 2)**

## ആരും പാപികളായി ജനിക്കുന്നില്ല

അവൻ കൈവെച്ചു പ്രാർത്ഥിക്കേണ്ടതിന്നു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാർ അവരെ വിലക്കി. യേശുവോ: "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുതു; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" എന്നു പറഞ്ഞു. **(മത്തായി 19:13, 14)**

ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കെ വന്നു. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു. അവൻ ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിറുത്തി: "നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. **(മത്തായി 18/ 1 - 3)**

അവൻ കടന്നുപോകുമ്പോൾ പിറവിയിലെ കുരുടനായോരു മനുഷ്യനെ കണ്ടു. അവന്റെ ശിഷ്യന്മാർ അവനോടു: റബ്ബീ, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു? ഇവനോ ഇവന്റെ അമ്മയപ്പന്മാരോ എന്നു ചോദിച്ചു. അതിന്നു യേശു: "അവൻ എങ്കിലും അവന്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടല്ല, ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിന്നത്രേ. **(യോഹന്നാൻ 9:1-4)**

"കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു" എന്നു യേശു പറഞ്ഞു. അവനോടുകൂടെയുള്ള ചില പരീശന്മാർ ഇതു കേട്ടിട്ടു ഞങ്ങളും കുരുടരോ എന്നു ചോദിച്ചു. യേശു അവരോടു: "നിങ്ങൾ കുരുടർ ആയിരുന്നു എങ്കിൽ നിങ്ങൾക്കു പാപം ഇല്ലായിരുന്നു; എന്നാൽ: ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നതുകൊണ്ടു നിങ്ങളുടെ പാപം നില്ക്കുന്നു" എന്നു പറഞ്ഞു. **(യോഹന്നാൻ 9:39-41)**

ഞാൻ വന്നു അവരോടു സംസാരിക്കാതിരുന്നെങ്കിൽ അവർക്കു പാപം ഇല്ലായിരുന്നു; ഇപ്പോഴോ അവരുടെ പാപത്തിന്നു ഒഴികഴിവില്ല. **(യോഹന്നാൻ 15:22)**

അവൻ ചുങ്കക്കാരോടും പാപികളോടും കൂടെ തിന്നുകയും കുടിക്കയും ചെയ്യുന്നതു പരീശന്മാരുടെ കൂട്ടത്തിലുള്ള ശാസ്ത്രിമാർ കണ്ടിട്ടു അവന്റെ ശിഷ്യന്മാരോടു: അവൻ ചുങ്കക്കാരോടും പാപികളോടും കൂടെ തിന്നുകുടിക്കുന്നതു എന്തു എന്നു ചോദിച്ചു. യേശു അതു കേട്ടു അവരോടു: "ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു

ആവശ്യമില്ല; ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നതു" എന്നു പറഞ്ഞു **(മാർക്കോസ് 2 :16,17)**

## പാപപരിഹാരം മാനാസാന്തരവും, പാപമോചന പ്രാർത്ഥനയും

യഹോവ അവന്റെ മുമ്പാകെ കടന്നു ഘോഷിച്ചതു എന്തെന്നാൽ: യഹോവ, യഹോവയായ ദൈവം, കരുണയും കൃപയുമുള്ളവൻ; ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ. ആയിരം ആയിരത്തിന്നു ദയ പാലിക്കുന്നവൻ; അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ; **(പുറപ്പാട് 34:6,7)**

എന്നാൽ ദുഷ്ടൻ താൻ ചെയ്ത സകല പാപങ്ങളെയും വിട്ടുതിരിഞ്ഞു എന്റെ ചട്ടങ്ങളെയൊക്കെയും പ്രമാണിച്ചു, നീതിയും ന്യായവും പ്രവർത്തിക്കുന്നു എങ്കിൽ, അവൻ മരിക്കാതെ ജീവിച്ചിരിക്കും. അവൻ ചെയ്ത അതിക്രമങ്ങളിൽ ഒന്നിനെയും അവന്നു കണക്കിടുകയില്ല; അവൻ ചെയ്ത നീതിയാൽ അവൻ ജീവിക്കും. **(യേഹേസ്കേൽ18:21, 22)**

എന്നാൽ യോഹന്നാൻ തടവിൽ ആയശേഷം യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു: "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ" എന്നു പറഞ്ഞു. **(മാർക്കോസ് 1:14,15)**

അങ്ങനെ തന്നേ മാനസാന്തരംകൊണ്ടു ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു **(ലൂക്കോസ് 15: 7)**

നിങ്ങൾ പ്രാർത്ഥിപ്പാൻ നില്ക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന്നു നിങ്ങൾക്കു ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിപ്പിൻ. നിങ്ങൾ ക്ഷമിക്കാഞ്ഞാലോ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല. **(മാർക്കോസ് 11: 25, 26)**

ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ; ഞങ്ങൾക്കു കടംപെട്ടിരിക്കുന്ന ഏവനോടും ഞങ്ങളും ക്ഷമിക്കുന്നു; ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ: (ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ.) **(ലൂക്കോസ് 11:4)**

# യേശു ക്രിസ്തു ആരോട് പ്രാർത്ഥിച്ചു.?

ഒരു സൃഷ്ടി തന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന സ്രഷ്ടാവിനോട് അർപ്പിക്കുന്ന മഹത്തായ നന്ദി പ്രകടനമാണ് പ്രാർത്ഥന. ഗുണം നൽകാനും ദോഷം തടുക്കാനുമുള്ള അങ്ങേയറ്റത്തെ വിനയത്തിന്റെയും താഴ്മയുടെയും തേട്ടമാണത്. എല്ലാ ആരാധനകളുടെയും ജീവനും പ്രാർത്ഥന തന്നെയാണ്. പ്രാർത്ഥന ആരാധനയാണ്. അതിനാൽ പ്രാർത്ഥനകളെല്ലാം സൃഷ്ടിച്ച് പരിപാലിക്കുന്ന, ഉപജീവവനമേകുന്ന, കഷ്ടപ്പെടുന്നവന്റെ വിളി കേൾക്കുന്ന, ആഗ്രഹങ്ങൾ സഫലീകരിച്ചതരുന്ന .മാർഗം കാണിക്കുന്ന അനുഗ്രഹമരുളുന്ന സാക്ഷാൽ ആരാധ്യനോട് മാത്രമേ പാടുള്ളൂ. സൃഷ്ടികൾ എത്ര ഉന്നതരായാലും അവരതിന് അർഹരല്ല. സൃഷ്ടികളോടുള്ള പ്രാർത്ഥന സ്രഷ്ടാവ് പൊറുക്കാത്ത മഹാപാപമാണ്.

നോഹ പ്രവാചകൻ മുതൽ യോഹന്നാൻസ്നാപകൻ വരെയുള്ള സർവ്വ പ്രവാചകൻമാരും പ്രാർത്ഥിച്ചത് മധ്യവർത്തികളും ഇടയാളൻമാരുമില്ലാതെ സത്യ ദൈവത്തോട് നേരിട്ടായിരുന്നു. അവരുടെ പിൻഗാമിയായി ഇസ്റായേലിലേക്ക് കടന്നുവന്ന യേശുക്രിസ്തുവും പ്രാർത്ഥിച്ചത് ഏകനായ സത്യദൈവത്തോട് മാത്രമായിരുന്നു. യേശുവിന്റെ പാത പിന്തുടർന്നു നമുക്കും പ്രാർത്ഥിക്കാം യേശുവിനോടല്ല യേശുവിന്റെ ദൈവത്തോട്, യേശു പ്രാർത്ഥിച്ച ദൈവത്തോട് ,ആരോട് പ്രാർത്ഥിക്കണമെന്ന് ക്രിസ്തു ജനങ്ങളെ പഠിപ്പിച്ചുവോ അവനോട് മാത്രം.......

## പ്രാർത്ഥന സ്രഷ്ടാവിനോട് മാത്രം

എന്നാൽ നീ പ്രാർത്ഥിക്കുമ്പോൾ നീ മുറിയിൽ കടന്ന് കതകടച്ച് രഹസ്യമായി നീ നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും. **(മത്തായി 6:6-7)**

നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് തന്നാട് ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മ നൽകും. **(മത്തായി 7:11,12)**

അതിനാൽ ഞാൻ പറയുന്നു പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ നിങ്ങൾക്ക് ലഭിക്കുക

തന്നെ ചെയ്യും. **(മാർക്കോസ്11:24)**

നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്ക് പ്രാർത്ഥനയിൽ ചോദിക്കുന്നതെന്തും ലഭിക്കും. **(മത്തായി21:22)**

നിരന്തരം ചോദിക്കുക ദൈവം നിങ്ങൾക്ക് തരും നിരന്തരം അന്വേഷിക്കും നിങ്ങൾ കണ്ടെത്തും നിരന്തരം മുട്ടുക വാതിൽ നിങ്ങൾക്കായി തുറക്കപ്പെടും. **(മത്തായി 7:7)**

### യേശു ക്രിസ്തു പ്രാർത്ഥിക്കാൻ കൽപ്പിക്കുന്നു.

യേശു അവിടെയെത്തിയപ്പേൾ ശിഷ്യൻമാരോടു പറഞ്ഞു. പ്രലോഭനത്തിൽ അകപെടാതിരിക്കാൻ പ്രാർത്ഥിക്കുക **(ലൂക്കോസ് 22:40)**

### യേശു ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന

അവൻ ഒരു സ്ഥലത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു; തീർന്നശേഷം ശിഷ്യന്മാരിൽ ഒരുത്തൻ അവനോടു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ എന്നു പറഞ്ഞു. അവൻ അവരോടു പറഞ്ഞതു: "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ചൊല്ലേണ്ടിയതു: (സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ) പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; (നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ;) ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ദിനംപ്രതി തരേണമേ.

ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ; ഞങ്ങൾക്കു കടംപെട്ടിരിക്കുന്ന ഏവനോടും ഞങ്ങളും ക്ഷമിക്കുന്നു; ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ: (ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ.) **(ലൂക്കോസ് 11:1-4)**

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുതു; അവർ മനുഷ്യർക്കു വിളങ്ങേണ്ടതിന്നു പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുതു; അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നതു. അവരോടു തുല്യരാകരുതു; നിങ്ങൾക്കു ആവശ്യമുള്ളതു ഇന്നതെന്നു നിങ്ങൾ യാചിക്കുംമുമ്പെ നിങ്ങളുടെ പിതാവു അറിയുന്നുവല്ലോ. നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം

സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ. **(മത്തായി 6:7-14)**

### കുട്ടികൾക്ക് വേണ്ടി യേശു പ്രാർത്ഥിക്കുന്നു

അവൻ കൈവെച്ചു പ്രാർത്ഥിക്കേണ്ടതിന്നു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു; **(മത്തായി 19:13)**

### സ്നാനം എൽക്കുമ്പോൾ യേശു പ്രാർത്ഥിക്കുന്നു

യേശുവിനെയും സ്നാനപെടുത്തി. യേശു പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ സ്വർഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് അവനിലേക്ക് ഇറങ്ങി വന്നു. **(ലൂക്കോസ് 3:21,22)**

### യേശു ഏകാന്തമായ സ്ഥലത്തേക്ക് പ്രത്ഥനക്കായി പോകുന്നു.

യേശു പലപ്പോഴും പ്രാർത്ഥനക്കായി ഏകന്തമായ സ്ഥലത്തേക്ക് പോകുമായിരുന്നു. **(ലൂക്കോസ് 5/16)**

### പ്രാർത്ഥിക്കാനായി യേശു മലമുകളിലേക്ക്..

ആളുകളോട് യാത്ര പറഞ്ഞു. പിരിഞ്ഞതിന് ശേഷം യേശു ഒറ്റക്കിരുന്ന് പ്രാർത്ഥിക്കാൻ മലമുകളിലേക്ക് പോയി **(മത്തായി 14:23)**

### തീരുമാനം എടുക്കുന്നതിന് മുമ്പ് യേശു പ്രാർത്ഥിക്കുന്നു

ആ സമയം യേശു മലയിലേക്ക് പ്രാർത്ഥിക്കാന് പോയി രാത്രി മുഴുവൻ ദൈവത്തോട് പ്രാർത്ഥിച്ച് കൊണ്ട് അവനവിടെ കഴിഞ്ഞു. പിറ്റേന്നു പ്രഭാതത്തിൽ യേശു തന്റെ അനുയായികളെ വിളിച്ചു അവൻ അവരിൽ നിന്ന് പന്ത്രണ്ട് പേരെ തെരെഞ്ഞെടുത്തു. **(ലൂക്കോസ് 6 :12-13)**

### സുവിശേഷം പ്രസംഗിക്കാൻ പോകുന്നതിന് മുമ്പ് യേശു പ്രാർത്ഥിച്ചു

പിറ്റേന്നു രാവിലെ യേശു വളരെ നേരെത്തെ എഴുന്നേറ്റു.ഇരുട്ടു മാറും മുമ്പ് തന്നെ അവൻ വിടുവിട്ടിറങ്ങി.ഏകാന്തമായ സ്ഥലത്തേക്ക് പ്രാർത്ഥനക്കായി പോയി. **(മാർക്കോസ് 1:35)**

### ഒറ്റക്കിരുന്നു യേശു പ്രാർത്ഥിക്കുന്നു.

ഒരിക്കൽ യേശു ഒറ്റക്കു പ്രാർത്ഥിക്കുകയായിരുന്നു. ശിഷ്യന്മാരെല്ലാം അവിടെയെത്തി **(ലൂക്കോസ് 9 :18)**

### അത്ഭുതം പ്രവർത്തിക്കുന്നതിന് മുമ്പ് യേശു പ്രാർത്ഥിച്ചത്

യേശു കണ്ണുയർത്തി പറഞ്ഞു. പിതാവേ അങ്ങ് എന്റെ പ്രാർത്ഥന ശ്രവിച്ചതിനാൽ ഞാൻ അങ്ങേക്ക് നന്ദി പറയന്നു. അങ്ങ് എന്റെ പ്രാർത്ഥന എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം എന്നാൽ എന്നെ അയച്ചത് അവിടുന്നാണെന്ന് ചുറ്റും നിൽക്കുന്ന ജനം വിശ്വസിക്കുന്നതിന് വേണ്ടിയാണ് ഞാനിത് പറയുന്നത് **(യോഹന്നാൻ 11:41,42)**

### ക്രൂശികരണത്തിൽ നിന്ന് രക്ഷപ്പെടുത്താൻ നടത്തിയ പ്രാർത്ഥന

അവർ ഗെത്ത്ശേമന എന്നു പേരുള്ള തോട്ടത്തിൽ വന്നാറെ അവൻ ശിഷ്യന്മാരോടു: ഞാൻ പ്രാർത്ഥിച്ചുതീരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു. പിന്നെ അവൻ പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടു ഭ്രമിപ്പാനും വ്യാകുലപ്പെടുവാനും തുടങ്ങി: എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; ഇവിടെ പാർത്തു ഉണർന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു. പിന്നെ അല്പം മുമ്പോട്ടു ചെന്നു നിലത്തു വീണു, കഴിയും എങ്കിൽ ആ നാഴിക നീങ്ങിപ്പോകേണം എന്നു പ്രാർത്ഥിച്ചു: അബ്ബാ, പിതാവേ, നിനക്കു എല്ലാം കഴിയും; ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ എന്നു പറഞ്ഞു. **(മാർക്കോസ് 14:32-37)**

### ദൈവത്തെ സ്തുതിച്ചു കൊണ്ടുള്ള യേശുവിന്റെ പ്രാർത്ഥന

ആ നാഴികയിൽ അവൻ പരിശുദ്ധാത്മാവിൽ ആനന്ദിച്ചു പറഞ്ഞതു: "പിതാവേ, സ്വർഗ്ഗത്തിന്നും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇവ ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെ നിനക്കു പ്രസാദം തോന്നിയല്ലോ. **(ലൂക്കോസ് 10:21)**

# യേശുക്രിസ്തുവും കുരിശ് മരണവും

ആദം ചെയ്തആദിപാപത്തിന്റെ പ്രായശ്ചിത്വത്തിനായി ദൈവം സ്വർഗത്തിൽ നിന്നിറങ്ങി വന്ന് മനുഷ്യരൂപം പൂണ്ട് യേശുവായി അവതരിച്ച് കുരിശ് മരണം വരിച്ചെന്ന് ക്രൈസ്തവർ വിശ്വസിക്കുന്നു. സത്യത്തിൽ യേശു ക്രൂശിക്കപ്പെട്ടുവോ?

ഏത് സമയത്തും ദൈവത്തോടു മാത്രം പ്രാർത്ഥിക്കുകയും പ്രാർത്ഥിക്കാൻ ജനങ്ങളെ പഠിപ്പിക്കുകയും ചെയ്ത വിനീതനായദൈവദാസനും ദൈവത്തെ സ്നേഹിക്കുന്ന, ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുന്ന ,നീതിമാനും, ഭക്തനും, ന്യായപ്രമാണം അനുസരിക്കുന്നവനും, വിശ്വാസദൃഢതയുള്ളവനുമായ യേശുക്രിസ്തുവിനെയാണ് ബൈബിൾ നമുക്ക് വരച്ചുകാട്ടിത്തരുന്നത്. അക്രമികളുടെ കുതന്ത്രങ്ങളിൽ നിന്നുള്ള രക്ഷക്കായി സർവ്വ ശക്തനായ ദൈവത്തിന് മുന്നിൽ സാഷ്ടാംഗം ചെയ്ത് മനസ്സുരുകി പ്രാർത്ഥിച്ചതായും പ്രാർത്ഥനയുടെ ഫലമായി സ്വർഗത്തിൽ നിന്നൊരു ദൂതൻ ഇറങ്ങി വന്നതായും ബൈബിളിലുണ്ട്.

എന്തിനായിരുന്നു. ആ ദൂതൻ ഇറങ്ങി വന്നത്? കുരിശാകുന്ന പാനപാത്രം എന്നിൽ നിന്ന് നീക്കേണമ എന്ന യേശുവിന്റെ കരളലിയിപ്പിക്കുന്ന പ്രാർത്ഥന ദൈവം സ്വീകരിച്ചിട്ടില്ല എന്ന സന്തോഷ വാർത്ത അറിയിക്കാനോ? മഹാനായ മനുഷ്യപുത്രൻ കുരിശിൽ കിടന്ന് വേദനായാൽ പുളഞ്ഞ് രക്തം വാർന്ന് ദൈവസഹായം ലഭിക്കാതെ പ്രതീക്ഷയറ്റ് നിരാശനായി ദൈവമേ. ദൈവമേ കൈവിട്ടെതെന്തേ എന്ന് പറഞ്ഞ് വിലപിച്ച് മരണത്തിലേക്ക് നടന്നടുക്കുന്നത് നിസ്സഹായനായി നോക്കി നിൽക്കാനോ?

### ഏക സത്യ ദൈവം പ്രാർത്ഥന കേൾക്കുന്നവൻ

യഹോവ തന്റെ സകലവഴികളിലും നീതിമാനും തന്റെ സകലപ്രവൃത്തികളിലും ദയാലുവും ആകുന്നു. യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു. തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും; അവരുടെ നിലവിളി കേട്ടു അവരെ രക്ഷിക്കും. യഹോവ തന്നെ സ്നേഹിക്കുന്ന ഏവരേയും പരിപാലിക്കുന്നു; എന്നാൽ സകലദുഷ്ടന്മാരെയും

അവൻ നശിപ്പിക്കും; **(സങ്കീർത്തനങ്ങൾ145:17-20)**

പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും ദൈവഭക്ത നായിരുന്നു അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന കേൾക്കുന്നു എന്നും നാം അറിയുന്നു **(യോഹന്നാൻ 9:31)**

എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവന്നു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. **(യാക്കോബ് 5:16)**

ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചുകളഞ്ഞാൽ അവന്റെ പ്രാർത്ഥനതന്നെയും വെറുപ്പാകുന്നു. **(സദൃശ്യവാക്യങ്ങൾ 28: 9)**

എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിനക്കുത്തരം അരുളും; നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും. **(യിരമ്യാവ് 33:3)**

അതിന്നു യേശു: "നിങ്ങൾ സംശയിക്കാതെ വിശ്വാസം ഉള്ളവരായാൽ ഈ അത്തിയോടു ചെയ്തതു നിങ്ങളും ചെയ്യും; എന്നു മാത്രമല്ല, ഈ മലയോടു: നീങ്ങി കടലിലേക്കു ചാടിപ്പോക എന്നു പറഞ്ഞാൽ അതും സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." നിങ്ങൾ വിശ്വസിച്ചുകൊണ്ടു പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും എന്നു ഉത്തരം പറഞ്ഞു. **(മത്തായി 21:21, 22)**

### യേശുവിന്റെ പ്രാർത്ഥന ദൈവം എപ്പോഴും കേട്ടിരുന്നു

അങ്ങ് എന്റെ പ്രാർത്ഥന എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം എന്നാൽ എന്നെ അയച്ചത് അവിടുന്നാണെന്ന് ചുറ്റും നിൽക്കുന്ന ജനം വിശ്വസിക്കുന്നതിന് വേണ്ടിയാണ് ഞാനിത് പറയുന്നത് **(യോഹന്നാൻ 11/42)**

(മാർത്ത യേശുവിനോട് പറഞ്ഞു) ഇപ്പോഴും നീ ദൈവത്തോടു എന്തു അപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു **(യോഹന്നാൻ 11/22)**

### ക്രൂശീകരണത്തിൽ നിന്ന് രക്ഷപെടുത്താൻ യേശു നടത്തിയ വികാരനിർഭരമായ പ്രാർത്ഥന

1)ക്രിസ്തു ഭൂമിയിൽ ജീവിച്ചു കൊണ്ടിരുന്നപ്പോൾ അവൻ ദൈവത്തോട് പ്രാർത്ഥിക്കുകയും ദൈവത്തിന്റെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. യേശു ദൈവത്തോട് കണ്ണീരോട് കൂടി നിലവിളിച്ചു പ്രാർത്ഥിച്ചു **(എബ്രായർ 5:7)**

പിന്നെ അവൻ അല്പം മുമ്പോട്ടുചെന്നു കവിണ്ണുവീണു: "പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങിപ്പോകേണമേ;

എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ" എന്നു പ്രാർത്ഥിച്ചു. **(മത്തായി 26:39)**

താൻ അവരെ വിട്ടു ഒരു കല്ലേറുദൂരത്തോളം വാങ്ങിപ്പോയി മുട്ടുകുത്തി;

പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെയാകട്ടെ" എന്നു പ്രാർത്ഥിച്ചു. **(ലൂക്കോസ് 22:41,42,)**

എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; ഇവിടെ പാർത്തു ഉണർന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു. പിന്നെ അല്പം മുമ്പോട്ടു ചെന്നു നിലത്തു വീണു, കഴിയും എങ്കിൽ ആ നാഴിക നീങ്ങിപ്പോകേണം എന്നു പ്രാർത്ഥിച്ചു: അബ്ബാ, പിതാവേ, നിനക്കു എല്ലാം കഴിയും; ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ എന്നു പറഞ്ഞു. **(മാർക്കോസ് 14:34 - 36)**

പിന്നെ അവൻ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി. **(ലൂക്കോസ് 22:44)**

### യേശുവിന്റെ പ്രാർത്ഥന ദൈവം കേട്ടു

ദൈവം ഒരുവനുമാത്രമാണ് അവനെ മരണത്തിൽ നിന്ന് രക്ഷിക്കാൻ കഴിഞ്ഞത് .ദൈവം യേശുവിന്റെ പ്രാർത്ഥന കേട്ടു. കാരണം യേശു വിനീതനും ദൈവം ആഗ്രഹിച്ചതെല്ലാം നിവർത്തിച്ചവനുമാണ്. **(എബ്രയർ5:7)**

### ദൈവം കഷ്ടപ്പെടുന്നവന്റെ വിളി കേൾക്കുന്നവൻ

വിനീതനെ ഉയർത്തുകയും ദുഃഖിത നെ സന്തോഷവാനാക്കുകയും ദൈവം കൗശലക്കാരുടെയും ദുഷ്ടമാരുടെയും പദ്ധതികൾ തകർത്ത് അവരുടെ വിജയത്തെ ഇല്ലാതാക്കുന്നു. **(ഇയ്യോബ് 5:11, 12)**

യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു. തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും; അവരുടെ നിലവിളി കേട്ടു അവരെ രക്ഷിക്കും. യഹോവ തന്നെ സ്നേഹിക്കുന്ന ഏവരേയും പരിപാലിക്കുന്നു; എന്നാൽ സകലദുഷ്ടന്മാരെയും അവൻ നശിപ്പിക്കും; **(സങ്കീർത്തനങ്ങൾ 145: 18-20)**

### യേശുവിനെ സഹായിക്കാൻ മാലാഖ ഇറങ്ങി വരുന്നു

അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്നു ഒരു ദൂതൻ അവന്നു പ്രത്യക്ഷനായി. **(ലൂക്കോസ് 22:43)**

**ദൈവം ദൂതൻമാരായ മാലാഖമാരെ അയക്കുന്നത് തന്റെ ഇഷ്ടദാസൻമാരെ ശത്രുക്കളിൽ നിന്ന് രക്ഷിക്കാനും സഹായിക്കാനുമാണ്**

ദൈവം നിനക്കായി തന്റെ ദൂതൻമാരോട് കൽപിക്കുകയും നീ പോകുന്നിടത്തൊക്കെ അവർ നിന്നെ സംരക്ഷിക്കുകയും ചെയ്യും. നിന്റെ കാൽ കല്ലിൽ തട്ടാതെ അവരുടെ കൈകൾ നിന്നെ ഉയർത്തും. **(സങ്കീർത്തനങ്ങൾ 91:11)**

ദൈവത്തിന്റെ അനുയായികൾക്ക് യഹോവയുടെ ദൂതൻ കാവൽ നിൽക്കുന്നു. യഹോവയുടെ ദൂതൻ അവരെ സംരക്ഷിക്കുകയും ആപത്തിൽ നിന്ന് മോചിപ്പിക്കുകയും ചെയ്യുന്നു. **(സങ്കീർത്തനങ്ങൾ 34:7)**

അങ്ങനെ രാജാവിന്റെ കല്പനയാൽ അവർ ദാനീയേലിനെ കൊണ്ടുവന്നു സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളഞ്ഞു; രാജാവു ദാനീയേലിനോടു സംസാരിച്ചു: നീ ഇടവിടാതെ സേവിച്ചുവരുന്ന നിന്റെ ദൈവം നിന്നെ രക്ഷിക്കും എന്നു കല്പിച്ചു. അവർ ഒരു കല്ലുകൊണ്ടുവന്നു ഗുഹയുടെ വാതിൽക്കൽവെച്ചു, ദാനീയേലിനെക്കുറിച്ചുള്ള നിർണ്ണയത്തിന്നു മാറ്റം വരാതെയിരിക്കേണ്ടതിന്നു രാജാവു തന്റെ മോതിരംകൊണ്ടും മഹത്തുക്കളുടെ മോതിരംകൊണ്ടും അതിന്നു മുദ്രയിട്ടു. ഗുഹയുടെ അരികെ എത്തിയപ്പോൾ അവൻ ദുഃഖശബ്ദത്തോടെ ദാനീയേലിനെ വിളിച്ചു. രാജാവു ദാനീയേലിനോടു സംസാരിച്ചു: ജീവനുള്ള ദൈവത്തിന്റെ ദാസനായ ദാനീയേലേ, നീ ഇടവിടാതെ സേവിച്ചുവരുന്ന നിന്റെ ദൈവം സിംഹങ്ങളിൽനിന്നു നിന്നെ രക്ഷിപ്പാൻ പ്രാപ്തനായോ എന്നു ചോദിച്ചു. ദാനീയേൽ രാജാവിനോടു: രാജാവു ദീർഘായുസ്സായിരിക്കട്ടെ. സിംഹങ്ങൾ എനിക്കു കേടുവരുത്താതിരിക്കേണ്ടതിന്നു എന്റെ ദൈവം തന്റെ ദൂതനെ അയച്ചു അവയുടെ വായടെച്ചുകളഞ്ഞു; അവന്റെ സന്നിധിയിൽ ഞാൻ കുറ്റമില്ലാത്തവൻ; രാജാവേ, തിരുമുമ്പിലും ഞാൻ ഒരു ദോഷവും ചെയ്തിട്ടില്ല എന്നു ഉണർത്തിച്ചു. **(ദാനിയേൽ 6:16-22)**

ഉഷസ്സായപ്പോൾ ദൂതന്മാർ ലോത്തിനെ ബദ്ധപ്പെടുത്തി: ഈ പട്ടണത്തിന്റെ അകൃത്യത്തിൽ നശിക്കാതിരിപ്പാൻ എഴുന്നേറ്റു നിന്റെ ഭാര്യയെയും ഇവിടെ കാണുന്ന നിന്റെ രണ്ടു പുത്രിമാരെയും കൂട്ടിക്കൊണ്ടുപൊയ്ക്കൊൾക എന്നു പറഞ്ഞു. അവൻ താമസിച്ചപ്പോൾ, യഹോവ അവനോടു കരുണ ചെയ്കയാൽ, ആ പുരുഷന്മാർ അവനെയും ഭാര്യയെയും രണ്ടു പുത്രിമാരെയും കൈക്കു പിടിച്ചു പട്ടണത്തിന്റെ പുറത്തു കൊണ്ടുപോയി ആക്കി. **(ഉൽപത്തി 19:15,16)**

# യേശു ക്രിസ്തു പ്രവചിച്ച 'ആ' പ്രവാചകൻ

യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിൽ തനിക്ക് ശേഷം വരാനിരിക്കുന്ന ഒരു മഹാപ്രവാചകനെക്കുറിച്ച് സന്തോഷ വാർത്ത കാണാം. സ്രഷ്ടാവിൽ നിന്നുള്ള ദിവ്യബോധനത്തിന്റെ അടിസ്ഥാനത്തിൽ പ്രവാചകനായിരുന്ന യേശുക്രിസ്തു പ്രവചിച്ചതായിരുന്നു അത്. ആരായിരുന്നു ആ പ്രവാചകൻ? ആ പ്രവാചകൻ വന്നു കഴിഞ്ഞോ? യേശു പ്രവചിച്ച ആ പ്രവാചകൻ ഞാൻ തന്നെയാണെന്ന് ആരെങ്കിലും അവകാശപ്പെട്ടോ? യേശു ക്രിസ്തുവിനെ മഹത്വപ്പെടുത്തുമെന്നും തന്നിഷ്ടപ്രകാരം സംസാരിക്കാതെ ദിവ്യബോധനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സംസാരിക്കുമെന്നും ,പാപം ,നീതി, ന്യായവിധി എന്നിവയെ കുറിച്ച് ലോകത്തിന് ബോധ്യപ്പെടുത്തുമെന്നും യേശു പറഞ്ഞ ലക്ഷണങ്ങൾ അദ്ദേഹത്തിൽ നിറവേറിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തിന് അദ്ദേഹത്തെ നാം അംഗീകരിക്കാതിരിക്കണം? യേശു ക്രിസ്തുവിനെ തള്ളി കളഞ്ഞ അഹങ്കാരികളും സത്യനിഷേധികളുമായ യഹൂദർ ചെയ്ത തെറ്റ് നമ്മളും ആവർത്തിക്കണോ?

### മോശെയെ പോലുള്ള പ്രവാചകൻ

നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും; ഞാൻ അവനോടു കല്പിക്കുന്നതൊക്കെയും അവൻ അവരോടു പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും **(ആവർത്തനം 18:18 ,19)**

### അന്ത്യ പ്രവാചകനെ കുറിച്ചുള്ള യേശുക്രിസ്തുവിന്റെ സന്തോഷ വാർത്ത

എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തും........ ഇനിയും

വളരെ നിങ്ങളോടു പറവാൻ ഉണ്ടു; എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകലസത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചുതരുന്നതുകൊണ്ടു എന്നെ മഹത്വപ്പെടുത്തും. **(യോഹന്നാൻ 16:7-14)**

## ആ പ്രവാചകൻ

നീ ആർ എന്നു യോഹന്നാനോടു ചോദിക്കേണ്ടതിന്നു യെഹൂദന്മാർ യെരൂശലേമിൽനിന്നു പുരോഹിതന്മാരെയും ലേവ്യരെയും അവന്റെ അടുക്കൽ അയച്ചപ്പോൾ അവന്റെ സാക്ഷ്യം എന്തെന്നാൽ: അവൻ മറുക്കാതെ ഏറ്റുപറഞ്ഞു; ഞാൻ ക്രിസ്തു അല്ല എന്നു ഏറ്റുപറഞ്ഞു. പിന്നെ എന്തു? നീ ഏലീയാവോ എന്നു അവനോടു ചോദിച്ചതിന്നു: അല്ല എന്നു പറഞ്ഞു. നീ ആ പ്രവാചകനോ? എന്നതിന്നു: അല്ല എന്നു അവൻ ഉത്തരം പറഞ്ഞു. **(യോഹന്നാൻ 1:19-21)**

# യേശു ക്രിസ്തുവും ക്രിസ്തുവിന്റെ മതവും

നോഹാ പ്രവാചകനും അബ്രഹാം പ്രവാചകനും മോശെ പ്രവാചകനുമടക്കമുള്ള മുഴുവൻ ദൈവദൂതൻമാരും നിലകൊണ്ട ദൈവിക മതത്തിന്റെ പ്രബോധന പ്രവർത്തനത്തിനായിരുന്നു യേശു ക്രിസ്തുവും വന്നത്. കാലഘട്ടത്തിനും സാഹചര്യത്തിനു മനുസരിച്ച് അപൂർവ്വം ചില കർമ്മ പരിപാടികളിൽ അൽപസ്വൽപം വ്യത്യാസമുണ്ടാവാമെങ്കിലും അടിസ്ഥാനപരമായി ഒരേ തത്വങ്ങളും ആദർശങ്ങളും വിശ്വാസങ്ങളുമുൾകൊള്ളുന്ന പ്രപഞ്ചനാഥന്റെ മതത്തിലേക്കായിരുന്നു മറ്റു പ്രവാചകൻമാരെ പോലെ യേശു ക്രിസ്തുവും ഇസ്റായേല്യരെ ക്ഷണിച്ചത്. സർവ്വലോകരക്ഷിതാവിന് തന്റെ ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കുന്ന സമാധാനത്തിന്റെ മതം ഇസ്റായേൽ സന്തതികൾക്ക് പഠിപ്പിച്ചു കൊടുക്കുകയായിരുന്നു യേശു ചെയ്തത്.അല്ലാതെ ക്രിസ്തുമതമെന്ന പേരിൽ പുതിയൊരു മതം സ്ഥാപിക്കുകയായിരുന്നില്ല.

യേശു ക്രിസ്തുവടക്കമുള്ള പ്രവാചകൻമാർ ചെയ്തതും ചെയ്യാൻ കൽപിച്ചതും ചെയ്യരുതെന്ന് വിലക്കിയതുമടക്കമുള്ള ചില ആരാധനകളും, അനുഷ്ഠാനങ്ങളും,കൽപനകളും നിരോധനങ്ങളും ക്രിസ്തുവിന്റെ മതത്തിൽ നിലകൊള്ളുന്നവരാരെന്നും വ്യതിചലിച്ചവരാരെന്നും എളുപ്പം മനസ്സിലാക്കാൻ വേണ്ടി ഈ അദ്ധ്യായത്തിൽ പരിചയപെടുത്തുകയാണ്

## ഏക ദൈവ വിശ്വാസം

നിങ്ങൾ അറിഞ്ഞു എന്നെ വിശ്വസിക്കയും ഞാൻ ആകുന്നു എന്നു ഗ്രഹിക്കയും ചെയ്യേണ്ടതിന്നു നിങ്ങൾ എന്റെ സാക്ഷികളും ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ദാസനും ആകുന്നു എന്നു യഹോവയുടെ അരുളപ്പാടു: എനിക്കുമുമ്പെ ഒരു ദൈവവും ഉണ്ടായിട്ടില്ല, എന്റെ ശേഷം ഉണ്ടാകയുമില്ല. **(യെശയ്യ 43:10)**

ഞാൻ, ഞാൻ തന്നേ, യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല. **(യെശയ്യ 43:11)**

ആകയാൽ നിങ്ങൾ ദൈവത്തെ ആരോടു ഉപമിക്കും? ഏതു പ്രതിമയെ നിങ്ങൾ അവനോടു സദൃശമാക്കും? **(യെശയ്യാ 40:18)**

എന്നെ മറ്റൊരാളുമായി താരതമ്യം ചെയ്യാനാകുമോ? ഇല്ല എനിക്കു സമനായി ആരുമില്ല എന്നെ പറ്റിയുള്ളതെല്ലാം മനസ്സിലാക്കാൻ നിനക്കാവില്ല എന്നെ പോലെ മറ്റൊന്നുമില്ല **(യെശയ്യാവ് 46/5)**

ആകയാൽ നിന്റെ ദൈവമായ യഹോവ തന്നേ ദൈവം; അവൻ തന്നേ സത്യദൈവം എന്നു നീ അറിയേണം: അവൻ തന്നെ സ്നേഹിച്ചു തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ നിയമവും ദയയും പാലിക്കുന്നു **(ആവർത്തനം 7:9)**

## സ്രഷ്ടാവിനുള്ള സമ്പൂർണ്ണ സമർപ്പണം

ഇസ്റായേല നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളിൽ നിന്ന് ആവശ്യപെടുന്നത് നിങ്ങൾ അവിടു ത്തെ ഭയപടുകയും അവിടുത്ത മാർഗത്തിൽ ചരിക്കയും അവിടുത്തെ സ്നേഹിക്കുകയും പൂർണ്ണഹൃദയത്താടും പൂർണ്ണ ആത്മാവോടും ആവിടുത്തെ സേവിക്കുകയും 'നിങ്ങളുടെ നന്മക്കായി നിങ്ങൾക്ക് നൽകുന്ന കർത്താവിന്റെ കൽപനകളും ചട്ടങ്ങളും അനുസരിക്കുകയും ചെയ്യുക എന്നല്ലാതെ മറ്റെന്താണ്? ആകാശവും ആകാശങ്ങളുടെ ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും നിന്റെ ദൈവമായ കർത്താവിന്റേതാണ് **(ആവർത്തനം 10:12-14)**

നിങ്ങളെ പൂർണ്ണമായി ദൈവത്തിന് സമർപിക്കുക പിന്നെ അവിടുത്തെ മാത്രം ആരാധിക്കുക **(1 സാമുവേൽ 7:3)**

അങ്ങനെ കർത്താവാണ് ദൈവമെന്നും അവിടുന് മാത്രമാണ് ദൈവമെന്നും ഭൂമിയിലെ സർവജനങ്ങളും അറിയട്ടെ ആകയാൽ ഇന്നത്തെ പോലെ അവിടുത്തെ കൽപ്പനകളും ചട്ടങ്ങളും അനുസരിച്ച് ജീവിക്കുന്നതിന് നിങ്ങളുടെ ഹൃദയം പൂർണ്ണമായി ദൈവമായ കർത്താവിന് ആയിരിക്കട്ടെ **(1രാജകൻമാർ 8:60,61)**

## നമസ്ക്കാരം ii,സാഷ്ടാംഗം

വരുവിൻ, നാം വണങ്ങി നമസ്കരിക്ക; നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക**. (സങ്കീർത്തനങ്ങൾ 95:6)**

യഹോവയുടെ സന്നിധിയിൽനിന്നു തീ പുറപ്പെട്ടു യാഗപീഠത്തിന്മേൽ ഉള്ള ഹോമയാഗവും മേദസ്സും ദഹിപ്പിച്ചു; ജനമെല്ലാം അതു കണ്ടപ്പോൾ ആർത്തു സാഷ്ടാംഗം വീണു**. (ലേവ്യപുസ്തകം 9:24)**

അപ്പോൾ ഇയ്യോബ് എഴുന്നേറ്റു വസ്ത്രം കീറി തല ചിരെച്ചു സാഷ്ടാംഗം വീണു നമസ്കരിച്ചു: **(ഇയ്യോബ് 1:20, 21)**

എന്നാറെ മോശെ ബദ്ധപ്പെട്ടു സാഷ്ടാംഗം വീണു നമസ്കരിച്ചു: **(പുറപ്പാട് 34:8)**

ഇതെല്ലാം കേട്ടപ്പോൾ മോശെ നിലത്ത് നമസ്ക്കരിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്തു **(സംഖ്യാപുസ്തകം 16:4)**

പക്ഷേ മോശെയും അഹരോന്നും നിലത്തു നമസ്ക്കരിച്ച കരഞ്ഞു. **(സംഖ്യാപുസ്തകം 16:22)**

അപ്പോൾ അബ്രഹാം സാഷ്ടാംഗം വീണു; ദൈവം അവനോടു അരുളിച്ചെയ്തതെന്തെന്നാൽ: **(ഉല്പത്തി 17:3)**

എന്നാറെ മോശെയും അഹരോനും സഭയുടെ മുമ്പിൽനിന്നു സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ ചെന്നു കവിണ്ണുവീണു; യഹോവയുടെ തേജസ്സു അവർക്കു പ്രത്യക്ഷമായി. **(സംഖ്യാപുസ്തകം 20:6)**

അതിന്നു അവൻ: അല്ല, ഞാൻ യഹോവയുടെ സൈന്യത്തിന്റെ അധിപതിയായി ഇപ്പോൾ വന്നിരിക്കുന്നു എന്നു പറഞ്ഞു. അപ്പോൾ യോശുവ സാഷ്ടാംഗം വീണു നമസ്കരിച്ചു അവനോടു: കർത്താവിന്നു അടിയനോടുള്ള കല്പന എന്തു എന്നു ചോദിച്ചു. **(യോശുവ 5:14)**

പിന്നെ അല്പം മുമ്പോട്ടു ചെന്നു നിലത്തു വീണു, കഴിയും എങ്കിൽ ആ നാഴിക നീങ്ങിപ്പോകേണം എന്നു പ്രാർത്ഥിച്ചു: **(മർക്കൊസ് 14:35)**

താൻ അവരെ വിട്ടു ഒരു കല്ലേറുദൂരത്തോളം വാങ്ങിപ്പോയി മുട്ടുകുത്തി; പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെയാകട്ടെ" എന്നു പ്രാർത്ഥിച്ചു. **(ലൂക്കോസ് 22:41,42)**

### വ്രതം

നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിന്നു വിളങ്ങേണ്ടതിന്നു തലയിൽ എണ്ണ തേച്ചു മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നല്കും. **(മത്തായി 6:17,18)**

### (ശലാം അലൈക്കും)

ഏതെങ്കിലും വിട്ടിൽ പ്രവേശിക്കുമ്പോൾ "നിങ്ങൾക്ക് സമാധാനം" എന്നു പറയുക **(മത്തായി10:12)**

ഏതു വീട്ടിൽ എങ്കിലും ചെന്നാൽ: ഈ വീട്ടിന്നു സമാധാനം എന്നു ആദ്യം പറവിൻ **(ലൂക്കോസ് 10:5)**

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ആ ദിവസം, നേരംവൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്തു യെഹൂദന്മാരെ പേടിച്ചു വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്കു സമാധാനം എന്നു അവരോടു പറഞ്ഞു. **(യോഹന്നാൻ 20:19)**

യേശു പിന്നെയും അവരോടു: നിങ്ങൾക്കു സമാധാനം; പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു. **(യോഹന്നാൻ 20:21)**

എട്ടു ദിവസം കഴിഞ്ഞിട്ടു ശിഷ്യന്മാർ പിന്നെയും അകത്തു കൂടിയിരിക്കുമ്പോൾ തോമാസും ഉണ്ടായിരുന്നു. വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു. **(യോഹന്നാൻ 20:26)**

### ദൈവമാർഗത്തിലുള്ള ധർമ സമരം

ദാവീദ് ഫെലിസ്ത്യനോടു പറഞ്ഞതു: നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു; ഞാനോ സർവ്വശക്തനായ യിസ്രായേൽ സൈന്യത്തിന്റെ ദൈവമായ യഹോവയുടെ നാമത്തിൽ വരുന്നു. **(1 ശമുമേൽ 17:45)**

### താടിവളർത്തൽ

നിങ്ങളുടെ മുഖത്തിന്റെ വശത്തു വളരുന്ന മുടി വടിച്ചു കളയരുത് മുഖത്തിന്റെ വശത്തു വളരുന്ന താടിയും വെട്ടരുത് **(ലേവ്യ 19:27)**

### ചേലാകർമ്മം

ദൈവം പിന്നെയും അബ്രാഹാമിനോടു അരുളിച്ചെയ്തതു: നീയും നിന്റെ ശേഷം തലമുറതലമുറയായി നിന്റെ സന്തതിയും എന്റെ നിയമം പ്രമാണിക്കേണം. എനിക്കും നിങ്ങൾക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും മദ്ധ്യേയുള്ളതും നിങ്ങൾ പ്രമാണിക്കേണ്ടതുമായ എന്റെ നിയമം ആണിത്: നിങ്ങളിൽ പുരുഷപ്രജയൊക്കെയും പരിച്ഛേദന ഏൽക്കേണം. നിങ്ങളുടെ അഗ്രചർമ്മം പരിച്ഛേദന ചെയ്യേണം; അതു എനിക്കും നിങ്ങൾക്കും മദ്ധ്യേയുള്ള നിയമത്തിന്റെ അടയാളം ആകും. തലമുറതലമുറയായി നിങ്ങളിൽ പുരുഷപ്രജയൊക്കെയും എട്ടുദിവസം പ്രായമാകുമ്പോൾ പരിച്ഛേദന ഏൽക്കേണം; വീട്ടിൽ ജനിച്ച ദാസനായാലും നിന്റെ സന്തതിയല്ലാത്തവനായി അന്യനോടു വിലയ്ക്കു വാങ്ങിയവനായാലും ശരി. നിന്റെ വീട്ടിൽ ജനിച്ച ദാസനും നീ വിലകൊടുത്തു വാങ്ങിയവനും പരിച്ഛേദന ഏറ്റേകഴിയൂ; എന്റെ നിയമം നിങ്ങളുടെ ദേഹത്തിൽ നിത്യനിയമമായിരിക്കേണം.അഗ്രചർമ്മിയായ പുരുഷപ്രജയെ പരിച്ഛേദന ഏൽക്കാതിരുന്നാൽ ജനത്തിൽ നിന്നു ഛേദിച്ചുകളയേണം; അവൻ എന്റെ നിയമം ലംഘിച്ചിരിക്കുന്നു. **(ഉൽപത്തി 17:9-14)**

അബ്രാഹാമും അവന്റെ മകനായ യിശ്മായേലും ഒരേ ദിവസത്തിൽ പരിച്ഛേദന ഏറ്റു. വീട്ടിൽ ജനിച്ച ദാസന്മാരും അന്യരോടു അവൻ

വിലെക്കു വാങ്ങിയവരുമായി അവന്റെ വീട്ടിലുള്ളവർ എല്ലാവരും അവ നോടുകൂടെ പരിച്ഛേദന ഏറ്റു **(ഉൽപത്തി 17:26, 27)**

യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു: നീ യിസ്രാ യേൽമക്കളോടു പറയേണ്ടതു എന്തെന്നാൽ: ഒരു സ്ത്രീ ഗർഭംധരിച്ചു ആൺകുഞ്ഞിനെ പ്രസവിച്ചാൽ അവൾ ഏഴു ദിവസം അശുദ്ധയായി രിക്കേണം; ഋതുവിന്റെ മാലിന്യകാലത്തെന്നപോലെ അവൾ അശുദ്ധ യായിരിക്കേണം. എട്ടാം ദിവസം അവന്റെ അഗ്രചർമ്മം പരിച്ഛേദന ചെയ്യേണം. **(ലേവ്യപുസ്തകം 12:1-3)**

എട്ടാം നാളിൽ അവർ പൈതലിനെ പരിച്ഛേദന ചെയ്വാൻ വന്നു; അപ്പന്റെ പേർപോലെ അവന്നു സെഖര്യാവു എന്നു പേർ വിളിപ്പാൻ ഭാവിച്ചു. **(ലൂക്കോസ് 1:59)**

കുട്ടിക്ക് എട്ടുദിവസം പ്രായമായപ്പോൾ അവന്റെ പരിശ്ചേദന കർമ്മം നടത്തി യേശുവെന്ന് പേരുമിട്ടു. **(ലൂക്കോസ് 2:21)**

മോശെ നിങ്ങൾക്കു പരിച്ഛേദന നിയമിച്ചിരിക്കയാൽ-അതു മോശെ യുടെ കാലത്തല്ല പിതാക്കന്മാരുടെ കാലത്തത്രെ തുടങ്ങിയതു-നിങ്ങൾ ശബ്ബത്തിൽ മനുഷ്യനെ പരിച്ഛേദന കഴിക്കുന്നു. **(യോഹന്നാൻ 7:22)**

### ബഹുദൈവാരധനയും, വിഗ്രഹാരാധനയും

അടിമവീടായ മിസ്രയീംദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന യഹോ വയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുതു. ഒരു വിഗ്രഹം ഉണ്ടാക്കരുതു; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുതു. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു; എന്നെ പകെക്കുന്നവരിൽ പിതാ ക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും **(പുറപ്പാട് 20:1-5)**

വിഗ്രഹങ്ങളെ ഉണ്ടാക്കരുതു; ബിംബമോ സ്തംഭമോ നാട്ടരുതു; രൂപം കൊത്തിയ യാതൊരു കല്ലും നമസ്കരിപ്പാൻ നിങ്ങളുടെ ദേശത്തു നാ ട്ടുകയും അരുതു; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. **(ലേവ്യപുസ്തകം 26:1)**

വിഗ്രഹങ്ങൾ വെറും പ്രതിമകളാണ് അവയ്ക്ക് നിങ്ങളെ സഹായി ക്കാനാവില്ല അതിനാൽ അവയെ ആരാധിക്കരുത് വിഗ്രഹങ്ങൾക്ക് നിങ്ങളെ സഹായിക്കാനോ രക്ഷയ്ക്കാനാ കഴിയില്ല അവ ഒന്നുമില്ല **(1 ശമൂവേൽ 12:21)**

## മരിച്ചവരോടുള്ള സഹായഭ്യർത്ഥന

പക്ഷേ ഞാൻ നിങ്ങളോട് പറയുന്നതെന്തെന്നാൽ ജനം തങ്ങളുടെ ദൈവത്തോട് സഹായമപേക്ഷിക്കണമെന്നാണ് ഭാവി പറയന്നവരും വെളിച്ച പാടൻ മാരും മരിച്ചവരോട് എന്ത് ചെയ്യണമെന്ന് ചോദിക്കുന്നു ജീവിച്ചിരിക്കുന്ന പർ മരിച്ചവരേട് എന്തെങ്കിലും ആവശ്യപെടുന്നതെന്തിനാണ് **(യെശയ്യാവ് 8:19)**

## ലോകമാന്യത

നീയോ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന്നു വലങ്കൈ ചെയ്യുന്നതു എന്തു എന്നു ഇടങ്കൈ അറിയരുതു. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുതു; അവർ മനുഷ്യർക്കു വിളങ്ങേണ്ടതിന്നു പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു **(മത്തായി 6:3 -5)**

ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുതു; അവർ ഉപവസിക്കുന്നതു മനുഷ്യർക്കു വിളങ്ങേണ്ടതിന്നു മുഖം വിരൂപമാക്കുന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. **(മത്തായി 6:16)**

## മദ്യവും വീഞ്ഞും

വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനും ആകുന്നു; അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകയില്ല. **(സദൃശ്യവാക്യങ്ങൾ 20:1)**

ആർക്കു കഷ്ടം, ആർക്കു സങ്കടം, ആർക്കു കലഹം? ആർക്കു ആവലാതി, ആർക്കു അനാവശ്യമായ മുറിവുകൾ, ആർക്കു കൺചുവപ്പു? വീഞ്ഞു കുടിച്ചുകൊണ്ടു നേരം വൈകിക്കുന്നവർക്കും മദ്യം രുചിനോക്കുവാൻ പോകുന്നവർക്കും തന്നേ. വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുതു. ഒടുക്കം അതു സർപ്പംപോലെ കടിക്കും; അണലിപോലെ കൊത്തും. നിന്റെ കണ്ണു പരസ്ത്രീകളെ നോക്കും; നിന്റെ ഹൃദയം വക്രത പറയും. **(സദൃശ്യവാക്യങ്ങൾ 23:29 -33)**

## പലിശ

പലിശയും ലാഭവും വാങ്ങി സമ്പത്തു വർദ്ധിപ്പിക്കുന്നവൻ അഗതികളോടു കൃപാലുവായവന്നു വേണ്ടി അതു ശേഖരിക്കുന്നു. ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചുകളഞ്ഞാൽ അവന്റെ പ്രാർത്ഥനതന്നെയും വെറുപ്പാകുന്നു. **(സദൃശ്യവാക്യങ്ങൾ 28: 8)**

നിന്റെ സഹോദരൻ ദരിദ്രനായ്തീർന്നു നിന്റെ അടുക്കൽവെച്ചു ക്ഷയിച്ചുപോയാൽ നീ അവനെ താങ്ങേണം; അന്യനും പരദേശിയും എന്നപോലെ അവൻ നിന്റെ അടുക്കൽ പാർക്കേണം. അവനോടു പലിശയും ലാഭവും വാങ്ങരുതു; നിന്റെ ദൈവത്തെ ഭയപ്പെടേണം; നിന്റെ സഹോദരൻ നിന്റെ അടുക്കൽ പാർക്കേണം. നിന്റെ പണം പലിശെക്കു കൊടുക്കരുതു; നിന്റെ ആഹാരം അവന്നു ലാഭത്തിന്നായി കൊടുക്കയും അരുതു. **(ലേവ്യാപുസ്തകം 25:35-37)**

എന്റെ ജനത്തിൽ നിന്റെ അടുക്കലുള്ള ഒരു ദരിദ്രന്നു പണം വായ്പ കൊടുത്താൽ പൊലികടക്കാരനെപ്പോലെ ഇരിക്കരുതു; അവനോടു പലിശ വാങ്ങുകയും അരുതു. **(പുറപ്പാട് 22:25)**

### പന്നിമാംസം

പന്നി; കുളമ്പു പിളർന്നതായി കുളമ്പു രണ്ടായി പിരിഞ്ഞിരിക്കുന്നതു തന്നേ എങ്കിലും അയവിറക്കുന്നതല്ലായ്കയാൽ അതു നിങ്ങൾക്കു അശുദ്ധം.

ഇവയുടെ മാംസം നിങ്ങൾ തിന്നരുതു; പിണം തൊടുകയും അരുതു; ഇവ നിങ്ങൾക്കു അശുദ്ധം. **(ലേവ്യാപുസ്തകം 11:7,8)**

പന്നി: അതു കുളമ്പു പിളർന്നതെങ്കിലും അയവിറക്കുന്നില്ല; അതു നിങ്ങൾക്കു അശുദ്ധം; ഇവയുടെ മാംസം തിന്നരുതു; പിണം തൊടുകയും അരുതു. **(ആവർത്തനം 14:8)**

### മാരണം, ജോതിഷം

രക്തത്തോടുകൂടിയുള്ളതു തിന്നരുതു; ആഭിചാരം ചെയ്യരുതു; മുഹൂർത്തം നോക്കരുതു; (ലേവ്യപുസ്തകം 19:26)

വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും അടുക്കൽ പോകരുതു. അവരാൽ അശുദ്ധരായ്തീരുവാൻ തക്കവണ്ണം അവരെ അന്വേഷിക്കയും അരുതു. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. **(ലേവ്യാപുസ്തകം 19:31)**

തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുതു. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവെക്കു വെറുപ്പു ആകുന്നു; ഇങ്ങനെയുള്ള മ്ലേച്ഛതകൾനിമിത്തം നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽനിന്നു നീക്കിക്കളയുന്നു. **(ആവർത്തനം 18:10 -12)**

### അന്യസ്ത്രീ ദർശനം

വ്യഭിചാരം ചെയ്യരുതു എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.

ഞാനോ നിങ്ങളോടു പറയുന്നതു: സ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി.

എന്നാൽ വലങ്കണ്ണു നിനക്കു ഇടർച്ചവരുത്തുന്നു എങ്കിൽ അതിനെ ചൂന്നെടുത്തു എറിഞ്ഞുകളക; നിന്റെ ശരീരം മുഴുവനും നരകത്തിൽ വീഴുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രേ. **(മത്തായി 5:27-29)**

### സ്വവർഗരതി,

സ്ത്രീയോടു എന്നപോലെ പുരുഷനോടുകൂടെ ശയിക്കരുതു; അതു മ്ലേച്ഛത. **(ലേവ്യപുസ്തകം 18:22)**

സ്ത്രീയോടുകൂടെ ശയിക്കുന്നതുപോലെ ഒരുത്തൻ പുരുഷനോടുകൂടെ ശയിച്ചാൽ ഇരുവരും മ്ലേച്ഛത ചെയ്തു; അവർ മരണശിക്ഷ അനുഭവിക്കേണം; അവരുടെ രക്തം അവരുടെമേൽ ഇരിക്കും. **(ലേവ്യാപുസ്തകം 20:13)**

### മൃഗരതി

മൃഗത്തോടുകൂടെ ശയിക്കുന്ന ഏവനും മരണശിക്ഷ അനുഭവിക്കേണം.**(പുറപ്പാട് 22:19)**

ഒരു പുരുഷൻ മൃഗത്തോടുകൂടെ ശയിച്ചാൽ അവൻ മരണശിക്ഷ അനുഭവിക്കേണം; മൃഗത്തെയും കൊല്ലേണം. ഒരു സ്ത്രീ യാതൊരു മൃഗത്തോടെങ്കിലും ചേർന്നു ശയിച്ചാൽ സ്ത്രീയെയും മൃഗത്തെയും കൊല്ലേണം; അവർ മരണശിക്ഷ അനുഭവിക്കേണം; അവരുടെ രക്തം അവരുടെമേൽ ഇരിക്കും. **(ലേവ്യാപുസ്തകം 20:15,16)**

### വേഷങ്ങളിലെ വൈകൃതം

പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുതു; അങ്ങനെ ചെയ്യുന്നവരൊക്കെയും നിന്റെ ദൈവമായ യഹോവെക്കു വെറുപ്പു ആകുന്നു. **(ആവർത്തനം 22:5)**

### ദൈവേതരരുടെ പേരിൽസത്യം ചെയ്യൽ

നിന്റെ ദൈവമായ യഹോവയെ ഭയപ്പെട്ടു അവനെ സേവിക്കേണം; അവന്റെ നാമത്തിൽ സത്യം ചെയ്യേണം. നിന്റെ ദൈവമായ യഹോവ

യുടെ കോപം നിനക്കു വിരോധമായി ജ്വലിച്ചു നിന്നെ ഭൂമിയിൽനിന്നു നശിപ്പിക്കാതിരിപ്പാൻ ചുറ്റുമിരിക്കുന്ന ജാതികളുടെ ദേവന്മാരായ അന്യദൈവങ്ങളുടെ പിന്നാലെ നീ പോകരുതു; **(ആവർത്തനം 6 :13, 14)**

നിങ്ങളുടെ ഇടയിൽ ശേഷിച്ചിരിക്കുന്ന ഈ ജാതികളോടു നിങ്ങൾ ഇടകലരരുതു; അവരുടെ ദേവന്മാരുടെ നാമം ജപിക്കയും അതു ചൊല്ലി സത്യം ചെയ്കയും അരുതു; അവയെ സേവിക്കയും നമസ്കരിക്കയും അരുതു**. (യോശുവ 23:7)**

# ഭാഗം 2

# യേശുക്രിസ്തുവും ക്രിസ്തുവിന്റെ മതവും വിശുദ്ധ ഖുർആനിൽ

# "വിശുദ്ധ ഖുർആൻ" സ്രഷ്ടാവ് ഇറക്കിയ സത്യവേദം

### ദൈവികഗ്രന്ഥം

അലിഫ്-ലാം-മീം

ഈ ഗ്രന്ഥത്തിന്റെ അവതരണം സർവ്വലോകരക്ഷിതാവിങ്കൽ നിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല. (32:1, 2)

പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവൻ അവതരിപ്പിച്ചതത്രെ ഇത്. (ഖുർആൻ). (36/5)

അലിഫ്-ലാം-മീം

അല്ലാഹു - അവനല്ലാതെ ഒരു ദൈവവുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ.

അവൻ ഈ വേദഗ്രന്ഥത്തെ മുൻ വേദങ്ങളെ ശരിവെക്കുന്നതായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. അവൻ തൌറാത്തും ഇൻജീലും അവതരിപ്പിച്ചു. (3/1-3)

തീർച്ചയായും യുക്തിമാനും സർവ്വജ്ഞനുമായിട്ടുള്ളവന്റെ പക്കൽ നിന്നാകുന്നു നിനക്ക് ഖുർആൻ നൽകപ്പെടുന്നത്. (27/6)

### ദൈവീക വചനം

ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന്ന് അഭയം നൽകുക. എന്നിട്ട് അവന്ന് സുരക്ഷിതത്വമുള്ള സ്ഥലത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതു കൊണ്ടാണത്. (9/6)

### സദുപദേശം, ശമനം, കാരുണ്യം., വഴികാട്ടി.

മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും, മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്കു വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നു കിട്ടിയിരിക്കുന്നു.) (10/57)

## നബിയിലൂടെ സ്രഷ്ടാവിറക്കിയ സത്യവേദം

വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും മുഹമ്മദ് നബിയുടെ മേൽ അവതരിപ്പിക്കപ്പെട്ടതിൽ -അതത്രെ അവരുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യം - വിശ്വസിക്കുകയും ചെയ്തവരാരോ അവരിൽ നിന്ന് അവരുടെ തിൻമകൾ അവൻ (അല്ലാഹു) മായ്ച്ചു കളയുകയും അവരുടെ അവസ്ഥ അവൻ നന്നാക്കിതീർക്കുകയും ചെയ്യുന്നതാണ്. (47/2)

## ഉദ്ബോധനം

സ്വാദ്- ഉൽബോധനം ഉൾകൊള്ളുന്ന ഖുർആൻ തന്നെ സത്യം (38/1).

അദ്ദേഹത്തിന് (നബിക്ക്) നാം കവിത പഠിപ്പിച്ചിട്ടില്ല. അത് അദ്ദേഹത്തിന് അനുയോജ്യമാകുകയുമില്ല. ഇത് ഒരു ഉൽബോധനവും കാര്യങ്ങൾ സ്പഷ്ടമാക്കുന്ന ഖുർആനും മാത്രമാകുന്നു. ( 36/69)

തീർച്ചയായും അത് നിനക്കും നിന്റെ ജനതയ്ക്കും ഒരു ഉൽബോധനം തന്നെയാകുന്നു. വഴിയെ നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതുമാണ്. (43/44)

## സന്മാർഗദർശനം

ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ. (2/185)

## അസത്യം കടന്ന് വരാത്തത്

സത്യത്തോടുകൂടിയാണ് നാം അത് (ഖുർആൻ) അവതരിപ്പിച്ചത്. സത്യത്തോട് കൂടിത്തന്നെ അത് അവതരിക്കുകയും ചെയ്തിരിക്കുന്നു.....( 17/105)

അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത് (41/42)

## വൈരുദ്ധ്യങ്ങളോ പൊരുത്തക്കേടുകളോ ഇല്ലാത്തത്

അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു. (4/82)

### അനുഗ്രഹീത ഗ്രന്ഥം

നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചു നോക്കുന്നതിനും ബുദ്ധിമാൻമാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി. **(38/29)**

### വിവരണം, മാർഗദർശനം, സുവിശേഷം, ശുഭവൃത്താന്തം

...എല്ലാകാര്യത്തിനും വിശദീകരണമായിക്കൊണ്ടും, മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്. **(16/89)**

### ന്യായപ്രമാണവും വെളിച്ചവും

മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ന്യായപ്രമാണം വന്നുകിട്ടിയിരിക്കുന്നു. വ്യക്തമായ ഒരു പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു. **(4/174)**

### ഉന്നതവും വിജ്ഞാന സമ്പന്നവും

തീർച്ചയായും അത് മൂലഗ്രന്ഥത്തിൽ നമ്മുടെ അടുക്കൽ (സൂക്ഷിക്കപ്പെട്ടതത്രെ.) അത് ഉന്നതവും വിജ്ഞാനസമ്പന്നവും തന്നെയാകുന്നു. **(43/4)**

### ആദരണീയം

തീർച്ചയായും ഇത് ആദരണീയമായ ഒരു ഖുർആൻ തന്നെയാകുന്നു.

ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു രേഖയിലാകുന്നു അത്.

പരിശുദ്ധി നൽകപ്പെട്ടവരല്ലാതെ അത് സ്പർശിക്കുകയില്ല.

ലോകരക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത് **(56/77-80)**

### തത്വങ്ങൾ നിറഞ്ഞ് നിൽക്കുന്നത്

യാസീൻ

തത്വസമ്പൂർണമായ ഖുർആൻ തന്നെയാണ സത്യം; **(36/1, 2)**

### അതിമഹത്വവും സംരക്ഷിത ഫലകത്തിലുള്ളതും

അല്ല, അത് മഹത്വമേറിയ ഒരു ഖുർആനാകുന്നു.

സംരക്ഷിതമായ ഒരു ഫലകത്തിലാണ് അതുള്ളത്. **(85/21,22)**

### വിളംബരവും സാരോപദേശവും

ഇത് മനുഷ്യർക്കായുള്ള ഒരു വിളംബരവും, ധർമ്മനിഷ്ഠപാലിക്കുന്ന

വർക്ക് മാർഗദർശനവും, സാരോപദേശവുമാകുന്നു. (3/138)

### നിത്യചൈതന്യ സന്ദേശം

അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു... (42/52)

### ആശയഭദ്രതയുള്ള വചനങ്ങൾ

അലിഫ്-ലാം-റാ. ഒരു പ്രമാണഗ്രന്ഥമത്രെ ഇത്. അതിലെ വചനങ്ങൾ ആശയഭദ്രതയുള്ളതാക്കപ്പെട്ടിരിക്കുന്നു. പിന്നീടത് വിശദീകരിക്കപ്പെട്ടിരിക്കുന്നു. യുക്തിമാനും സൂക്ഷ്മജ്ഞാനിയുമായ അല്ലാഹുവിന്റെ അടുക്കൽ നിന്നുള്ളതത്രെ അത്. (11/1)

### ഏറ്റവും നല്ല ചരിത്രകഥാവിവരണം

നിനക്ക് ഈ ഖുർആൻ ബോധനം നൽകിയത് വഴി ഏറ്റവും നല്ല ചരിത്രവിവരണമാണ് നാം നിനക്ക് നൽകിക്കൊണ്ടിരിക്കുന്നത്.... (12/3)

### ഏറ്റവും നല്ല വർത്തമാനം

അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമ്മങ്ങൾ അതു നിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമ്മങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു... ( 39/23)

### പൂർവ്വ വേദങ്ങളെ സത്യപ്പെടുത്തുന്നു

(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്... (5/48)

### എളുപ്പവും ലളിതവും

തീർച്ചയായും ആലോചിച്ചു മനസ്സിലാക്കാൻ ഖുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ? (54/17)

### ശരിയും തെറ്റും വേർതിരിച്ചു തരുന്നു.

തന്റെ ദാസന്റെ മേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം (ഖുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണ്ണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനു വേ

ണ്ടിയത്രെ അത്. (25/1)

### ശുഭവാർത്തയും മുന്നറിയിപ്പും നൽകുന്നു.ശരിയിലേക്ക് വഴി നടത്തുന്നു.

തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.

പരലോകത്തിൽ വിശ്വസിക്കാത്തവരാരോ അവർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്നും (സന്തോഷവാർത്ത അറിയിക്കുന്നു.) (17/9,10)

### ഇരുളിൽ നിന്ന് പ്രകാശത്തിലേക്ക്, സ്രഷ്ടാവിന്റെ മാർഗത്തിലേക്ക്

അലിഫ് ലാം റാ മനുഷ്യരെ അവന്റെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്. (14/1)

### നേരിന്റെ പാതയിലേക്ക്

ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്. (2/2)

### സമാധാനത്തിന്റെ വഴികളിലൂടെ....

.....നിങ്ങൾക്കിതാ അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു.

അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരുകയും, നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു. (5/15,16)

### കുറ്റമറ്റത് വളവില്ലാത്തത്

തന്റെ ദാസന്റെ മേൽ വേദഗ്രന്ഥമവതരിപ്പിക്കുകയും, അതിന് ഒരു വക്രതയും വരുത്താതിരിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി. (18/1)

### മാറ്റത്തിരുത്തലുകളില്ലാതെ സംരക്ഷിക്കപ്പെട്ടത്

തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്. (15/9)

## വിശുദ്ധ ഖുർആൻ വെല്ലുവിളിക്കുന്നു

നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ഖുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത്പോലുള്ള ഒരു അദ്ധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളേയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാൻമാരണെങ്കിൽ (അതാണല്ലോ വേണ്ടത്).

നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്. **(2/23, 24)**

അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപേലെയുള്ള പത്ത് അദ്ധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ട് വരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ.

അവരാരും നിങ്ങളുടെ വിളിക്ക് ഉത്തരം നൽകിയില്ലെങ്കിൽ, അല്ലാഹുവിന്റെ അറിവോട് കൂടി മാത്രമാണ് ഇത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും, അവനല്ലാതെ യാതൊരു ദൈവവുമില്ലെന്നും നിങ്ങൾ മനസ്സിലാക്കുക. ഇനിയെങ്കിലും നിങ്ങൾ കീഴ്പെടാൻ സന്നദ്ധരാണോ? **(11/13,14)**

# അല്ലാഹു
# ഏകനായ സത്യദൈവം

## സർവ്വലോകരക്ഷിതാവ്, ന്യായവിധി നാളിലെ അധിപതി ,അളവറ്റ ദയാപരൻ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ .
സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു.
പരമകാരുണികനും കരുണാനിധിയും.
പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ. (1/1-4)

## ഏകനും, അതുല്യനും ,നിരാശ്രയനും, പിതാവോ പുത്രനോ അല്ലാത്തവനും

(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു.
അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു.
അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല
അവന്ന് തുല്യനായി ആരും ഇല്ലതാനും. (112/1-4)

## സാക്ഷാൽ ആരാധ്യനും, സജീവനും, നിയന്താവും, അത്യുന്നതനും, മഹോന്നതനും

അല്ലാഹു - അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്ന വൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട് ? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ. (2/255)

## എല്ലാം സൃഷ്ടിച്ചവനും എല്ലാമറിയുന്നവനുമായ നമ്മുടെ നാഥൻ

ആകാശങ്ങളുടെയും ഭൂമിയുടെയും നിർമാതാവാണവൻ. അവന്ന് എങ്ങനെ ഒരു സന്താനമുണ്ടാകും? അവന്നൊരു കൂട്ടുകാരിയുമില്ലല്ലോ?

എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിച്ചതാണ്. അവൻ എല്ലാകാര്യത്തെപ്പറ്റിയും അറിയുന്നവനുമാണ്.

അങ്ങനെയുള്ളവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനല്ലാതെ യാതൊരു ദൈവവുമില്ല. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണ് അവൻ. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ സകലകാര്യങ്ങളുടെയും കൈകാര്യക്കാരനാകുന്നു.

കണ്ണുകൾ അവനെ കണ്ടെത്തുകയില്ല. കണ്ണുകളെ അവൻ കണ്ടെത്തുകയും ചെയ്യും. അവൻ സൂക്ഷ്മജ്ഞാനിയും അഭിജ്ഞനുമാകുന്നു. **(6/101-103)**

### പരമ പരിശുദ്ധനും, പരമകാരുണികനും, രാജാധിരാജനും, അന്യൂനനനും

താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു.

താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ!

സ്രഷ്ടാവും നിർമാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുള്ളവ അവന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാനും. **(59/22-24)**

### സർവ്വാധിപതിയും ,അനാദ്യനും, അനന്തനും, സർവ്വശക്തനും, സർവ്വജ്ഞാനിയും

ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന് പ്രകീർത്തനം ചെയ്തിരിക്കുന്നു. അവൻ പ്രതാപിയും യുക്തിമാനുമത്രെ.

അവന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ സർവ്വകാര്യത്തിനും കഴിവുള്ളവനുമാണ്.

അവൻ ആദിയും അന്തിമനും പ്രത്യക്ഷമായവനും പരോക്ഷമായവനുമാണ്. അവൻ സർവ്വകാര്യങ്ങളെക്കുറിച്ചും അറിവുള്ളവനുമാണ്. **(57-1-3)**

### സർവ്വജ്ഞനും, സൂക്ഷമജ്ഞാനിയും, മഴ പെയ്യിപ്പിക്കുന്നവനും

തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴപെയ്യിക്കുന്നു. ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു. **(31/34)**

അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ, ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല. **(6/59)**

### ജീവിതം, ഉപജീവനം, ആയുസ്സ്, മരണം,എല്ലാം നിർണ്ണയിക്കുന്നവൻ

മണ്ണിൽ നിന്നും, പിന്നെ ബീജകണത്തിൽ നിന്നും, പിന്നെ ഭ്രൂണത്തിൽ നിന്നും നിങ്ങളെ സൃഷ്ടിച്ചത് അവനാകുന്നു. പിന്നീട് ഒരു ശിശുവായി നിങ്ങളെ അവൻ പുറത്തു കൊണ്ട് വരുന്നു. പിന്നീട് നിങ്ങൾ നിങ്ങളുടെ പൂർണ്ണശക്തി പ്രാപിക്കുവാനും പിന്നീട് നിങ്ങൾ വൃദ്ധരായിത്തീരുവാനും വേണ്ടി. നിങ്ങളിൽ ചിലർ മുമ്പേതന്നെ മരണമടയുന്നു. നിർണിതമായ ഒരു അവധിയിൽ നിങ്ങൾ എത്തിച്ചേരുവാനും നിങ്ങൾ ഒരു വേള ചിന്തിക്കുന്നതിനും വേണ്ടി

അവനാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ. ഒരു കാര്യം അവൻ തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാകൂ എന്ന് അതിനോട് അവൻ പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അത് ഉണ്ടാകുന്നു. **(40/67,68)**

അല്ലാഹു നിങ്ങളെ മണ്ണിൽ നിന്നും പിന്നീട് ബീജകണത്തിൽ നിന്നും സൃഷ്ടിച്ചു. പിന്നെ അവൻ നിങ്ങളെ ഇണകളാക്കി. അവന്റെ അറിവനുസരിച്ചല്ലാതെ ഒരു സ്ത്രീയും ഗർഭം ധരിക്കുന്നില്ല, പ്രസവിക്കുന്നുമില്ല. ഒരു ദീർഘായുസ്സ് നൽകപ്പെട്ട ആൾക്കും ആയുസ്സ് നീട്ടികൊടുക്കപ്പെടുന്നതോ അയാളുടെ ആയുസ്സിൽ കുറവ് വരുത്തപ്പെടുന്നതോ ഒരു രേഖയിൽ ഉള്ളത് അനുസരിച്ചല്ലാതെ നടക്കുന്നില്ല. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ളതാകുന്നു. **(35/11)**

### മക്കളെ നൽകുന്നവൻ

അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം.അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേ

ശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു.

അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തികൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവ്വജ്ഞനും സർവ്വശക്തനുമാകുന്നു. **(42/49,50)**

## എന്നെന്നും ജീവിച്ചിരിക്കുന്നവൻ, എല്ലാം നിയന്ത്രിക്കുന്നവൻ

അലിഫ് ലാം മീം.

അല്ലാഹു - അവനല്ലാതെ ഒരു ദൈവവുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ.

അവൻ ഈ വേദഗ്രന്ഥത്തെ മുൻ വേദങ്ങളെ ശരിവെക്കുന്നതായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. അവൻ തൌറാത്തും ഇൻജീലും അവതരിപ്പിച്ചു.

ഇതിനു മുമ്പ്; മനുഷ്യർക്ക് മാർഗദർശനത്തിനായിട്ട് സത്യാസത്യവിവേചനത്തിനുള്ള പ്രമാണവും അവൻ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചവരാരോ അവർക്ക് കഠിനമായ ശിക്ഷയാണുള്ളത്. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി സ്വീകരിക്കുന്നവനുമാകുന്നു.

ഭൂമിയിലോ ആകാശത്തോ ഉള്ള യാതൊരു കാര്യവും അല്ലാഹുവിന്ന് അവ്യക്തമായിപ്പോകുകയില്ല; തീർച്ച. **(3/1-5)**

## മഹത്വത്തിനുടമയും അജയ്യനും ഏറെ മാപ്പേകുന്നവനും

ആധിപത്യം ഏതൊരുവന്റെ കയ്യിലാണോ അവൻ അനുഗ്രഹപൂർണ്ണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.

നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു. **( 67/1, 2)**

## പാശ്ചാതാപം സ്വീകരിക്കുന്നവൻ കഠിനമായി ശിക്ഷിക്കുന്നവൻ

ഹാ-മീം.

ഈ ഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും സർവ്വജ്ഞനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു.

പാപം പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും വിപുലമായ കഴിവുള്ളവനുമത്രെ അവൻ.

അവനല്ലാതെ യാതൊരു ദൈവവുമില്ല. അവങ്കലേക്ക് തന്നെയാകുന്നു മടക്കം. (40/1-3)

**രാവൊരുക്കിതന്നവൻ, പകൽ പ്രകാശപൂരിതമാക്കിയവൻ, ഔദാര്യവാനും**

അല്ലാഹുവാകുന്നു നിങ്ങൾക്കു വേണ്ടി രാത്രിയെ നിങ്ങൾക്കു ശാന്തമായി വസിക്കാൻ തക്കവണ്ണവും, പകലിനെ വെളിച്ചമുള്ളതും ആക്കിയവൻ. തീർച്ചയായും അല്ലാഹു ജനങ്ങളോട് ഔദാര്യമുള്ളവനാകുന്നു. പക്ഷെ മനുഷ്യരിൽ അധികപേരും നന്ദികാണിക്കുന്നില്ല. ( 40 /61)

**നമ്മുടെ രക്ഷിതാവ്, പ്രപഞ്ചത്തിന്റെ നാഥൻ, അനുഗ്രഹ പൂർണ്ണൻ**

അല്ലാഹുവാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വാസസ്ഥലവും ആകാശത്തെ മേൽപുരയും ആക്കിയവൻ. അവൻ നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. അങ്ങനെ അവൻ നിങ്ങളുടെ രൂപങ്ങൾ മികച്ചതാക്കി. വിശിഷ്ട വസ്തുക്കളിൽ നിന്ന് അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തു. അവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അപ്പോൾ ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു. ( 40 / 64)

**നീതിമാനും, പ്രതാപിയും, യുക്തിമാനും, ആരാധനക്കർഹനും**

താനല്ലാതെ ഒരു ദൈവവുമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു.) അവൻ നീതി നിർവഹിക്കുന്നവനത്രെ. അവനല്ലാതെ ദൈവമില്ല. പ്രതാപിയും യുക്തിമാനുമത്രെ അവൻ. (3/18)

**ഏറെ സ്നേഹിക്കുന്നവൻ ,മഹത്തായ സിംഹാസത്തിന്റെ ഉടമ**

തീർച്ചയായും അവൻ തന്നെയാണ് ആദ്യമായി ഉണ്ടാക്കുന്നതും ആവർത്തിച്ച് ഉണ്ടാക്കുന്നതും.

അവൻ ഏറെ പൊറുക്കുന്നവനും ഏറെ സ്നേഹമുള്ളവനും,

സിംഹാസനത്തിന്റെ ഉടമയും, മഹത്വമുള്ളവനും,

താൻ ഉദ്ദേശിക്കുന്നതെന്തോ അത് തികച്ചും പ്രാവർത്തികമാക്കുന്നവനുമാണ് (85/13-16)

**കനിവുള്ളവനും ,അന്നദാതാവും, കരുത്തനും,പ്രതാപശാലിയും**

അല്ലാഹു തന്റെ ദാസൻമാരോട് കനിവുള്ളവനാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ഉപജീവനം നൽകുന്നു. അവനാകുന്നു ശക്തനും പ്രതാപശാലിയുമായിട്ടുള്ളവൻ. (42/19)

### യഥാർത്ഥ രാജാവ് ,അത്യുന്നതൻ, മഹത്തായ സിംഹാസനത്തിന്റെ നാഥൻ

എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. മഹത്തായ സിംഹാസനത്തിന്റെ നാഥനത്രെ അവൻ. (23/116)

### തെളിഞ്ഞതും മറഞ്ഞതും അറിയുന്നവൻ, സൂക്ഷ്മജ്ഞാനമുള്ളവൻ

അവനത്രെ ആകാശങ്ങളും ഭൂമിയും മുറപ്രകാരം സൃഷ്ടിച്ചവൻ. അവൻ ഉണ്ടാകൂ എന്ന പറയുന്ന ദിവസം അതുണ്ടാകുക തന്നെ ചെയ്യുന്നു. അവന്റെ വചനം സത്യമാകുന്നു. കാഹളത്തിൽ ഊതപ്പെടുന്ന ദിവസം അവന്ന് മാത്രമാകുന്നു ആധിപത്യം. അദൃശ്യവും ദൃശ്യവും അറിയുന്നവനാണവൻ. അവൻ യുക്തിമാനും സൂക്ഷ്മജ്ഞാനമുള്ളവനുമത്രെ. (6/73)

### തെറ്റുകൾക്ക് മാപ്പ് നൽകുന്നവനും, പാശ്ചാതാപം സ്വീകരിക്കുന്നവനും

അവനാകുന്നു തന്റെ ദാസൻമാരിൽ നിന്ന് പശ്ചാത്താപം സ്വീകരിക്കുന്നവൻ. അവൻ ദുഷ്കൃത്യങ്ങൾക്ക് മാപ്പുനൽകുകയും ചെയ്യുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അവൻ അറിയുകയും ചെയ്യുന്നു. (42/25)

# "ഇസ്ലാം"
# നിത്യജീവനിലേക്കുള്ള നേർവഴി

## ദൈവിക മതം

തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്ലാമാകുന്നു.. (3/19)

. ...ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു... (5/3)

## സത്യമാർഗം, നേർവഴി ,ചൊവ്വായ പാത

കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കി കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം (98/5)

## അജയ്യമായ ആദർശം.

അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു.

സൻമാർഗവും സത്യമതവും കൊണ്ട് -എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി-തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി. (61/8-9)

## ദൈവത്തിങ്കൽ സ്വീകാര്യമായ ഒരേ ഒരു മതം

ഇസ്ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും. (3/85)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്. (3/102)

## എല്ലാ പ്രവാചകൻമാർ നിലകൊണ്ട മതം

..നിങ്ങളുടെ പിതാവായ ഇബ്രാഹീമിന്റെ മാർഗമത്രെ അത്. മുമ്പും (മുൻവേദങ്ങളിലും) ഇതിലും (ഈ വേദത്തിലും) അവൻ (അല്ലാഹു) നിങ്ങൾക്ക് മുസ്ലിംകളെന്ന് പേര് നൽകിയിരിക്കുന്നു.... **(22/78)**

(നൂഹ് പറഞ്ഞു)(അല്ലാഹുവിന്) കീഴ്പെടുന്നവരുടെ (മുസ്ലിംകളുടെ) കൂട്ടത്തിൽ ആയിരിക്കുവാനാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത് . **(10/72)**

ഇബ്രാഹീം യഹൂദനോ ക്രിസ്ത്യനോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം ശുദ്ധമനസ്ഥിതിക്കാരനും (അല്ലാഹുവിന്ന്) കീഴ്പെട്ടവനും(മുസ്ലിം) ആയിരുന്നു. അദ്ദേഹം ബഹുദൈവാരാധകരിൽപെട്ടവനായിരുന്നിട്ടുമില്ല. **(3/67)**

ഇബ്രാഹീമും യഅ്ഖൂബും അവരുടെ സന്തതികളോട് ഇത് (കീഴ്വണക്കം) ഉപദേശിക്കുക കൂടി ചെയ്തു. എന്റെ മക്കളേ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ വിശിഷ്ടമായി തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ അല്ലാഹുവിന്ന് കീഴ്പെടുന്നവരായി (മുസ്ലിംകളായി) ക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്. (ഇങ്ങനെയാണ് അവർ ഓരോരുത്തരും ഉപദേശിച്ചത്) **(2/132)**

എനിക്ക് ശേഷം ഏതൊരു ദൈവത്തെയാണ് നിങ്ങൾ ആരാധിക്കുക ? എന്ന് യഅ്ഖൂബ് മരണം ആസന്നമായ സന്ദർഭത്തിൽ തന്റെ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതരായിരുന്നോ ? അവർ പറഞ്ഞു: താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്രാഹീമിന്റേയും ഇസ്മാഈലിന്റേയും ഇസ്ഹാഖിന്റേയും ആരാധ്യനായ ഏകദൈവത്തെ മാത്രം ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്ന് കീഴ്പെട്ട് ജീവിക്കുന്നവരുമായിരിക്കും (മുസ്ലിംകളായിരിക്കും) **(2/133)**

(മോശെ പ്രവാചകനിൽ വിശ്വസിച്ച സത്യവിശ്വാസികൾ പ്രാർത്ഥിച്ചു)

. ...ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ മേൽ നീ ക്ഷമ ചൊരിഞ്ഞുതരികയും, ഞങ്ങളെ നീ മുസ്ലിംകളായിക്കൊണ്ട് മരിപ്പിക്കുകയും ചെയ്യേണമേ **(7/126)**

(യൂസുഫ് നബി പ്രാർത്ഥിച്ചു)....ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവേ, നീ ഇഹത്തിലും പരത്തിലും എന്റെ രക്ഷാധികാരിയാകുന്നു. നീ എന്നെ മുസ്ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ. **(12/101)**

## യേശുക്രിസ്തുവിന്റെയും അപ്പോസ്തലൻമാരുടെയും മതം

എന്നിട്ട് ഈസായ്ക്ക് അവരുടെ നിഷേധസ്വഭാവം ബോധ്യമായപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിങ്കലേക്ക് എന്റെ സഹായികളായി ആരു

ണ്ട്? ഹവാരികൾ (അപ്പോ .സ്തലൻമാർ)പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് (മുസ്ലിങ്ങളാണ്)എന്നതിന് താങ്കൾ സാക്ഷ്യം വഹിക്കുകയും ചെയ്യണം. (3/52)

നിങ്ങൾ എന്നിലും എന്റെ ദൂതനിലും വിശ്വസിക്കൂ എന്ന് ഞാൻ ഹവാരികൾക്ക് ബോധനം നൽകിയ സന്ദർഭത്തിലും. അവർ പറഞ്ഞു: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ മുസ്ലിംകളാണെന്നതിന് നീ സാക്ഷ്യം വഹിച്ച് കൊള്ളുക (5/111)

## ശുദ്ധ പ്രകൃതിയുടെ മതം

അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും. (3/83)

## സ്രഷ്ടാവിനുള്ള സമ്പൂർണ്ണ സമർപ്പണം - ജാതി പേരല്ല

ആർക്കെങ്കിലും) സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ യഹൂദരോ ക്രിസ്ത്യാനികളോ ആവാതെ പറ്റില്ലെന്നാണ് അവർ പറയുന്നത്. അതൊക്കെ അവരുടെ വ്യാമോഹങ്ങളത്രെ. എന്നാൽ (നബിയേ,) പറയുക; നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതിന്ന്) നിങ്ങൾക്ക് കിട്ടിയ തെളിവ് കൊണ്ടു വരൂ എന്ന്.

എന്നാൽ (കാര്യം) അങ്ങനെയല്ല. ഏതൊരാൾ സൽകർമ്മകാരിയായിക്കൊണ്ട് അല്ലാഹുവിന്ന് ആത്മസമർപ്പണം ചെയ്തുവോ അവന്ന് തന്റെ രക്ഷിതാവിങ്കൽ അതിന്റെ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല ; അവർ ദുഃഖിക്കേണ്ടി വരികയുമില്ല. (2/111,112)

ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും. (16/97)

ആണാകട്ടെ പെണ്ണാകട്ടെ , ആർ സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒരു തരിമ്പും അനീതി കാണിക്കപ്പെടുന്നതല്ല. (4/124)

## മനുഷ്യ സമത്വവും ശുദ്ധ ഏക ദൈവത്വവും വിളംബരം ചെയ്യുന്നു.

ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു. **(49/13)**

തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ. **(98/7)**

(മനുഷ്യരേ,) തീർച്ചയായും ഇതാണ് നിങ്ങളുടെ സമുദായം. ഏകസമുദായം. ഞാൻ നിങ്ങളുടെ രക്ഷിതാവും. അതിനാൽ നിങ്ങൾ എന്നെ ആരാധിക്കുവിൻ. **(21/92)**

## നന്മകൾക്ക് വേണ്ടി നിലകൊള്ളുന്നു. തിന്മകൾക്കെതിരിലും

മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.... **(3/110)**

## ഹൃദയവിശാലതയുടെയും മന:ശാന്തിയുടെയും ദർശനം

ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്. അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നത് പോലെ. വിശ്വസിക്കാത്തവരുടെ മേൽ അപ്രകാരം അല്ലാഹു ശിക്ഷ ഏർപെടുത്തുന്നു. **(6/125)**

അപ്പോൾ ഏതൊരാളുടെ ഹൃദയത്തിന് ഇസ്ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും അങ്ങനെ അവൻ തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രകാശത്തിലായിരിക്കുകയും ചെയ്തുവോ (അവൻ ഹൃദയം കടുത്തുപോയവനെപ്പോലെയാണോ?) എന്നാൽ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് അകന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ. **( 39/22)**

## സമാധാനത്തിന്റെ മതം

അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?

നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ( 41/33-35)

## ബലപ്രയോഗത്തിന്റെ മതമല്ല

മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടി പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. (2/256)

തീർച്ചയായും നാം മനുഷ്യർക്ക് വേണ്ടി സത്യപ്രകാരമുള്ള വേദഗ്രന്ഥം നിന്റെ മേൽ ഇറക്കിത്തന്നിരിക്കുന്നു. ആകയാൽ വല്ലവനും സൻമാർഗം സ്വീകരിച്ചാൽ അത് അവന്റെ ഗുണത്തിന് തന്നെയാണ്. വല്ലവനും വഴിപിഴച്ചു പോയാൽ അവൻ വഴിപിഴച്ചു പോകുന്നതിന്റെ ദോഷവും അവന് തന്നെ. നീ അവരുടെ മേൽ കൈകാര്യകർത്താവൊന്നുമല്ല (39/41)

യുക്തിദീക്ഷയോടു കൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ച് പോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സൻമാർഗം പ്രാപിച്ചവരെപ്പറ്റിയും നല്ലവണ്ണം അറിയുന്നവനത്രെ. (16/125)

## ഭീകരതയുടെ മതമല്ല

..മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു. ... (5/32)

## നീതിയുടെ മതം

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുന്നവരും, നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമ്മനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു. (5/8)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞ് മാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു. (4/135)

മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നൻമ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ( 60/8)

## കാരുണ്യത്തിന്റെ മതം

എന്നിട്ട് ആ മലമ്പാതയിൽ അവൻ തള്ളിക്കടന്നില്ല.

ആ മലമ്പാത എന്താണെന്ന് നിനക്കറിയാമോ?

ഒരു അടിമയെ മോചിപ്പിക്കുക.

അല്ലെങ്കിൽ പട്ടിണിയുള്ള നാളിൽ ഭക്ഷണം കൊടുക്കുക.

കുടുംബബന്ധമുള്ള അനാഥയ്ക്ക്

അല്ലെങ്കിൽ കടുത്ത ദാരിദ്ര്യമുള്ള സാധുവിന്

പുറമെ, വിശ്വസിക്കുകയും, ക്ഷമ കൊണ്ടും കാരുണ്യം കൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും ചെയ്യുക. (90/11 -17)

തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നൻമചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക.

കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തികൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക. ( 17/23-24)

**ഇസ്ലാം മനുഷ്യരോട് കൽപ്പിക്കുന്നത്....**

‘

സത്യവിശ്വാസികളേ, അല്ലാഹുവിലും, അവന്റെ ദൂതനിലും, അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും, അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു. (4/136)

നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ലനിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. (4/36)

തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നൻമ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ് . അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു. (16/90)

പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും, അധർമ്മവും, ന്യായം കൂടാതെയുള്ള കയ്യേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും, അല്ലാഹുവിന്റെ

പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്. **(7/33)**

നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും, മലക്കുകളിലും, വേദഗ്രന്ഥത്തിലും, പ്രവാചകൻമാരിലും വിശ്വസിക്കുകയും, സ്വത്തിനോട് പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും, അനാഥകൾക്കും, അഗതികൾക്കും, വഴിപോക്കന്നും, ചോദിച്ചു വരുന്നവർക്കും, അടിമമോചനത്തിന്നും നൽകുകയും, പ്രാർത്ഥന (നമസ്കാരം) മുറപ്രകാരം നിർവഹിക്കുകയും, സകാത്ത് നൽകുകയും, കരാറിൽ ഏർപ്പെട്ടാൽ അത് നിറവേറ്റുകയും, വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും, യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാൻമാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു (ദോഷബാധയെ) സൂക്ഷിച്ചവർ. **(2/177)**

# യേശുക്രിസ്തുവിന്റെ തിരുപ്പിറവി

### മർയം ജനിക്കുന്നു

ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക:) എന്റെ രക്ഷിതാവേ, എന്റെ വയറ്റിലുള്ള കുഞ്ഞിനെ നിനക്കായ് ഉഴിഞ്ഞുവെക്കാൻ ഞാൻ നേർച്ച നേർന്നിരിക്കുന്നു. ആകയാൽ എന്നിൽ നിന്ന് നീ അത് സ്വീകരിക്കേണമേ. തീർച്ചയായും നീ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ

എന്നിട്ട് പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ പ്രസവിച്ച കുട്ടി പെണ്ണാണല്ലോ.- എന്നാൽ അല്ലാഹു അവൾ പ്രസവിച്ചതിനെപ്പറ്റി കൂടുതൽ അറിവുള്ളവനത്രെ -ആണ് പെണ്ണിനെപ്പോലെയല്ല. ആ കുട്ടിക്ക് ഞാൻ മർയം എന്ന് പേരിട്ടിരിക്കുന്നു. ശപിക്കപ്പെട്ട പിശാചിൽ നിന്നും അവളെയും അവളുടെ സന്തതികളെയും രക്ഷിക്കുവാനായി ഞാൻ നിന്നിൽ ശരണം പ്രാപിക്കുകയും ചെയ്യുന്നു. (3/35,36)

### മർയമിലൂടെ വെളിപ്പെട്ട അത്ഭുതം

അങ്ങനെ അവളുടെ (മർയമിന്റെ) രക്ഷിതാവ് അവളെ നല്ല നിലയിൽ സ്വീകരിക്കുകയും, നല്ല നിലയിൽ വളർത്തിക്കൊണ്ടു വരികയും, അവളുടെ സംരക്ഷണച്ചുമതല അവൻ സകരിയ്യായെ ഏൽപിക്കുകയും ചെയ്തു. മിഹ്റാബിൽ (പ്രാർത്ഥനാവേദിയിൽ) അവളുടെ അടുക്കൽ സകരിയ്യാ കടന്നു ചെല്ലുമ്പോഴെല്ലാം അവളുടെ അടുത്ത് എന്തെങ്കിലും ആഹാരം കണ്ടെത്തുമായിരുന്നു. അദ്ദേഹം ചോദിച്ചു: മർയമേ, നിനക്ക് എവിടെ നിന്നാണിത് കിട്ടിയത്? അവൾ മറുപടി പറഞ്ഞു. അത് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നതാകുന്നു. തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് കണക്ക് നോക്കാതെ നൽകുന്നു. (3/37)

### ലോക വനിതകളിൽ ഉത്തമ ,വിശുദ്ധയും സത്യവതിയും തെരെഞ്ഞെടുക്കപ്പെട്ടവളും

മലക്കുകൾ പറഞ്ഞ സന്ദർഭവും (ശ്രദ്ധിക്കുക:) മർയമേ, തീർച്ചയായും അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുക്കുകയും, നിനക്ക് പരിശുദ്ധി നൽകുകയും, ലോകത്തുള്ള സ്ത്രീകളിൽ വെച്ച് ഉൽകൃഷ്ടയായി നിന്നെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

മർയമേ, നിന്റെ രക്ഷിതാവിനോട് നീ ഭയഭക്തി കാണിക്കുകയും, സാഷ്ടാംഗം ചെയ്യുകയും, തലകുനിക്കുന്നവരോടൊപ്പം തലകുനിക്കുകയും ചെയ്യുക. **(3/42,43)**

മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു..... **(5/75)**

### ചാരിത്ര്യവതിയും ഭക്തയും സത്യവിശ്വാസകൾക്ക് മാതൃകയും ഉദാഹരണവും

സത്യവിശ്വാസികൾക്ക് ഒരു ഉപമയായി അല്ലാഹു ഫിർഔന്റെ ഭാര്യയെ എടുത്തുകാണിച്ചിരിക്കുന്നു. അവൾ പറഞ്ഞ സന്ദർഭം: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു ഭവനം ഉണ്ടാക്കിത്തരികയും, ഫിർഔനിൽ നിന്നും അവന്റെ പ്രവർത്തനത്തിൽ നിന്നും എന്നെ നീ രക്ഷിക്കേണമേ. അക്രമികളായ ജനങ്ങളിൽ നിന്നും എന്നെ നീ രക്ഷിക്കുകയും ചെയ്യേണമേ.

തന്റെ ഗുഹ്യസ്ഥാനം കാത്തുസൂക്ഷിച്ച ഇംറാന്റെ മകളായ മർയമിനെയും (ഉപമയായി എടുത്ത് കാണിച്ചിരിക്കുന്നു.) അപ്പോൾ നമ്മുടെ ആത്മചൈതന്യത്തിൽ നിന്നു നാം അതിൽ ഊതുകയുണ്ടായി. തന്റെ രക്ഷിതാവിന്റെ വചനങ്ങളിലും ഗ്രന്ഥങ്ങളിലും അവൾ വിശ്വസിക്കുകയും അവൾ ഭയഭക്തിയുള്ളവരുടെ കൂട്ടത്തിലാവുകയും ചെയ്തു. **( 66/11,12)**

### പരിശുദ്ധാത്മാവ് (ജിബ്രീൽ മാലാഖ)

### മനുഷ്യ രൂപത്തിലെത്തുന്നു.

വേദഗ്രന്ഥത്തിൽ മർയമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. അവൾ തന്റെ വീട്ടുകാരിൽ നിന്നകന്ന് കിഴക്ക് ഭാഗത്തുള്ള ഒരു സ്ഥലത്തേക്ക് മാറിത്താമസിച്ച സന്ദർഭം.

എന്നിട്ട് അവർ കാണാതിരിക്കാൻ അവൾ ഒരു മറയുണ്ടാക്കി. അപ്പോൾ നമ്മുടെ ആത്മാവിനെ (ജിബ്‌രീലിനെ) നാം അവളുടെ അടുത്തേക്ക് നിയോഗിച്ചു. അങ്ങനെ അദ്ദേഹം അവളുടെ മുമ്പിൽ തികഞ്ഞ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. **(19/16,17)**

### പതിവ്രതയായ മർയം അല്ലാഹുവിൽ അഭയം തേടുന്നു.

അവൾ പറഞ്ഞു: തീർച്ചയായും നിന്നിൽ നിന്ന് ഞാൻ പരമകാരുണികനിൽ ശരണം പ്രാപിക്കുന്നു. നീ ധർമ്മനിഷ്ഠയുള്ളവനാണെങ്കിൽ (എന്നെ വിട്ട് മാറിപ്പോകൂ.) **(19/18)**

## ഗബ്രിയേൽ മാലാഖ യേശുവിന്റെ തിരുപ്പിറവി അറിയിക്കുന്നു

അദ്ദേഹം (ജിബ്രീൽ) പറഞ്ഞു: പരിശുദ്ധനായ ഒരു ആൺകുട്ടിയെ നിനക്ക് ദാനം ചെയ്യുന്നതിന് വേണ്ടി നിന്റെ രക്ഷിതാവ് അയച്ച ദൂതൻ മാത്രമാകുന്നു ഞാൻ.

അവൾ പറഞ്ഞു: എനിക്കെങ്ങനെ ഒരു ആൺകുട്ടിയുണ്ടാകും? യാതൊരു മനുഷ്യനും എന്നെ സ്പർശിച്ചിട്ടില്ല. ഞാൻ ഒരു ദുർനടപടിക്കാരിയായിട്ടുമില്ല.

അദ്ദേഹം പറഞ്ഞു: (കാര്യം) അങ്ങനെതന്നെയാകുന്നു. അത് തന്നെ സംബന്ധിച്ചിടത്തോളം നിസ്സാരമായ ഒരു കാര്യമാണെന്ന് നിന്റെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. അവനെ (ആ കുട്ടിയെ) മനുഷ്യർക്കൊരു ദൃഷ്ടാന്തവും, നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യവും ആക്കാനും (നാം ഉദ്ദേശിക്കുന്നു.) അത് തീരുമാനിക്കപ്പെട്ട ഒരു കാര്യമാകുന്നു. **(19/19-21)**

## മാലാഖമാരുടെ ശുഭവാർത്ത

മലക്കുകൾ പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക: മർയമേ, തീർച്ചയായും അല്ലാഹു നിനക്ക് അവന്റെ പക്കൽ നിന്നുള്ള ഒരു വചനത്തെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവന്റെ പേർ മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. അവൻ ഇഹത്തിലും പരത്തിലും മഹത്വമുള്ളവനും സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമായിരിക്കും.

തൊട്ടിലിലായിരിക്കുമ്പോഴും മദ്ധ്യവയസ്കനായിരിക്കുമ്പോഴും അവൻ ജനങ്ങളോട് സംസാരിക്കുന്നതാണ്. അവൻ സദ്വൃത്തരിൽ പെട്ടവനുമായിരിക്കും. **(3/45,46)**

## മർയമിന്റെ സംശയം അല്ലാഹു ദൂരീകരിക്കുന്നു.

അവൾ (മർയം) പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്ക് എങ്ങനെയാണ് കുട്ടിയുണ്ടാവുക? എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ലല്ലോ. അല്ലാഹു പറഞ്ഞു: അങ്ങനെ ത്തന്നെയാകുന്നു. താൻ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു. **(3/47)**

## മർയം യേശുവിനെ ഗർഭം ധരിക്കുന്നു.

അങ്ങനെ അവനെ ഗർഭം ധരിക്കുകയും, എന്നിട്ട് അതുമായി അവൾ അകലെ ഒരു സ്ഥലത്ത് മാറിത്താമസിക്കുകയും ചെയ്തു. **(19/22)**

### വീണ്ടും അത്ഭുതങ്ങൾ

അങ്ങനെ പ്രസവവേദന അവളെ ഒരു ഈന്തപ്പന മരത്തിന്റെ അടുത്തേക്ക് കൊണ്ട് വന്നു. അവൾ പറഞ്ഞു: ഞാൻ ഇതിന് മുമ്പ് തന്നെ മരിക്കുകയും, പാടെ വിസ്മരിച്ച് തള്ളപ്പെട്ടവളാകുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നേനേ!

ഉടനെ അവളുടെ താഴ്ഭാഗത്ത് നിന്ന് (ഒരാൾ) വിളിച്ചുപറഞ്ഞു: നീ വ്യസനിക്കേണ്ട, നിന്റെ താഴ്ഭാഗത്ത് ഒരു അരുവി ഉണ്ടാക്കി തന്നിരിക്കുന്നു.

നീ ഈന്തപ്പനമരം നിന്റെ അടുക്കലേക്ക് പിടിച്ചുകുലുക്കിക്കൊള്ളുക. അത് നിനക്ക് പാകമായ ഈന്തപ്പഴം വീഴ്ത്തിത്തരുന്നതാണ്. (19/23-25)

### മർയമിന്റെ മൗനവ്രതം

അങ്ങനെ നീ തിന്നുകയും കുടിക്കുകയും കണ്ണുകുളിർത്തിരിക്കുകയും ചെയ്യുക. ഇനി നീ മനുഷ്യരിൽ ആരെയെങ്കിലും കാണുന്ന പക്ഷം ഇപ്രകാരം പറഞ്ഞേക്കുക: പരമകാരുണികന് വേണ്ടി ഞാൻ ഒരു വ്രതം നേർന്നിരിക്കയാണ് അതിനാൽ ഇന്നു ഞാൻ ഒരു മനുഷ്യനോടും സംസാരിക്കുകയില്ല തന്നെ. (19/26)

### മർയം കുഞ്ഞിനെയും കൊണ്ട് നാട്ടുകാരിലേക്ക്

അനന്തരം അവനെ (കുട്ടിയെ) യും വഹിച്ചുകൊണ്ട് അവൾ തന്റെ ആളുകളുടെ അടുത്ത് ചെന്നു.... (19/27)

### മർയമിനെതിരെ നാട്ടുക്കാരുടെ വ്യഭിചാരാരോപണം

അനന്തരം അവനെ (കുട്ടിയെ) യും വഹിച്ചുകൊണ്ട് അവൾ തന്റെ ആളുകളുടെ അടുത്ത് ചെന്നു. അവർ പറഞ്ഞു: മർയമേ, ആക്ഷേപകരമായ ഒരു കാര്യം തന്നെയാകുന്നു നീ ചെയ്തിരിക്കുന്നത്.

ഹേ; ഹാറൂന്റെ സഹോദരീ, നിന്റെ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല. നിന്റെ മാതാവ് ഒരു ദുർനടപടിക്കാരിയുമായിരുന്നില്ല (19/27 ,28)

### മാതാവിന്റെ ചാരിത്ര്യ ശുദ്ധി ചോദ്യം ചെയ്തവർക്ക് ഉണ്ണിയേശുവിലൂടെ അത്ഭുതം

അപ്പോൾ അവൾ അവന്റെ (കുട്ടിയുടെ) നേരെ ചൂണ്ടിക്കാണിച്ചു. അവർ പറഞ്ഞു: തൊട്ടിലിലുള്ള ഒരു കുട്ടിയോട് ഞങ്ങൾ എങ്ങനെ സംസാരിക്കും?

അവൻ (കുട്ടി) പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു.

ഞാൻ എവിടെയായിരുന്നാലും എന്നെ അവൻ അനുഗൃഹീതനാക്കി

യിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു. (അവൻ എന്നെ) എന്റെ മാതാവിനോട് നല്ല നിലയിൽ പെരുമാറുന്നവനും (ആക്കിയിരിക്കുന്നു.) അവൻ എന്നെ നിഷ്ഠൂരനും ഭാഗ്യം കെട്ടവനുമാക്കിയിട്ടില്ല.

ഞാൻ ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും എന്റെ മേൽ ശാന്തി ഉണ്ടായിരിക്കും. (19/29-33)

# യേശുക്രിസ്തുവിന്റെ ദിവ്യത്വം

## യേശു ദൈവമല്ല

മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. (നബിയേ,) പറയുക: മർയമിന്റെ മകൻ മസീഹിനെയും അദ്ദേഹത്തിന്റെ മാതാവിനെയും, ഭൂമിയിലുള്ള മുഴുവൻ പേരെയും അല്ലാഹു നശിപ്പിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ അവന്റെ വല്ല നടപടിയിലും സ്വാധീനം ചെലുത്താൻ ആർക്കാണ് കഴിയുക? ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയ്ക്കിടയിലുള്ളതിന്റെയും എല്ലാം ആധിപത്യം അല്ലാഹുവിന്നത്രെ. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ (5/17)

മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ് (5:72)

## യേശു ദൈവപുത്രനല്ല.

ഉസൈർ (എസ്രാ പ്രവാചകൻ) ദൈവപുത്രനാണെന്ന് യഹൂദൻമാർ പറഞ്ഞു. മസീഹ് (മിശിഹാ) ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞു. അതവരുടെ വായ കൊണ്ടുള്ള വാക്ക് മാത്രമാണ്. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനെ അവർ അനുകരിക്കുകയാകുന്നു. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു എങ്ങനെയാണവർ തെറ്റിക്കപ്പെടുന്നത്?

അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും മർയമിന്റെ മകനായ മസീഹിനെയും അല്ലാഹുവിന് പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാൽ ഏകദൈവത്തെ ആരാധിക്കാൻ മാത്രമായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധൻ! (9/30,31)

പരമകാരുണികൻ ഒരു സന്താനത്തെ സ്വീകരിച്ചിട്ടുണ്ടെന്ന് അവർ പറഞ്ഞിരിക്കുന്നു. (അപ്രകാരം പറയുന്നവരേ,) തീർച്ചയായും നിങ്ങൾ ചെയ്തിരിക്കുന്നത് ഗുരുതരമായ ഒരു കാര്യമാകുന്നു.

അത് നിമിത്തം ആകാശങ്ങൾ പൊട്ടിപ്പിളരുകയും, ഭൂമി വിണ്ടുകീറുകയും, പർവ്വതങ്ങൾ തകർന്ന് വീഴുകയും ചെയ്യുമാറാകും. (അതെ,) പരമകാരുണികന് സന്താനമുണ്ടെന്ന് അവർ വാദിച്ചത് നിമിത്തം.

സന്താനത്തെ സ്വീകരിക്കുക എന്നത് പരമകാരുണികന് അനുയോജ്യമാവുകയില്ല.

ആകാശങ്ങളിലും ഭൂമിയിലുമുള്ള ഏതൊരാളും ഒരു ദാസനെന്ന നിലയിൽ പരമകാരുണികന്റെ അടുത്ത് വരുന്നവൻ മാത്രമായിരിക്കും. (19/88-93)

അവർ പറയുന്നു: അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്ന്. അവനെത്ര പരിശുദ്ധൻ! അങ്ങനെയല്ല, ആകാശഭൂമികളിലുള്ളതെല്ലാം തന്നെ അവന്റേതാകുന്നു. എല്ലാവരും അവന്ന് കീഴ്പെട്ടിരിക്കുന്നവരാകുന്നു

ആകാശങ്ങളെയും ഭൂമിയെയും മുൻ മാതൃകയില്ലാതെ നിർമിച്ചവനത്രെ അവൻ. അവനൊരു കാര്യം തീരുമാനിച്ചാൽ ഉണ്ടാകൂ എന്ന് പറയുക മാത്രമേ വേണ്ടതുള്ളൂ. ഉടനെ അതുണ്ടാകുന്നു. (2/116, 117)

## ത്രിയേകത്വ ദൈവമല്ല

അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും.

ആകയാൽ അവർ അല്ലാഹുവിലേക്ക് ഖേദിച്ചുമടങ്ങുകയും, അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.

മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവർ ഇരുവരും ഭക്ഷണംകഴിക്കുന്നവരായിരുന്നു. നോക്കൂ; എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നതെന്ന്. (5/72-75)

വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമി

ലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അത് കൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നൻമയ്ക്കായി നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റെതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി. **(4/171)**

### യേശു ക്രിസ്തുവിന് പ്രാർത്ഥനകേൾക്കാനോ ഉപകാരോപദ്രവമോ ചെയ്യാൻ കഴിയില്ല.

മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവർ ഇരുവരും ഭക്ഷണംകഴിക്കുന്നവരായിരുന്നു. നോക്കൂ; എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നതെന്ന്

(നബിയേ,) പറയുക: അല്ലാഹുവെ കൂടാതെ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്ത വസ്തുക്കളെയാണോ നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവാകട്ടെ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. **(5/75,76)**

### തന്നെ ആരാധിക്കണമെന്ന് യേശു ക്രിസ്തു പറഞ്ഞിട്ടില്ല.

അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക.) മർയമിന്റെ മകൻ ഈസാ, അല്ലാഹുവിന് പുറമെ എന്നെയും, എന്റെ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ. എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരു അവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ

നീ എന്നോട് കൽപിച്ച കാര്യം അഥവാ എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കണം എന്ന കാര്യം മാത്രമേ ഞാനവരോട് പറഞ്ഞിട്ടുള്ളൂ. ഞാൻ അവർക്കിടയിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെ മേൽ സാക്ഷിയായിരുന്നു. പിന്നീട് നീ എന്നെ പൂർണ്ണമായി ഏറ്റെടുത്തപ്പോൾ നീ തന്നെയായിരുന്നു അവരെ നിരീക്ഷിച്ചിരുന്നവൻ. നീ എല്ലാകാര്യത്തിനും സാക്ഷിയാകുന്നു. **(5/116, 117)**

## പ്രവാചകൻമാർ ദൈവനിഷേധം പഠിപ്പിക്കുകയില്ല.

അല്ലാഹു ഒരു മനുഷ്യന് വേദവും മതവിജ്ഞാനവും പ്രവാചകത്വവും നൽകുകയും, എന്നിട്ട് അദ്ദേഹം ജനങ്ങളോട് നിങ്ങൾ അല്ലാഹുവെ വിട്ട് എന്റെ ദാസൻമാരായിരിക്കുവിൻ എന്ന് പറയുകയും ചെയ്യുക എന്നത് ഉണ്ടാകാവുന്നതല്ല. എന്നാൽ നിങ്ങൾ വേദഗ്രന്ഥം പഠിപ്പിച്ചുകൊണ്ടിരിക്കുന്നതിലൂടെയും, പഠിച്ച് കൊണ്ടിരിക്കുന്നതിലൂടെയും ദൈവത്തിന്റെ നിഷ്കളങ്ക ദാസൻമാരായിരിക്കണം (എന്നായിരിക്കും അദ്ദേഹം പറയുന്നത്.)

മലക്കുകളെയും പ്രവാചകൻമാരെയും നിങ്ങൾ രക്ഷിതാക്കളായി സ്വീകരിക്കണമെന്ന് അദ്ദേഹം നിങ്ങളോട് കൽപക്കുകയുമില്ല. നിങ്ങൾ മുസ്ലിംകളായിക്കഴിഞ്ഞതിന് ശേഷം അവിശ്വാസം സ്വീകരിക്കാൻ അദ്ദേഹം നിങ്ങളോട് കൽപിക്കുമെന്നാണോ (നിങ്ങൾ കരുതുന്നത്?) **( 3 /79,80)**

## അല്ലാഹു ഏകനും അദ്വിതീയനും

നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു.

അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു.

അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല

അവന്ന് തുല്യനായി ആരും ഇല്ലതാനും. **(112/1-4)**

ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ? **(19/65)**

നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻ പരമകാരുണികനും കരുണാനിധിയുമത്രെ. **(2:163)**

അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ടവൻ നിങ്ങൾക്ക് ഉപജീവനം നൽകി. പിന്നെ നിങ്ങളെ അവൻ മരിപ്പിക്കുന്നു. പിന്നീട് അവൻ നിങ്ങളെ ജീവിപ്പിക്കുകയും ചെയ്യും. അതിൽ പെട്ട ഏതെങ്കിലും ഒരു കാര്യം ചെയ്യുന്ന വല്ലവരും നിങ്ങൾ പങ്കാളികളാക്കിയവരുടെ കൂട്ടത്തിലുണ്ടോ? അവൻ എത്രയോ പരിശുദ്ധൻ. അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു. **( 30/40)**

നിങ്ങളുടെ ദൈവം അല്ലാഹു മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവന്റെ അറിവ് എല്ലാകാര്യത്തേയും ഉൾകൊള്ളാൻ മാത്രം വിശാലമായിരിക്കുന്നു. **( 20/98)**

അപ്പോൾ ആകാശങ്ങളുടെ രക്ഷിതാവും ഭൂമിയുടെ രക്ഷിതാവും ലോകരുടെ രക്ഷിതാവുമായ അല്ലാഹുവിനാണ് സ്തുതി.

ആകാശങ്ങളിലും ഭൂമിയിലും അവന്നു തന്നെയാകുന്നു മഹത്വം. അവൻ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും. (45/36,37)

. 6)....അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു. (42/11)

# യേശുക്രിസ്തുവിനെ അറിയുക

### യേശു അല്ലാഹുവിന്റെ അടിമ

അദ്ദേഹം നമ്മുടെ ഒരു ദാസൻ മാത്രമാകുന്നു. അദ്ദേഹത്തിന് നാം അനുഗ്രഹം നൽകുകയും അദ്ദേഹത്തെ ഇസ്രായീൽ സന്തതികൾക്ക് നാം ഒരു മാതൃകയാക്കുകയും ചെയ്തു. (43/59)

അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ മസീഹ് ഒരിക്കലും വൈമനസ്യം കാണിക്കുന്നതല്ല. (അല്ലാഹുവിന്റെ) സാമീപ്യം സിദ്ധിച്ച മലക്കുകളും (വൈമനസ്യം കാണിക്കുന്നതല്ല.) അവനെ (അല്ലാഹുവെ) ആരാധിക്കുന്നതിൽ ആർ വൈമനസ്യം കാണിക്കുകയും, അഹംഭാവം നടിക്കുകയും ചെയ്യുന്നുവോ അവരെ മുഴുവനും അവൻ തന്റെ അടുക്കലേക്ക് ഒരുമിച്ചുകൂട്ടുന്നതാണ്. (4/172)

അവൻ (കുട്ടിയായ യേശു) പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു. (19/30)

ആകാശങ്ങളിലും ഭൂമിയിലുമുള്ള ഏതൊരാളും ഒരു ദാസനെന്ന നിലയിൽ പരമകാരുണികന്റെ അടുത്ത് വരുന്നവൻ മാത്രമായിരിക്കും. (19/93)

### യേശു അല്ലാഹുവിന്റെ സൃഷ്ടി

മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. (നബിയേ,) പറയുക: മർയമിന്റെ മകൻ മസീഹിനെയും അദ്ദേഹത്തിന്റെ മാതാവിനെയും, ഭൂമിയിലുള്ള മുഴുവൻ പേരെയും അല്ലാഹു നശിപ്പിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ അവന്റെ വല്ല നടപടിയിലും സ്വാധീനം ചെലുത്താൻ ആർക്കാണ് കഴിയുക? ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയ്ക്കിടയിലുള്ളതിന്റെയും എല്ലാം ആധിപത്യം അല്ലാഹുവിന്നത്രെ. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ. (5/17)

### യേശു മനുഷ്യനായ ദൈവദൂതൻ

മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹ

ത്തിന് മുമ്പ് ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവർ ഇരുവരും ഭക്ഷണംകഴിക്കുന്നവരായിരുന്നു. നോക്കൂ; എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നതെന്ന്. **(5/75)**

### യേശു സദ് വൃത്തനായ ദൈവദാസൻ

....അവന്റെ പേർ മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. അവൻ ഇഹത്തിലും പരത്തിലും മഹത്വമുള്ളവനും സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമായിരിക്കും.

തൊട്ടിലിലായിരിക്കുമ്പോഴും മദ്ധ്യവയസ്കനായിരിക്കുമ്പോഴും അവൻ ജനങ്ങളോട് സംസാരിക്കുന്നതാണ്. അവൻ സദ്വൃത്തരിൽ പെട്ടവനുമായിരിക്കും. **(3/45,46)**

### യേശു ഇസ്ലാമിന്റെ പ്രവാചകൻ

മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും, (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു.... **(2/213)**

അദ്ദേഹത്തിന് (ഇബ്റാഹിമിന്) നാം ഇസഹാഖിനെയും യഅ്ഖൂബിനെയും നൽകുകയും ചെയ്തു. അവരെയെല്ലാം നാം നേർവഴിയിലാക്കിയിരിക്കുന്നു. അദ്ദേഹത്തിന് മുമ്പ് നൂഹിനെയും നാം നേർവഴിയിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സന്താനങ്ങളിൽ നിന്ന് ദാവൂദിനെയും സുലൈമാനെയും അയ്യൂബിനെയും യൂസുഫിനെയും മൂസായെയും ഹാറൂനെയും (നാം നേർവഴിയിലാക്കി.) അപ്രകാരം സദ്വൃത്തർക്ക് നാം പ്രതിഫലം നൽകുന്നു.

സകരിയ്യാ, യഹ്യാ, ഈസാ, ഇൽയാസ് എന്നിവരെയും (നേർവഴിയിലാക്കി.) അവരെല്ലാം സജ്ജനങ്ങളിൽ പെട്ടവരത്രെ.

ഇസ്മാഈൽ, അൽയസഅ്, യൂനുസ്, ലൂത്വ് എന്നിവരെയും (നേർവഴിയിലാക്കി.) അവരെല്ലാവരെയും നാം ലോകരിൽ വെച്ച് ശ്രേഷ്ഠരാക്കിയിരിക്കുന്നു. **(6/84-86)**

അല്ലാഹു അനുഗ്രഹം നൽകിയിട്ടുള്ള പ്രവാചകൻമാരത്രെ അവർ. ആദമിന്റെ സന്തതികളിൽ പെട്ടവരും, നൂഹിനോടൊപ്പം നാം കപ്പലിൽ കയറ്റിയവരിൽപെട്ടവരും ഇബ്രാഹീമിന്റെയും ഇസ്രായീലിന്റെയും സന്തതികളിൽ പെട്ടവരും, നാം നേർവഴിയിലാക്കുകയും പ്രത്യേകം

തെരഞ്ഞെടുക്കുകയും ചെയ്തവരിൽ പെട്ടവരുമത്രെ അവർ. പരമ കാരുണികന്റെ തെളിവുകൾ അവർക്ക് വായിച്ചുകേൾപിക്കപ്പെടുന്ന പക്ഷം പ്രണമിക്കുന്നവരും കരയുന്നവരുമായി ക്കൊണ്ട് അവര് താഴെ വീഴുന്നതാണ്. **(19/58)**

അവരെ നാം നമ്മുടെ കൽപനപ്രകാരം മാർഗദർശനം നൽകുന്ന നേതാക്കളാക്കുകയും ചെയ്തു. നല്ല കാര്യങ്ങൾ ചെയ്യണമെന്നും, നമസ്കാരം മുറപോലെ നിർവഹിക്കണമെന്നും, സകാത്ത് നൽകണമെന്നും നാം അവർക്ക് ബോധനം നൽകുകയും ചെയ്തു. നമ്മെയായിരുന്നു അവർ ആരാധിച്ചിരുന്നത്. **(21/73)**

**....**തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു. **(21/90)**

### യേശു ദൃഢമനസ്ക്കരായ അഞ്ച് ദൂതന്മാരിൽ ഒരാൾ

നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്രാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം - നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക. എന്നകാര്യം - അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു.. ... **(42/13)**

### യേശു ധാർമികരോഷമുള്ള പ്രബോധകൻ

ഇസ്രായീൽ സന്തതികളിലെ സത്യനിഷേധികൾ ദാവൂദിന്റെയും, മർയമിന്റെ മകൻ ഈസായുടെയും നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു. അവർ അനുസരണക്കേട് കാണിക്കുകയും, അതിക്രമം കൈക്കൊള്ളുകയും ചെയ്തതിന്റെ ഫലമത്രെ അത്. അവർ ചെയ്തിരുന്ന ദുരാചാരത്തെ അവർ അന്യോന്യം തടയുമായിരുന്നില്ല.അവർ ചെയ്ത് കൊണ്ടിരുന്നത് വളരെ ചീത്ത തന്നെ. **(5/78,79)**

### യേശു ക്രിസ്തു ആദമിനെ പോലെ ഉണ്ടാകുക എന്ന ദൈവ വാക്യത്താൽ സൃഷ്ടിക്കപ്പെട്ടു

അല്ലാഹുവെ സംബന്ധിച്ചിടത്തോളം ഈസായെ ഉപമിക്കാവുന്നത് ആദമിനോടാകുന്നു. അവനെ (അവന്റെ രൂപം) മണ്ണിൽ നിന്നും അവൻ സൃഷ്ടിച്ചു. പിന്നീട് അതിനോട് ഉണ്ടാകൂ എന്ന് പറഞ്ഞപ്പോൾ അവൻ (ആദം) അതാ ഉണ്ടാകുന്നു. **(3/59)**

## യേശു വചനവും ആത്മാവും

വേദക്കാരേ, നിങ്ങള്‍ മതകാര്യത്തില്‍ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരില്‍ വാസ്തവമല്ലാതെ നിങ്ങള്‍ പറയുകയും ചെയ്യരുത്. മര്‍യമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മര്‍യമിലേക്ക് അവന്‍ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കല്‍ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അത് കൊണ്ട് നിങ്ങള്‍ അല്ലാഹുവിലും അവന്റെ ദൂതന്‍മാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങള്‍ പറയരുത്. നിങ്ങളുടെ നന്‍മയ്ക്കായി നിങ്ങള്‍ (ഇതില്‍ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യന്‍ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതില്‍ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. കൈകാര്യകര്‍ത്താവായി അല്ലാഹു തന്നെ മതി. (4/171)

## യേശു അന്ത്യനാളിന്റെ അടയാളം

തീര്‍ച്ചയായും അദ്ദേഹം അന്ത്യസമയത്തിന്നുള്ള ഒരു അറിയിപ്പാകുന്നു. അതിനാല്‍ അതിനെ (അന്ത്യസമയത്തെ) പ്പറ്റി നിങ്ങള്‍ സംശയിച്ചു പോകരുത്. എന്നെ നിങ്ങള്‍ പിന്തുടരുക. ഇതാകുന്നു നേരായ പാത. (43/61)

## യേശു ദൈവികദൃഷ്ടാന്തം

മര്‍യമിന്റെ പുത്രനെയും അവന്റെ മാതാവിനെയും നാം ഒരു ദൃഷ്ടാന്തമാക്കിയിരിക്കുന്നു. നിവാസയോഗ്യമായതും ഒരു നീരുറവുള്ളതുമായ ഒരു ഉയര്‍ന്ന പ്രദേശത്ത് അവര്‍ ഇരുവര്‍ക്കും നാം അഭയം നല്‍കുകയും ചെയ്തു. (23/50)

## യേശുവിന് പരിശുദ്ധാത്മാവിന്റെ പിന്‍ബലം

ആ ദൂതന്‍മാരില്‍ ചിലര്‍ക്ക് നാം മറ്റു ചിലരെക്കാള്‍ ശ്രേഷ്ഠത നല്‍കിയിരിക്കുന്നു. അല്ലാഹു (നേരില്‍) സംസാരിച്ചിട്ടുള്ളവര്‍ അവരിലുണ്ട്. അവരില്‍ ചിലരെ അവന്‍ പല പദവികളിലേക്ക് ഉയര്‍ത്തിയിട്ടുമുണ്ട്. മര്‍യമിന്റെമകന്‍ ഈസായ്ക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങള്‍ നല്‍കുകയും, പരിശുദ്ധാത്മാവ് മുഖേന അദ്ദേഹത്തിന് നാം പിന്‍ബലം നല്‍കുകയും ചെയ്തിട്ടുണ്ട്. (2/253)

## യേശു യോഹന്നാന്‍ സ്നാപകനാല്‍ സത്യപ്പെടുത്തപ്പെട്ടു.

അവിടെ വെച്ച് സകരിയ്യ തന്റെ രക്ഷിതാവിനോട് പ്രാര്‍ത്ഥിച്ചു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കല്‍ നിന്ന് ഒരു ഉത്തമ സന്താനത്തെ നല്‍കേണമേ. തീര്‍ച്ചയായും നീ പ്രാര്‍ത്ഥന കേള്‍ക്കുന്നവനാണല്ലോ എന്ന് അദ്ദേഹം പറഞ്ഞു.

അങ്ങനെ അദ്ദേഹം മിഹ്റാബിൽ പ്രാർത്ഥിച്ചു കൊണ്ട് നിൽക്കുമ്പോൾ മലക്കുകൾ അദ്ദേഹത്തെ വിളിച്ചുകൊണ്ടു പറഞ്ഞു: യഹ്‌യാ (എന്ന കുട്ടി) യെപ്പറ്റി അല്ലാഹു നിനക്ക് സന്തോഷവാർത്ത അറിയിക്കുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള ഒരു വചനത്തെ (ഈസയെ) ശരിവെക്കുന്ന വനും നേതാവും ആത്മനിയന്ത്രണമുള്ളവനും സദ്‌വൃത്തരിൽ പെട്ട ഒരു പ്രവാചകനും ആയിരിക്കും അവൻ. **(3/38,39)**

### യേശു ഇസ്‌റായേൽ ജനതയിലേക്ക് ദൂതനായി വന്നു

**....**അവന് (ഈസാക്ക്) അല്ലാഹു ഗ്രന്ഥവും ജ്ഞാനവും തൌറാത്തും ഇൻജീലും പഠിപ്പിക്കുകയും ചെയ്യും.

ഇസ്രായീൽ സന്തതികളിലേക്ക് (അവനെ) ദൂതനായി നിയോഗിക്കു കയും ചെയ്യും..... **( 3/48,49)**

### മോശെ പ്രവാചകന്റെ ന്യായപ്രമാണം സത്യപ്പെടുത്തി

എന്റെ മുമ്പിലുള്ള തൌറാത്തിനെ സത്യപ്പെടുത്തുന്നവനായി ക്കൊണ്ടും നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ ചിലത് നിങ്ങൾക്ക് അനുവദിച്ചു തരുവാൻ വേണ്ടിയുമാകുന്നു (ഞാൻ നിയോഗി ക്കപ്പെട്ടിട്ടുള്ളത്). നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ദൃഷ്ടാന്തവും നിങ്ങൾക്ക് ഞാൻ കൊണ്ടു വന്നിരിക്കുന്നു. ആകയാൽ നിങ്ങൾ അല്ലാ ഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. **(3/50)**

### ദൈവത്തിന്റെ സുവിശേഷം പഠിപ്പിച്ചു

അവരെ (ആ പ്രവാചകൻമാരെ) ത്തുടർന്ന് അവരുടെ കാൽപാടു കളിലായിക്കൊണ്ട് മർയമിന്റെ മകൻ ഈസായെ തന്റെ മുമ്പിലുള്ള തൌറാത്തിനെ ശരിവെക്കുന്നവനായിക്കൊണ്ട് നാം നിയോഗിച്ചു. സൻമാർഗനിർദേശവും, സത്യപ്രകാശവും അടങ്ങിയ ഇൻജീലും അദ്ദേഹത്തിന് നാം നൽകി. അതിന്റെ മുമ്പിലുള്ള തൌറാത്തിനെ ശരിവെക്കുന്നതും, സൂക്ഷ്മത പാലിക്കുന്നവർക്ക് സദുപദേശവുമത്രെ അത്. **(5/46)**

പിന്നീട് അവരുടെ പിന്നിലായി നാം നമ്മുടെ ദൂതൻമാരെ തുടർന്നയച്ചു. മർയമിന്റെ മകൻ ഈസായെയും നാം തുടർന്നയച്ചു. അദ്ദേഹത്തിന് നാം ഇൻജീൽ നൽകുകയും ചെയ്തു. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം കൃപയും കരുണയും ഉണ്ടാക്കി.... **(57/27)**

### മുഹമ്മദ് നബിﷺയുടെ വരവിനെ കുറിച്ച് സന്തോഷ വാർത്ത അറിയിച്ചു

മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു:) ഇസ്രായീൽ സന്തതികളേ, എനിക്കു മുമ്പുള്ള തൌറാത്തിനെ സത്യ

പ്പെടുത്തുന്നവനായിക്കൊണ്ടും, എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നുപേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവ നായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗി ക്കപ്പെട്ടവനാകുന്നു ഞാൻ...... **(61/6)**

## യേശു ഏകദൈവ വിശ്വാസത്തിലേക്ക് ഇസ്റായേല്യരെ വിളിച്ചു

(ഈസാ പറഞ്ഞു:) തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെ യും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതത്രെ നേരെയുള്ള മാർഗം. **(19/36)**

## യേശു ഏക സത്യ ദൈവമായ അല്ലാഹുവോട് മാത്രം പ്രാർത്ഥിച്ചു.

മർയമിന്റെ മകൻ ഈസാ പറഞ്ഞു:(പ്രാർത്ഥിച്ചു) ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, ഞങ്ങൾക്ക് നീ ആകാശത്ത് നിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ. ഞങ്ങൾക്ക്, ഞങ്ങളിലെ ആദ്യ ത്തിലുള്ളവന്നും, അവസാനത്തിലുള്ളവന്നും ഒരു പെരുന്നാളും, നിന്റെ പക്കൽ നിന്നുള്ള ഒരു ദൃഷ്ടാന്തവുമായിരിക്കണം അത്. ഞങ്ങൾക്ക് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. നീ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ. **(5/114)**

## യേശു ബഹുദൈവ വിശ്വാസത്തിന്റെ ഗൗരവം മനുഷ്യരെ ബോധ്യപ്പെടുത്തി

...എന്നാൽ മസീഹ് പറഞ്ഞത്; ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവി ൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ്. **(5/72)**

## യേശു നമസ്ക്കാരവും നിർബന്ധദാനവുമടക്കമുള്ള ആരാധനാനുഷ്ഠാനങ്ങൾ നിർവ്വഹിച്ചു

ഞാൻ എവിടെയായിരുന്നാലും എന്നെ അവൻ അനുഗൃഹീതനാക്കി യിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കുവാ നും സകാത്ത് നൽകുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു. **(19/31)**

## യേശു മാതാവിന് നന്മ ചെയ്ത് നല്ല മകനായി ജീവിച്ചു

അവൻ(അല്ലാഹു) (എന്നെ) എന്റെ മാതാവിനോട് നല്ല നിലയിൽ പെരുമാറുന്നവനും (ആക്കിയിരിക്കുന്നു.) അവൻ എന്നെ നിഷ്ഠൂരനും ഭാഗ്യം കെട്ടവനുമാക്കിയിട്ടില്ല. **(19/32)**

## യേശു അല്ലാഹുവിന്റെ അനുമതി പ്രകാരം അത്ഭുത പ്രവർത്തികൾ ചെയ്തു

ഇസ്രായീൽ സന്തതികളിലേക്ക് (അവനെ) ദൂതനായി നിയോഗിക്കുകയും ചെയ്യും. അവൻ അവരോട് പറയും:) നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ദൃഷ്ടാന്തവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. പക്ഷിയുടെ ആകൃതിയിൽ ഒരു കളിമൺ രൂപം നിങ്ങൾക്കു വേണ്ടി ഞാൻ ഉണ്ടാക്കുകയും, എന്നിട്ട് ഞാനതിൽ ഊതുമ്പോൾ അല്ലാഹുവിന്റെ അനുവാദപ്രകാരം അതൊരു പക്ഷിയായി തീരുകയും ചെയ്യും. അല്ലാഹുവിന്റെ അനുവാദപ്രകാരം ജൻമനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും ഞാൻ സുഖപ്പെടുത്തുകയും, മരിച്ചവരെ ഞാൻ ജീവിപ്പിക്കുകയും ചെയ്യും. നിങ്ങൾ തിന്നുതിനെപ്പറ്റിയും, നിങ്ങൾ നിങ്ങളുടെ വീടുകളിൽ സൂക്ഷിച്ചു വെക്കുന്നതിനെപ്പറ്റിയും ഞാൻ നിങ്ങൾക്ക് പറഞ്ഞറിയിച്ചു തരികയും ചെയ്യും. തീർച്ചയായും അതിൽ നിങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്; നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ. (3/49)

## മർയമിന്റെ മകൻ ഈസാ എന്ന പേരിൽ അറിയപ്പെട്ടു.

അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക.) മർയമിന്റെ മകൻ ഈസാ,... (5/116)

ഹവാരികൾ (അപ്പോസ്തലൻമാർ) പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക: മർയമിന്റെ മകനായ ഈസ " '...... (5/112)

മലക്കുകൾ പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക: മർയമേ, തീർച്ചയായും അല്ലാഹു നിനക്ക് അവന്റെ പക്കൽ നിന്നുള്ള ഒരു വചനത്തെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവന്റെ പേർ മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. (3/45)

## യേശു വ്യഭിചാരപുത്രനല്ല

അവരുടെ (യഹൂദരുടെ)സത്യനിഷേധം കാരണമായും മർയമിന്റെ പേരിൽ അവർ ഗുരുതരമായ അപവാദം പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു) (4/156)

## യേശുവിനെ ക്രൂശിച്ചിട്ടുമില്ല

അല്ലാഹുവിന്റെ ദൂതനായ, മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു.) വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷെ (യാഥാർത്ഥ്യം) അവർക്ക് തിരിച്ചറിയാതാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ (ഈസായുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക്

അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല. (4/157)

### ഇതാണ് ഖുർആൻ പരിചയപ്പെടുത്തുന്ന യേശു ക്രിസ്തു

അതത്രെ മർയമിന്റെ മകനായ ഈസാ അവർ ഏതൊരു വിഷയത്തിൽ തർക്കിച്ച് കൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റിയുള്ള യഥാർത്ഥമായ വാക്കത്രെ ഇത്.(19/34)

തീർച്ചയായും ഇത് യഥാർത്ഥമായ സംഭവ വിവരണമാകുന്നു. അല്ലാഹുവല്ലാതെ യാതൊരു ദൈവവും ഇല്ല തന്നെ. തീർച്ചയായും അല്ലാഹു തന്നെയാകുന്നു പ്രതാപവാനും യുക്തിമാനും. (3/62)

ഏഴ്

# യേശു ക്രിസ്തുവിന്റെ അപ്പോസ്തലൻമാർ

**അല്ലാഹുവിലും ദൂതനായ യേശുവിലും വിശ്വസിച്ച മുസ്ലിംകളായിരുന്നു അവർ**

നിങ്ങൾ എന്നിലും എന്റെ ദൂതനിലും വിശ്വസിക്കൂ എന്ന് ഞാൻ ഹവാരികൾക്ക് ബോധനം നൽകിയ സന്ദർഭത്തിലും. അവർ പറഞ്ഞു: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ മുസ്ലിംകളാണെന്നതിന് നീ സാക്ഷ്യം വഹിച്ച് കൊള്ളുക.(5/111)

ഹവാരികൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന് താങ്കൾ സാക്ഷ്യം വഹിക്കുകയും ചെയ്യണം (3/52)

**യേശുവിന്റെ വിശ്വസ്തരായ അനുയായികളും സഹായികളുമായിരുന്നു ഹവാരികൾ**

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളായിരിക്കുക. മർയമിന്റെ മകൻ ഈസാ അല്ലാഹുവിങ്കലേക്കുള്ള മാർഗത്തിൽ എന്റെ സഹായികളായി ആരുണ്ട് എന്ന് ഹവാരികളോട് ചോദിച്ചതു പോലെ. ഹവാരികൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. അപ്പോൾ ഇസ്രായീൽ സന്തതികളിൽ പെട്ട ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. എന്നിട്ട് വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിനെതിരിൽ നാം പിൻബലം നൽകുകയും അങ്ങനെ അവൻ മികവുറ്റവരായിത്തീരുകയും ചെയ്തു. (61/14)

എന്നിട്ട് ഈസായ്ക്ക് അവരുടെ നിഷേധസ്വഭാവം ബോധ്യമായപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിങ്കലേക്ക് എന്റെ സഹായികളായി ആരുണ്ട്? ഹവാരികൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന് താങ്കൾ സാക്ഷ്യം വഹിക്കുകയും ചെയ്യണം.(3/52)

**അപ്പോസ്തലർ വിശ്വസിച്ചത് യേശു ദൈവപുത്രനാണെന്നല്ല. മർയമിന്റെ**

**പുത്രനാണെന്നായിരുന്നു.**

ഹവാരികൾ പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക: മർയമിന്റെ മകനായ ഈസാ,..... ( 5/112)

### സ്വന്തം ഇഷ്ടപ്രകാരം യേശുവിന് അത്ഭുതം പ്രവർത്തിക്കാൻ കഴിയില്ലെന്ന് അവർ വിശ്വസിച്ചു.

ഹവാരികൾ പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക: മർയമിന്റെ മകനായ ഈസാ, ആകാശത്തുനിന്ന് ഞങ്ങൾക്ക് ഒരു ഭക്ഷണത്തളിക ഇറക്കിത്തരുവാൻ നിന്റെ രക്ഷിതാവിന് സാധിക്കുമോ? അദ്ദേഹം പറഞ്ഞു: നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവെ സൂക്ഷിക്കുക.

അവർ പറഞ്ഞു: ഞങ്ങൾക്കതിൽ നിന്ന് ഭക്ഷിക്കുവാനും അങ്ങനെ ഞങ്ങൾക്ക് മനസ്സമാധാനമുണ്ടാകുവാനും, താങ്കൾ ഞങ്ങളോട് പറഞ്ഞത് സത്യമാണെന്ന് ഞങ്ങൾക്ക് ബോധ്യമാകുവാനും, ഞങ്ങൾ അതിന് ദൃക്സാക്ഷികളായിത്തീരുവാനുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

മർയമിന്റെ മകൻ ഈസാ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, ഞങ്ങൾക്ക് നീ ആകാശത്ത് നിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ. ഞങ്ങൾക്ക്, ഞങ്ങളിലെ ആദ്യത്തിലുള്ളവന്നും, അവസാനത്തിലുള്ളവന്നും ഒരു പെരുന്നാളും, നിന്റെ പക്കൽ നിന്നുള്ള ഒരു ദൃഷ്ടാന്തവുമായിരിക്കണം അത്. ഞങ്ങൾക്ക് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. നീ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ. ( 5 / 112-114)

### അപ്പോസ്തലർ യേശുവിനെ പോലെ യേശുവിന്റെ ദൈവത്തോട് മാത്രം പ്രാർത്ഥിച്ചു

(യേശുക്രിസ്തു പ്രാർത്ഥിച്ചു)...ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, ഞങ്ങൾക്ക് നീ ആകാശത്ത് നിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ (5/114)

(അപ്പോസ്തലന്മാർ പ്രാർത്ഥിച്ചു.) ...ഞങ്ങളുടെ നാഥാ, നീ അവതരിപ്പിച്ചു തന്നതിൽ ഞങ്ങൾ വിശ്വസിക്കുകയും, (നിന്റെ) ദൂതനെ (ഈസയെ) ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ സാക്ഷ്യം വഹിച്ചവരോടൊപ്പം ഞങ്ങളെ നീ രേഖപ്പെടുത്തേണമേ. (3 /53)

എട്ട്

# യേശു ക്രിസ്തുവിന്റെ മുഖ്യ കൽപന

### എല്ലാ പ്രവാചകൻമാരുടെയും മുഖ്യ പ്രബോധന വിഷയം ഏകദൈവ വിശ്വാസം

ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് (മുഹമ്മദ് നബിക്ക്) മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല. **(21/25)**

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.) **..... (16/36)**

### നൂഹ് നബി ﷺ

നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. തീർച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങൾക്കു (വന്നുഭവിക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു. **(7/59)**

### ഇബ്റാഹിം നബി ﷺ

ഇബ്രാഹീമിനെയും (നാം അയച്ചു,) അദ്ദേഹം തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ.): നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, അവനെ സൂക്ഷിക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ.

നിങ്ങൾ അല്ലാഹുവിന് പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും അവനെ ആരാധിക്കുകയും അവനോട് നന്ദികാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്. **(29/16,17)**

### ഹൂദ് നബി ﷺ

ആദ് ജനതയിലേക്ക് അവരുടെ സഹോദരനായ ഹൂദിനെയും (നാം

നിയോഗിക്കുകയുണ്ടായി.) അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. നിങ്ങൾ കെട്ടിച്ചമച്ച് പറയുന്നവർ മാത്രമാകുന്നു.

എന്റെ ജനങ്ങളേ, ഞാൻ നിങ്ങളോട് ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. എനിക്കുള്ള പ്രതിഫലം എന്നെ സൃഷ്ടിച്ചവൻ തരേണ്ടത് മാത്രമാണ്. നിങ്ങൾ ചിന്തിച്ച് ഗ്രഹിക്കുന്നില്ലേ? **(11/50,50)**

### സ്വാലിഹ് നബി ﷺ

ഥമൂദ് ജനതയിലേക്ക് അവരുടെ സഹോദരനായ സ്വാലിഹിനെയും (നാം നിയോഗിക്കുകയുണ്ടായി.) അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻ നിങ്ങളെ ഭൂമിയിൽ നിന്ന് സൃഷ്ടിച്ച് വളർത്തുകയും നിങ്ങളെ അവിടെ അധിവസിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ നിങ്ങൾ അവനോട് പാപമോചനം തേടുകയും, എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. തീർച്ചയായും എന്റെ രക്ഷിതാവ് അടുത്തു തന്നെയുള്ളവനും (പ്രാർത്ഥനക്ക്) ഉത്തരം നൽകുന്നവനുമാകുന്നു. **(11/61)**

### ശുഐബ് നബി ﷺ

മദ്‌യങ്കാരിലേക്ക് അവരുടെ സഹോദരനായ ശുഐബിനേയും (നാം നിയോഗിക്കുകയുണ്ടായി.) അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. അളവിലും തൂക്കത്തിലും നിങ്ങൾ കുറവ് വരുത്തരുത്. തീർച്ചയായും നിങ്ങളെ ഞാൻ കാണുന്നത് ക്ഷേമത്തിലായിട്ടാണ്. നിങ്ങളെ ആകെ വലയം ചെയ്യുന്ന ഒരു ദിവസത്തെ ശിക്ഷ നിങ്ങളുടെ മേൽ തീർച്ചയായും ഞാൻ ഭയപ്പെടുന്നു. **(11/84)**

നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ കരുണയുള്ളവനും ഏറെ സ്നേഹമുള്ളവനുമത്രെ **(11/90)**

### ഇൽയാസ് നബി ﷺ

ഇൽയാസും ദൂതൻമാരിലൊരാൾ തന്നെ.

അദ്ദേഹം തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?

നിങ്ങൾ ബഅലിനെ വിളിച്ച് പ്രാർത്ഥിക്കുകയും, ഏറ്റവും നല്ല സൃഷ്ടികർത്താവിനെ വിട്ടുകളയുകയുമാണോ?

അഥവാ നിങ്ങളുടെയും നിങ്ങളുടെ പൂർവ്വപിതാക്കളുടെയും രക്ഷിതാവായ അല്ലാഹുവെ. **(37/123-126)**

### യൂസുഫ് നബി ﷺ

ജയിലിലെ രണ്ട് സുഹൃത്തുക്കളേ, വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം; അതല്ല, ഏകനും സർവ്വാധികാരിയുമായ അല്ലാഹുവാണോ?

അവന്നുപുറമെ നിങ്ങൾ ആരാധിക്കുന്നവ നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്തിട്ടുള്ള ചില നാമങ്ങളല്ലാതെ മറ്റൊന്നുമല്ല. അവയെപ്പറ്റി അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ല. വിധികർത്തൃത്വം അല്ലാഹുവിന് മാത്രമാകുന്നു. അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതം അതത്രെ. പക്ഷെ മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല. **(12/39,40)**

### മുഹമ്മദ് നബി ﷺ

എന്തെന്നാൽ അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. തീർച്ചയായും അവങ്കൽ നിന്ന് നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട താക്കീതുകാരനും സന്തോഷവാർത്തക്കാരനുമത്രെ ഞാൻ. **(11/2)**

(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്).... **(3/64)**

### യേശുക്രിസ്തു

വ്യക്തമായ തെളിവുകളും കൊണ്ട് ഈസാ വന്നിട്ട് ഇപ്രകാരം പറഞ്ഞു: തീർച്ചയായും വിജ്ഞാനവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. നിങ്ങൾ അഭിപ്രായഭിന്നത പുലർത്തികൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ചിലത് ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാൻ വേണ്ടിയും. ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

തീർച്ചയായും അല്ലാഹു തന്നെയാകുന്നു എന്റെ രക്ഷിതാവും, നിങ്ങളുടെ രക്ഷിതാവും. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ പാത. **(43/63,64)**

(ഈസാ പറഞ്ഞു:) തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതത്രെ നേരെയുള്ള മാർഗം (19/36)

തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ മാർഗം. ( 3 /51)

...ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. (5/72)

.5)..എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കണം .. (5/114)

മർയമിന്റെ മകൻ ഈസാ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ ... (5 /114)

# ഏക ദൈവ വിശ്വാസം

### ആരാധ്യൻ അല്ലാഹു മാത്രം

തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ദൈവവുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും, എന്നെ ഓർമിക്കുന്നതിനായി നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. (20/14)

### മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചത് അവനെ ആരാധിക്കാനാണ്

ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. (51/56)

### അല്ലാഹുവെ മാത്രം ആരാധിക്കുക

ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്.

നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞ്കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്. (2/ 21, 22)

ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ? (19/65)

### അല്ലാഹു വിനെ സ്നേഹിക്കുക

അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമൻമാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ. .... (2/165)

### അല്ലാഹുവിനെ ഭയപ്പെടുക

.....അവരെ നിങ്ങൾ ഭയപ്പെടുകയാണോ? എന്നാൽ നിങ്ങൾ ഭയപ്പെടാൻ ഏറ്റവും അർഹതയുള്ളത് അല്ലാഹുവെയാണ്; നിങ്ങൾ വിശ്വാസികളാണെങ്കിൽ. (9/13)

### അല്ലാഹുവിനോട് ഭക്തി കാണിക്കുക

അവന്റേതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും. നിരന്തരമായിട്ടുള്ള കീഴ്വണക്കം അവന്ന് മാത്രമാകുന്നു. എന്നിരിക്കെ അല്ലാഹു അല്ലാത്തവരോടാണോ നിങ്ങൾ ഭക്തികാണിക്കുന്നത്? (16/52)

### ഉപമകൾ അരുത്

ആകയാൽ അല്ലാഹുവിനു നിങ്ങൾ ഉപമകൾ പറയരുത്. തീർച്ചയായും അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല. (16/74)

### മനഃശാന്തിക്ക് അല്ലാഹുവിനെ ഓർക്കുക

അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത് (13/28)

### അളവറ്റ അനുഗ്രഹം നൽകുന്നവൻ

....അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല... (14/34)

### ഏറ്റവുമടുത്തവനും മനസ്സുകളറിയുന്നവനും

തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് മന്ത്രിച്ചു കൊണ്ടിരിക്കുന്നത് നാം അറിയുകയും ചെയ്യുന്നു. നാം (അവന്റെ) കണ്ഠനാഡി യെക്കാൾ അവനോട് അടുത്തവനും ആകുന്നു. (50/16)

നിങ്ങളുടെ വാക്ക് നിങ്ങൾ രഹസ്യമാക്കുക. അല്ലെങ്കിൽ പരസ്യമാക്കിക്കൊള്ളുക. തീർച്ചയായും അവൻ (അല്ലാഹു) ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു. സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു. ( 67/13,14)

### തെറ്റുകളും കുറ്റങ്ങളും പൊറുത്തുതരുന്ന പരമ ദയാലു

പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച് പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാ

ശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും. (39/53)

### അല്ലാഹുവോട് മാത്രം പാപമോചനം തേടുക

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം.... (66/8)

### ഭരമേൽപ്പിക്കാൻ അർഹൻ എല്ലാത്തിനും മതിയായവൻ

തന്റെ ദാസന്ന് അല്ലാഹു മതിയായവനല്ലയോ? അവന്ന് പുറമെയുള്ളവരെ പറ്റി അവർ നിന്നെ പേടിപ്പിക്കുന്നു. വല്ലവനെയും അല്ലാഹു പിഴവിലാക്കുന്ന പക്ഷം അവന്ന് വഴി കാട്ടാൻ ആരുമില്ല. വല്ലവനെയും അല്ലാഹു നേർവഴിയിലാക്കുന്ന പക്ഷം അവനെ വഴിപിഴപ്പിക്കുവാനും ആരുമില്ല. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി എടുക്കുന്നവനും അല്ലയോ?

ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും: അല്ലാഹു എന്ന്. നീ പറയുക: എങ്കിൽ അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? എനിക്ക് വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് അവന്റെ ഉപദ്രവം നീക്കം ചെയ്യാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ അനുഗ്രഹം പിടിച്ചു വെക്കാനാകുമോ? പറയുക: എനിക്ക് അല്ലാഹു മതി. അവന്റെ മേലാകുന്നു ഭരമേൽപിക്കുന്നവർ ഭരമേൽപിക്കുന്നത്. (39/36-38)

### അല്ലാഹു പ്രാർത്ഥന കേൾക്കുന്നവനും ഉത്തരം നൽകുന്നവനും

..തീർച്ചയായും എന്റെ രക്ഷിതാവ് പ്രാർത്ഥന കേൾക്കുന്നവനാണ്. (14/39)

..തീർച്ചയായും എന്റെ രക്ഷിതാവ് അടുത്തു തന്നെയുള്ളവനും (പ്രാർത്ഥനക്ക്) ഉത്തരം നൽകുന്നവനുമാകുന്നു. (11/61)

### കഷ്ടപ്പെടുന്നവന്റെ വിളികേൾക്കുന്നവൻ

അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതി

നിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമേ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ. (27/62)

## പ്രാർത്ഥന ആരാധന തന്നെയാണ്

നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച. (40/60)

## അല്ലാഹുവോട് മാത്രം പ്രാർത്ഥിക്കുക

നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്. (2/186)

## ഏറ്റവും നല്ല നാമങ്ങൾ കൊണ്ട്

അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക... (7/180)

## വിനയത്തോടും രഹസ്യമായും

താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. പരിധി വിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല. (7/55)

## പേടിയോടും പ്രതീക്ഷയോടും

ഭൂമിയിൽ നൻമവരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു (7/56)

## ആത്മാർത്ഥമായി, നിഷ്കളങ്കമായി

അവനാകുന്നു ജീവിച്ചിരിക്കുന്നവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ കീഴ്‌വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങൾ അവനോട് പ്രാർത്ഥിക്കുക. ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്ന് സ്തുതി. ( 40 /65)

## അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കരുത്. അവർക്ക് സഹായിക്കാൻ കഴിയില്ല

അവന്ന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവർക്കൊന്നും നിങ്ങളെ സഹായിക്കാൻ സാധിക്കുകയില്ല. സ്വദേഹങ്ങൾക്ക് തന്നെയും അവർ സഹായം ചെയ്യുകയില്ല. (7/197)

## പ്രാർത്ഥന കേൾക്കില്ല ഉത്തരം ചെയ്യില്ല

നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല... (35/14)

.അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല... (13/14)

## അവർ അടിമകളാണ്

തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലെയുള്ള ദാസൻമാർ മാത്രമാണ്. എന്നാൽ അവരെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കൂ; അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ; നിങ്ങൾ സത്യവാദികളാണെങ്കിൽ. (7/194)

## മരിച്ചവരാണ് ജീവനില്ലാത്തവർ

അല്ലാഹുവിന് പുറമെ നിങ്ങൾ ആരെയൊക്കെ വിളിച്ച് പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. അവരാകട്ടെ സൃഷ്ടിക്കപ്പെടുന്നവരുമാണ്. അവർ (പ്രാർത്ഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല. ഏത് സമയത്താണ് അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്ന് അവർ അറിയുന്നുമില്ല. (16/20, 21)

## അല്ലാഹുവിലേക്ക് അടുക്കാൻ ആഗ്രഹിക്കുന്നവർ ,ശിക്ഷ ഭയക്കുന്നവർ, കാരുണ്യം തേടുന്നവർ

(നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ (ദൈവങ്ങളെന്ന്) വാദിച്ച് പോന്നവരെ നിങ്ങൾ വിളിച്ച് നോക്കൂ. നിങ്ങളിൽ നിന്ന് ഉപദ്രവം നീക്കുവാനോ (നിങ്ങളുടെ സ്ഥിതിക്ക്) മാറ്റം വരുത്തുവാനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല.

അവർ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു.) അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു, നിന്റെ

രക്ഷിതാവിന്റെ ശിക്ഷ തീർച്ചയായും ഭയപ്പെടേണ്ടതാകുന്നു. (17/56,57)

### ന്യായവിധി നാളിലെ പ്രാർത്ഥിച്ചവരുടെ ശത്രുക്കൾ

അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും. (46/5-6)

### അവർ ഈത്തപനക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല

....അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല.... (35/13)

### അണു മണി തൂക്കം പോലും

പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർത്ഥിച്ച് നോക്കുക. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല. (34/22)

### ഏറ്റവും ബലഹീനർ

മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ. അല്ലാഹുവെ കണക്കാക്കേണ്ട മുറപ്രകാരം അവർ കണക്കാക്കിയിട്ടില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു. (22/73,74)

### അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കാൻ തെളിവുകളില്ല

വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളിച്ച് പ്രാ

ർത്ഥിക്കുന്ന പക്ഷം- അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ.... (23/117)

### ഊഹങ്ങളും കളവുകളും മാത്രം

ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിനുള്ളതാകുന്നു ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരുമെല്ലാം. അല്ലാഹുവിന് പുറമെ പങ്കാളികളെ വിളിച്ചു പ്രാർത്ഥിക്കുന്നവർ എന്തൊന്നിനെയാണ് പിൻപറ്റുന്നത്? അവർ ഊഹത്തെ മാത്രമാണ് പിന്തുടരുന്നത്. അവർ അനുമാനിച്ച് (കള്ളം) പറയുക മാത്രമാണ് ചെയ്യുന്നത്. (10/66)

### ശുപാർശ ചെയ്യുമെന്ന വ്യാമോഹവും

അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ലകാര്യവും നിങ്ങളവന്ന് അറിയിച്ചു കൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു. (10/18)

### ഇടയാളരും മധ്യവർത്തികളുമാണവരെന്ന ജൽപനവും

അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം. അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. ... (39/3)

### അല്ലാഹു അല്ലാത്തവരാട് പ്രാർത്ഥിക്കുന്നവരാണ് ഏറ്റവും വഴിപിഴച്ചവർ

നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാൻമാരാണെങ്കിൽ ഇതിന് മുമ്പുള്ള ഏതെങ്കിലും വേദഗ്രന്ഥമോ, അറിവിന്റെ വല്ല അംശമോ നിങ്ങൾ എനിക്ക് കൊണ്ടു വന്നു തരൂ.

അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു (46/4, 5)

### ഏറ്റവും വലിയ അക്രമിയും അവൻ തന്നെ

അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും. **(10/106)**

### അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥന പാഴായതും നഷ്ടത്തിലായതും

അവനോടുള്ളതുമാത്രമാണ് ന്യായമായ പ്രാർത്ഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർത്ഥന നഷ്ടത്തിൽ തന്നെയാകുന്നു. **(13/14)**

### വിദൂരമായ വഴികേട്

അല്ലാഹുവിന് പുറമെ അവന്ന് ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത വസ്തുക്കളെ അവൻ വിളിച്ചു പ്രാർത്ഥിക്കുന്നു. അതു തന്നെയാണ് വിദൂരമായ വഴികേട്. **(22/12)**

### ശിർക്ക്

രാവിനെ അവൻ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. സൂര്യനെയും ചന്ദ്രനെയും അവൻ (തന്റെ നിയമത്തിന്) വിധേയമാക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും നിശ്ചിതമായ ഒരു പരിധി വരെ സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല.

നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ) പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല. **(35/ 14, 15)**

### ശിർക്ക് അഥവാ ബഹുദൈവ വിശ്വാസം

....അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും

അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ്. (5/72)

തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും. ( 39/65)

തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്. (4/48)

തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു. (4/116)

.... നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു. (31/13)

# പരലോക വിശ്വാസം

## ഇഹലോകത്തിന്റെ നശ്വരത

നിങ്ങൾ അറിയുക: ഇഹലോകജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുകളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്- ഒരു മഴ പോലെ. അതു മൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടതു തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്വൃത്തർക്ക്) അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹികജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല. (57/20)

സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമ്മങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും. (18/46)

ഐഹികജീവിതമെന്നത് കളിയും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. പാരത്രിക ലോകമാണ് സൂക്ഷ്മത പാലിക്കുന്നവർക്ക് ഉത്തമമായിട്ടുള്ളത്. നിങ്ങളെന്താണ് ചിന്തിക്കാത്തത്? (6/32)

## മരണം

ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല. ( 3/185)

ഓരോ വ്യക്തിയും മരണം ആസ്വദിക്കുകതന്നെ ചെയ്യും. ഒരു പരീക്ഷണം എന്ന നിലയിൽ തിൻമ നൽകിക്കൊണ്ടും നൻമ നൽകിക്കൊണ്ടും നിങ്ങളെ നാം പരിശോധിക്കുന്നതാണ്. നമ്മുടെ അടുത്തേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. (21/35)

(നബിയേ,) പറയുക: തീർച്ചയായും ഏതൊരു മരണത്തിൽ നിന്ന് നിങ്ങൾ ഓടി അകലുന്നുവോ അത് തീർച്ചയായും നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്. പിന്നീട് അദൃശ്യവും, ദൃശ്യവും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ പറ്റി അവൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്. **(62/8)**

### പരലോകത്തെ സൂക്ഷിക്കുക

മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഒരു പിതാവും തന്റെ സന്താനത്തിന് പ്രയോജനം ചെയ്യാത്ത, ഒരു സന്തതിയും പിതാവിന് ഒട്ടും പ്രയോജനകാരിയാവാത്ത ഒരു ദിവസത്തെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. അതിനാൽ ഐഹികജീവിതം നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ. പരമവഞ്ചകനായ പിശാചും അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ. **(31/33)**

ഒരാൾക്കും മറ്റൊരാൾക്കുവേണ്ടി ഒരു ഉപകാരവും ചെയ്യുവാൻ പറ്റാത്ത, ഒരാളിൽ നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടാത്ത, ഒരാൾക്കും ഒരു ശുപാർശയും പ്രയോജനപ്പെടാത്ത, ആർക്കും ഒരു സഹായവും ലഭിക്കാത്ത ഒരു ദിവസത്തെ (ന്യായവിധിയുടെ ദിവസത്തെ) നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. **(2/123)**

### ഉയിർത്തെഴുന്നേൽപ്പ്

ഗ്രന്ഥങ്ങളുടെ ഏടുകൾ ചുരുട്ടുന്ന പ്രകാരം ആകാശത്തെ നാം ചുരുട്ടിക്കളയുന്ന ദിവസം! ആദ്യമായി സൃഷ്ടി ആരംഭിച്ചത് പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്. നാം ബാധ്യതയേറ്റ ഒരു വാഗ്ദാന മത്രെ അത്. നാം (അത്) നടപ്പിലാക്കുക തന്നെ ചെയ്യുന്നതാണ്. **(21/104)**

തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ ജൽപിച്ചു.(നബിയേ,)പറയുക: അതെ; എന്റെ രക്ഷിതാവിനെ തന്നെയാണ, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു. **( 64/7)**

### മഹ് ഷറ (ഒരുമിച്ചുകൂട്ടൽ)

അല്ലാഹു- അവനല്ലാതെ യാതൊരു ദൈവവുമില്ല. ഉയിർത്തെഴുന്നേൽപിന്റെ ദിവസത്തേക്ക് അവൻ നിങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യും. അതിൽ സംശയമേ ഇല്ല. അല്ലാഹുവെക്കാൾ സത്യസന്ധമായി വിവരം നൽകുന്നവൻ ആരുണ്ട്? **(4/87)**

ഭൂമിയിലുള്ള ഏതൊരു ജന്തുവും, രണ്ട് ചിറകുകൾ കൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലെയുള്ള ചില സമൂഹങ്ങൾ മാത്രമാകുന്നു. ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല. പിന്നീട് തങ്ങളുടെ രക്ഷിതാവിങ്കലേക്ക് അവർ ഒരുമിച്ചുകൂട്ടപ്പെടുന്നതാണ്. **(6/38)**

### ന്യായവിധി നാൾ (നീതി ദിനം)

ഈ ദിവസം ഓരോ വ്യക്തിക്കും താൻ സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകപ്പെടും. ഈ ദിവസം അനീതിയില്ല. തീർച്ചയായും അല്ലാഹു അതിവേഗം കണക്കു നോക്കുന്നവനാകുന്നു. **(40/17)**

തീർച്ചയായും അല്ലാഹു ഒരു അണുവോളം അനീതി കാണിക്കുകയില്ല. വല്ല നൻമയുമാണുള്ളതെങ്കിൽ അതവൻ ഇരട്ടിച്ച് കൊടുക്കുകയും, അവന്റെ പക്കൽ നിന്നുള്ള വമ്പിച്ച പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്. **(4/40)**

അന്നേ ദിവസം യാതൊരാളോടും അനീതി ചെയ്യപ്പെടുകയില്ല. നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയുമില്ല. **(36/54)**

### നരകം

സത്യനിഷേധികൾ കൂട്ടം കൂട്ടമായി നരകത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും. അങ്ങനെ അവർ അതിന്നടുത്തു വന്നാൽ അതിന്റെ വാതിലുകൾ തുറക്കപ്പെടും. നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങൾ ഓതികേൾപിക്കുകയും, നിങ്ങൾക്കുള്ളതായ ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെ പറ്റി നിങ്ങൾക്ക് താക്കീത് നൽകുകയും ചെയ്യുന്ന നിങ്ങളുടെ കൂട്ടത്തിൽ നിന്നുതന്നെയുള്ള ദൂതൻമാർ നിങ്ങളുടെ അടുക്കൽ വന്നിട്ടില്ലേ. എന്ന് അതിന്റെ (നരകത്തിന്റെ) കാവൽക്കാർ അവരോട് ചോദിക്കുകയും ചെയ്യും. അവർ പറയും: അതെ. പക്ഷെ സത്യനിഷേധികളുടെ മേൽ ശിക്ഷയുടെ വചനം സ്ഥിരപ്പെട്ടു പോയി. (അവരോട്) പറയപ്പെടും: നിങ്ങൾ നരകത്തിന്റെ വാതിലുകളിലൂടെ പ്രവേശിക്കുക. നിങ്ങളതിൽ നിത്യവാസികളായിരിക്കും. എന്നാൽ അഹങ്കാരികളുടെ പാർപ്പിടം എത്ര ചീത്ത! **(39/71,72)**

തിൻമകൾ പ്രവർത്തിച്ചവർക്കാകട്ടെ തിൻമയ്ക്കുള്ള പ്രതിഫലം അതിന് തുല്യമായതു തന്നെയായിരിക്കും. അപമാനം അവരെ ബാധിക്കുകയും ചെയ്യും. അല്ലാഹുവിൽ നിന്ന് അവരെ രക്ഷിക്കുന്ന ഒരാളുമില്ല. ഇരുണ്ട രാവിന്റെ കഷ്ണങ്ങൾകൊണ്ട് അവരുടെ മുഖങ്ങൾ പൊതിഞ്ഞതു പോലെയിരിക്കും. അവരാകുന്നു നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. **(10/27)**

ഇതാ, നിങ്ങൾക്ക് മുന്നറിയിപ്പ് നൽകപ്പെട്ടിരുന്ന നരകം!

നിങ്ങൾ അവിശ്വസിച്ചിരുന്നതിന്റെ ഫലമായി അതിൽ കടന്നു എരിഞ്ഞ് കൊള്ളുക. **(36/63, 64)**

അതത്രെ അവർക്കുള്ള പ്രതിഫലം. അവിശ്വസിക്കുകയും, എന്റെ ദൃഷ്ടാന്തങ്ങളെയും, ദൂതൻമാരെയും പരിഹാസ്യമാക്കുകയും ചെയ്തതിന്നുള്ള (ശിക്ഷയായ) നരകം. **( 18/106)**

തീർച്ചയായും നമ്മുടെ തെളിവുകൾ നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റികൊടുക്കുന്നതാണ്. അവർ ശിക്ഷ ആസ്വദിച്ചു കൊണ്ടിരിക്കാൻ വേണ്ടിയാണത്. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിമാനുമാകുന്നു **(4/56)**

.6) ആകാശം ഉരുകിയ ലോഹം പോലെ ആകുന്ന ദിവസം! പർവ്വതങ്ങൾ കടഞ്ഞരോമം പോലെയും. ഒരുറ്റ ബന്ധുവും മറ്റൊരു ഉറ്റബന്ധുവിനോട് (അന്ന്) യാതൊന്നും ചോദിക്കുകയില്ല. അവർക്ക് അന്യോന്യം കാണിക്കപ്പെടും. തന്റെ മക്കളെ പ്രായശ്ചിത്തമായി നൽകി കൊണ്ട് ആ ദിവസത്തെ ശിക്ഷയിൽ നിന്ന് മോചനം നേടാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് കുറ്റവാളി ആഗ്രഹിക്കും. തന്റെ ഭാര്യയെയും സഹോദരനെയും തനിക്ക് അഭയം നൽകിയിരുന്ന തന്റെ ബന്ധുക്കളെയും ഭൂമിയിലുള്ള മുഴുവൻ ആളുകളെയും. എന്നിട്ട് അതവനെ രക്ഷപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ എന്ന്

സംശയം വേണ്ട, തീർച്ചയായും അത് ആളിക്കത്തുന്ന നരകമാകുന്നു. തലയുടെ തൊലിയുരിച്ചു കളയുന്ന നരകാഗ്നി. **(70/8-16)**

എന്നാൽ ആ സത്യനിഷേധികൾക്ക് നാം കഠിനമായ ശിക്ഷ ആസ്വദിപ്പിക്കുക തന്നെചെയ്യും. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ അതിനീചമായതിന്നുള്ള പ്രതിഫലം നാം അവർക്ക് നൽകുക തന്നെചെയ്യും.

അതത്രെ അല്ലാഹുവിന്റെ ശത്രുക്കൾക്കുള്ള പ്രതിഫലമായ നരകം. അവർക്ക് അവിടെയാണ് സ്ഥിരവാസത്തിന്നുള്ള വസതി. നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ച് കളഞ്ഞിരുന്നതിനുള്ള പ്രതിഫലമത്രെ അത്. **( 41/27-28)**

അല്ല, അന്ത്യസമയത്തെ അവർ നിഷേധിച്ചു തള്ളിയിരിക്കുന്നു. അന്ത്യസമയത്തെ നിഷേധിച്ച് തള്ളിയവർക്ക് കത്തിജ്വലിക്കുന്ന നരകം നാം ഒരുക്കിവെച്ചിരിക്കുന്നു. ദൂരസ്ഥലത്ത് നിന്ന് തന്നെ അത് അവരെ കാണുമ്പോൾ ക്ഷോഭിച്ചിളകുന്നതും ഇരമ്പുന്നതും അവർക്ക് കേൾക്കാവുന്നതാണ്. അതിൽ (നരകത്തിൽ) ഒരു ഇടുങ്ങിയ സ്ഥലത്ത് ചങ്ങലകളിൽ ബന്ധിക്കപ്പെട്ട നിലയിൽ അവരെ ഇട്ടാൽ അവിടെ വെച്ച് അവർ നാശമേ, എന്ന് വിളിച്ചുകേഴുന്നതാണ് ഇന്ന് നിങ്ങൾ ഒരു

നാശത്തെ വിളിക്കേണ്ടതില്ല. ധാരാളം നാശത്തെ വിളിച്ചുകൊള്ളുക. (എന്നായിരിക്കും അവർക്ക് കിട്ടുന്ന മറുപടി) (25/11 -14)

(അല്ലാഹു മലക്കുകളോട് കൽപിക്കും:) സത്യനിഷേധിയും ധിക്കാരിയുമായിട്ടുള്ള ഏതൊരുത്തനെയും നിങ്ങൾ നരകത്തിൽ ഇട്ടേക്കുക

അതായത് നൻമയെ മുടക്കുന്നവനും അതിക്രമകാരിയും സംശയാലുവുമായ ഏതൊരുത്തനെയും. അതെ, അല്ലാഹുവോടൊപ്പം വേറെ ദൈവത്തെ സ്ഥാപിച്ച ഏതൊരുവനെയും. അതിനാൽ കഠിനമായ ശിക്ഷയിൽ അവനെ നിങ്ങൾ ഇട്ടേക്കുക. (50/24-26)

അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ആളുകളെ) തടയുകയും ചെയ്തവരാരോ അവർക്ക് നാം ശിക്ഷയ്ക്കുമേൽ ശിക്ഷ കൂട്ടികൊടുക്കുന്നതാണ്. അവർ കുഴപ്പം സൃഷ്ടിച്ച് കൊണ്ടിരുന്നതിന്റെ ഫലമത്രെ അത്. (16/88)

ഉയിർത്തെഴുന്നേൽപിന്റെ നാളിൽ, അല്ലാഹുവിന്റെ പേരിൽ കള്ളം പറഞ്ഞവരുടെ മുഖങ്ങൾ കറുത്തിരുണ്ടതായി നിനക്ക് കാണാം. നരകത്തിലല്ലയോ അഹങ്കാരികൾക്കുള്ള വാസസ്ഥലം! (39/60)

തീർച്ചയായും കുറ്റവാളികൾ നരകശിക്ഷയിൽ നിത്യവാസികളായിരിക്കും. അവർക്ക് അത് ലഘൂകരിച്ച് കൊടുക്കപ്പെടുകയില്ല. അവർ അതിൽ ആശയറ്റവരായിരിക്കും. നാം അവരോട് അക്രമം ചെയ്തിട്ടില്ല. പക്ഷെ അവർ തന്നെയായിരുന്നു അക്രമകാരികൾ. (43/74-76)

(അന്ന്) ആർ അതിരുകവിയുകയും ഇഹലോകജീവിതത്തിനു കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തുവോ (അവന്ന്) കത്തിജ്വലിക്കുന്ന നരകം തന്നെയാണ് സങ്കേതം. (79/37-39)

## സ്വർഗം

തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാടങ്ങൾ തുറന്ന് വെക്കപ്പെട്ട നിലയിൽ അവർ അതിന്നടുത്ത് വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ സംശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ അതിൽ പ്രവേശിച്ചു കൊള്ളുക. അവർ പറയും: നമ്മളോടുള്ള തന്റെ വാഗ്ദാനം സത്യമായി പാലിക്കുകയും സ്വർഗത്തിൽ നിന്ന് നാം ഉദ്ദേശിക്കുന്ന സ്ഥലത്ത് നമുക്ക് താമസിക്കാവുന്ന വിധം ഈ (സ്വർഗ) ഭൂമി നമുക്ക് അവകാശപ്പെടുത്തിത്തരികയും ചെയ്ത അല്ലാഹുവിന് സ്തുതി. അപ്പോൾ പ്രവർത്തിച്ചവർക്കുള്ള പ്രതിഫലം എത്ര വിശിഷ്ടം! (39/73,74)

സൂക്ഷ്മത പാലിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ ത്തിന്റെ അവസ്ഥ (ഇതത്രെ:) അതിന്റെ താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അതിലെ കനികളും അതിലെ തണലും ശാ ശ്വതമായിരിക്കും. അതത്രെ സൂക്ഷ്മത പാലിച്ചവരുടെ പര്യവസാനം. സത്യനിഷേധികളുടെ പര്യവസാനം നരകമാകുന്നു. (13/35)

എന്റെ ദാസൻമാരേ, ഇന്ന് നിങ്ങൾക്ക് യാതൊരു ഭയവുമില്ല. നിങ്ങൾ ദുഃഖിക്കേണ്ടതുമില്ല. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും കീഴ്പെട്ടു ജീവിക്കുന്നവരായിരിക്കുകയും ചെയ്തവരത്രെ(നിങ്ങൾ) നിങ്ങ ളും നിങ്ങളുടെ ഇണകളും സന്തോഷഭരിതരായികൊണ്ട് സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക. സ്വർണത്തിന്റെ തളികകളും പാനപാത്രങ്ങളും അവർക്ക് ചുറ്റും കൊണ്ടു നടക്കപ്പെടും. മനസ്സുകൾ കൊതിക്കുന്നതും കണ്ണുകൾക്ക് ആനന്ദകരവുമായ കാര്യങ്ങൾ അവിടെ ഉണ്ടായിരിക്കും. നിങ്ങൾ അവിടെ നിത്യവാസികളായിരിക്കുകയും ചെയ്യും. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി നിങ്ങൾക്ക് അവകാശപ്പെ ടുത്തിത്തന്നിട്ടുള്ള സ്വർഗമത്രെ അത്. (43/68-72)

ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപെടുത്തികൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും.(2883)

അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെ ടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം. (79/40,41)

തങ്ങൾ ഉദ്ദേശിക്കുന്നതെന്തും അവർക്കവിടെ ഉണ്ടായിരിക്കുന്നതാണ്. അവർ നിത്യവാസികളായിരിക്കും. അത് നിന്റെ രക്ഷിതാവ് ബാധ്യത ഏറ്റിട്ടുള്ള വാഗ്ദാനമാകുന്നു. ചോദിക്കപ്പെടാവുന്നതുമാകുന്നു. (25/16)

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക. ഐഹികജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്ര ങ്ങളാകുന്നു. നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യ പ്പെടുന്നതെല്ലാമുണ്ടായിരിക്കും. ഏറെ പൊറുക്കുന്നവനും കരുണാനി ധിയുമായ അല്ലാഹുവിങ്കൽ നിന്നുള്ള സൽക്കാരമത്രെ അത്. (41/30-32)

തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുക യും ചെയ്തവരാരോ അവർക്ക് സൽക്കാരം നൽകാനുള്ളതാകുന്നു

സ്വർഗത്തോപ്പുകൾ. അവരതിൽ നിത്യവാസികളായിരിക്കും. അതിൽ നിന്ന് വിട്ട് മാറാൻ അവർ ആഗ്രഹിക്കുകയില്ല. (18/107,108)

വിശ്വസിക്കുകയും സൽപ്രവൃത്തികളിൽ ഏർപെടുകയും ചെയ്തവരാകട്ടെ, താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോട്ടങ്ങളിൽ നാം അവരെ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അവർക്കവിടെ പരിശുദ്ധരായ ഇണകളുണ്ടായിരിക്കും. സ്ഥിരവും ഇടതൂർന്നതുമായ തണലിൽ നാമവരെ പ്രവേശിപ്പിക്കുകയും ചെയ്യും. (4/57,)

അതിന്റെ (നരകത്തിന്റെ) നേരിയ ശബ്ദം പോലും അവർ കേൾക്കുകയില്ല. തങ്ങളുടെ മനസ്സുകൾക്ക് ഇഷ്ടപ്പെട്ട സുഖാനുഭവങ്ങളിൽ അവർ നിത്യവാസികളായിരിക്കും. (21/102)

അനാവശ്യവാക്കോ കുറ്റപ്പെടുത്തലോ അവർ അവിടെ വെച്ച് കേൾക്കുകയില്ല. സമാധാനം! സമാധാനം! എന്നുള്ള വാക്കല്ലാതെ. ( 56/25,26)

തീർച്ചയായും സൂക്ഷ്മത പാലിച്ചവർ തോട്ടങ്ങളിലും അരുവികളിലുമായിരിക്കും. നിർഭയരായി ശാന്തിയോടെ അതിൽ പ്രവേശിച്ച് കൊള്ളുക. (എന്ന് അവർക്ക് സ്വാഗതം ആശംസിക്കപ്പെടും.) അവരുടെ ഹൃദയങ്ങളിൽ വല്ല വിദ്വേഷവുമുണ്ടെങ്കിൽ നാമത് നീക്കം ചെയ്യുന്നതാണ്. സഹോദരങ്ങളെന്ന നിലയിൽ അവർ കട്ടിലുകളിൽ പരസ്പരം അഭിമുഖമായി ഇരിക്കുന്നവരായിരിക്കും. അവിടെവെച്ച് യാതൊരു ക്ഷീണവും അവരെ ബാധിക്കുന്നതല്ല. അവിടെ നിന്ന് അവർ പുറത്താക്കപ്പെടുന്നതുമല്ല. (15/45-48)

തീർച്ചയായും സ്വർഗവാസികൾ അന്ന് ഓരോ ജോലിയിലായിക്കൊണ്ട് സുഖമനുഭവിക്കുന്നവരായിരിക്കും. അവരും അവരുടെ ഇണകളും തണലുകളിൽ അലംകൃതമായ കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും. അവർക്കവിടെ പഴവർഗങ്ങളുണ്ട്, അവർക്ക് തങ്ങൾ ആവശ്യപ്പെടുന്നതല്ലാമുണ്ട്. സമാധാനം! അതായിരിക്കും കരുണാനിധിയായ രക്ഷിതാവിങ്കൽ നിന്ന് അവർക്കുള്ള അഭിവാദ്യം. ( 36/55-58)

എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് വേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല. ( 32/17)

### സ്വർഗാവകാശികളുടെ സ്വഭാവ സവിശേഷതകൾ

പരമകാരുണികന്റെ ദാസൻമാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നൽകുന്നവരുമാകുന്നു. തങ്ങളുടെ രക്ഷിതാവിന്

പ്രണാമം ചെയ്യുന്നവരായിക്കൊണ്ടും, നിന്ന് നമസ്കരിക്കുന്നവരായിക്കൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരുമാകുന്നു അവർ. ഇപ്രകാരം പറയുന്നുവരുമാകുന്നു അവർ ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു. ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ. അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തെയും വിളിച്ചു പ്രാർത്ഥിക്കാത്തവരും, അല്ലാഹു പവിത്രമാക്കി വെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചു കളയാത്തവരും, വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും. **(25/63-68)**

വ്യാജത്തിന് സാക്ഷി നിൽക്കാത്തവരും, അനാവശ്യവൃത്തികൾ നടക്കുന്നേടത്തു കൂടി പോകുകയാണെങ്കിൽ (അതിലിടപെടാതെ) മാന്യൻമാരായിക്കൊണ്ട് കടന്നുപോകുന്നവരുമാകുന്നു അവർ. തങ്ങളുടെ രക്ഷിതാവിന്റെ വചനങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ ബധിരൻമാരും അന്ധൻമാരുമായിക്കൊണ്ട് അതിൻമേൽ ചാടിവീഴാത്തവരുമാകുന്നു അവർ ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ. അത്തരക്കാർക്ക് തങ്ങൾ ക്ഷമിച്ചതിന്റെ പേരിൽ (സ്വർഗത്തിൽ) ഉന്നതമായ സ്ഥാനം പ്രതിഫലമായി നൽകപ്പെടുന്നതാണ്. അഭിവാദ്യത്തോടും സമാധാനാശംസയോടും കൂടി അവർ അവിടെ സ്വീകരിക്കപ്പെടുന്നതുമാണ്. അവർ അതിൽ നിത്യവാസികളായിരിക്കും. എത്ര നല്ല താവളവും പാർപ്പിടവും! **(25/72-76)**

തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവർ, തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും, തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കാത്തവരും, രക്ഷിതാവിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടുകൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും ആരോ അവരത്രെ നൻമകളിൽ ധൃതിപ്പെട്ട് മുന്നേറുന്നവർ. അവരത്രെ അവയിൽ മുമ്പേ ചെന്നെത്തുന്നവരും. **(23/57-61)**

**...** സൂക്ഷ്മത പാലിച്ചവർക്ക് തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകളുണ്ട്. അവർ അവിടെ നിത്യവാസികളായിരിക്കും. പരിശുദ്ധരായ

ഇണകളും (അവർക്കുണ്ടായിരിക്കും.) കൂടാതെ അല്ലാഹുവിന്റെ പ്രീതിയും. അല്ലാഹു തന്റെ ദാസൻമാരുടെ കാര്യങ്ങൾ കണ്ടറിയുന്നവനാകുന്നു.

ഞങ്ങളുടെ നാഥാ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും, നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ എന്ന് പ്രാർത്ഥിക്കുന്നവരും,

ക്ഷമ കൈക്കൊള്ളുന്നവരും, സത്യം പാലിക്കുന്നവരും, ഭക്തിയുള്ളവരും ചെലവഴിക്കുന്നവരും, രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപമോചനം തേടുന്നവരുമാകുന്നു അവർ (അല്ലാഹുവിന്റെ ദാസൻമാർ.) (3/15-17)

അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ. നമസ്കാരം മുറപോലെ നിർവഹിക്കുകയും നാം നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവർ. അവർ തന്നെയാണ് യഥാർത്ഥത്തിൽ വിശ്വാസികൾ. അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പല പദവികളുണ്ട്. പാപമോചനവും ഉദാരമായ ഉപജീവനവുമുണ്ട്. (8/2-4)

അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും, പ്രാർത്ഥന അഥവാ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും, നാം നൽകിയ സമ്പത്തിൽ നിന്ന് ചെലവഴിക്കുകയും, നിനക്കും നിന്റെമുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുകയും, പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ). അവരുടെ നാഥൻ കാണിച്ച നേർവഴിയിലാകുന്നു അവർ. അവർ തന്നെയാകുന്നു സാക്ഷാൽ വിജയികൾ. (2/3-5)

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമത്രെ അത്. ( 46/13,14)

നേർച്ച അവർ നിറവേറ്റുകയും ആപത്തു പടർന്ന് പിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെടുകയും ചെയ്യും. ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും. (അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്കു ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽ നിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മുഖം ചുളിച്ചു പോകുന്നതും, ദുസ്സഹവുമായ ഒരു

ദിവസത്തെ ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് തീർച്ചയായും ഞങ്ങൾ ഭയപ്പെടുന്നു. അതിനാൽ ആ ദിവസത്തിന്റെ തിൻമയിൽ നിന്ന് അല്ലാഹു അവരെ കാത്തുരക്ഷിക്കുകയും, പ്രസന്നതയും സന്തോഷവും അവർക്കു അവൻ നൽകുകയും ചെയ്യുന്നതാണ്. അവർ ക്ഷമിച്ചതിനാൽ സ്വർഗത്തോപ്പും പട്ടു വസ്ത്രങ്ങളും അവർക്കവൻ പ്രതിഫലമായി നൽകുന്നതാണ്. (76/5-12)

# ആദമും പശ്ചാതാപവും

## ആദമിന്റെ സൃഷ്ടിപ്പ്

നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം: തീർച്ചയായും ഞാൻ കളിമണ്ണിൽ നിന്നും ഒരു മനുഷ്യനെ സൃഷ്ടിക്കാൻ പോകുകയാണ്. അങ്ങനെ ഞാൻ അവനെ സംവിധാനിക്കുകയും, അവനിൽ എന്റെ ആത്മാവിൽ നിന്ന് ഞാൻ ഊതുകയും ചെയ്താൽ നിങ്ങൾ അവന്ന് പ്രണാമം ചെയ്യുന്നവരായി വീഴണം. ( 38/71,72)

## പിശാച് അല്ലാഹുവിന്റെ കൽപന ധിക്കരിക്കുന്നു

അപ്പോൾ മലക്കുകൾ എല്ലാവരും ഒന്നടങ്കം പ്രണാമം ചെയ്തു; ഇബ്ലീസ് ഒഴികെ. അവൻ അഹങ്കരിക്കുകയും സത്യനിഷേധികളുടെ കൂട്ടത്തിലാകുകയും ചെയ്തു. അവൻ (അല്ലാഹു) പറഞ്ഞു: ഇബ്ലീസേ, എന്റെ കൈകൊണ്ട് ഞാൻ സൃഷ്ടിച്ചുണ്ടാക്കിയതിനെ നീ പ്രണമിക്കുന്നതിന് നിനക്കെന്ത് തടസ്സമാണുണ്ടായത്? നീ അഹങ്കരിച്ചിരിക്കുകയാണോ, അതല്ല നീ പൊങ്ങച്ചക്കാരുടെ കൂട്ടത്തിൽ പെട്ടിരിക്കുകയാണോ? അവൻ (ഇബ്ലീസ്) പറഞ്ഞു: ഞാൻ അവനെ (മനുഷ്യനെ)ക്കാൾ ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽ നിന്ന് സൃഷ്ടിച്ചു. അവനെ നീ കളിമണ്ണിൽ നിന്നും സൃഷ്ടിച്ചു അവൻ (അല്ലാഹു) പറഞ്ഞു: എന്നാൽ നീ ഇവിടെ നിന്ന് പുറത്ത് പോകണം. തീർച്ചയായും നീ ആട്ടിയകറ്റപ്പെട്ടവനാകുന്നു. തീർച്ചയായും ന്യായവിധിയുടെ നാൾ വരെയും നിന്റെ മേൽ എന്റെ ശാപം ഉണ്ടായിരിക്കുന്നതാണ്. ( 38/73- 78)

## പിശാച് മനുഷ്യരെ വഴിതെറ്റിക്കു തെന്ന് ശപഥം ചെയ്യുന്നു

അവൻ (ഇബ്ലീസ്) പറഞ്ഞു: എന്റെ രക്ഷിതാവേ, എന്നാൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ നീ എനിക്ക് അവധി അനുവദിച്ചു തരേണമേ. (അല്ലാഹു) പറഞ്ഞു: എന്നാൽ നീ അവധി അനുവദിക്കപ്പെട്ടവരുടെ കൂട്ടത്തിൽ തന്നെയാകുന്നു. നിശ്ചിതമായ ആ സമയം സമാഗതമാകുന്ന ദിവസം വരെ. അവൻ (ഇബ്ലീസ്) പറഞ്ഞു: നിന്റെ പ്രതാപമാണ സത്യം; അവരെ മുഴുവൻ ഞാൻ വഴിതെറ്റിക്കുക തന്നെ ചെയ്യും. അവരിൽ നിന്റെ നിഷ്കളങ്കരായ ദാസൻമാരൊഴികെ (38/79- 83)

## പിശാചിനെ പറ്റി ആദമിന് താക്കീത് നൽകുന്നു.

മുമ്പ് നാം ആദമിനോട് കരാർ ചെയ്യുകയുണ്ടായി. എന്നാൽ അദ്ദേഹം അതു മറന്നുകളഞ്ഞു. അദ്ദേഹത്തിന് നിശ്ചയദാർഢ്യമുള്ളതായി നാം കണ്ടില്ല. നിങ്ങൾ ആദമിന് സുജൂദ് ചെയ്യൂ എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ.) അപ്പോൾ അവർ സുജൂദ് ചെയ്തു. ഇബ്ലീസൊഴികെ. അവൻ വിസമ്മതിച്ചു. അപ്പോൾ നാം പറഞ്ഞു: ആദമേ, തീർച്ചയായും ഇവൻ നിന്റെയും നിന്റെ ഇണയുടെയും ശത്രുവാകുന്നു. അതിനാൽ നിങ്ങളെ രണ്ട് പേരെയും അവൻ സ്വർഗത്തിൽ നിന്ന് പുറം തള്ളാതിരിക്കട്ടെ (അങ്ങനെ സംഭവിക്കുന്ന പക്ഷം) നീ കഷ്ടപ്പെടും തീർച്ചയായും നിനക്ക് ഇവിടെ വിശക്കാതെയും നഗ്നനാകാതെയും കഴിയാം. നിനക്കിവിടെ ദാഹിക്കാതെയും വെയിലുകൊള്ളാതെയും കഴിയാം **(20/115-118)**

## ആദവും ഹവ്വയും പിശാചിന്റെ കെണിയിൽ പെടുന്നു.

ആദമേ, നീയും നിന്റെ ഇണയും കൂടി ഈ തോട്ടത്തിൽ താമസിക്കുകയും, നിങ്ങൾക്ക് ഇഷ്ടമുള്ളേടത്ത് നിന്ന് തിന്നുകൊള്ളുകയും ചെയ്യുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിച്ചു പോകരുത്. എങ്കിൽ നിങ്ങൾ ഇരുവരും അക്രമികളിൽ പെട്ടവരായിരിക്കും എന്നും (അല്ലാഹു പറഞ്ഞു.)

അവരിൽ നിന്ന് മറച്ചു വെക്കപ്പെട്ടിരുന്ന അവരുടെ ഗോപ്യസ്ഥാനങ്ങൾ അവർക്കു വെളിപ്പെടുത്തുവാനായി പിശാച് അവർ ഇരുവരോടും ദുർമന്ത്രണം നടത്തി. അവൻ പറഞ്ഞു: നിങ്ങളുടെ രക്ഷിതാവ് ഈ വൃക്ഷത്തിൽ നിന്ന് നിങ്ങൾ ഇരുവരെയും വിലക്കിയിട്ടുള്ളത് നിങ്ങൾ ഇരുവരും മലക്കുകളായിത്തീരുമെന്നത് കൊണ്ടോ, നിങ്ങൾ ഇവിടെ നിത്യവാസികളായിത്തീരുമെന്നത് കൊണ്ടോ അല്ലാതെ മറ്റൊന്നുകൊണ്ടുമല്ല തീർച്ചയായും ഞാൻ നിങ്ങളിരുവരുടെയും ഗുണകാംക്ഷികളിൽപ്പെട്ടവനാണ് എന്ന് അവരോട് അവൻ സത്യം ചെയ്ത് പറയുകയും ചെയ്തു അങ്ങനെ അവർ ഇരുവരെയും വഞ്ചനയിലൂടെ അവൻ തരംതാഴ്ത്തിക്കളഞ്ഞു. അവർ ഇരുവരും ആ വൃക്ഷത്തിൽ നിന്ന് രുചി നോക്കിയതോടെ അവർക്ക് അവരുടെ ഗോപ്യസ്ഥാനങ്ങൾ വെളിപ്പെട്ടു. ആ തോട്ടത്തിലെ ഇലകൾ കൂട്ടിചേർത്ത് അവർ ഇരുവരും തങ്ങളുടെ ശരീരം പൊതിയാൻ തുടങ്ങി. അവർ ഇരുവരെയും വിളിച്ച് അവരുടെ രക്ഷിതാവ് പറഞ്ഞു: ആ വൃക്ഷത്തിൽ നിന്ന് നിങ്ങളെ ഞാൻ വിലക്കിയിട്ടില്ലേ? തീർച്ചയായും പിശാച് നിങ്ങളുടെ പ്രത്യക്ഷശത്രുവാണെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടുമില്ലേ? **(7/19-22)**

### ആദം സ്വർഗത്തിൽ നിന്ന് പുറത്താക്കപ്പെടുന്നു.

നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെ നിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എന്റെപക്കൽ നിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ച് തള്ളുകയും ചെയ്തവരാരോ അവരായിരിക്കും നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. ( 2/38,39)

### ആദമും ഹവ്വയും പശ്ചാതപിക്കുന്നു.

അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും. (7/23)

### ആദമിന്റെ പശ്ചാതാപം കരുണാനിധിയായ അല്ലാഹു സ്വീകരിക്കുന്നു.

അനന്തരം ആദം തന്റെരക്ഷിതാവിങ്കൽ നിന്ന് ചില വചനങ്ങൾ സ്വീകരിച്ചു. (ആ വചനങ്ങൾ മുഖേന പശ്ചാത്തപിച്ച) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ. (2/37)

അനന്തരം അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തെ ഉൽകൃഷ്ടനായി തെരഞ്ഞെടുക്കുകയും, അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിക്കുകയും, മാർഗദർശനം നൽകുകയും ചെയ്തു. ( 20/122)

# പാപവും പരിഹാരവും

## അല്ലാഹു പാപം പൊറുക്കുന്നവൻ

പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച് പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും. **(39/53)**

അല്ലാഹു തന്നെയാണ് തന്റെ ദാസൻമാരുടെ പശ്ചാത്താപം സ്വീകരിക്കുകയും, ദാനധർമ്മങ്ങൾ ഏറ്റുവാങ്ങുകയും ചെയ്യുന്നതെന്നും അല്ലാഹു തന്നെയാണ് പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമെന്നും അവർ മനസ്സിലാക്കിയിട്ടില്ലേ? **(9/104)**

അവനാകുന്നു തന്റെ ദാസൻമാരിൽ നിന്ന് പശ്ചാത്താപം സ്വീകരിക്കുന്നവൻ. അവൻ ദുഷ്കൃത്യങ്ങൾക്ക് മാപ്പുനൽകുകയും ചെയ്യുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അവന് അറിയുകയും ചെയ്യുന്നു **(42/25)**

ആരെങ്കിലും വല്ല തിൻമയും ചെയ്യുകയോ, സ്വന്തത്തോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്തിട്ട് അല്ലാഹുവോട് പാപമോചനം തേടുന്ന പക്ഷം ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായി അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. **(4/110)**

(നബിയേ,) ഞാൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ് എന്ന് എന്റെ ദാസൻമാരെ വിവരമറിയിക്കുക **( 15/49)**

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം. **(66/8)**

എന്നാൽ തിൻമകൾ പ്രവർത്തിക്കുകയും, എന്നിട്ടതിനു ശേഷം പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും ചെയ്തവർക്കു തീർച്ചയായും നിന്റെ രക്ഷിതാവ് അതിന് ശേഷം ഏറെ പൊറുത്തുകൊടുക്കുകയും,

കരുണ കാണിക്കുകയും ചെയ്യുന്നവനാകുന്നു (7/153)

### പശ്ചാതാപം സ്വീകരിക്കുന്നത് മാനാസന്തരപ്പെടുന്ന വിശ്വാസികളുടേത് മാത്രം

പശ്ചാത്താപം സ്വീകരിക്കാൻ അല്ലാഹു ബാധ്യത ഏറ്റിട്ടുള്ളത് അറിവുകേട് നിമിത്തം തിൻമ ചെയ്യുകയും, എന്നിട്ട് താമസിയാതെ പശ്ചാത്തപിക്കുകയും ചെയ്യുന്നവർക്ക് മാത്രമാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാണ്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു. പശ്ചാത്താപം എന്നത് തെറ്റുകൾ ചെയ്ത് കൊണ്ടിരിക്കുകയും, എന്നിട്ട് മരണം ആസന്നമാകുമ്പോൾ ഞാനിതാ പശ്ചാത്തപിച്ചിരിക്കുന്നു എന്ന് പറയുകയും ചെയ്യുന്നവർക്കുള്ളതല്ല സത്യനിഷേധികളായിക്കൊണ്ട് മരണമടയുന്നവർക്കുമുള്ളതല്ല. അങ്ങനെയുള്ളവർക്ക് വേദനയേറിയ ശിക്ഷയാണ് നാം ഒരുക്കിവെച്ചിട്ടുള്ളത്. (4/17,18)

### നിങ്ങളോട് തെറ്റ് ചെയ്തവരോട് ക്ഷമിക്കുക. നിങ്ങളുടെ തെറ്റുകൾക്ക് അല്ലാഹു മാപ്പ് നൽകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നങ്കിൽ .....

...അവർ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ. (24/22)

നിങ്ങൾ മാപ്പുനൽകുകയും, വിട്ടുവീഴ്ച കാണിക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (64/14)

നിങ്ങൾ ഒരു നല്ല കാര്യം രഹസ്യമായോ പരസ്യമായോ ചെയ്യുകയാണെങ്കിൽ, അഥവാ, ഒരു ദുഷ്പ്രവൃത്തി മാപ്പ് ചെയ്ത് കൊടുക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ മാപ്പുനൽകുന്നവനും സർവ്വശക്തനുമാകുന്നു (4/149)

അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമ്മങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു. (3/134)

### പാശ്ചാതാപിക്കുന്ന, വിശ്വാസികൾക്ക് പാപമോചനവും സ്വർഗ പ്രവേശവും

നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത് (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമ്മങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും,

മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു.

വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി. -പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?- ചെയ്തുപോയ (ദുഷ്) പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ.

അത്തരക്കാർക്കുള്ള പ്രതിഫലം തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുമാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എത്ര നന്നായിരിക്കുന്നു **(3/133- 136)**

### ആരും പാപികളായല്ല ജനിക്കുന്നത് ശുദ്ധ പ്രകൃതിയോടെയാണ്

ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷെ മനുഷ്യരിൽ അധിക പേരും മനസ്സിലാക്കുന്നില്ല. **( 30/30)**

### ഒരാളുടെ പാപഭാരം മറ്റൊരാൾ വഹിക്കുന്നില്ല

അതല്ല, മൂസായുടെ പത്രികകളിൽ ഉള്ളതിനെ പറ്റി അവന് വിവരം അറിയിക്കപ്പെട്ടിട്ടില്ലേ? (കടമകൾ) നിറവേറ്റിയ ഇബ്രാഹീമിന്റെയും (പത്രികകളിൽ) അതായത് പാപഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും, അവന്റെ പ്രയത്നഫലം വഴിയെ കാണിച്ചുകൊടുക്കപ്പെടും എന്നുമുള്ള കാര്യം. **(53/36-41)**

അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നൻമചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിൻമ ചെയ്തിരുന്നുവോ അവൻ അതും കാണും. **(99/7-8)**

# അല്ലാഹു വിശ്വാസികളുടെ രക്ഷകനും സഹായിയും

## അല്ലാഹു പ്രാർത്ഥന കേൾക്കുന്നവനും ഉത്തരം നൽകുന്നവനും

നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്. **(2/186)**

നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച. **(40/60)**

**.....** തീർച്ചയായും എന്റെ രക്ഷിതാവ് പ്രാർത്ഥന കേൾക്കുന്നവനാണ്. **(14/39)**

**...** തീർച്ചയായും എന്റെ രക്ഷിതാവ് അടുത്തു തന്നെയുള്ളവനും (പ്രാർത്ഥനക്ക്) ഉത്തരം നൽകുന്നവനുമാകുന്നു. **(11/61)**

അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?)**... (27/62)**

**....** ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു. **(7/56)**

തീർച്ചയായും ഈ ഗ്രന്ഥം അവതരിപ്പിച്ചവനായ അല്ലാഹുവാകുന്നു എന്റെ രക്ഷാധികാരി. അവനാണ് സജ്ജനങ്ങളുടെ സംരക്ഷണമേൽക്കുന്നത്. **(7/196)**

**പ്രവാചകൻമാർ അല്ലാഹുവോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നവരായിരുന്നു.**

.... തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു. (21/90)

**നൂഹ് നബി ﷺ യെയും കുടുംബത്തയും മഹാ ദുരിതത്തിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തുന്നു**

നൂഹ് നമ്മെ വിളിക്കുകയുണ്ടായി. അപ്പോൾ ഉത്തരം നൽകിയവൻ എത്ര നല്ലവൻ! അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ആളുകളെയും നാം വമ്പിച്ച ദുരന്തത്തിൽ നിന്ന് രക്ഷപ്പെടുത്തി. (37/75,76)

നൂഹിനെയും (ഓർക്കുക). മുമ്പ് അദ്ദേഹം വിളിച്ച് പ്രാർത്ഥിച്ച സന്ദർഭം. അദ്ദേഹത്തിന് നാം ഉത്തരം നൽകി. അങ്ങനെ അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ കുടുംബത്തെയും നാം മഹാ ദുഃഖത്തിൽ നിന്ന് രക്ഷപ്പെടുത്തി. (21/76)

**സ്വവർഗഭോഗികളുടെ ദേശത്ത് നിന്ന് ലൂത്ത് നബി ﷺ യെ അല്ലാഹു രക്ഷപ്പെടുത്തുന്നു.**

ലൂത്വിന് നാം വിധികർത്തൃത്വവും വിജ്ഞാനവും നൽകുകയുണ്ടായി. ദുർവൃത്തികൾ ചെയ്തുകൊണ്ടിരുന്ന ആ നാട്ടിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. തീർച്ചയായും അവർ (നാട്ടുകാർ) ധിക്കാരികളായ ഒരു ദുഷിച്ച ജനതയായിരുന്നു. (21/74)

**മൂസാ നബി ﷺ യെയും ഹാറൂൻ നബി ﷺ യെയും മഹാ ദുരിതത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നു.**

തീർച്ചയായും മൂസായോടും ഹാറൂനോടും നാം ഔദാര്യം കാണിച്ചു. അവർ ഇരുവരെയും അവരുടെ ജനതയെയും മഹാദുരിതത്തിൽ നിന്ന് നാം രക്ഷപ്പെടുത്തുകയും ചെയ്തു. അവരെ നാം സഹായിക്കുകയും അങ്ങനെ വിജയികൾ അവർ തന്നെ ആകുകയും ചെയ്തു. (37/114-117)

**കഠിന പരീക്ഷണത്തിൽ പെട്ട അയ്യൂബ് നബി ﷺ യുടെ പ്രാർത്ഥന അല്ലാഹു കേൾക്കുന്നു.**

അയ്യൂബിനെയും (ഓർക്കുക.) തന്റെ രക്ഷിതാവിനെ വിളിച്ച് കൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ.

അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും, അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റിക്കളയുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും, അവരോടൊപ്പം അവരുടെ അത്രയും പേരെ വേറെയും നാം അദ്ദേഹത്തിന് നൽകുകയും ചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും, ആരാധനാനിരതരായിട്ടുള്ളവർക്ക് ഒരു സ്മരണയുമാണത്. (21/83,84)

### മത്സ്യ വയറ്റിലകപെട്ട യൂനുസ് നബി ﷺ പ്രാർത്ഥന അല്ലാഹു കേൾക്കുന്നു

ദുന്നൂനി നെയും (ഓർക്കുക.) അദ്ദേഹം കുപിതനായി പോയിക്കളഞ്ഞ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു. അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു: നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു.

അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ അപ്രകാരം നാം രക്ഷിക്കുന്നു. (21/87,88)

### ജാലൂത്തിനെതിരെയുള്ള യുദ്ധത്തിൽ ദാവൂദ് നബി ﷺ നെ യും വിശ്വാസികളെയും അല്ലാഹു സഹായിക്കുന്നു

അങ്ങനെ അവർ ജാലൂതിനും സൈന്യങ്ങൾക്കുമെതിരെ പോരിനിറങ്ങിയപ്പോൾ അവർ പ്രാർത്ഥിച്ചു: ഞങ്ങളുടെ നാഥാ! ഞങ്ങളുടെ മേൽ നീ ക്ഷമ ചൊരിഞ്ഞുതരികയും ഞങ്ങളുടെ പാദങ്ങളെ നീ ഉറപ്പിച്ചു നിർത്തുകയും, സത്യനിഷേധികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ.

അങ്ങനെ അല്ലാഹുവിന്റെഅനുമതി പ്രകാരം അവരെ (ശത്രുക്കളെ) അവർ പരാജയപ്പെടുത്തി. ദാവൂദ് ജാലൂതിനെ കൊലപ്പെടുത്തി. അദ്ദേഹത്തിന് അല്ലാഹു ആധിപത്യവും ജ്ഞാനവും നൽകുകയും, താൻ ഉദ്ദേശിക്കുന്ന പലതും പഠിപ്പിക്കുകയും ചെയ്തു. മനുഷ്യരിൽ ചിലരെ മറ്റു ചിലർ മുഖേന അല്ലാഹു തടുക്കുന്നില്ലായിരുന്നുവെങ്കിൽ ഭൂലോകം കുഴപ്പത്തിലാകുമായിരുന്നു. പക്ഷെ അല്ലാഹു ലോകരോട് വളരെ ഉദാരനത്രെ. (2/ 250,251)

### ബദ്റ് യുദ്ധത്തിലെ നബി ﷺ യുടെ പ്രാർത്ഥന സ്വീകരിക്കുകയും മാലാഖമാരെ ഇറക്കി സഹായിക്കുകയും ചെയ്യുന്നു.

നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക.) തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ

നിങ്ങൾക്കു മറുപടി നൽകി. (8/9)

### അല്ലാഹുവിൽ ഭരമേൽപിച്ച നബിﷺ ക്കും വിശ്വാസികൾക്കും അല്ലാഹു വിജയം നൽകി അനുഗ്രഹിക്കുന്നു.

ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്നു ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ.

അങ്ങനെ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവും കൊണ്ട് യാതൊരു ദോഷവും ബാധിക്കാതെ അവർ മടങ്ങി. അല്ലാഹുവിന്റെ പ്രീതിയെ അവർ പിന്തുടരുകയും ചെയ്തു. മഹത്തായ ഔദാര്യമുള്ളവനത്രെ അല്ലാഹു. (3/173, 174)

### നബിﷺയെയും സ്നേഹിതൻ അബൂബക്കർ رضي الله عنهയെയും അല്ലാഹു സത്യനിഷേധികളിൽ നിന്ന് രക്ഷിക്കുന്നു.

നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട. തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കികൊടുക്കുകയും, നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും, സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്ന് നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു. (9/40)

### യൂസഫ് നബി عليه السلام നെതിരെയുള്ള തന്ത്രങ്ങളിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തുന്നു.

അവൻ (യൂസുഫ്) പറഞ്ഞു: എന്റെ രക്ഷിതാവേ, ഇവർ എന്നെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെക്കാളും എനിക്ക് കൂടുതൽ പ്രിയപ്പെട്ടത് ജയിലാകുന്നു. ഇവരുടെ കുതന്ത്രം എന്നെ വിട്ട് നീ തിരിച്ചുകളയാത്ത പക്ഷം ഞാൻ അവരിലേക്ക് ചാഞ്ഞുപോയേക്കും. അങ്ങനെ ഞാൻ അവിവേകികളുടെ കൂട്ടത്തിൽ ആയിപോകുകയും ചെയ്യും. അപ്പോൾ അവന്റെ പ്രാർത്ഥന തന്റെ രക്ഷിതാവ് സ്വീകരിക്കു

കയും അവരുടെ കുതന്ത്രം അവനിൽ നിന്ന് അവൻ തട്ടിത്തിരിച്ചുകളയുകയും ചെയ്തു. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ. (12/33,34)

**ഫറോവയുടെയും കൂട്ടാളികളുടെ യും കുതന്ത്രങ്ങളിൽ നിന്ന് സത്യമതപ്രബോധകനെ രക്ഷപ്പെടുത്തുന്നു.**

അപ്പോൾ അവർ നടത്തിയ കുതന്ത്രങ്ങളുടെ ദുഷ്ഫലങ്ങളിൽ നിന്ന് അല്ലാഹു അദ്ദേഹത്തെ കാത്തു. ഫിർഔന്റെ ആളുകളെ കടുത്ത ശിക്ഷ വലയം ചെയ്യുകയുമുണ്ടായി. (40/45)

**സ്വാലിഹ് നബി ﷺയെയും വിശ്വാസികളെയും ചതിച്ചു കൊല്ലാനുള്ള ശത്രുക്കളുടെ തന്ത്രം അല്ലാഹു പരാജയപ്പെടുത്തുന്നു.**

അവർ ഒരു തന്ത്രം പ്രയോഗിച്ചു. അവർ ഓർക്കാതിരിക്കെ നാമും ഒരു തന്ത്രം പ്രയോഗിച്ചു. എന്നിട്ട് അവരുടെ തന്ത്രത്തിന്റെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക. അതെ, അവരെയും അവരുടെ ജനങ്ങളെയും മുഴുവൻ നാം തകർത്തു കളഞ്ഞു. (27/50,51)

**ഇബ്റാഹിം നബി ﷺയെ തീയിലെറിഞ്ഞ് കൊല്ലാനുള്ള സത്യനിഷേധികളുടെ തന്ത്രവും അല്ലാഹു പരാജയപ്പെടുത്തന്നു.**

അദ്ദേഹം (ഇബ്റാഹിം നബി)പറഞ്ഞു: നിങ്ങൾ തന്നെ കൊത്തിയുണ്ടാക്കുന്നവയെയാണോ നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയെയും സൃഷ്ടിച്ചത്. അവർ (അന്യോന്യം) പറഞ്ഞു: നിങ്ങൾ അവന്ന് (ഇബ്രാഹീമിന്) വേണ്ടി ഒരു ചൂള പണിയുക. എന്നിട്ടവനെ ജ്വലിക്കുന്ന അഗ്നിയിൽ ഇട്ടേക്കുക. അങ്ങനെ അദ്ദേഹത്തിന്റെ കാര്യത്തിൽ അവർ ഒരു തന്ത്രം ഉദ്ദേശിച്ചു. എന്നാൽ നാം അവരെ ഏറ്റവും അധമൻമാരാക്കുകയാണ് ചെയ്തത്. അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് പോകുകയാണ്. അവൻ എനിക്ക് വഴി കാണിക്കുന്നതാണ്. (37/95-99)

... . എന്നാൽ അല്ലാഹു അദ്ദേഹത്തെ അഗ്നിയിൽ നിന്ന് രക്ഷിച്ചു.... ( 29/24)

നാം പറഞ്ഞു: തീയേ, നീ ഇബ്രാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക. അദ്ദേഹത്തിന്റെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുവാൻ അവർ ഉദ്ദേശിച്ചു. എന്നാൽ അവരെ ഏറ്റവും നഷ്ടം പറ്റിയവരാക്കുകയാണ് നാം ചെയ്തത്. (21/69,70)

**മുഹമ്മദ് നബി ﷺയെ കൊല്ലാൻ സത്യനിഷേധികളൊരുക്കിയ തന്ത്രവും അല്ലാഹു**

**പരാജയപ്പെടുത്തുന്നു'**

നിന്നെ ബന്ധനസ്ഥനാക്കുകയോ കൊല്ലുകയോ നാട്ടിൽ നിന്ന് പുറത്താക്കുകയോ ചെയ്യാൻ വേണ്ടി നിനക്കെതിരായി സത്യനിഷേധികൾ തന്ത്രം പ്രയോഗിച്ചിരുന്ന സന്ദർഭം (ഓർക്കുക.) അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ. **(8/30)**

**യേശുക്രിസ്തുവിനെ ക്രൂശിച്ച് കൊല്ലാനുള്ള സത്യനിഷേധികളുടെ തന്ത്രവും അല്ലാഹു തകർത്ത് യേശുവിനെ ആകാശത്തേക്കുയർത്തുന്നു.**

അവർ (സത്യനിഷേധികൾ) തന്ത്രം പ്രയോഗിച്ചു. അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുന്നു. **(3/54)**

അല്ലാഹുവിന്റെ ദൂതനായ, മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു.) വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷെ (യാഥാർത്ഥ്യം) അവർക്ക് തിരിച്ചറിയാതാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ (ഈസായുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു. **(4/157,158)**

അല്ലാഹു പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക:) ഹേ; ഈസാ, തീർച്ചയായും നിന്നെ നാം പൂർണ്ണമായി ഏറ്റെടുക്കുകയും, എന്റെ അടുക്കലേക്ക് നിന്നെ ഉയർത്തുകയും, സത്യനിഷേധികളിൽ നിന്ന് നിന്നെ നാം ശുദ്ധമാക്കുകയും, നിന്നെ പിന്തുടർന്നവരെ ഉയിർത്തെഴുന്നേൽപിന്റെ നാൾ വരേക്കും സത്യനിഷേധികളെക്കാൾ ഉന്നതൻമാരാക്കുകയും ചെയ്യുന്നതാണ്. പിന്നെ എന്റെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. നിങ്ങൾ ഭിന്നിച്ചു കൊണ്ടിരിക്കുന്ന കാര്യത്തിൽ അപ്പോൾ ഞാൻ നിങ്ങൾക്കിടയിൽ തീർപ്പുകൽപിക്കുന്നതാണ്. **(3/55)**

# "മുഹമ്മദ് നബി ﷺ" യേശുക്രിസ്തു പ്രവചിച്ച "ആ" പ്രവാചകൻ

## മനുഷ്യവിമോചകൻ

(അതായത്) തങ്ങളുടെ പക്കലുള്ള തൌറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്.) അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ. (7/157)

## പൂർവ്വവേദങ്ങളിൽ പ്രവചിക്കപ്പെട്ട ദൂതൻ

മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൌറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൌതുകം തോന്നിച്ചു കൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നു നിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു പാപമോ

ചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു. **(48/29)**

### മുൻ പ്രവാചകന്മാരെയും പൂർവ്വ വേദങ്ങളെയും സത്യപെടുത്തി

(നബിയേ,) പറയുക: അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതി (ഖുർആൻ) ലും, ഇബ്രാഹീം, ഇസ്മാഈൽ, ഇഷാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്ക് അവതരിപ്പിക്കപ്പെട്ട (ദിവ്യസന്ദേശം) തിലും, മൂസായ്ക്കും ഈസായ്ക്കും മറ്റു പ്രവാചകൻമാർക്കും തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരാകുന്നു. **(3/84)**

അല്ല, സത്യവും കൊണ്ടാണ് അദ്ദേഹം വന്നത്. (മുമ്പ് വന്ന) ദൈവ ദൂതൻമാരെ അദ്ദേഹം സത്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. **(37/37)**

### അബ്രഹാം പ്രവാചകന്റെ പ്രാർത്ഥനയുടെ ഫലം, ആദർശ പിൻഗാമിയും

(ഇബ്റാഹിം നബി പ്രാർത്ഥിച്ചു) ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതികേൾപിച്ചു കൊടുക്കുകയും, വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും, അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നു തന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു. **(2/129)**

തീർച്ചയായും ജനങ്ങളിൽ ഇബ്രാഹീമിനോട് കൂടുതൽ അടുപ്പമുള്ള വർ അദ്ദേഹത്തെ പിന്തുടർന്നവരും, ഈ പ്രവാചകനും (അദ്ദേഹത്തിൽ) വിശ്വസിച്ചവരുമാകുന്നു. അല്ലാഹു സത്യവിശ്വാസികളുടെ രക്ഷാധി കാരിയാകുന്നു. **(3/68)**

പിന്നീട്, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്നവനായി രുന്ന ഇബ്രാഹീമിന്റെ മാർഗത്തെ പിന്തുടരണം എന്ന് നിനക്ക് ഇതാ ബോധനം നൽകിയിരിക്കുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല **(16/123)**

### യേശു ക്രിസ്തു പറഞ്ഞ" ആ "പ്രവാചകൻ

മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു:) ഇസ്രായീൽ സന്തതികളേ, എനിക്കു മുമ്പുള്ള തൌറാത്തിനെ സത്യ പ്പെടുത്തുന്നവനായിക്കൊണ്ടും, എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നുപേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവ നായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗി ക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവു കളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത്

വ്യക്തമായ ജാലവിദ്യയാകുന്നു. (61/6)

## അക്ഷരജ്ഞാനമില്ലാത്ത പ്രവാചകൻ

ഇതിന് മുമ്പ് നീ വല്ല ഗ്രന്ഥവും പാരായണം ചെയ്യുകയോ, നിന്റെ വലതുകൈ കൊണ്ട് അത് എഴുതുകയോ ചെയ്തിരുന്നില്ല. അങ്ങനെയാണെങ്കിൽ ഈ സത്യനിഷേധികൾക്കു സംശയിക്കാമായിരുന്നു. (29/48)

## അല്ലാഹുവിന്റെ അടിമ

അല്ലാഹുവിന്റെ ദാസൻ (നബി) അവനോട് പ്രാർത്ഥിക്കുവാനായി എഴുന്നേറ്റ് നിന്നപ്പോൾ അവർ അദ്ദേഹത്തിന് ചുറ്റും തിങ്ങിക്കൂടുവാനൊരുങ്ങി എന്നും. (72/19)

തന്റെ ദാസനെ (നബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദുൽ അഖ്സായിലേക്ക് - അതിന്റെ പരിസരം നാം അനുഗ്രഹീതമാക്കിയിരിക്കുന്നു- നിശായാത്ര ചെയ്യിച്ചവൻ എത്രയോ പരിശുദ്ധൻ! നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിന് നാം കാണിച്ചുകൊടുക്കാൻ വേണ്ടിയത്രെ അത്. തീർച്ചയായും അവൻ (അല്ലാഹു) എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ. (17/1)

## മനുഷ്യനായ ദൈവദൂതൻ

(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. (18/110)

തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു. (39/30)

## പ്രവാചകൻമാരിലൊരാൾ

മുഹമ്മദ് അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. (3/144)

നബിയേ,) നൂഹിനും അദ്ദേഹത്തിന്റെ ശേഷമുള്ള പ്രവാചകൻമാർക്കും നാം സന്ദേശം നൽകിയത് പോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ഇബ്രാഹീം, ഇസ്മാഈൽ, ഇഷാഖ്, യഅ്ഖൂബ്. യഅ്ഖൂബ് സന്തതികൾ, ഈസാ, അയ്യൂബ്, യൂനുസ്, ഹാറൂൻ, സുലൈമാൻ എന്നിവർക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ദാവൂദിന് നാം സബൂർ (സങ്കീർത്തനം) നൽകി. നിനക്ക് നാം മുമ്പ് വിവരിച്ചുതന്നിട്ടുള്ള ദൂതൻമാരെയും, നിനക്ക് നാം വിവരിച്ചുതന്നിട്ടില്ലാത്ത ദൂതൻമാരെയും (നാം നിയോഗിക്കുകയുണ്ടായി.) മൂസായോട് അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു. സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീത്

നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു. (4/163-165)

## ഇച്ഛാശക്തിയും മനഃകരുത്തുമുള്ള അഞ്ച് നബിമാരിലൊരാൾ

ആകയാൽ ദൃഢമനസ്കരായ ദൈവദൂതൻമാർ ക്ഷമിച്ചത് പോലെ നീ ക്ഷമിക്കുക... (46/35)

നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്രാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം - നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക. എന്നകാര്യം - അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു... (42/13)

പ്രവാചകൻമാരിൽ നിന്ന് തങ്ങളുടെ കരാർ നാം വാങ്ങിയ സന്ദർഭം (ശ്രദ്ധേയമാണ്.) നിന്റെ പക്കൽ നിന്നും നൂഹ്, ഇബ്രാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽ നിന്നും (നാം കരാർ വാങ്ങിയ സന്ദർഭം.) ഗൌരവമുള്ള ഒരു കരാറാണ് അവരിൽ നിന്നെല്ലാം നാം വാങ്ങിയത്. (33/7)

## നിസ്വാർത്ഥനായ പ്രബോധകൻ

വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്ത തന്റെ ദാസൻമാർക്ക് അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നതത്രെ അത്. നീ പറയുക: അതിന്റെ പേരിൽ നിങ്ങളോട് ഞാൻ യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. അടുത്ത ബന്ധത്തിന്റെ പേരിലുള്ള സ്നേഹമല്ലാതെ..... (42/23)

## പ്രവാചകൻമാരിൽ അന്തിമൻ

മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു. (33/40)

## മനുഷ്യർക്കെല്ലാമുള്ള ദൂതൻ

നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയികൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷെ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല. (34/28)

പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും

ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ.)... (7/158)

ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യവുമായി നിങ്ങളുടെ അടുക്കലിതാ റസൂൽ വന്നിരിക്കുന്നു. അതിനാൽ നിങ്ങളുടെ നൻമയ്ക്കായി നിങ്ങൾ വിശ്വസിക്കുക. നിങ്ങൾ നിഷേധിക്കുകയാണെങ്കിലോ, ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റെതാണ്. (എന്ന് നിങ്ങൾ ഓർത്തു കൊള്ളുക.) അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു. (4/170)

### ജിന്നുകൾക്കുമുള്ള ദൂതൻ

നബിയേ,) പറയുക: ജിന്നുകളിൽ നിന്നുള്ള ഒരു സംഘം ഖുർആൻ ശ്രദ്ധിച്ചു കേൾക്കുകയുണ്ടായി എന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെട്ടിരിക്കുന്നു. എന്നിട്ടവർ (സ്വന്തം സമൂഹത്തോട്) പറഞ്ഞു: തീർച്ചയായും അത്ഭുതകരമായ ഒരു ഖുർആൻ ഞങ്ങൾ കേട്ടിരിക്കുന്നു. അത് സൻമാർഗത്തിലേക്ക് വഴി കാണിക്കുന്നു. അതു കൊണ്ട് ഞങ്ങൾ അതിൽ വിശ്വസിച്ചു. മേലിൽ ഞങ്ങളുടെ രക്ഷിതാവിനോട് ആരെയും ഞങ്ങൾ പങ്കുചേർക്കുകയേ ഇല്ല. (72/1,2)

### ലോകത്തിന് കാരുണ്യം

ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. (21/107)

### അല്ലാഹു വിന്റെ അനുഗ്രഹം

തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതികേൾപിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു. (3/164)

### ഉന്നതസ്വഭാവം അനുപമ വ്യക്തിത്വം

തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു. ( 68/4)

### കൃപയും വാത്സല്യവുമുള്ളവൻ

തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം. (9/128)

### പരുഷപ്രകൃതനോ കഠിന മനസ്കനോ അല്ല .

(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൌമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പു കൊടുക്കുകയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്. ( 3/159)

### സാക്ഷി ,സുവിശേഷകൻ, പ്രബോധകൻ ,മുന്നറിയിപ്പ്ക്കാരൻ, വിളക്ക്,

നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷ വാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും, പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്. (33/45,46)

### പിന്തുടരപ്പെടേണ്ട വ്യക്തിത്വം, ഉത്തമ മാതൃക

തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്. (33/21)

### വിശ്വാസികളുടെ ജീവന്റെ ജീവൻ, നബിപത്നിമാർ മാതാക്കളും

പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളെക്കാളും അടുത്ത ആളാകുന്നു. അദ്ദേഹത്തിന്റെ ഭാര്യമാർ അവരുടെ മാതാക്കളുമാകുന്നു. (33/6)

### സന്മാർഗവും സത്യ മതവുമായി വന്നു.

സൻമാർഗവും സത്യമതവുമായി തന്റെ റസൂലിനെ നിയോഗിച്ചത് അവനാകുന്നു. അതിനെ എല്ലാ മതത്തിനും മീതെ തെളിയിച്ചുകാണിക്കാൻ വേണ്ടി. സാക്ഷിയായിട്ട് അല്ലാഹു തന്നെ മതി. (48/28)

### സത്യവും അസത്യവും വേർത്തിരിച്ചു വ്യക്തമാക്കി കൊടുത്തു

തന്റെ ദാസന്റെ മേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം (ഖുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണ്ണനാകുന്നു. അദ്ദേഹം

(റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനു വേണ്ടിയത്രെ അത്. (25/1)

### ഐക്യത്തിലേക്കും മോക്ഷത്തിലേക്കും വിളിച്ചു.

(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാകൃത്തിലേക്ക നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്) . എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചു കൊള്ളുക. (3/64)

### അല്ലാഹുവിലേക്ക് ക്ഷണിച്ചു

(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ. (12/108)

### നേർവഴിയിലൂടെ നടത്തിച്ചു

.... തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്. (42/52)

### ഇരുളിൽ നിന്ന് പ്രകാശത്തിലേക്ക് നയിച്ചു

അഥവാ അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതികേൾപിച്ചു തരുന്ന ഒരു ദൂതനെ നിങ്ങളുടെ അടുത്തേക്കിറക്കിത്തന്നിരിക്കുന്നു; വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് ആനയിക്കുവാൻ വേണ്ടി. ..... ( 65/11)

### സൃഷ്ടിപൂജയുടെ അധമത്വത്തിൽ നിന്ന് അല്ലാഹുവിന്റെ ഏകത്വത്തിലേക്ക്

എന്തെന്നാൽ അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. തീർച്ചയായും അവങ്കൽ നിന്ന് നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട താക്കീതുകാരനും സന്തോഷവാർത്തക്കാരനുമത്രെ ഞാൻ. (11/2)

### അല്ലാഹുവിന്റെ കാരുണ്യവർഷം, മാലാഖമാരുടെ കാരുണ്യ പ്രാർത്ഥന

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ

മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക. (33/56)

### അല്ലാഹുവിന്റെ ,സ്നേഹം ,സഹായം, ആശ്രയം ,അഭയം, ഐശ്വര്യം

(നബിയേ,) നിന്റെ രക്ഷിതാവ് നിന്നെ കൈവിട്ടിട്ടില്ല. വെറുത്തിട്ടുമില്ല. (93/3)

നിന്നെ അവൻ ഒരു അനാഥയായി കണ്ടെത്തുകയും , എന്നിട്ട് (നിനക്ക്) ആശ്രയം നൽകുകയും ചെയ്തില്ലേ? നിന്നെ അവൻ വഴി അറിയാത്തവനായി കണ്ടെത്തുകയും എന്നിട്ട് (നിനക്ക്) മാർഗദർശനം നൽകുകയും ചെയ്തിരിക്കുന്നു. നിന്നെ അവൻ ദരിദ്രനായി കണ്ടെത്തുകയും എന്നിട്ട് അവൻ ഐശ്വര്യം നൽകുകയും ചെയ്തിരിക്കുന്നു. (93/6-8)

### ഹൃദയവിശാലതയും സൽകീർത്തിയും

നിനക്ക് നിന്റെ ഹൃദയം നാം വിശാലതയുള്ളതാക്കി തന്നില്ലേ? നിന്നിൽ നിന്ന് നിന്റെ ആ ഭാരം നാം ഇറക്കിവെക്കുകയും ചെയ്തു. നിന്റെ മുതുകിനെ ഞെരിച്ചു കളഞ്ഞതായ (ഭാരം) നിനക്ക് നിന്റെ കീർത്തി നാം ഉയർത്തിത്തരികയും ചെയ്തിരിക്കുന്നു. (94/1-4)

### മഖാമൻ മഹ്മൂദ് (സ്തുത്യർഹമായ സ്ഥാനം)

രാത്രിയിൽ നിന്ന് അൽപസമയം നീ ഉറക്കമുണർന്ന് അതോടെ (ഖുർആൻ പാരായണത്തോടെ) നമസ്കരിക്കുകയും ചെയ്യുക. അത് നിനക്ക് കൂടുതലായുള്ള ഒരു പുണ്യകർമ്മമാകുന്നു. നിന്റെ രക്ഷിതാവ് നിന്നെ സ്തുത്യർഹമായ ഒരു സ്ഥാനത്ത് നിയോഗിച്ചേക്കാം (17/79)

### വിശുദ്ധ ഖുർആൻ നൽകപ്പെട്ടു.

തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും തീർച്ചയായും ഇത് (ഖുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു വിശ്വസ്താത്മാവ് (ജിബ്രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു നിന്റെ ഹൃദയത്തിൽ നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത് സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്) തീർച്ചയായും അത് മുൻഗാമികളുടെ വേദഗ്രന്ഥങ്ങളിലുണ്ട് ( 26/191 -196)

ആവർത്തിച്ചു പാരായണം ചെയ്യപ്പെടുന്ന ഏഴ് വചനങ്ങളും മഹത്തായ ഖുർആനും തീർച്ചയായും നിനക്ക് നാം നൽകിയിട്ടുണ്ട്. (15/87)

സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. (96/1)

## സ്വന്തം ഇഷ്ടപ്രകാരം സംസാരിക്കുന്നില്ല

അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു. **( 53/3, 4)**

## പ്രവാചകത്വം ആഗ്രഹിച്ചതല്ല, അല്ലാഹു കനിഞ്ഞരുളിയതാണ്

നിനക്ക് വേദഗ്രന്ഥം നൽകപ്പെടണമെന്ന് നീ ആഗ്രഹിച്ചിരുന്നില്ല. പക്ഷെ നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള കാരുണ്യത്താൽ (അതു ലഭിച്ചു).... **(28/86)**

അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷെ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴി കാണിക്കുന്നു. തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്. **(42/52)**

പറയുക: അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങൾക്ക് ഞാനിത് ഓതികേൾപിക്കുകയോ, നിങ്ങളെ അവൻ ഇത് അറിയിക്കുകയോ ചെയ്യില്ലായിരുന്നു. ഇതിനു മുമ്പ് കുറെ കാലം ഞാൻ നിങ്ങൾക്കിടയിൽ ജീവിച്ചിട്ടുണ്ടല്ലോ. നിങ്ങൾ ചിന്തിക്കുന്നില്ലേ? **(10/16)**

## സത്യനിഷേധികളുടെ വിമർശനങ്ങളും ആരോപണങ്ങളും

അവരിൽ നിന്നുതന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്തു വന്നതിൽ അവർക്ക് ആശ്ചര്യം തോന്നിയിരിക്കുന്നു. സത്യനിഷേധികൾ പറഞ്ഞു: ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാകുന്നു ഇവൻ പല ദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്കുകയാണോ? തീർച്ചയായും ഇത് ഒരു അത്ഭുതകരമായ കാര്യം തന്നെ **(38/4-5)**

നിന്നെ അവർ കാണുമ്പോൾ നിന്നെ ഒരു പരിഹാസപാത്രമാക്കിക്കൊണ്ട്, അല്ലാഹു ദൂതനായി നിയോഗിച്ചിരിക്കുന്നത് ഇവനെയാണോ? എന്ന് ചോദിക്കുക മാത്രമായിരിക്കും അവർ ചെയ്യുന്നത്. **(25/41)**

സത്യനിഷേധികൾ പറഞ്ഞു: ഇത് (ഖുർആൻ) അവൻ കെട്ടിച്ചമച്ച നുണ മാത്രമാകുന്നു. വേറെ ചില ആളുകൾ അവനെ അതിന് സഹായിച്ചിട്ടുമുണ്ട്. എന്നാൽ അന്യായത്തിലും വ്യാജത്തിലും തന്നെയാണ് ഈ കൂട്ടർ വന്നെത്തിയിരിക്കുന്നത്. ഇത് പൂർവ്വികൻമാരുടെ കെട്ടുകഥകൾ മാത്രമാണ്. ഇവൻ അത് എഴുതിച്ചുവെച്ചിരിക്കുന്നു, എന്നിട്ടത് രാവിലെയും വൈകുന്നേരവും അവന്ന് വായിച്ചുകേൾപിക്കപ്പെടുന്നു

എന്നും അവർ പറഞ്ഞു. (25/4, 5)

അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ല എന്ന് അവരോട് പറയപ്പെട്ടാൽ അവർ അഹങ്കാരം നടിക്കുമായിരുന്നു. ഭ്രാന്തനായ ഒരു കവിക്ക് വേണ്ടി ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിച്ച് കളയണമോ എന്ന് ചോദിക്കുകയും ചെയ്യുമായിരുന്നു. (37/35,36)

... (റസൂലിനെ പറ്റി) അക്രമികൾ പറഞ്ഞു: മാരണം ബാധിച്ച ഒരാളെ മാത്രമാകുന്നു നിങ്ങൾ പിൻപറ്റുന്നത്. (25/8)

... സത്യനിഷേധികൾ പറഞ്ഞു: ഇയാൾ സ്പഷ്ടമായും ഒരു മാരണ ക്കാരൻ തന്നെയാകുന്നു. (10/2)

എന്നിട്ട് അദ്ദേഹത്തെ വിട്ട് അവൻ പിന്തിരിഞ്ഞു കളയുകയാണ് ചെയ്തത്. ആരോ പഠിപ്പിച്ചുവിട്ടവൻ, ഭ്രാന്തൻ എന്നൊക്കെ അവർ പറയുകയും ചെയ്തു. (44/14)

അവർ (അവിശ്വാസികൾ) പറഞ്ഞു: ഹേ; ഉൽബോധനം അവതരിപ്പി ക്കപ്പെട്ടിട്ടുള്ള മനുഷ്യാ! തീർച്ചയായും നീ ഒരു ഭ്രാന്തൻ തന്നെ. (15/6)

### അല്ലാഹു വിന്റെ ആശ്വാസവാക്കുകളും ക്ഷമിക്കാനുള്ള കൽപനയും

നീ ക്ഷമിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമാണ് നിനക്ക് ക്ഷമിക്കാൻ കഴിയുന്നത്. അവരുടെ (സത്യനിഷേധികളുടെ) പേരിൽ നീ വ്യസനിക്കരുത്. അവർ കുതന്ത്രം പ്രയോഗിക്കുന്നതിനെപ്പറ്റി നീ മനഃക്ലേശത്തിലാവുകയും അരുത്. തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു. സദ്‌വൃത്തരായിട്ടുള്ളവരോടൊപ്പവും (16/127, 128)

ആകയാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. ദൃഢവിശ്വാസമില്ലാത്ത ആളുകൾ നിനക്ക് ചാഞ്ചല്യം വരുത്താതിരിക്കുകയും ചെയ്യട്ടെ. (30/60)

ആകയാൽ ദൃഢമനസ്കരായ ദൈവദൂതൻമാർ ക്ഷമിച്ചത് പോലെ നീ ക്ഷമിക്കുക. ... (46/35)

അതിനാൽ അവർ പറയുന്നതിന്റെ പേരിൽ നീ ക്ഷമിച്ചു കൊള്ളുക..... ( 50/39)

എന്നാൽ (നബിയേ,) നീ ഭംഗിയായ ക്ഷമ കൈക്കൊള്ളുക. (70/5)

ആകയാൽ നീ ഉൽബോധനം ചെയ്യുക. നിന്റെ രക്ഷിതാവിന്റെ അനു ഗ്രഹത്താൽ നീ ഒരു ജ്യോത്സ്യനോ, ഭ്രാന്തനോ അല്ല. ( 52 /29)

നിനക്ക് മുമ്പ് പല ദൂതൻമാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ട് അവരെ കളിയാക്കിയിരുന്നവർക്ക് അവർ പരിഹസിച്ചു കൊണ്ടിരുന്ന

തെന്തോ അത് വന്നുഭവിക്കുക തന്നെ ചെയ്തു. (6/10)

തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നത് സത്യവും കൊണ്ടാണ്. ഒരു സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനുമായിട്ട്. ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല. അവർ നിന്നെ നിഷേധിച്ചു തള്ളുന്നുവെങ്കിൽ അവർക്ക് മുമ്പുള്ളവരും നിഷേധിച്ചു തള്ളിയിട്ടുണ്ട്. അവരിലേക്കുള്ള ദൂതൻമാർ പ്രത്യക്ഷലക്ഷ്യങ്ങളും ന്യായപ്രമാണങ്ങളും വെളിച്ചം നൽകുന്ന ഗ്രന്ഥവും കൊണ്ട് അവരുടെ അടുത്ത് ചെല്ലുകയുണ്ടായി. (35/24,25)

### നബിﷺയെ അനുസരിക്കുക ,പിന്തുടരുക, അനുധാവനം ചെയ്യുക

.....നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ (59/7)

### മുൻ കടന്ന് ഒന്നും ചെയ്യരുത്

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മുമ്പിൽ (യാതൊന്നും) മുൻകടന്നു പ്രവർത്തിക്കരുത്. അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. (49/1)

### സ്വതന്ത്ര തീരുമാനവും അഭിപ്രായവും അരുത്

അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു. (33/36)

### സൃഷ്ടികളിൽ ഏറ്റവും പ്രിയങ്കരൻ നബിയായിരിക്കണം

(നബിയേ,) പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു

അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല. (9/24)

### തർക്കവും ഭിന്നതയുമുണ്ടാകുമ്പോൾ മടങ്ങേണ്ടത്

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും. (4/59)

ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല. (4/65)

### വിശ്വാസികൾ പറയേണ്ടത്

തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ. ( 24/51)

### അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചവർ വിജയികൾ

അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും, അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ. (24/52)

... അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു. (33/71)

### കാരുണ്യത്തിൽ നിന്നുള്ള ഓഹരി,പ്രകാശവും പാപവിമുക്തിയും

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവന്റെ ദൂതനിൽ വിശ്വസിക്കുകയും ചെയ്യുക. എന്നാൽ അവന്റെ കാരുണ്യത്തിൽ നിന്നു രണ്ട് ഓഹരി അവൻ നിങ്ങൾക്കു നൽകുന്നതാണ്. ഒരു പ്രകാശം അവൻ നിങ്ങൾക്ക് ഏർപെടുത്തിത്തരികയും ചെയ്യും. അതുകൊണ്ട് നിങ്ങൾക്ക് (ശരിയായ പാതയിലൂടെ) നടന്നു പോകാം. നിങ്ങൾക്കവൻ പൊറുത്തുതരികയും ചെയ്യും. അല്ലാഹു വളരെയധികം

പൊറുക്കുന്നവനും കരുണാനിധിയുമാണ്. (57/28)

### സ്നേഹവും പാപമോചനവും

നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ. (3/31)

### അല്ലാഹുവിന്റെ അനുഗ്രഹവും

നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക. നിങ്ങൾ അനുഗൃഹീതരായേക്കാം. (3/132)

### സ്വർഗത്തിലെ നിത്യവാസവും പുണ്യവാൻമാരോടൊപ്പമുള്ള സഹവാസവും

.... ഏതൊരാൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവനെ അല്ലാഹു താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം. (4/13)

ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ! (4/69)

### അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാത്തവർ സത്യനിഷേധികൾ

പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച. (3/32)

### അവർ നിത്യ നരകത്തിൽ കത്തിയെരിയും

ആർ അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുകയും, അവന്റെ (നിയമ) പരിധികൾ ലംഘിക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകാഗ്നിയിൽ പ്രവേശിപ്പിക്കും. അവനതിൽ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണ് അവന്നുള്ളത്. (4/14)

തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം! (4/115)

## നബി ﷺക്ക് അദൃശ്യമറിയില്ല

പറയുക: അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല. ഞാൻ ഒരു മലക്കാണ് എന്നും നിങ്ങളോട് പറയുന്നില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിന്തുടരുന്നില്ല. പറയുക: അന്ധനും കാഴ്ചയുള്ളവനും സമമാകുമോ ? നിങ്ങളെന്താണ് ചിന്തിച്ച് നോക്കാത്തത്? **(6/50)**

## ഉപകാരോപദ്രവം സ്വന്തം അധീനതയില്ല

പറയുക: നിങ്ങൾക്ക് ഉപദ്രവം ചെയ്യുക എന്നതോ (നിങ്ങളെ) നേർവഴിയിലാക്കുക എന്നതോ എന്റെ അധീനതയിലല്ല. പറയുക: അല്ലാഹുവി(ന്റെ ശിക്ഷയി) ൽ നിന്ന് ഒരാളും എനിക്ക് അഭയം നൽകുകയേ ഇല്ല; തീർച്ചയായും അവന്നു പുറമെ ഒരു അഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയുമില്ല. അല്ലാഹുവിങ്കൽ നിന്നുള്ള പ്രബോധനവും അവന്റെ സന്ദേശങ്ങളും ഒഴികെ (മറ്റൊന്നും എന്റെ അധീനതയിലില്ല.) വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം തീർച്ചയായും അവന്നുള്ളതാണ് നരകാഗ്നി. അത്തരക്കാർ അതിൽ നിത്യവാസികളായിരിക്കും. **(72/21-23)**

നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ, ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിൻമ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്. **(7/188)**

## എന്ത് സംഭവിക്കുമെന്നറിയില്ല

നബിയേ,) പറയുക: ഞാൻ ദൈവദൂതൻമാരിൽ ഒരു പുതുമക്കാരനൊന്നുമല്ല. എന്നെക്കൊണ്ടോ നിങ്ങളെക്കൊണ്ടോ എന്ത് ചെയ്യപ്പെടും എന്ന് എനിക്ക് അറിയുകയുമില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിന്തുടരുക മാത്രമാകുന്നു ഞാൻ ചെയ്യുന്നത്. ഞാൻ വ്യക്തമായ താക്കീതുകാരൻ മാത്രമാകുന്നു. **(46/9)**

## ഇഷ്ടപ്പെട്ടവരെ നേർവഴിയിലാക്കാനാവില്ല

തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷെ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സൻമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു. **(28/56)**

അവരെ നേർവഴിയിലാക്കാൻ നീ ബാധ്യസ്ഥനല്ല. എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. ... (2/272)

### അന്ത്യനാൾ എപ്പോളെന്നറിയില്ല

അന്ത്യസമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു; അതെപ്പോഴാണ് വന്നെത്തുന്നതെന്ന്. പറയുക: അതിനെപ്പറ്റിയുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമാണ്.... (7/187)

### പ്രബോധകൻ മാത്രം കൈകാര്യകർത്താവല്ല

തീർച്ചയായും നാം മനുഷ്യർക്ക് വേണ്ടി സത്യപ്രകാരമുള്ള വേദഗ്രന്ഥം നിന്റെ മേൽ ഇറക്കിത്തന്നിരിക്കുന്നു. ആകയാൽ വല്ലവനും സൻമാർഗം സ്വീകരിച്ചാൽ അത് അവന്റെ ഗുണത്തിന് തന്നെയാണ്. വല്ലവനും വഴിപിഴച്ചു പോയാൽ അവൻ വഴിപിഴച്ചു പോകുന്നതിന്റെ ദോഷവും അവന് തന്നെ. നീ അവരുടെ മേൽ കൈകാര്യകർത്താവൊന്നുമല്ല. (39/41)

### സ്വന്തം ഇഷ്ടപ്രകാരം അത്ഭുതം പ്രവർത്തിക്കാൻ കഴിയില്ല

അവർ പറഞ്ഞു: ഈ ഭൂമിയിൽ നിന്ന് നീ ഞങ്ങൾക്ക് ഒരു ഉറവ് ഒഴുക്കിത്തരുന്നത് വരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല. അല്ലെങ്കിൽ നിനക്ക് ഈന്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ടായിരിക്കുകയും, അതിന്നിടയിലൂടെ നീ സമൃദ്ധമായി അരുവികൾ ഒഴുക്കുകയും ചെയ്യുന്നത് വരെ. അല്ലെങ്കിൽ നീ ജൽപിച്ചത് പോലെ ആകാശത്തെ ഞങ്ങളുടെ മേൽ കഷ്ണം കഷ്ണമായി നീ വീഴ്ത്തുന്നത് വരെ. അല്ലെങ്കിൽ അല്ലാഹുവെയും മലക്കുകളെയും കൂട്ടം കൂട്ടമായി നീ കൊണ്ട് വരുന്നത് വരെ. അല്ലെങ്കിൽ നിനക്ക് സ്വർണം കൊണ്ടുള്ള ഒരു വീടുണ്ടാകുന്നത് വരെ, അല്ലെങ്കിൽ ആകാശത്ത് കൂടി നീ കയറിപ്പോകുന്നത് വരെ. ഞങ്ങൾക്ക് വായിക്കാവുന്ന ഒരു ഗ്രന്ഥം ഞങ്ങളുടെ അടുത്തേക്ക് നീ ഇറക്കികൊണ്ട് വരുന്നത് വരെ നീ കയറിപ്പോയതായി ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല. (നബിയേ,) പറയുക: എന്റെ രക്ഷിതാവ് എത്ര പരിശുദ്ധൻ! ഞാനൊരു മനുഷ്യൻ മാത്രമായ ദൂതനല്ലേ ? (17/90-93)

### നബിﷺയുടെ ആദർശ പ്രഖ്യാപനം

പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് എന്നെ നേരായ പാതയിലേക്ക് നയിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതത്തിലേക്ക്. നേർമാർഗത്തിൽ നിലകൊണ്ട ഇബ്രാഹീമിന്റെ ആദർശത്തിലേക്ക്. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല. പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാകർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്.

(അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്. **(6/161-163)**

(നബിയേ,)പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല. **(72/20)**

**....** എന്നാൽ അവർ തിരിഞ്ഞുകളയുന്ന പക്ഷം (നബിയേ,) നീ പറയുക: എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിന്റെ നാഥൻ. **(9/129)**

**....**പറയുക: അവനാണ് എന്റെ രക്ഷിതാവ്. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനിലേക്കാണ് എന്റെ മടക്കം. **(13/30)**

തീർച്ചയായും ഈ ഗ്രന്ഥം അവതരിപ്പിച്ചവനായ അല്ലാഹുവാകുന്നു എന്റെ രക്ഷാധികാരി. അവനാണ് സജ്ജനങ്ങളുടെ സംരക്ഷണമേൽക്കുന്നത്. **(7/196)**

### നബി ﷺ യുടെ അചഞ്ചല വിശ്വാസവും അല്ലാഹുവിന്റെ സഹായവും

ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്നു ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ. അങ്ങനെ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവും കൊണ്ട് യാതൊരു ദോഷവും ബാധിക്കാതെ അവർ മടങ്ങി. അല്ലാഹുവിന്റെ പ്രീതിയെ അവർ പിന്തുടരുകയും ചെയ്തു. മഹത്തായ ഔദാര്യമുള്ളവനത്രെ അല്ലാഹു. **(3173, 174)**

നിന്നെ ബന്ധനസ്ഥനാക്കുകയോ കൊല്ലുകയോ നാട്ടിൽ നിന്ന് പുറത്താക്കുകയോ ചെയ്യാൻ വേണ്ടി നിനക്കെതിരായി സത്യനിഷേധികൾ തന്ത്രം പ്രയോഗിച്ചിരുന്ന സന്ദർഭം (ഓർക്കുക.) അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ. **(8/30)**

നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക.) തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്കു മറുപടി നൽകി. **(8/9)**

നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരി

ക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട. തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കികൊടുക്കുകയും, നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും, സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്ന് നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു. **(9/40)**

### മോശെയുടെ ന്യായപ്രമാണത്തിലും യേശുവിന്റെ സുവിശേഷത്തിലും പരാമർശിക്കപ്പെട്ട "ആ " പ്രവാചകനിൽ നിങ്ങൾ വിശ്വസിക്കുക

(അതായത്) തങ്ങളുടെ പക്കലുള്ള തൌറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്.) അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ. **(7/157)**

### നിങ്ങൾക്ക് കാര്യങ്ങൾ വിശദീകരിച്ച് തരാൻ വേണ്ടി ലോകരക്ഷിതാവ് അയച്ച "ആ പ്രവാചകനിൽ "

വേദക്കാരേ, ദൈവദൂതൻമാർ വരാതെ ഒരു ഇടവേള കഴിഞ്ഞ ശേഷം നിങ്ങൾക്ക് (കാര്യങ്ങൾ) വിവരിച്ചുതന്നു കൊണ്ട് നമ്മുടെ ദൂതൻ ഇതാ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. ഞങ്ങളുടെ അടുത്ത് ഒരു സന്തോഷവാർത്തക്കാരനോ, താക്കീതുകാരനോ വന്നില്ല എന്ന് നിങ്ങൾ പറയാതിരിക്കാൻ വേണ്ടിയാണിത്. അതെ, നിങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുകയും, താക്കീത് നൽകുകയും ചെയ്യുന്ന ആൾ (ഇതാ) വന്നു കഴിഞ്ഞിരിക്കുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ. **(5/19)**

### പൗരോഹിത്യം മറച്ചുവെച്ച സത്യങ്ങൾ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരാൻ

**സത്യാസത്യവിവേചന പ്രമാണവുമായി വന്ന ആ "ദൈവദൂതനിൽ "**

വേദക്കാരേ, വേദഗ്രന്ഥത്തിൽ നിന്ന് നിങ്ങൾ മറച്ച് വെച്ചുകൊണ്ടിരുന്ന പലതും നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നുകൊണ്ട് നമ്മുടെ ദൂതൻ (ഇതാ) നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. പലതും അദ്ദേഹം മാപ്പാക്കുകയും ചെയ്യുന്നു. നിങ്ങൾക്കിതാ അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരുകയും, നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു. **(5/15,16)**

**യേശു ക്രിസ്തു സുവിശേഷ മറിയിച്ച '' പെരിക്ലിറ്റോസിൽ (യോഹ /7-15)**

മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു:) ഇസ്രായീൽ സന്തതികളേ, എനിക്കു മുമ്പുള്ള തൌറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും, എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നുപേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ..... **(61/6)**

**അവസാന കാലം വരെയുള്ള മുഴുവൻ മനുഷ്യരിലക്കുമായി വന്ന മുഹമ്മദ് നബി ﷺ യിൽ**

ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യവുമായി നിങ്ങളുടെ അടുക്കലിതാ റസൂൽ വന്നിരിക്കുന്നു. അതിനാൽ നിങ്ങളുടെ നൻമയ്ക്കായി നിങ്ങൾ വിശ്വസിക്കുക. നിങ്ങൾ നിഷേധിക്കുകയാണെങ്കിലോ, ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റെതാണ്. (എന്ന് നിങ്ങൾ ഓർത്തു കൊള്ളുക.) അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു. **(4/170)**

**ക്രിസ്തുമതത്തിൽ നിന്ന് ക്രിസ്തുവിന്റെ മതത്തിലേക്ക്**

ജനങ്ങളിൽ സത്യവിശ്വാസികളോട് ഏറ്റവും കടുത്ത ശത്രുതയുള്ളവർ യഹൂദരും, ബഹുദൈവാരാധകരുമാണ് എന്ന് തീർച്ചയായും നിനക്ക് കാണാം. ഞങ്ങൾ ക്രിസ്ത്യാനികളാകുന്നു. എന്ന് പറഞ്ഞവരാണ് ജനങ്ങളിൽ വെച്ച് സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സൌഹൃദമുള്ളവർ എന്നും നിനക്ക് കാണാം. അവരിൽ മതപണ്ഡിതൻമാരും സന്യാസികളും ഉണ്ടെന്നതും, അവർ അഹംഭാവം നടിക്കുന്നില്ല എന്നതുമാണതിന് കാരണം.

റസൂലിന് അവതരിപ്പിക്കപ്പെട്ടത് അവർ കേട്ടാൽ സത്യം മനസ്സിലാ

ക്കിയതിന്റെ ഫലമായി അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നതായി നിനക്ക് കാണാം. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ.

ഞങ്ങളുടെ രക്ഷിതാവ് സജ്ജനങ്ങളോടൊപ്പം ഞങ്ങളെ പ്രവേശിപ്പിക്കുവാൻ ഞങ്ങൾ മോഹിച്ച് കൊണ്ടിരിക്കെ, ഞങ്ങൾക്കെങ്ങനെ അല്ലാഹുവിലും ഞങ്ങൾക്ക് വന്നുകിട്ടിയ സത്യത്തിലും വിശ്വസിക്കാതിരിക്കാൻ കഴിയും? അങ്ങനെ അവരീ പറഞ്ഞത് നിമിത്തം അല്ലാഹു അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ പ്രതിഫലമായി നൽകി. അവരതിൽ നിത്യവാസികളായിരിക്കും. സദ്വൃത്തർക്കുള്ള പ്രതിഫലമത്രെ അത്. **(5/82-85)**

## ക്രിസ്തുവിന്റെ മാർഗം

(ഈസാ പറഞ്ഞു:) തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതത്രെ നേരെയുള്ള മാർഗം.**(19/36)**

തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ മാർഗം.**(3/51)**

# യേശുക്രിസ്തു നബി വചനങ്ങളിൽ

### യേശുവിന്റെ മാതാവിന്റെ മഹത്വം

അലി നിവേദനം: അദ്ദേഹം പറഞ്ഞു: നബി ﷺ ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു."ദുൻയാവിലെ സ്ത്രീകളിൽ ഏറ്റവും ഉത്തമ മർയമായിരുന്നു. അത് പോലെ ഈ സമുദായത്തിലെ ഏറ്റവും ഉത്തമ സ്ത്രീ ഖദീജയാകുന്നു. **(ബുഖാരി, മുസ്ലിം)**

അബൂ മൂസാ ؓ നിവേദനം: നബി ﷺ അരുളി: പുരുഷന്മാരിൽ പൂർണ്ണതയുള്ളവരായി കുറെ പേർ കഴിഞ്ഞു പോയിടുണ്ട്. എന്നാൽ സ്ത്രീകളിൽ പൂർണ്ണതയിലെത്തിയവർ ഫിർഔന്റെ (ഫറോവയുടെ) ഭാര്യ ആസിയയും ഇംറാന്റെ മകൾ മർയമും മാത്രമാണ്. എന്നാൽ മറ്റു സ്ത്രീകളിൽ ആയിശ ؓയുടെ മഹത്വം മറ്റു ഭക്ഷണങ്ങളെക്കാൾ ഥരീദിനുള്ള (റൊട്ടി പൊടിച്ച് ഇറച്ചിയും കറിയും ചേർത്ത് വേവിക്കുന്ന നബി ﷺക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം) മഹത്വമാണ് **(ബുഖാരി, മുസ്ലിം)**

അബ്ദുല്ലാബ്നു അബ്ബാസ് ؓ നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ ഭൂമിയിൽ നാല് വരകൾ വരച്ചു. ശേഷം പറഞ്ഞു: നിങ്ങൾക്കറിയുമോ ഇത് എന്താണെന്ന്? അവർ പറഞ്ഞു: അല്ലാഹുവിനും റസൂലിനും കൂടുതൽ അറിയാം. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: സ്വർഗാഹരായ സ്ത്രീകളിൽ ശ്രേഷ്ഠരായ ഖുവയ്‌ലിദിന്റെ മകൾ ഖദീജ ؓ, മുഹമ്മദിന്റെ മകൾ ഫാത്വിമ ؓ, ഇംറാന്റെ മകൾ മർയം ؓ, മുസാഹിമിന്റെ മകളും ഫറോവയുടെ ഭാര്യയുമായ ആസിയ ؓ എന്നിവരാണ്. **(ഹാകിം)**

### മുഹമ്മദ് നബി ﷺ യുമായിഏറ്റവും ആത്മ ബന്ധം

അബൂഹുറയ്റ ؓ നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു. "ഈസബ്നു മർയമിനോട് ജനങ്ങളിൽ ഇഹലോകത്തും പരലോകത്തും ഏറ്റവും അടുത്തവൻ ഞാനാണ്. അവർ(സ്വഹാബികൾ) ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ അത് എങ്ങനെയാണ്? തിരുമേനി ﷺ പറഞ്ഞു: എല്ലാ നബിമാരും ഒരു പിതാവിൽ നിന്നുള്ള സഹോദരങ്ങളാണ്. അവരുടെ ഉമ്മമാർ വ്യത്യസ്തരുമാണ്. അവരുടെ ആദർശം ഒന്നാണ്. ഞങ്ങൾ രണ്ട് പേർക്കിടയിൽ ഒരു നബിയും ഇല്ല. **(ബുഖാരി, മുസ്ലിം)**

## യേശു ക്രിസ്തു, അല്ലാഹുവിന്റെ അടിമയും, ദൂതനും, വചനവും, ആത്മാവും

ഉബാദത്ത് ബ്നു സ്വാമിത്ﷺ നിവേദനം. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "യഥാർത്ഥ ആരാധ്യനായി അല്ലാഹു അല്ലാതെ മാറ്റാരുമില്ലെന്നും അവന് യാതൊരു പങ്കുകാരുമില്ലെന്നും, തീർച്ചയായും മുഹമ്മദ് അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും, ഈസാ അല്ലാഹുവിന്റെ ദാസനും ദൂതനും മർയമിലേക്ക് അവൻ ഇട്ട് കൊടുത്ത അവന്റെ വചനവും അവനിൽ നിന്നുള്ള ആത്മാവുമാണെന്നും, സ്വർഗ്ഗം സത്യമാണെന്നും, നരകം സത്യമാണെന്നും, ആര് സാക്ഷ്യം വഹിച്ചുവോ അവനെ താൻ ചെയ്ത പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള (പദവികളിലായി) അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും. **(ബുഖാരി, മുസ്‌ലിം)**

## യേശു ക്രിസ്തുവിന് പൈശാചിക സ്പർശത്തിൽ നിന്ന് സുരക്ഷിതത്വം

അബൂഹുറയ്റﷺ പറയുന്നു: നബിﷺ പറഞ്ഞു: ഏതൊരു മനുഷ്യ കുഞ്ഞു ജനിക്കുമ്പോഴും പിശാചിന്റെ സ്പർശം കാരണം നിലവിളിച്ചുകൊണ്ടല്ലാതെ പിറന്നു വീഴുന്നില്ല. മർയമും അവരുടെ പുത്രനും ഒഴികെ. (മർയമിന്റെ മാതാവ് ഇങ്ങനെ പ്രാർത്ഥിച്ചിരുന്നു) അനന്തരം അബൂഹുറയ്റﷺ ഖുർആൻ വാക്യം ഉദ്ദരിച്ചു. "ശപിക്കപ്പെട്ട പിശാചിൽ നിന്ന് അവളെയും അവളുടെ സന്തതികളെയും രക്ഷിക്കാനായി നിന്നോട് ഞാൻ ശരണം തേടുന്നു" ഖുർആൻ 3/36 **(ബുഖാരി, മുസ്‌ലിം, അഹ്മദ്)**

## യേശുവിന്റെ ശരീരഘടനയും സൗന്ദര്യവും

അബൂഹുറയ്റﷺ പറയുന്നു: നബിﷺ പറഞ്ഞു: എന്റെ രാപ്രയാണത്തിൽ മൂസാﷺനെ ഞാൻ കാണുകയുണ്ടായി. അദ്ദേഹം ശനൂഅ ഗോത്രത്തിൽ പെട്ട പുരുഷന്മാരെ പോലെ ഒത്ത തടിയുള്ള ഒരു മനുഷ്യനാണ്. ഈസﷺയെയും ഞാൻ കണ്ടു. അദ്ദേഹം ചുവപ്പ് നിറത്തിലുള്ള ഒരു ഒത്ത മനുഷ്യനാണ്. അറയിൽ നിന്ന് പുറത്ത് വരുന്നവനെ പോലെ.... **(ബുഖാരി, മുസ്‌ലിം)**

ഇബ്നു ഉമർﷺ പറയുന്നു: നബിﷺ പറഞ്ഞു: ഞാൻ ഈസﷺയെയും മൂസാﷺയെയും ഇബ്റാഹിം ﷺനെയും കണ്ടു. ഈസാ ചുവപ്പ് നിറവും ചുരുണ്ട മുടിയും വിടർന്ന നെഞ്ചുമുള്ളയാളായിരുന്നു. മൂസയാകട്ടെ തടിച്ച നിറമുള്ള തടിച്ച ചുരുളാത്ത മുടിയുള്ളയാളായിരുന്നു. സ്വത്ത് പ്രദേശത്ത്കാരെ പോലെ. **(ബുഖാരി)**

## ക്രിസ്തുവിന്റെ രണ്ടാം വരവ്

അബൂഹുറയ്റﷺ പറയുന്നു: നബിﷺ പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കയ്യിലാണോ, അവനെകൊണ്ട് സത്യം! മർയമിന്റെ പുത്രൻ

നീതിയും ന്യായവും നടപ്പിൽ വരുത്തികൊണ്ട് അടുത്ത് തന്നെ നിങ്ങളിൽ വന്നിറങ്ങും എന്നിട്ട് കുരിശ് തകർത്തു കളയുകയും (ക്രൈസ്തവിതവണ്ഡവാദങ്ങളെ എതിർക്കും) പന്നിയെ കൊല്ലുകയും, ജിസ്യ എടുത്ത് കളയുകയും ചെയ്യും. അന്ന് ധനം ഒഴുകുവാൻ തുടങ്ങും പക്ഷെ അത് സ്വീകരിക്കാൻ ആരും ഉണ്ടായിരിക്കുകയില്ല. **(ബുഖാരി, മുസ്‌ലിം)**

അന്നവാസ് ഇബ്നു സംആനിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:.... അന്നേരം അല്ലാഹു, മസീഹ് ബ്നു മർയമിനെ നിയോഗിക്കും ദിമശ്കസ്വിന്റെ കിഴക്കുള്ള അൽമനാറത്തുൽ ബയ്ദ്വാഇന്നരികിൽ മഞ്ഞ വർണ്ണമുള്ള രണ്ട് വസ്ത്രങ്ങളിലായി രണ്ട് മലക്കുകളുടെ ചിറകുകളിൽ കൈ വെച്ച് അദ്ദേഹം വന്നിറങ്ങു. അദ്ദേഹം തല താഴ്ത്തിയാൽ വെള്ളത്തുള്ളികൾ ഉറ്റിവീഴും. തല ഉയർത്തിയാലോ തിളക്കമാർന്ന മുത്തുകൾ അദ്ദേഹത്തിൽ നിന്ന് ഉതിർന്ന് വീഴും. അദ്ദേഹത്തിൽ നിന്നുള്ള നിശ്വാസത്തിന്റെ മണമടിക്കുന്ന യാതൊരു കാഫിറിനും മരിക്കുകയല്ലാതെ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ നിശ്വാസമാകട്ടെ അദ്ദേഹത്തിന്റെ ദൃഷ്ടി എത്തുന്നേടത്ത് ചെന്നെത്തും. അങ്ങനെ അദ്ദേഹം ദജ്ജാലിനെ അന്വേഷിക്കുകയും ബാബുലുദ്ദീൽ ദജ്ജാലിനെ കണ്ടുമുട്ടുകയും വധിക്കുകയും ചെയ്യും. **(മുസ്‌ലിം)**

ജാബിറുബ്നു അബ്ദില്ല ﵁ പറയുന്നു. നബി ﷺ പറയുന്നത് ഞാൻ കേട്ടു. "എന്റെ സമുദായത്തിലൊരു വിഭാഗം സത്യത്തിൽ ഉറച്ച് നിന്ന് അന്ത്യനാള് വരെ പോരാടികൊണ്ടിരിക്കും. അങ്ങനെ മർയമിന്റെ പുത്രൻ ഈസാ ﵇ ഇറങ്ങിവരും. അപ്പോൾ അവരുടെ നേതാവ് അദ്ദേഹത്തോട് പറയും താങ്കൾ വന്ന് ഞങ്ങൾക്ക് പ്രാർത്ഥനക്ക് നേതൃത്വം നൽകണം. അപ്പോഴദ്ദേഹം പറയും ഇല്ല ഈ സമുദായത്തോടുള്ള അല്ലാഹുവിന്റെ ആദരവെന്നോണം നിങ്ങളിൽ ചിലർ ചിലർക്ക് നേതാവാകണം. **(മുസ്‌ലിം, അഹ്‌മദ്)**

അബൂഹുറയ്റ ﵁ നിവേദനം: മുഹമ്മദ് നബി ﷺ പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണെ സത്യം! റൗദാഹ് എന്ന മലമ്പാതയിൽ വെച്ച് ഹജ്ജ് നിർവ്വഹിക്കുന്നവനായോ, ഉംറ നിർവ്വഹിക്കുന്നവനായോ, ഹജ്ജും ഉംറയും ഒന്നിച്ച് നിർവഹിക്കുന്നവനായോ മർയമിന്റെ പുത്രൻ തൽബിയത്ത് പ്രഖ്യാപിക്കുന്നതാണ്. **(മുസ്‌ലിം)**

### യേശുക്രിസ്തുവിന്റെ മരണം

അബൂഹുറയ്റ ﵁ നിവേദനം: നബി ﷺ പറഞ്ഞു:..... അങ്ങനെ ഈസ ഭൂമിയിൽ നാല്പതു വർഷം താമസിക്കുകയും ശേഷം മരണം വരിക്കുകയും ചെയ്യും. അപ്പോൾ അദ്ദേഹത്തിന് മുസ്‌ലിംകൾ ജനാസ: (മരണപെട്ടവർക്ക് വേണ്ടിയുള്ള നമസ്കാരം) നമസ്കരിക്കും. **(അഹ്‌മദ്)**

# ഇസ്‌ലാമിക വ്യക്തിത്വം ഖുർആനിൽ

### സത്യവിശ്വാസവും സൽകർമ്മനിഷ്ഠയും

സത്യവിശ്വാസികളേ, അല്ലാഹുവിലും, അവന്റെ ദൂതനിലും, അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും, അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു. **(4/136)**

നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ലനിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.**(4/36)**

### ഏകദൈവ വിശ്വാസം , നിർഭയത്വം, സമാധാനം

നിങ്ങൾ അല്ലാഹുവിനോട് പങ്കുചേർത്തതിനെ ഞാൻ എങ്ങനെ ഭയപ്പെടും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്ക് യാതൊരു പ്രമാണവും നൽകിയിട്ടില്ലാത്ത വസ്തുക്കളെ അവനോട് പങ്ക് ചേർക്കുന്നതിനെപ്പറ്റി ഭയപ്പെടുന്നുമില്ല. അപ്പോൾ രണ്ടു കക്ഷികളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹതയുള്ളവർ ? (പറയൂ;) നിങ്ങൾക്കറിയാമെങ്കിൽ. വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ **(6/81,82)**

വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് കൊടുക്കുകയും ചെയ്യുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. **(2/277)**

ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടി പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. **(2/256)**

### ധീരത, വിധിവിശ്വാസം,, മന:ശാന്തി, സുരക്ഷിതത്വം,

ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്നു ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ.**(3/173)**

തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും. (2/156,

പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്. **(9/51)**

ദുഃഖിക്കേണ്ട. തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്.. **(9/40)**

**...**ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്. **(13/28)**

### നിർഭയത്വം, ധീരത, ദൈവഭയം

**....**അവർ വിശ്വാസികളോട് വിനയം കാണിക്കുന്നവരും, സത്യനിഷേധികളോട് പ്രതാപം പ്രകടിപ്പിക്കുന്നവരുമായിരിക്കും. അവർ അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിൽ ഏർപെടും. ഒരു ആക്ഷേപകന്റെ ആക്ഷേപവും അവർ ഭയപ്പെടുകയില്ല. **... (5/54)**

എത്രയെത്ര പ്രവാചകൻമാരോടൊപ്പം അനേകം ദൈവദാസൻമാർ യുദ്ധം ചെയ്തിട്ടുണ്ട്. എന്നിട്ട് അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങൾക്ക് നേരിട്ട യാതൊന്നു കൊണ്ടും അവർ തളർന്നില്ല. അവർ ദൌർബല്യം കാണിക്കുകയോ ഒതുങ്ങികൊടുക്കുകയോ ചെയ്തില്ല. അത്തരം ക്ഷമാശീലരെ അല്ലാഹു സ്നേഹിക്കുന്നു. **(3/146)**

### അർപണബോധം, സർവ്വതും സ്രഷ്ടാവിൽ ഭരമേൽപ്പിക്കൽ

ഒരിക്കലും മരിക്കാതെ ജീവിച്ചിരിക്കുന്നവനെ നീ ഭരമേൽപിക്കുക. അവനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിക്കുകയും ചെയ്യുക. തന്റെ ദാസൻമാരുടെ പാപങ്ങളെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനായിട്ട്

അവൻ തന്നെ മതി. (25/58)

പറയുക: അവനാകുന്നു പരമകാരുണികൻ. അവനിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും ചെയ്തിരിക്കുന്നു... ( 67/29)

....എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിന്റെ നാഥൻ.(9/129)

### ഏറ്റവും നല്ല വഴിയിലാണെന്ന ആത്മവിശ്വാസം, നിർഭയത്വം, അഭിമാനബോധം,

നിങ്ങൾ ദൌർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതൻമാർ. (3/139)

സത്യനിഷേധികൾക്ക് ഐഹികജീവിതം അലംകൃതമായി തോന്നിയിരിക്കുന്നു. സത്യവിശ്വാസികളെ അവർ പരിഹസിക്കുകയും ചെയ്യുന്നു. എന്നാൽ സൂക്ഷ്മത പാലിച്ചവരായിരിക്കും ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരെക്കാൾ ഉന്നതൻമാർ. അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്ക് നോക്കാതെ തന്നെ കൊടുക്കുന്നതാണ്. (2/212)

തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ.

അവർക്ക് അവരുടെ രക്ഷിതാവിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും; എന്നെന്നേക്കുമായിട്ട്. അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. ഏതൊരുവൻ തന്റെ രക്ഷിതാവിനെ ഭയപ്പെട്ടുവോ അവന്നുള്ളതാകുന്നു അത്. (98/ 7, 8)

### പ്രതീക്ഷയും, പ്രത്യാശയും, ശുഭാപ്തി വിശ്വാസവും

.... അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസികളായ ജനങ്ങളല്ലാതെ അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിരാശപ്പെടുകയില്ല, തീർച്ച. (12/87)

അദ്ദേഹം (ഇബ്രാഹീം) പറഞ്ഞു: തന്റെ രക്ഷിതാവിന്റെ കാരുണ്യത്തെപ്പറ്റി ആരാണ് നിരാശപ്പെടുക? വഴിപിഴച്ചവരല്ലാതെ. (15/56)

ഭൂമിയിൽ നൻമവരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു

വിന്റെ കാരുണ്യം സൽകർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു. (7/56)

.... തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു.(21/9)

**നിഷ്കളങ്കത ,ആത്മാർത്ഥത, കീഴ്വണക്കം, സമ്പൂർണ്ണ സമർപ്പണം,**

കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കി കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം (98/5)

പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാക ർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. (6/162)

എന്നാൽ പശ്ചാത്തപിച്ച് മടങ്ങുകയും, നിലപാട് നന്നാക്കുകയും, അല്ലാഹുവെ മുറുകെപിടിക്കുകയും, തങ്ങളുടെ മതത്തെ നിഷ്കളങ്കമായി അല്ലാഹുവിനു വേണ്ടി ആക്കുകയും ചെയ്തവർ ഇതിൽ നിന്നൊഴിവാകു ന്നു, അവർ സത്യവിശ്വാസികളോടൊപ്പമാകുന്നു. സത്യവിശ്വാസികൾക്ക് അല്ലാഹു മഹത്തായ പ്രതിഫലം നൽകുന്നതാണ്. (4/146)

തീർച്ചയായും നിനക്ക് നാം ഈ ഗ്രന്ഥം അവതരിപ്പിച്ചു തന്നത് സത്യ പ്രകാരമാകുന്നു. അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്ക മാക്കികൊണ്ട് അവനെ നീ ആരാധിക്കുക.(39/2)

സത്യവിശ്വാസികളേ, നിങ്ങൾ പരിപൂർണ്ണമായി കീഴ്വണക്കത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കു കയും ചെയ്യുക. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാ കുന്നു.(2/208)

**സൂക്ഷമതാബോധം, ധർമ്മനിഷ്ഠ, ജീവിത വിശുദ്ധി,**

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്ര കാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാ നിടയാകരുത്.(3/102)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, ശരി യായ വാക്ക് പറയുകയും ചെയ്യുക.(33/70)

...അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കികൊടുക്കുകയും, അവൻ കണക്കാക്കാത്ത വിധ

ത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്....**(63/2)**

നിങ്ങളുടെ രക്ഷിതാവ് എന്താണ് അവതരിപ്പിച്ചിട്ടുള്ളത് എന്ന് സൂക്ഷ്മത പാലിച്ചവരോട് ചോദിക്കപ്പെട്ടു. അവർ പറഞ്ഞു: ഉത്തമമായത് തന്നെ. നല്ലത് ചെയ്തവർക്ക് ഈ ദുൻയാവിൽതന്നെ നല്ല ഫലമുണ്ട്. പരലോകഭവനമാകട്ടെ കൂടുതൽ ഉത്തമമാകുന്നു. സൂക്ഷ്മത പാലിക്കുന്നവർക്കുള്ള ഭവനം എത്രയോ നല്ലത്! **(16/30)**

...നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരോടൊപ്പമാണെന്ന് മനസ്സിലാക്കുകയും ചെയ്യുക.**(2/194)**

## സത്യം പറയലും സത്യത്തിന് വേണ്ടി നിലകൊള്ളലും

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക. **(9/119)**

സത്യവും കൊണ്ട് വരുകയും അതിൽ വിശ്വസിക്കുകയും ചെയ്തതാരോ അത്തരക്കാർ തന്നെയാകുന്നു സൂക്ഷ്മത പാലിച്ചവർ.

അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ അവർ ഉദ്ദേശിക്കുന്നതെന്തോ അതുണ്ടായിരിക്കും. അതത്രെ സദ്വൃത്തർക്കുള്ള പ്രതിഫലം. **(39/33,34)**

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക.**(9/119)**

## നീതി ബോധം, നീതിയുടെ പക്ഷം നിൽക്കൽ

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുന്നവരും, നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമ്മനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു. **(5/8)**

വിശ്വസിച്ചേൽപിക്കപ്പെട്ട അനാമത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്നും, ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പുകൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പുകൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്. തീർച്ചയായും എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു അല്ലാഹു. **(4/58)**

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞ് മാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു. ( 4/13)

...നിങ്ങൾ സംസാരിക്കുകയാണെങ്കിൽ നീതി പാലിക്കുക. അതൊരു ബന്ധുവിന്റെ കാര്യത്തിലായിരുന്നാൽ പോലും. അല്ലാഹുവോടുള്ള കരാർ നിങ്ങൾ നിറവേറ്റുക. നിങ്ങൾ ശ്രദ്ധിച്ച് മനസ്സിലാക്കുവാൻ വേണ്ടി അല്ലാഹു നിങ്ങൾക്ക് നൽകിയ ഉപദേശമാണത്.(5/151)

## നല്ലത് പറയൽ

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക. (33/70)

അല്ലാഹുവെ അല്ലാതെ നിങ്ങൾ ആരാധിക്കരുത്; മാതാപിതാക്കൾക്കും ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും നൻമ ചെയ്യണം; ജനങ്ങളോട് നല്ല വാക്ക് പറയണം;.... (2/83)

നീ എന്റെ ദാസൻമാരോട് പറയുക; അവർ പറയുന്നത് ഏറ്റവും നല്ല വാക്കായിരിക്കണമെന്ന്. ...(17/53)

## നന്മ ചെയ്യൽ

തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നൻമ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു. (16/90)

....നിങ്ങൾ നല്ലത് പ്രവർത്തിക്കുക. നൻമ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപെടുക തന്നെ ചെയ്യും.(2/195)

...സദ്വൃത്തരെ അല്ലാഹു ഇഷ്ടപ്പെടുന്നു.(5/93)

## നന്മയിലെ സഹകരണം തിന്മയിലെ വിയോജിപ്പും

. ...പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹാ

യിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്....(5/2)

### നല്ലത് കൽപ്പിക്കലും തിന്മ വിലക്കലും

നൻമയിലേക്ക് ക്ഷണിക്കുകയും, സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ.(3/104)

### നന്മയിൽ മുന്നേറൽ, നന്മ ചെയ്യാനുള്ള മാത്സര്യ ബുദ്ധി

...തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു. (21/90)

നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്.(3/133)

...എന്നാൽ നിങ്ങൾ ചെയ്യേണ്ടത് സൽപ്രവർത്തനങ്ങൾക്കായി മുന്നോട്ട് വരികയാണ്.... (2/148)

അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, സദാചാരം കൽപിക്കുകയും. ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നല്ല കാര്യങ്ങളിൽ അത്യുത്സാഹം കാണിക്കുകയും ചെയ്യും. അവർ സജ്ജനങ്ങളിൽ പെട്ടവരാകുന്നു. (3/114,)

### ഗുണകാംക്ഷ, നന്മയിലേക്ക് ക്ഷണിക്കൽ

യുക്തിദീക്ഷയോടു കൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക....(15/125)

### സന്മാർഗത്തിൽ ഉറച്ച് നിൽക്കൽ, ആദർശ ദൃഢത

ആകയാൽ നീ കൽപിക്കപ്പെട്ടതു പോലെ നീയും നിന്നോടൊപ്പം (അല്ലാഹുവിങ്കലേക്ക്) മടങ്ങിയവരും നേരായ മാർഗത്തിൽ നിലകൊള്ളുക. നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കരുത്. തീർച്ചയായും അവൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാണ്.(11/112)

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ

അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്ന താണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക.(41/30)

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമത്രെ അത്. (46/13,14).

## ക്ഷമ

കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവ നഷ്ടം, വിഭവ നഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. (2 /155)

സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവ് കാണിക്കുകയും, പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം. (2/200)

സത്യവിശ്വാസികളെ, നിങ്ങൾ സഹനവും നമസ്കാരവും മുഖേന (അല്ലാഹുവിനോട്) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു. (2/153)

## മനക്കരുത്ത്, സഹനം,

എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവഹിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്. (31/17)

വല്ലവനും ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ട കാര്യങ്ങളിൽ പെട്ടതാകുന്നു.(42/43)

ആകയാൽ ദൃഢമനസ്കരായ ദൈവദൂതൻമാർ ക്ഷമിച്ചത് പോലെ നീ ക്ഷമിക്കുക. ... (46/35)

## വിട്ടുവീഴ്ച ,മാപ്പ് നൽകൽ, വിശാലമനസ്കത

...അവർ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ

? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.( 24/22)

....നിങ്ങൾ മാപ്പുനൽകുകയും, വിട്ടുവീഴ്ച കാണിക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (64/14)

മഹാപാപങ്ങളും നീചവൃത്തികളും വർജ്ജിക്കുന്നവരും, കോപം വന്നാലും പൊറുക്കുന്നവരുമായിട്ടുള്ളവർക്ക്.(42/37)

(അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമ്മങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു. (3/134)

നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും, അവിവേകികളെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്യുക. (7/199)

...അതിനാൽ നീ ഭംഗിയായി മാപ്പ് ചെയ്ത് കൊടുക്കുക.(15/85)

## തിന്മയെ നന്മ കൊണ്ട് നേരിടൽ

..ഏറ്റവും നല്ലതേതോ അതുകൊണ്ട് നീ തിൻമയെ തടുത്തു കൊള്ളുക. ... (23/96)

നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു.

ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. ( 41/34,35)

തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി ആഗ്രഹിച്ച് കൊണ്ട് ക്ഷമ കൈക്കൊള്ളുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, നാം നൽകിയിട്ടുള്ളതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും, തിൻമയെ നൻമ കൊണ്ട് തടുക്കുകയും ചെയ്യുന്നവർ. അത്തരക്കാർക്ക് അനുകൂലമത്രെ ലോകത്തിന്റെ പര്യവസാനം. (13/22)

അത്തരക്കാർക്ക് അവർ ക്ഷമിച്ചതിന്റെ ഫലമായി അവരുടെ പ്രതിഫലം രണ്ടുമടങ്ങായി നൽകപ്പെടുന്നതാണ്. അവർ നൻമകൊണ്ട് തിൻമയെ തടുക്കുകയും, നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യും. (28/54)

## വിനയം, സൗമ്യത, എളിമ, ലാളിത്യം

പരമകാരുണികന്റെ ദാസൻമാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നൽകുന്നവരുമാകുന്നു.**(25/63)**

നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക. നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക. തീർച്ചയായും ശബ്ദങ്ങളുടെ കൂട്ടത്തിൽ ഏറ്റവും വെറുപ്പുളവാക്കുന്നത് കഴുതയുടെ ശബ്ദമത്രെ. **( 31/19)**

## കരുണ, അലിവ്, ആർദ്രത, ഹൃദയവിശാലത

....തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ. **(59/9)**

ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും. (അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്കു ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽ നിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. **(76/8,9)**

ആ മലമ്പാത എന്താണെന്ന് നിനക്കറിയാമോ? ഒരു അടിമയെ മോചിപ്പിക്കുക. അല്ലെങ്കിൽ പട്ടിണിയുള്ള നാളിൽ ഭക്ഷണം കൊടുക്കുക. കുടുംബബന്ധമുള്ള അനാഥയ്ക്ക് അല്ലെങ്കിൽ കടുത്ത ദാരിദ്ര്യമുള്ള സാധുവിന് പുറമെ, വിശ്വസിക്കുകയും, ക്ഷമ കൊണ്ടും കാരുണ്യം കൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും ചെയ്യുക. **(9/12-17)**

## ദാനശീലം, ഉദാരത

അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്. **(2/261)**

അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുകയും എന്നിട്ടതിനെ തുടർന്ന്, ചെലവ് ചെയ്തത് എടുത്തുപറയുകയോ ശല്യപ്പെടുത്തുകയോ ചെയ്യാതിരിക്കുകയും ചെയ്യുന്നവർ ആരോ അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കും. അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി

വരികയുമില്ല. (2/262)

രാത്രിയും പകലും രഹസ്യമായും പരസ്യമായും തങ്ങളുടെ സ്വത്തുക്കൾ ചെലവഴിച്ചു കൊണ്ടിരിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. (2/274)

നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നത് വരെ നിങ്ങൾക്ക് പുണ്യ'ം നേടാനാവില്ല. നിങ്ങൾ ഏതൊരു വസ്തു ചെലവഴിക്കുന്നതായാലും തീർച്ചയായും അല്ലാഹു അതിനെപ്പറ്റി അറിയുന്നവനാകുന്നു. (3/92)

സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽ നിന്നും, ഭൂമിയിൽ നിന്ന് നിങ്ങൾക്ക് നാം ഉൽപാദിപ്പിച്ച് തന്നതിൽ നിന്നും നിങ്ങൾ ചെലവഴിക്കുവിൻ.... (2/267)

## സാമ്പത്തിക വിശുദ്ധി

അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറിഞ്ഞുകൊണ്ടു തന്നെ, ആളുകളുടെ സ്വത്തുക്കളിൽ നിന്ന് വല്ലതും അധാർമ്മികമായി നേടിയെടുത്തു തിന്നുവാൻ വേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്. (2/188)

സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്. നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു. (4/29)

തീർച്ചയായും അനാഥകളുടെ സ്വത്തുകൾ അന്യായമായി തിന്നുന്നവർ അവരുടെ വയറുകളിൽ തിന്നു (നിറക്കു) ന്നത് തീ മാത്രമാകുന്നു. പിന്നീട് അവർ നരകത്തിൽ കത്തിഎരിയുന്നതുമാണ്. (4/10)

## ക്രയവിക്രയങ്ങളിലെ കൃത്യത, സത്യസന്ധതയും

നിങ്ങൾ അളന്നുകൊടുക്കുകയാണെങ്കിൽ അളവ് നിങ്ങൾ തികച്ചുകൊടുക്കുക. ശരിയായ തുലാസ് കൊണ്ട് നിങ്ങൾ തൂക്കികൊടുക്കുകയും ചെയ്യുക. അതാണ് ഉത്തമവും അന്ത്യഫലത്തിൽ ഏറ്റവും മെച്ചമായിട്ടുള്ളതും. (17/35)

...നിങ്ങൾ നീതിപൂർവ്വം അളവും തൂക്കവും തികച്ചുകൊടുക്കണം ഒരാൾക്കും അയാളുടെ കഴിവിലുപരിയായി നാം ബാധ്യത ചുമത്തുന്നതല്ല. ...(6/151)

### വിശ്വസ്തത, അമാനത്ത്.

വിശ്വസിച്ചേൽപിക്കപ്പെട്ട അനാമത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്നും, ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പുകൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പുകൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. ... **(4/58)**

**....**ഇനി നിങ്ങളിലൊരാൾ മറ്റൊരാളെ (വല്ലതും) വിശ്വസിച്ചേൽപിച്ചാൽ ആ വിശ്വാസമർപ്പിക്കപ്പെട്ടവൻ തന്റെ വിശ്വസ്തത നിറവേറ്റുകയും, തന്റെ രക്ഷിതാവിനെ സൂക്ഷിക്കുകയും ചെയ്യട്ടെ**...(2/283).**

### കരാർ പാലനം

നിങ്ങൾ കരാർ ചെയ്യുന്ന പക്ഷം അല്ലാഹുവിന്റെ കരാർ നിങ്ങൾ നിറവേറ്റുക. അല്ലാഹുവെ നിങ്ങളുടെ ജാമ്യക്കാരനാക്കിക്കൊണ്ട് നിങ്ങൾ ഉറപ്പിച്ചു സത്യം ചെയ്തശേഷം അത് ലംഘിക്കരുത്. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത് അറിയുന്നു.**(16/91)**

**...**നിങ്ങൾ കരാർ നിറവേറ്റുക. തീർച്ചയായും കരാറിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്.**(17/34)**

അല്ല, വല്ലവനും തന്റെ കരാർ നിറവേറ്റുകയും ധർമ്മനിഷ്ഠപാലിക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ധർമ്മനിഷ്ഠപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. **(3/76)**

### മിതത്വം, മധ്യമനിലപാട്

നിന്റെ കൈ നീ പിരടിയിലേക്ക് ബന്ധിക്കപ്പെട്ടതാക്കരുത്. അത് (കൈ) മുഴുവനായങ്ങ് നീട്ടിയിടുകയും ചെയ്യരുത്. അങ്ങനെ ചെയ്യുന്ന പക്ഷം നീ നിന്ദിതനും കഷ്ടപ്പെട്ടവനുമായിരിക്കേണ്ടിവരും. **(17/29)**

ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ.**(25/67)**

ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല. **(7/31)**

### കൃതജ്ഞതാബോധം,

ലുഖ്മാന് നാം തത്വജ്ഞാനം നൽകുകയുണ്ടായി, നീ അല്ലാഹുവോട് നന്ദികാണിക്കുക. ആർ നന്ദികാണിച്ചാലും തന്റെ ഗുണത്തിനായി

തന്നെയാണ് അവൻ നന്ദികാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു. (എന്ന് അദ്ദേഹത്തോട് നാം അനുശാസിച്ചു.) **( 31/12)**

മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു- ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്ന് നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടുവർഷം കൊണ്ടുമാണ്- എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദികാണിക്കൂ. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം.**(31/14)**

അവനാണ് നിങ്ങൾക്ക് കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഉണ്ടാക്കിതന്നിട്ടുള്ളവൻ. കുറച്ചു മാത്രമേ നിങ്ങൾ നന്ദികാണിക്കുന്നുള്ളു.**(21/78)**

### അറിവ് സമ്പാദനം,വിജ്ഞാന തൃഷ്ണ

...അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസൻമാരിൽ നിന്ന് അറിവുള്ളവർ മാത്രമാകുന്നു.... **( 35/28)**

....പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാൻമാർ മാത്രമേ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ. **(39/9)**

നിനക്ക് നിന്റെ രക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതു തന്നെയാണ് സത്യമെന്നും, പ്രതാപിയും സ്തുത്യർഹനുമായ അല്ലാഹുവിന്റെ മാർഗത്തിലേക്കാണ് അത് നയിക്കുന്നതെന്നും ജ്ഞാനം നൽകപ്പെട്ടവർ കാണുന്നുണ്ട്.**(34/9)**

താനല്ലാതെ ഒരു ദൈവവുമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു.).. **( 3/18)**

...എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ എന്ന് നീ പറയുകയും ചെയ്യുക.**(20/114)**

### ദൈവഭയം, പരലോക ചിന്ത, തെറ്റുകളിൽ നിന്ന് അകന്ന് നിൽക്കൽ

തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെ അദൃശ്യനിലയിൽ ഭയപ്പെടുന്നവരാരോ അവർക്ക് പാപമോചനവും വലിയ പ്രതിഫലവുമുണ്ട്.**( 67/12)**

### ചാരിത്ര്യശുദ്ധി, ലൈംഗിക വിശുദ്ധി

(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ..... (24/30,31)

## ആദർശഐക്യവും സാഹോദര്യവും

നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്. നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു.... (3/103)

സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്.(9/71)

സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം.(49/10)

## തിന്മ, പാപം, ദുർവൃത്തി, ദുരാചാരം, ദുസ്വഭാവം

പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും, അധർമ്മവും, ന്യായം കൂടാതെയുള്ള കയ്യേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്.(7/33)

## ബഹുദൈവവിശ്വാസം,അരക്ഷിതത്വം,ഭീതി,അധമത്വം, അധ:പതനം

വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും, അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ.) അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം അവൻ ആകാശത്തു നിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക്

കൊണ്ടു പോയി തള്ളുന്നു.(22/31)

അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. (46/5)

### സത്യനിഷേധം, അവിശ്വാസം

അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയും, സത്യം തനിക്ക് വന്നെത്തിയപ്പോൾ അതിനെ നിഷേധിച്ചു തള്ളുകയും ചെയ്തവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? നരകത്തിലല്ലയോ സത്യനിഷേധികൾക്കുള്ള പാർപ്പിടം?(39/32)

അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ച് തള്ളുകയും ചെയ്തവരാരോ അവരായിരിക്കും നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.(2/39)

### മതപരിത്യാഗം, സത്യമാർഗത്തിൽ നിന്ന് പുറത്ത് പോകൽ,

വിശ്വസിച്ചതിന് ശേഷം അവിശ്വാസികളായി മാറുകയും, അവിശ്വാസം കൂടിക്കൂടി വരികയും ചെയ്ത വിഭാഗത്തിന്റെ പശ്ചാത്താപം ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവരത്രെ വഴിപിഴച്ചവർ. (3/90)

..... നിങ്ങളിൽ നിന്നാരെങ്കിലും തന്റെ മതത്തിൽ നിന്ന് പിൻമാറി സത്യനിഷേധിയായിക്കൊണ്ട് മരണപ്പെടുന്ന പക്ഷം, അത്തരക്കാരുടെ കർമ്മങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിത്തീരുന്നതാണ്. അവരാകുന്നു നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.(2/217)

### അഹങ്കാരം,

ന്യായം കൂടാതെ ഭൂമിയിൽ അഹങ്കാരം നടിച്ച് കൊണ്ടിരിക്കുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് ഞാൻ തിരിച്ചുകളയുന്നതാണ്. എല്ലാ ദൃഷ്ടാന്തവും കണ്ടാലും അവരതിൽ വിശ്വസിക്കുകയില്ലണേർമാർഗം കണ്ടാൽ അവർ അതിനെ മാർഗമായി സ്വീകരിക്കുകയില്ല. ദുർമാർഗം കണ്ടാൽ അവരത് മാർഗമായി സ്വീകരിക്കുകയും ചെയ്യും. നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർ നിഷേധിച്ച് തള്ളുകയും , അവയെപ്പറ്റി അവർ അശ്രദ്ധരായിരിക്കുകയും ചെയ്തതിന്റെ ഫലമാണത്. (7/146)

ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപെടുത്തികൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും. (28/83)

നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല. (31/18)

നീ ഭൂമിയിൽ അഹന്തയോടെ നടക്കരുത്. തീർച്ചയായും നിനക്ക് ഭൂമിയെ പിളർക്കാനൊന്നുമാവില്ല. ഉയരത്തിൽ നിനക്ക് പർവ്വതങ്ങൾക്കൊപ്പമെത്താനും ആവില്ല, തീർച്ച. (17/37)

...പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. (4/36)

### അഹംഭാവം ,ആത്മപ്രശംസ, മറ്റുള്ളവരെ ചെറുതാക്കൽ

ഫിർഔന് തന്റെ ജനങ്ങൾക്കിടയിൽ ഒരു വിളംബരം നടത്തി. അവൻ പറഞ്ഞു: എന്റെ ജനങ്ങളേ, ഈജിപ്തിന്റെ ആധിപത്യം എനിക്കല്ലേ? ഈ നദികൾ ഒഴുകുന്നതാകട്ടെ എന്റെ കീഴിലൂടെയാണ്. എന്നിരിക്കെ നിങ്ങൾ (കാര്യങ്ങൾ) കണ്ടറിയുന്നില്ലേ?

അല്ല, ഹീനനായിട്ടുള്ളവനും വ്യക്തമായി സംസാരിക്കാൻ കഴിയാത്തവനുമായ ഇവനെക്കാൾ (മൂസാ നബിയെക്കാൾ)ഉത്തമൻ ഞാൻ തന്നെയാകുന്നു. (43/51,52,)

അവർ (പ്രമാണിമാർ നൂഹ് നബിയോട്)പറഞ്ഞു; നിന്നെ പിന്തുടർന്നിട്ടുള്ളത് ഏറ്റവും താഴ്ന്ന ആളുകളായിരിക്കെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയോ? (26/111)

പരസ്പരം പെരുമനടിക്കുക എന്ന കാര്യം നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു. (102/1)

....അതിനാൽ നിങ്ങൾ ആത്മപ്രശംസ നടത്താതിരിക്കുക. അവനാകുന്നു സൂക്ഷ്മത പാലിച്ചവരെപ്പറ്റി നന്നായി അറിയുന്നവൻ.(54/32)

### ഇരുമുഖം

വിശ്വാസികളെ കണ്ടുമുട്ടുമ്പോൾ അവർ പറയും; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. അവർ തങ്ങളുടെ (കൂട്ടാളികളായ) പിശാചുക്കളുടെ അടുത്ത് തനിച്ചാകുമ്പോൾ അവരോട് പറയും: ഞങ്ങൾ നിങ്ങളോടൊപ്പം തന്നെയാകുന്നു. ഞങ്ങൾ (മറ്റവരെ) കളിയാക്കുക മാത്രമായിരുന്നു.(2/14

### ലോകമാന്യത,

ജനങ്ങളെ കാണിക്കുവാനായി തങ്ങളുടെ സ്വത്തുക്കൾ ചെലവഴിക്കുന്നവരും, അല്ലാഹുവിലോ അന്ത്യദിനത്തിലോ വിശ്വാസമില്ലാത്തവരുമാണവർ. പിശാചാണ് ഒരാളുടെ കൂട്ടാളിയാകുന്നതെങ്കിൽ അവൻ

എത്ര ദുഷിച്ച ഒരു കൂട്ടുകാരൻ! **(4/38)**

സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തുപറഞ്ഞ് കൊണ്ടും, ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമ്മങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ, ജനങ്ങളെ കാണിക്കുവാൻ വേണ്ടി ധനം ചെലവ് ചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്... **( 2 / 264)**

### ചതി,വഞ്ചന, കരാർ ലംഘനം

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവോടും റസൂലിനോടും വഞ്ചന കാണിക്കരുത്. നിങ്ങൾ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യങ്ങളിൽ അറിഞ്ഞ് കൊണ്ട് വഞ്ചന കാണിക്കുകയും ചെയ്യരുത്. **(8/27)**

### കള്ളം, കള്ള സാക്ഷ്യം,

....നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച. **(39/3)**

.... അതിക്രമകാരിയും വ്യാജവാദിയുമായിട്ടുള്ള ഒരാളെയും അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച. **(40/28)**

വ്യാജത്തിന് സാക്ഷി നിൽക്കാത്തവരും, അനാവശ്യവൃത്തികൾ നടക്കുന്നേടത്തു കൂടി പോകുകയാണെങ്കിൽ (അതിലിടപെടാതെ) മാന്യൻമാരായിക്കൊണ്ട് കടന്നുപോകുന്നവരുമാകുന്നു അവർ.(ദൈവദാസന്മാർ) **(25/72)**

### സത്യം പൂഴ്ത്തി വെക്കലും അസത്യവുമായി കൂട്ടികലർത്തി ആശയകുഴപ്പമുണ്ടാക്കലും

നിങ്ങൾ സത്യം അസത്യവുമായി കൂട്ടിക്കുഴക്കരുത്. അറിഞ്ഞു കൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യരുത്. (2/42) നാമവതരിപ്പിച്ച തെളിവുകളും മാർഗദർശനവും വേദഗ്രന്ഥത്തിലൂടെ ജനങ്ങൾക്ക് നാം വിശദമാക്കികൊടുത്തതിന് ശേഷം മറച്ചുവെക്കുന്നവരാരോ അവരെ അല്ലാഹു ശപിക്കുന്നതാണ്. ശപിക്കുന്നവരൊക്കെയും അവരെ ശപിക്കുന്നതാണ്.**(2/159)**

### പ്രവർത്തിക്കാത്തത് പറയൽ, വാക്കും പ്രവർത്തിയും എതിരാകൽ

നിങ്ങൾ ജനങ്ങളോട് നൻമ കൽപിക്കുകയും നിങ്ങളുടെ സ്വന്തം കാര്യത്തിൽ (അത്) മറന്നുകളയുകയുമാണോ ? നിങ്ങൾ വേദഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരിക്കുന്നുവല്ലോ. നിങ്ങളെന്താണ് ചിന്തിക്കാത്തത് ?**(2/44)**

സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു. **(61/1,2)**

### കാപട്യവും, കപട വിശ്വാസവും

കപടവിശ്വാസികളും കപടവിശ്വാസിനികളും എല്ലാം ഒരേ തരക്കാരാകുന്നു. അവർ ദുരാചാരം കൽപിക്കുകയും, സദാചാരത്തിൽ നിന്ന് വിലക്കുകയും, തങ്ങളുടെ കൈകൾ അവർ പിൻവലിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവെ മറന്നു. അപ്പോൾ അവൻ അവരെയും മറന്നു. തീർച്ചയായും കപടവിശ്വാസികൾ തന്നെയാണ് ധിക്കാരികൾ.

കപടവിശ്വാസികൾക്കും കപടവിശ്വാസിനികൾക്കും, സത്യനിഷേധികൾക്കും അല്ലാഹു നരകാഗ്നി വാഗ്ദാനം ചെയ്തിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അവർക്കതു മതി. അല്ലാഹു അവരെ ശപിക്കുകയും ചെയ്തിരിക്കുന്നു. അവർക്ക് സ്ഥിരമായ ശിക്ഷയുണ്ടായിരിക്കുന്നതാണ്. **(91/67,68)**

കള്ളം ചെവിയോർത്ത് കേൾക്കുന്നവരും, നിഷിദ്ധമായ സമ്പാദ്യം ധാരാളം തിന്നുന്നവരുമത്രെ അവർ.(കപടൻമാർ) **(5/42)**

### തിന്മ തടയാതിരിക്കൽ

അവർ ചെയ്തിരുന്ന ദുരാചാരത്തെ അവർ അന്യോന്യം തടയുമായിരുന്നില്ല.അവർ ചെയ്ത് കൊണ്ടിരുന്നത് വളരെ ചീത്ത തന്നെ. **(5/79)**

### നന്മ മുടക്കൽ

(അല്ലാഹു മലക്കുകളോട് കൽപിക്കും:) സത്യനിഷേധിയും ധിക്കാരിയുമായിട്ടുള്ള ഏതൊരുത്തനെയും നിങ്ങൾ നരകത്തിൽ ഇട്ടേക്കുക. അതായത് നൻമയെ മുടക്കുന്നവനും അതിക്രമകാരിയും സംശയാലുവുമായ ഏതൊരുത്തനെയും. **(50/24,25)**

### നന്മക്ക് പ്രേരിപ്പിക്കാതിരിക്കൽ

അല്ല, പക്ഷെ നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല. പാവപ്പെട്ടവന്റെ ആഹാരത്തിന് നിങ്ങൾ പ്രോത്സാഹനം നൽകുന്നുമില്ല. അനന്തരാവകാശ സ്വത്ത് നിങ്ങൾ വാരിക്കൂട്ടി തിന്നുകയും ചെയ്യുന്നു ധനത്തെ നിങ്ങൾ അമിതമായ തോതിൽ സ്നേഹിക്കുകയും ചെയ്യുന്നു. **(89/17 - 20)**

### തന്നിഷ്ടം, ദേഹേച്ഛ,

അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും

ചെയ്തുവോ (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം. **(79/40,41)**

ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ട ങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നി ഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല; തീർച്ച.**(28/50)**

**അന്ധമായ അനുകരണം,**

അല്ലാഹു അവതരിപ്പിച്ചത് നിങ്ങൾ പിൻപറ്റി ജീവിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, അല്ല, ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ പിൻപറ്റുകയുള്ളൂ എന്നായിരിക്കും അവർ പറയുന്നത്. അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സി ലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽ പോലും (അവരെ പിൻ പറ്റുകയാണോ?) **(2/170)**

അവർ വല്ല നീചവൃത്തിയും ചെയ്താൽ, ഞങ്ങളുടെ പിതാക്കൾ അതിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടിട്ടുണ്ടെന്നും, അല്ലാഹു ഞങ്ങളോട് കൽപിച്ചതാണത് എന്നുമാണവർ പറയുക. (നബിയേ,) പറയുക: നീചവൃത്തി ചെയ്യുവാൻ അല്ലാഹു കൽപിക്കുകയേയില്ല. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് വിവരമില്ലാത്തത് പറഞ്ഞു ണ്ടാക്കുകയാണോ? **(7/28)**

**ധൂർത്ത് ,ദുർവ്യയം**

... നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാ ൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല.**(7/31)**

കുടുംബബന്ധമുള്ളവന്ന് അവന്റെ അവകാശം നീ നൽകുക. അഗതിക്കും വഴിപോക്കന്നും (അവരുടെ അവകാശവും) . നീ (ധനം) ദുർവ്യയം ചെയ്ത് കളയരുത്. തീർച്ചയായും ദുർവ്യ യം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു. **(17/26,27)**

ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കി പ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരി ക്കുന്നവരുമാകുന്നു അവർ.(ദൈവദാസൻമാർ) **(25/67)**

## പിശുക്ക്,

അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്. ... (3/180)

പിശുക്ക് കാണിക്കുകയും, പിശുക്ക് കാണിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും, തങ്ങൾക്ക് അല്ലാഹു തന്റെ ഔദാര്യം കൊണ്ട് നൽകിയ അനുഗ്രഹം മറച്ചു വെക്കുകയും ചെയ്യുന്നവരാണവർ. ആ നന്ദികെട്ടവർക്ക് അപമാനകരമായ ശിക്ഷയാണ് നാം ഒരുക്കിവെച്ചിരിക്കുന്നത്. (4/37)

...ആർ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അവർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ. ( 64/16)

എന്നാൽ ആർ പിശുക്കു കാണിക്കുകയും, സ്വയം പര്യാപ്തത നടിക്കുകയും, ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചു തള്ളുകയും ചെയ്തുവോ അവന്നു നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൌകര്യമൊരുക്കികൊടുക്കുന്നതാണ്. (92/8-10)

## അത്യാഗ്രഹവും ധനമോഹവും

അല്ല, പക്ഷെ നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല. പാവപ്പെട്ടവന്റെ ആഹാരത്തിന് നിങ്ങൾ പ്രോത്സാഹനം നൽകുന്നുമില്ല. അനന്തരാവകാശ സ്വത്ത് നിങ്ങൾ വാരിക്കൂട്ടി തിന്നുകയും ചെയ്യുന്നു. (87/17 - 19)

കുത്തുവാക്ക് പറയുന്നവനും അവഹേളിക്കുന്നവനുമായ ഏതൊരാൾക്കും നാശം. അതായത് ധനം ശേഖരിക്കുകയും അത് എണ്ണിനോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന്. അവന്റെ ധനം അവന് ശാശ്വത ജീവിതം നൽകിയിരിക്കുന്നു എന്ന് അവൻ വിചാരിക്കുന്നു. (104/1-3)

## സ്വാർത്ഥത,സങ്കുചിതചിന്ത

എന്നാൽ നമസ്കാരക്കാർക്കാകുന്നു നാശം. തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരായ ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരായ പരോപകാര വസ്തുക്കൾ മുടക്കുന്നവരുമായ (107/4-7)

## അഴിമതി, നിഷിദ്ധ സമ്പാദ്യം

അവരിലധികം പേരും പാപകൃത്യങ്ങളിലും, അതിക്രമത്തിലും, നിഷിദ്ധ സമ്പാദ്യം ഭുജിക്കുന്നതിലും മത്സരിച്ച് മുന്നേറുന്നതായി നിനക്ക് കാണാം. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് വളരെ ചീത്ത തന്നെ. (5/62)

അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറി

ഞ്ഞുകൊണ്ടു തന്നെ, ആളുകളുടെ സ്വത്തുക്കളിൽ നിന്ന് വല്ലതും അധാർമ്മികമായി നേടിയെടുത്തു തിന്നുവാൻ വേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്. (2/188)

സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്. നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു. (4/29)

### പലിശ

സത്യവിശ്വാസികളേ, നിങ്ങൾ ഇരട്ടിയിരട്ടിയായി പലിശ തിന്നാതിരിക്കുകയും അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം. (3/130)

അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമ്മങ്ങളെ പോഷിപ്പിക്കുകയും ചെയ്യും. യാതൊരു നന്ദികെട്ട ദുർവൃത്തനെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല.(2/276)

### മനുഷ്യവധം, കൊലപാതകം

അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിക്കരുത്.... (17/33)

...അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിച്ചുകളയരുത്. (6/151)

...മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു... (5/32)

### ശിശുഹത്യ, ഭ്രൂണഹത്യ

ദാരിദ്ര്യഭയത്താൽ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നുകളയരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവരെ കൊല്ലുന്നത് തീർച്ചയായും ഭീമമായ അപരാധമാകുന്നു. (17/31)

### കുടുംബം തകർക്കലും നാട്ടിൽ സമാധാനം ഇല്ലാതാക്കലും

അല്ലാഹുവിന്റെഉത്തരവ് അവൻ ശക്തിയുക്തം നൽകിയതിന് ശേഷം അതിന് വിപരീതം പ്രവർത്തിക്കുകയും അല്ലാഹു കൂട്ടിചേർക്കുവാൻ കൽപിച്ചതിനെ (ബന്ധങ്ങളെ)മുറിച്ച് വേർപെടുത്തുകയും ഭൂമിയിൽ

കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരത്രെ അവർ (അധർമ്മകാരികൾ). അവർ തന്നെയാകുന്നു നഷ്ടക്കാർ. (2/27)

അല്ലാഹുവോടുള്ള ബാധ്യത ഉറപ്പിച്ചതിന് ശേഷം ലംഘിക്കുകയും, കൂട്ടിയിണക്കപ്പെടാൻ അല്ലാഹു കൽപിച്ചതിനെ (ബന്ധങ്ങളെ) അറുത്ത് കളയുകയും, ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് ശാപം. അവർക്കാണ് ചീത്ത ഭവനം. (13/25)

..മർദ്ദനം കൊലയേക്കാൾ നിഷ്ഠൂരമാകുന്നു.... (2/191)

....കുഴപ്പം കൊലയേക്കാൾ ഗുരുതരമാകുന്നു. (2/217)

ഭൂമിയിൽ നൻമവരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. (7/56)

## വ്യഭിചാരം

..പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിച്ച് പോകരുത്...(6/151)

നിങ്ങൾ വ്യഭിചാരത്തെ സമീപിച്ച് പോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു.(17/32)

## സ്വവർഗഭോഗം , പ്രകൃതി വിരുദ്ധത രതി

ലൂതിനെയും (ദൂതനായി അയച്ചു) തന്റെ ജനതയോട് അദ്ദേഹം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) തീർച്ചയായും നിങ്ങൾ നീചകൃത്യമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. നിങ്ങൾക്കു മുമ്പ് ലോകരിൽ ഒരാളും അതുചെയ്യുകയുണ്ടായിട്ടില്ല. (29/28)

സ്ത്രീകളെ വിട്ട് പുരുഷൻമാരുടെ അടുത്ത് തന്നെ നിങ്ങൾ കാമവികാരത്തോടെ ചെല്ലുന്നു. അല്ല, നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കുന്ന ഒരു ജനതയാകുന്നു. (7/81)

നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചു തന്നിട്ടുള്ള നിങ്ങളുടെ ഇണകളെ വിട്ടുകളയുകയുമാണോ? അല്ല, നിങ്ങൾ അതിക്രമകാരികളായ ഒരു ജനത തന്നെ (26/166)

## മദ്യവും ചൂതാട്ടവും

സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം. (5/90)

## ഊഹം, പരദൂഷണം, ഏഷണി

സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.(49/12)

നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്. (17/36)

## പരിഹാസം, പരനിന്ദ,

സത്യവിശ്വാസികളേ, ഒരു ജനവിഭാഗം മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ നല്ലവരായിരുന്നേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും ചെയ്യരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനു ശേഷം അധാർമ്മികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാത്തപിക്കാത്ത പക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ. (49/11)

കുത്തുവാക്ക് പറയുന്നവനും അവഹേളിക്കുന്നവനുമായ ഏതൊരാൾക്കും നാശം.(104/1)

## അപവാദ പ്രചരണം,പരദൂഷണം,

സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി. (49/6)

തീർച്ചയായും സത്യവിശ്വാസികൾക്കിടയിൽ ദുർവൃത്തി പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവരാരോ അവർക്കാണ് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയുള്ളത്. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല. (24/19)

വ്യർത്ഥമായ വാക്കുകൾ അവർ കേട്ടാൽ അതിൽ നിന്നവർ തിരിഞ്ഞുകളയുകയും ഇപ്രകാരം പറയുകയും ചെയ്യും: ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമ്മങ്ങളാണ്. നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമ്മങ്ങളും. നിങ്ങൾക്കു സലാം. മൂഢൻമാരെ ഞങ്ങൾക്ക് ആവശ്യമില്ല. **(28/55)**

### അസൂയ

അതല്ല, അല്ലാഹു അവന്റെ ഔദാര്യത്തിൽ നിന്ന് മറ്റു മനുഷ്യർക്ക് നൽകിയിട്ടുള്ളതിന്റെ പേരിൽ അവർ അസൂയപ്പെടുകയാണോ? **(4/54)**

### അന്യ മതനിന്ദ

അല്ലാഹുവിനു പുറമെ അവർ വിളിച്ച് പ്രാർത്ഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അവർ വിവരമില്ലാതെ അതിക്രമമായി അല്ലാഹുവെ ശകാരിക്കാൻ അത് കാരണമായേക്കും. ... **(6/108)**

# റഫറൻസ്


1. വിശുദ്ധ ഖുർആൻ വിവരണം - മുഹമ്മദ് അമാനി മൗലവി (ﷺ)
2. വിശുദ്ധ ഖുർആൻ സമ്പൂർണ്ണ പരിഭാഷ. - ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി ,കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
3. ബുഖാരി മുസ്ലിം സമ്പൂർണ്ണ പരിഭാഷയും വ്യാഖ്യാനവും. - സിപി സ്വലാഹുദീൻ സ്വലാഹി
4. സ്വഹീഹുൽ ബുഖാരി പരിഭാഷയും വ്യാഖ്യാനവും. - അബ്ദുൽ ഹഖ് സുല്ലമി ആമയൂർ(ﷺ)
5. സ്വഹീഹ് മുസ്ലിം സമ്പൂർണ്ണ പരിഭാഷ - ഒരു സംഘം പണ്ഡിതർ മുഖ്യപരിശോധന - അബൂബക്കർ സലഫി
6. വിശ്വാസം ഹദീസ് സമാഹാരം. - ചീഫ് എഡിറ്റർ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി
7. അല്ലാഹു" വിശ്വാസ കാര്യങ്ങൾ - അബ്ദുൽ ഹഖ് സുല്ലമി ആമയൂർ(ﷺ)
8. അല്ലാഹുവിനെ അറിയുക - എം എം അക്ബർ
9. വിശ്വാസം ഭാഗം ഒന്ന് - കെപി മുഹമ്മദ് മൗലവി (ﷺ)
10. അസ്മാഉൽ ഹുസ്ന - അബ്ദുൽ ജബ്ബാർ അബ്ദുല്ലാ
11. അസ്മാഉൽ ഹുസ്നാ - സഅഫർ സ്വാദിഖ് മദീനി
12. അത്തൗഹീദ് - പി.അബ്ദുൽ ഖാദർ മൗലവി (റഹ്) കണ്ണൂർ
13. തൗഹീദും ശിർക്കും തിരുമൊഴികളിൽ - ശൈഖ് സ്വാലിഹ് ബുദൈർ വിവ: അബ്ദുൽ ജബ്ബാർ അബ്ദുല്ലാ
14. വിധി വിശ്വാസം - മുഹമ്മദ് അൽ ജിബാലി - വിവ: മുഹമ്മദ് സിയാദ്
15. വിധി വിശ്വാസം ലളിത പാഠങ്ങൾ- - യൂസുഫുൽ ഖർദാഫി, അലൈവ മുസ്തഫ, അലി ജമ്മാസ് , വിവ: അബ്ദുല്ലത്വീഫ് കൊടുവള്ളി
16. ഖളാ ഖദ്റിലുള്ള വിശ്വാസം - ഫദ്‌ലുൽ ഹഖ് ഉമരി ആമയൂർ
17. ഖുർആനിന്റെ മഹത്വങ്ങൾ - അബ്ദുൽ ജബ്ബാർ അബ്ദുല്ലാ
18. ഖുർആൻ നാം അറിയേണ്ടത് - ഫദ്‌ലുൽ ഹഖ് ഉമരി ആമയൂർ
19. ഖുർആനിന്റെ മൗലികത ഭാഗം ഒന്ന് ,രണ്ട് - എം എം അക്ബർ

20. മരണവും ഖബ്ർ ജീവിതവും - അബ്ദുൽ ജബ്ബാർ അബ്ദുല്ല
21. അന്ത്യനാളിന്റെ അടയാളങ്ങൾ - അബ്ദുൽ ജബ്ബാർ അബ്ദുല്ല
22. അന്ത്യനാളും വിചാരണയും - അബ്ദുൽ ജബ്ബാർ അബ്ദുല്ല
23. നരകം - അബ്ദുൽ ജബ്ബാർ അബ്ദുല്ല
24. സ്വർഗം - അബ്ദുൽ ജബ്ബാർ അബ്ദുല്ലാ
25. പാപമോചനമാർഗങ്ങൾ - മുഹമ്മദ് സ്വാദിഖ് മദീനി
26. എന്താണ് ഇസ്ലാം - എം എം അക്ബർ
27. ഇസ്ലാം അടിസ്ഥാന പാഠങ്ങൾ - ശമീർ മദീനി
28. സമാധാനത്തിന്റെ ദൂതൻ - എം എം അക്ബർ
29. നബിﷺയെ അറിയുക - സലീം പട്ല
30. യേശു മഹാനായ പ്രവാചകൻ - എം എം അക്ബർ
31. യേശുവും മർയമും ഖുർആനിലും ബൈബിളിലും - ഇസി സൈമൺ മാസ്റ്റർ
32. യേശുക്രിസ്തു ഇസ്ലാമിൽ - അഹ്മദ് ദീദാത്ത് (റഹ്)- വിവ: അബ്ദുൽ അസീസ്
33. യേശുവിന്റെ പാത മുഹമ്മദിന്റെയും - പ്രൊഫ: ശാഹുൽ ഹമീദ്
34. യേശു ഖുർആനിൽ - ശൈഖ് മുഹമ്മദ് കാരക്കുന്ന്
35. യേശു മിശിഹാ ഏത് പക്ഷത്ത് - മുഹമ്മദ് ഈസാ
36. യേശു മനുഷ്യനോ ദൈവമോ? - മുഹമ്മദലി മാസ്റ്റർ
37. യേശുക്രിസ്തു ജൂത ക്രൈസ്തവ ഇസ്ലാമിക വീക്ഷണത്തിൽ- മുഹമ്മലി മാസ്റ്റർ
38. യേശുവിന്റെ പ്രാർത്ഥനകൾ - ഉസ്മാൻ പാലക്കാഴി ( ലേഖനം)
39. യേശു അൽഭുതവും ദിവ്യത്വവും - അലി കെ മരുത (ലേഖനം)
40. യേശു പ്രവചിച്ച മതം - .മുഹമ്മദലി മാസ്റ്റർ (ലേഖനം)
41. യേശുവിന്റെ ദിവ്യത്വത്തിന് ക്രൈസ്തവർ ഉന്നയിക്കുന്ന തെളിവുകൾ - ശൈഖ് റഹ്മത്തുല്ലാഹി ഹിന്ദി
42. വിവ: ഉസ്മാൻ പാലക്കാഴി
43. മഹാനായ യേശു - അഹ്മദ് കുട്ടി ഐന്തൂർ
44. യേശുവിന്റെ പിൻഗാമി - ഇസി സൈമൺ മാസ്റ്റർ
45. മുഹമ്മദ് നബി ബൈബിളിൽ - ഫാദർ ബെഞ്ചമിൻ ഖൽദാനി
46. വിവ: കെ എ ഖാദർ

47. ബൈബിളിൽ പ്രവചിക്കപ്പെട്ട പ്രവാചകൻ - എം എം അക്ബർ

48. മുഹമ്മദ് നബി ﷺ യേശുവിന്റെ പിൻഗാമി- മുഹമ്മദലി മാസ്റ്റർ

49. ബൈബിളിന്റെ ദൈവികത - എം എം അക്ബർ

50. ബൈബിളിന്റെ വിശ്വസനീയത - മുഹമ്മദ് അമാനി മൗലവി (ﷺ)

51. ബൈബിൾ ഇന്ന് - കെ എ ഖാദർ

52. ബൈബിളും ഖുർആനും - ഇ സി സൈമൺ മാസ്റ്റർ

53. ബൈബിൾ ദൈവ വചനമോ? - അഹ്മദ് ദീദാത്ത്(റഹ്)- വിവ: കെ കെ അബ്ദുൽ അസീസ്

54. പുതിയ നിയമത്തിന്റെ ആധികാരികത - അബ്ദുറഹ്മാൻ റോബർട്ട് - വിവ: മുസ്തഫ തൻവീർ

55. പ്രവാചക കഥകൾ ഖുർ ആനിലും ബൈബിളിലും - മുഹമ്മദ് ശമീം ഉമരി

56. ക്രിസ്തുമതം മാറ്റിമറിക്കപ്പെട്ട തെങ്ങനെ? - കെ കെ മുഹമ്മദ് അബ്ദുൽ കരീം

57. അല്ലാഹു ബൈബിളിൽ - മുഹമ്മദലി മാസ്റ്റർ

58. ത്രിയേകത്വം ഒരു വിശകലനം - മുഹമ്മദലി മാസ്റ്റർ (ലേഖനം)

59. ത്രിയേകത്വം ചില നിർണ്ണായക വെളിപ്പെടുത്തലുകൾ - മുഹമ്മദ് ഈസാ

60. ക്രൈസ്തവ സങ്കൽപം ഒരു മിഥ്യ - എം എം അക്ബർ

61. ദൈവ വിശ്വാസം ചരിത്രം നൽകുന്ന പാഠം - എം എം അക്ബർ

62. യേശുവിന്റെ ദിവ്യത്വം തൂലികാസംവാദം-ഉസ്മാൻ പാലക്കാഴി, കെ ജെ ജോൺസൺ

63. യേശുവിന്റെ ദിവ്യത്വം തൂലികാസംവാദം-ഉസ്മാൻ പാലക്കാഴി, സാബു ഐസക്

64. ക്രൂശീകരണം തൂലികാസംവാദം-അലി കെ മരുത, ബെന്നറ്റ് കുര്യാക്കോസ്, സെബാസ്റ്റ്യൻ,

65. മുസ്ലിം ക്രിസ്ത്യൻ സംവാദം - എം എച്ച് ബാഗിൽ - വിവ: എൻ വി ഇബ്രാഹിം (റഹ്)

66. ക്രിസ്തുമതത്തിൽ നിന്ന് ക്രിസ്തുവിന്റെ മതത്തിലേക്ക് - പോൾ വർഗീസ്

67. ബൈബിൾ എന്നെ മുസ്ലമാക്കി - ജോർജ് തരകൻ

68. സ്നേഹപൂർവ്വം മമ്മിക്ക് - | ജെഫ്രീൻ ജോൺ

69. ജീസസ് ഇൻ ഇസ്ലാം - മലയാളം വിക്കിപീഡിയ

70. ക്രിസ്തു മാർഗം യാഥാർത്ഥ്യമെന്ത്? - മുഹമ്മദ് ഈസ

71. ക്രിസ്തു മാർഗവും ക്രിസ്തുവിന്റെ മാർഗവും-ഇസി സൈമൺ മാസ്റ്റർ

72. വിശുദ്ധ പൗലോസും ക്രിസ്തുമതവും - കെ എ ഖാദർ

73. യെരുശലമിന്റെ സുവിശേഷം - സക്കീർ ഹുസൈൻ ഇ എം
74. പാപപരിഹാരം ബൈബിളിലും ക്രിസ്തുമതത്തിലും - മുഹമ്മദലി മാസ്റ്റർ
75. ഗത് ശമനമുതൽ ഗോൽഗോഥ വരെ - ഡോ: സുബൈർ (ലേഖനം,
76. കുരിശും ക്രിസ്തുമതവും - മുഹമ്മദലി മാസ്റ്റർ (ലേഖനം)
77. ഡാവിഞ്ചി കോഡ് ഇസ്ലാമിക വായന - എം എം അക്ബർ (ലേഖനം)
78. മരണാനന്തര ജീവിതം ബൈബിളിലും യഹോവ സാക്ഷികളുടെ വീക്ഷണത്തിലും - മുഹമ്മദലി മാസ്റ്റർ (ലേഖനം)
79. യഹോവ സാക്ഷികളും യഹോവയും - മുഹമ്മദലി മാസ്റ്റർ (ലേഖനം)
80. ക്രൈസ്തവതയുടെ വർത്തമാനം - ഇ എം സക്കീർ ഹുസൈൻ
81. ബർണ്ണബാസിന്റെ സുവിശേഷം - വിവ: കെ കെ അബ്ദുൽ അസീസ്
82. മക്തി തങ്ങൾ സമ്പൂർണ്ണ കൃതികൾ - സമാഹരണം - കെ കെ അബ്ദുൽ കരീം
83. പരിശുദ്ധ ബൈബിൾ - വി ടി ബി സി ഇന്ത്യ
84. പുതിയ നിയമം - ദിഗിഡിയൻ ഇൻറർനാഷണൽ
85. സത്യവേദപുസ്തകം
86. പി ഒ സി ബൈബിൾ
87. ബൈബിൾ നിഘണ്ടു - റവ.എസി ക്ലേയിറ്റൺ
88. 10001 ബൈബിൾ ക്വിസ് - സജി ഫിലിപ്പ് തിരുവഞ്ചൂർ
89. യേശുക്രിസ്തുവിന്റെ ജീവചരിത്രം - ജോർജ് ഫോർഡ്
90. ഞാൻ എന്ത് കൊണ്ട് ക്രിസ്ത്യാനിയായി - സുൽത്താൻ മുഹമ്മദ് പോൾ
91. ദൈവപുത്രൻ - കെ ജി ബെല്ലറ്റ്
92. അവന്റെ നാമം അൽഭുതകരൻ - വില്ല്യം മില്ലർ
93. ജൂതൻമാർ - ബാലരമ ഡൈജസ്റ്റ്
94. ഒരു അന്വേഷണത്തിന്റെ അന്ത്യം - ഖിസ്സിസ് ഷാലിയാഖ്
95. ബൈബിൾ യഥാർത്ഥത്തിൽ എന്ത് പഠിപ്പിക്കുന്നു. _
96. വാച്ച് ടവർ ബൈബിൾ സൊസൈറ്റി
97. യേശുക്രിസ്തു ജീവിതവും സന്ദേശങ്ങളും - റവ.ഡോ: കെ കെ ജോർജ്
98. ഖുർആനും ശാസ്ത്രവും - വില്യം കാംപൽ
99. യേശു ദൈവമോ മനുഷ്യനോ? - ചെറിയാൻ കോതകേരി

100. വിഘടിപ്പിക്കുന്ന വിശ്വാസ പ്രമാണങ്ങൾ -ഇർവിൻ ലൂതസർ

101. ദൈവത്തിന് പുത്രനോ? - റവ: കെ കെ അലവി

102. തൗറാത്തിന്റെയും ഇഞ്ചീലിന്റെയും അപ്രമാതിത്വം - ഇസ്കന്തർ ജദിദ്

103. ദൈവവും ക്രിസ്തുവും - ഇസ്കന്തർ ജദീദ്

104. ക്രിസ്തു വാസ്തവത്തിൽ ക്രൂശിക്കപ്പെട്ടുവോ? - ഫാരിസ് ഖൈറവാനി

105. പാപവും പ്രായശ്ചിത്തവും ഇസ്ലാമിലും ക്രിസ്തു മാർഗത്തിലും - ഇസ്കന്തർ ജദീദ്

106. വിശുദ്ധ ത്രിത്വത്തിൽ ദൈവം ഏകനാണ് - സകറിയ്യാ ബ്രൂട്ടസ്

107. ലോകത്തിന്റെ വെളിച്ചം - ജോർജ് ഫോഡ്

108. വാച്ച് ടവർ ഓൺ ലൈൻ ലൈബ്രറി

109. മനോവ ഓൺ ലൈൻ ക്രിസ്ത്യൻ ജേർണൽ

110. സത്യമാർഗം ഡോട്ട് ഓർഗ്